# അഭിനവ ഹൈസ്കൂൾ

# ഇൻഡ്യാചരിത്രം

(According to the New Syllabus of 1949)

**Part I for Form IV.**

(New Edition of the Text-book approved by the Travancore Text-book Committee, 1948)

BY

K. M. JOSEPH, M. A., (COLUMBIA, NEW YORK),
S. G., F. R. G. S., (LONDON),
SPECIALIST IN HISTORY AND GEOGRAPHY.
HEADMASTER, GOVT. ENGLISH HIGH SCHOOL, TRAVANCORE.
SENATE MEMBER, UNIVERSITY OF KERALA.

THE EDUCATIONAL BOOK DEPOT
PATTOM NORTH, TRIVANDRUM

1949

*All Rights Reserved*] *[Price Re 1/-*

SECOND EDITION JULY—1949.

K.K. Sivaprasad. F.IV.C

K.K. Sivaprasad.

# PREFACE TO THE SECOND EDITION

The first Special Editions of Parts I and II of this New High School History of India in Malayalam were approved as Text-books for Optional Indian History in Forms IV and V of the High Schools in this State (Vide P. 319 of the Gazette of 10th Eebruary 1948). Since then the Revised Syllabi in Compulsory Indian History for Forms IV and V of the United State of Travancore and Cochin were published in June 1949. In this edition I have revised the book and made it perfectly suited to meet the requirements of the New Compulsory Syllabus of 1949. Also I have added more illustrations, as well as questions and exercises at the end of all the chapters. Pupils using this book are advised to make constant reference to the maps and the Chronological Table. Throughout the book I have attempted to present the history of our nation with special reference to 'the growth of constitutions, the development of civic rights, the vindication of individual liberty or the evolution of Self-Government" I received the inspiration for writing this reasoned account of our nation from my careful study of History in the Madras University and under the direction of Professor Henry Johnson of Columbia University, New York City.

COLUMBIA VILLA
Trivandrum
*1st July 1949*

K. M. JOSEPH

# CONTENTS

# വിഷയ വിവരം

അദ്ധ്യായം — പുറം


1. ചരിത്രവും ഭൂമിശാസ്ത്രവും തമ്മിലുള്ള ബന്ധം ... 1
2. ഇൻഡ്യയിലെ ആദിമ നിവാസികളും സിന്ധു നദീതടത്തിലെ പുരാതന സംസ്കാരവും ... 13
3. ഇൻഡ്യയിലെ ആര്യസംസ്കാരം ... ... 27
4. മഗധയുടെ ഉദയവും പേർഷ്യൻ ആക്രമണവും ... 45
5. ജൈനമതവും ബുദ്ധമതവും ... ... 56
6. അലക്സാണ്ഡരുടെ ഇൻഡ്യാ ആക്രമണം ... 71
7. മഗധയും മൗര്യസാമ്രാജ്യവും ... ... 80
8. വിദേശീയ ഭരണം ... ... ... 98
9. ഹിന്ദുമതത്തിന്റെ സുവർണ്ണയുഗം (ഗുപ്തസാമ്രാജ്യം)... 107
10. ഹൂണന്മാരുടെ ആക്രമണവും ഭരണവും ... 118
11. ശ്രീഹർഷനും ബുദ്ധമതത്തിന്റെ പുനർജീവനവും ... 121
12. ഉത്തരഇൻഡ്യയുടെ സാമൂഹ്യ, സാമ്പത്തികസ്ഥിതികൾ (A. C. 300-650) ... 127
13. രാജപുത്രരുടെ ഉദയവും മുസ്ലീം ആക്രമണങ്ങളും (A. C. (650_1200) ... 131
14. ഡക്കാണിലെ രാജപുത്രരാജ്യങ്ങൾ ... 139
15. ദക്ഷിണഇൻഡ്യയിലെ തമിഴ് രാജ്യങ്ങൾ ... 152
16. രാഷ്ട്രീയസാമൂഹ്യസ്ഥിതികൾ (A .C. 650–1200) 162

അനുബന്ധം I.—പ്രധാനസംഭവകാലങ്ങൾ

# LIST OF ILLUSTRATIONS


| | | PAGE |
|---|---|---|
| 1. | ഇൻഡ്യാ-ഭൂപ്രകൃതി ... ... | 4 |
| 2. | ഇൻഡസ് നദീതടം ... | Frontispiece |
| 3. | മോഹൻജോ ഡാറോയിലെ ... പ്രധാന കുളിസ്ഥലം (The Great Bath) | Do |
| 4. | ഡേറിയസ് I ... ... ... | Do |
| 5. | ശ്രീ ബുദ്ധൻ ... ... ... | Do |
| 6. | മഹാനായ അലക്സാണ്ടർ ... ... | Do |
| 7. | അശോക ചക്രവർത്തി ... ... | Do |
| 8. | ഇൻഡ്യാ–B. C. 327 A. C. 162 ... | 82 |
| 9. | ഇൻഡ്യാ—A. C. 320—647 ... | 109 |




ചിത്രം 2. ഇൻഡസ് നദീതടം (To face page 20)



ചിത്രം 3. The Greath Bath, Mohenjo Daro, Sind.
(To face page 23)



ചിത്രം 4. ഡേറിയസ് I
(To face page 51)



ചിത്രം 5. ശ്രീബുദ്ധൻ (To face page 62)

ചിത്രം 7. അശോക
ചക്രവർത്തി



To face page 88



ചിത്രം 6.

മഹാനായ അലക്സാണ്ഡർ.

(To face page 71)

# THE NEW HIGH SCHOOL HISTORY OF INDIA

# അഭിനവ ഹൈസ്കൂൾ ഇൻഡ്യാചരിത്രം

---

## ഒന്നാം ഭാഗം

---

## പ്രാചീന ഇൻഡ്യാചരിത്രം

(ഹൈന്ദവ, ബുദ്ധ സംസ്കാരങ്ങളുടെ കാലം)

---

### അദ്ധ്യായം ൧.

### ചരിത്രവും ഭൂമിശാസ്ത്രവും തമ്മിലുള്ള ബന്ധം.

ജനസമുദായങ്ങളുടെ പുരോഗതിയിൽ ഭരണസ്ഥാപനങ്ങൾ, പൗരാവകാശങ്ങൾ, വ്യക്തിസ്വാതന്ത്ര്യം, സ്വയംഭരണം ഇവയുടെ വികസനത്തെ യുക്തിയുക്തമായി പ്രതിപാദിക്കുന്ന ഒരു ശാസ്ത്രമത്രേ ചരിത്രം. ഭൂമിശാസ്ത്രം ആകട്ടെ, മനുഷ്യജീവിതത്തേയും ഉപജീവനമാർഗ്ഗങ്ങളേയും പ്രത്യക്ഷമായും പരോക്ഷമായും നിയന്ത്രിക്കുന്ന സ്ഥലങ്ങളുടെ സ്ഥാനം, ഭൂസ്ഥിതി, ജലാശയങ്ങൾ, മണ്ണു്, ലോഹങ്ങൾ,

കാലാവസ്ഥ, സസ്യാദികൾ, ജന്തുക്കൾ ഇത്യാദി പരിസരാംശങ്ങളുടെയും മനുഷ്യന്റെയും പരസ്പരബന്ധത്തെ സ്ഥാപിക്കുകയും വിശദീകരിക്കുകയും വിലമതിക്കുകയും ചെയ്യുന്ന ശാസ്ത്രം ആകുന്നു. വ്യക്തികളുടെ എന്നപോലെ, ജനസമുദായങ്ങളുടെയും ജീവിതം പരിസരങ്ങളാൽ നിയന്ത്രിക്കപ്പെടുന്നുണ്ട്. ചരിത്രസംബന്ധമായ ഭൂമിശാസ്ത്രത്തിന്റെ ഉദ്ദേശം ജനസമുദായങ്ങളുടെയും, അവയുടെ ജീവിതത്തെയും ഉപജീവനമാർഗ്ഗങ്ങളെയും നിയന്ത്രിക്കുന്ന പരിസരാംശങ്ങളുടെയും പരസ്പരബന്ധങ്ങൾ കണ്ടുപിടിക്കുകയാണ്. ഭൂമിശാസ്ത്രവും കാലഗണനവും ചരിത്രത്തിന്റെ വലത്തുകണ്ണും ഇടത്തുകണ്ണും, അഥവാ സൂര്യനും ചന്ദ്രനും ആകുന്നു എന്നു റിച്ചാർഡ് ഹാക്ലൂയിറ്റ് പ്രസ്താവിച്ചിട്ടുള്ളതു് എത്രയും അർത്ഥസമ്പൂർണ്ണമായിരിക്കുന്നു.

ഇൻഡ്യയുടെ സ്ഥാനം. ഇൻഡ്യാചരിത്രഗതിയെ നിയന്ത്രിക്കുന്ന ഭൂമിശാസ്ത്രഘടകങ്ങളിൽ സ്ഥലങ്ങളുടെ സ്ഥാനം, ഭൂപ്രകൃതി, കാലാവസ്ഥ ഇവയ്ക്കു് പ്രത്യേക പ്രാധാന്യമുണ്ട്. ഒരു ഭൂപടത്തിൽ ഇൻഡ്യയുടെ സ്ഥാനം ദർശിക്കുക. ഏഷ്യാഭൂഖണ്ഡത്തിന്റെ ഇതരഭാഗങ്ങളിൽ നിന്നും പർവ്വതങ്ങളാൽ വേർതിരിക്കപ്പെട്ട ഒരു പ്രത്യേക ഭൂഖണ്ഡമായി ഇൻഡ്യയെ ഗണിക്കേണ്ടതാണ്. ഉത്തരഅക്ഷാംശം എട്ടും മുപ്പത്താറും ഡിഗ്രികൾക്കു മദ്ധ്യേ ഈ ഉപഭൂഖണ്ഡം സ്ഥിതി ചെയ്യുന്നു. തെക്കു കന്യാകുമാരി കോടി മുതൽ വടക്കു കാശ്മീരത്തിന്റെ വടക്കേ അതിർത്തി വരെ ഏകദേശം രണ്ടായിരം മൈൽ ദൂരത്തിൽ ഇൻഡ്യാ വ്യാപിച്ചിരിക്കുന്നു. കിഴക്കുപടിഞ്ഞാറായി ഇൻഡ്യയുടെ അളവു ഏകദേശം ൨൫൦൦ മൈൽ ആണ്. ഉഷ്ണമേഖലയിൽ സ്ഥിതി ചെയ്യുന്നതിനാൽ, കാശ്മീരത്തിനു തെക്കുള്ള എല്ലാ ഭാഗങ്ങളിലും ചൂട് കൂടുതലായിരിക്കുന്നു. താണ സമതലങ്ങളിൽ ചൂടു കൂടുതലായും, ഉന്നത

പ്രദേശങ്ങളിൽ ചൂടു കുറവായും അനുഭവപ്പെടുന്നു. ചൂടു കുറവുള്ള ഉന്നതപ്രദേശങ്ങളിലെ ജനങ്ങൾ കൂടുതൽ ചൈതന്യമുള്ളവരായി കാണപ്പെടുന്നു. വടക്കുഭാഗത്തുള്ള ഉന്നത പ്രദേശങ്ങളിൽ അധിവസിക്കുന്ന ഗൂർക്കാജാതിക്കാർ, വടക്കുപടിഞ്ഞാറുള്ള അഫ്ഗാന്മാർ, ഡക്കാണിലെ ഉന്നത പ്രദേശവാസികളായ മഹാരാഷ്ട്രർ എന്നിവരെ അപേക്ഷിച്ച്, ഹിന്ദുസ്ഥാൻ സമതലനിവാസികൾ ചൈതന്യം കുറഞ്ഞവരായിരിക്കുന്നതു ശീതോഷ്ണാവസ്ഥയിലുള്ള വ്യത്യാസത്താലത്രെ. മൺസൂൺ അഥവാ കാലവാതങ്ങൾ മുഖേന മഴ ധാരാളം ലഭിക്കുന്ന ഈ രാജ്യത്തിൻെറ മിക്ക ഭാഗങ്ങളും പ്രകൃത്യാ ഫലഭൂയിഷ്ഠമാണ്. ഇതു നിമിത്തം മനുഷ്യരുടെ പരിശ്രമശീലം കുറയുകയും, കാലക്രമത്തിൽ ഇൻഡ്യാ വിദേശീയ ഭരണത്തിനു വിധേയമാകയും ചെയ്തു.

ഇൻഡ്യയിലേക്കുള്ള പ്രവേശനമാർഗ്ഗങ്ങൾ. ഏഷ്യയുടെ ഇതര ഭാഗങ്ങളിൽനിന്നും പ്രകൃത്യാ വേർതിരിക്കപ്പെട്ടിട്ടുള്ള, ഈ രാജ്യത്തിനുള്ളിലേക്കു പർവ്വതങ്ങളിലുള്ള പാതകളിൽകൂടിയും സമുദ്രമാർഗ്ഗേണയും പ്രവേശിക്കുവാൻ വിദേശീയർ സാധിച്ചിട്ടുണ്ട്. വടക്കുപടിഞ്ഞാറെ അതൃത്തിയിലെ പർവ്വതങ്ങളിലുള്ള കൈബർ പാസ്സ്, ബോളൻ പാസ്സ്, ഗോമൽ പാസ്സ് ഇത്യാദി മലമ്പാതകളിൽ കൂടിയാണു പ്രാചീനകാലം മുതൽ ആര്യന്മാർ, ഗ്രീക്കുകാർ, അഫ്ഗാന്മാർ തുടങ്ങിയുള്ള വിദേശീയർ ഈ രാജ്യത്തിൽ പ്രവേശിച്ചതു്. ഇടതിങ്ങിയ വനങ്ങൾ മൂടിക്കിടക്കുന്ന വടക്കുകിഴക്കുഭാഗത്തുള്ള പർവ്വതപ്രദേശങ്ങളിൽകൂടി ഇൻഡ്യയിൽപ്രവേശിക്കുവാൻ സാദ്ധ്യമല്ലെന്നായിരുന്നു ഇതുപര്യന്തം കരുതിയിരുന്നതു്. എന്നാൽ ഫൻരർ-ൽ ടാങ്ക്, വിമാനം ഇവയുടെ സഹകരണത്തോടുകൂടി ജപ്പാൻ സേന ബർമ്മായുടെ അതൃത്തിയിലുള്ള മലമ്പാതകളിൽ കൂടി ആസ്സാമിൽ പ്രവേശിക്കുകയും, തോററു പിന്മാറുകയും




ചിത്രം ൧. ഇൻഡ്യാ—ഭൂപ്രകൃതി.

ചെയ്തു. വടക്കുഹിമാലയത്തിലുള്ള ഇടുക്കുകളുടെ അത്യധികമായ ഉയരവും പ്രസ്തുത പ്രദേശങ്ങളുടെ ശൂന്യാവസ്ഥയും നിമിത്തം, ആ മാർഗ്ഗങ്ങളിൽകൂടി വിദേശീയർ

ഇൻഡ്യയിൽ പ്രവേശിച്ചിട്ടില്ലെന്നു ഊഹിക്കാം. പർവ്വതങ്ങളാലും സമുദ്രത്താലും ബാഹ്യലോകത്തിൽനിന്നും മിക്കവാറും വേർപെടുത്തപ്പെട്ടിരിക്കയാൽ, സ്വാതന്ത്ര്യമായ ഒരു സംസ്കാരനിലയിൽ എത്തുവാൻ ഇൻഡ്യയ്ക്കു സാധിച്ചിട്ടുണ്ടു്. സമുദ്രം പ്രാകൃതികമായ ഒരു അതൃത്തിയാകയാൽ, രാജ്യം സുരക്ഷിതമായിരിക്കുമെന്നു ഹ്രസ്വദൃഷ്ട്യാ നമ്മുടെ പൂർവികന്മാർ തെറ്റിദ്ധരിച്ചതിനാൽ, നാവികശക്തി വർദ്ധിപ്പിച്ചു നിലനിറുത്തുവാൻ അവർ ശ്രമിച്ചില്ല. ഇതു നിമിത്തം ൧൬-ാം ശതാബ്ദത്തിൽ കടൽമാർഗ്ഗം രാജ്യത്തിൽ പ്രവേശിച്ച പാശ്ചാത്യർക്കു ഇൻഡ്യ നിഷ്പ്രയാസം അധീനമായി ഭവിച്ചു. ഇന്നു ഇൻഡ്യയിലേക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങൾ കടൽമാർഗ്ഗവും വിമാനമാർഗ്ഗവും ആണു്. [illegible] സമുദ്രതീരം, നദീമുഖങ്ങളും തുറമുഖങ്ങളും സമീപിച്ചുള്ള അസംഖ്യം ദ്വീപുകൾ ഇവയോടുകൂടിയ രാജ്യങ്ങളിലെ ജനങ്ങൾ പ്രകൃത്യാതന്നെ സമുദ്രസഞ്ചാരത്തിലും മീൻപിടുത്തത്തിലും നാവികശക്തിയിലും അഭിവൃദ്ധിപ്രാപിച്ചു വരാറുണ്ടു്. ഈ വക സൗകര്യങ്ങൾ കുറവായിരിക്കുന്നതു ഇൻഡ്യയുടെ നാവികശക്തി വർദ്ധനവിനു പ്രതിബന്ധമായിരിക്കുന്നു.

**ഭൂപ്രകൃതി.** ഭൂപ്രകൃതി അടിസ്ഥാനപ്പെടുത്തി ഇൻഡ്യയെ ഉപദ്വീപ്, ഉത്തരഭാഗത്തിനു ചുറ്റുമുള്ള പർവ്വതപ്രദേശം, ഇവ രണ്ടിനും മദ്ധ്യേയുള്ള ഉത്തര ഇൻഡ്യാ സമതലം എന്നു മൂന്നായി വിഭജിക്കാം.

൧. **ഉപദ്വീപ്.** ഇൻഡ്യയുടെ ദക്ഷിണഭാഗം ത്രികോണാകൃതിയുള്ള ഒരു ഉപദ്വീപാകുന്നു. പുരാതന കാലം മുതൽ ഇതിനു ഡക്കാൺ എന്നു പേർ വിളിച്ചു വന്നു. ഉത്തരായന രേഖയുടെ നിരയിൽ ഇൻഡ്യയ്ക്കു കുറുകെ സ്ഥിതിചെയ്യുന്ന വിന്ധ്യാപർവ്വതം ഡക്കാൺ

പീഠപ്രദേശത്തിന്റെ വടക്കേ അതൃത്തിയാണു്. ചില ഭാഗങ്ങളിൽ ൨൯൦൦൦ അടി വരെ ഉയരമുള്ളതും വനം മൂടിക്കിടക്കുന്നതുമായ ഈ പർവ്വതപങ്ക്തികൾ, പ്രാചീന കാലങ്ങളിൽ ഡക്കാണിനെയും ഗംഗാസമതലത്തെയും വേർപെടുത്തിയിരുന്നു. കിഴക്കോ പടിഞ്ഞാറോ ഈ പർവ്വതങ്ങൾ സമുദ്രത്തോടു സമീപിച്ചിട്ടില്ല. ഇവ തുടരെയുള്ള പർവ്വതങ്ങളുമല്ല. ബ്രിട്ടീഷ് ഭരണകാലത്തു ഇവയിൽക്കൂടെ റോഡുകളും റെയിൽപാതകളും ഉണ്ടാക്കിയതോടുകൂടി, ഉത്തരഇൻഡ്യയും ദക്ഷിണഇൻഡ്യയും തമ്മിലുള്ള സ്ഥിരമായ സമ്പർക്കത്തിനു ഇടയായി. പശ്ചിമതീരം അഥവാ മലബാർ തീരം സമീപിച്ചു പശ്ചിമപർവ്വതനിരകൾ തുടരെ സ്ഥിതിചെയ്യുന്നു. വിസ്താരം കുറവുള്ള പശ്ചിമതീരസമതലം ഇൻഡ്യയുടെ ഇതര ഭാഗങ്ങളിൽനിന്നും ഈ പർവ്വതനിരകളാൽ ദീർഘകാലം വേർപെടുത്തപ്പെട്ടിരുന്നു. ഇൻഡ്യയിലെത്തിയ യൂറോപ്യന്മാർ ആദ്യം വാണിജ്യശാലകൾ സ്ഥാപിച്ചതു ഈ തീരത്തായിരുന്നു. ഉപദ്വീപിന്റെ കിഴക്കു കൊറോമാൻഡൽ തീരം സമീപിച്ചുള്ള പൂർവ്വപർവ്വതനിരകൾ തുടരെ സ്ഥിതിചെയ്യുന്നില്ല. വിന്ധ്യാപർവ്വതത്തിന്റെ ദക്ഷിണഭാഗത്തുകൂടി പ്രവഹിക്കുന്ന നർമ്മദാ നദിയും അതിനു കുറെ തെക്കുള്ള താപ്തിനദിയും വളരെ അടുത്തു ഒഴുകി പശ്ചിമഘട്ടങ്ങൾക്കു വടക്കു ഇൻഡ്യൻ മഹാസമുദ്രത്തിൽ വീഴുന്നു. മഹാനദി, കൃഷ്ണാ, ഗോദാവരി മുതലായി ഡക്കാണിലെ മറ്റെല്ലാ നദികളും ബംഗാൾ ഉൾക്കടലിൽ വീഴുന്നു. ഡക്കാണിന്റെ മിക്ക ഭാഗങ്ങളും സമുദ്രനിരപ്പിൽ നിന്നും ആയിരം അടിയിൽ കുറയാതെ ഉയരമുള്ളവയാണു്. ഉത്തര ഇൻഡ്യയെ അപേക്ഷിച്ചു ഡക്കാണിൽ ചൂടു കുറഞ്ഞിരിക്കുന്നതിനു കാരണം ഇതത്രേ. പശ്ചിമ പർവ്വതനിരയുടെ ഏറ്റവും ഉയരം കൂടിയ ഭാഗം തെക്കേ അററത്തുള്ള നില

ഗിരി കുന്നുകളാകുന്നു. ഇവിടെയുള്ള ഉട്ടാക്കമെണ്ഡു് മദ്രാസ് പ്രോവിൻസിൻെറ വേനൽക്കാലത്തെ തലസ്ഥാനമാണു്. നീലഗിരിക്കും അതിനു തെക്കു കന്യാകുമാരി വരെ വ്യാപിച്ചിട്ടുള്ള മലകൾക്കും മദ്ധ്യേ വിസ്തീൎണ്ണമേറിയ ഒരു വിടവുണ്ടു്. ഈ വിടവു ഇൻഡ്യയുടെ ദക്ഷിണ ഭാഗത്തിൻെറ കാലാവസ്ഥയിൽ സാരമായ ഭേദഗതി വരുത്തിയിരിക്കുന്നു. ഇൻഡ്യാ ഉപദ്വീപിൻെറ രണ്ടു തീരങ്ങളിലും പല പട്ടണങ്ങൾ ഉണ്ടെങ്കിലും, പശ്ചിമ തീരത്തുള്ള നല്ല തുറമുഖ പട്ടണങ്ങൾ ബോംബേയും കൊച്ചിയും മാത്രമാണു്.

൨. ഉത്തര ഇൻഡ്യയ്ക്കു ചുററുമുള്ള പൎവ്വത പ്രദേശം.

ഹിമാലയപൎവ്വതം കൎക്കട്ടോയ്ക്കു ഏകദേശം അഞ്ചുരു മൈൽ വടക്കു കിഴക്കു മുതൽ ആരംഭിക്കുന്നതായി ഗണിക്കാം. ഈ പൎവ്വത നിരകൾ പടിഞ്ഞാറോട്ടു ദീൎഘദൂരം വ്യാപിച്ചിട്ടു, ക്രമേണ വടക്കോട്ടു വളഞ്ഞു് പാമീർ പ്രദേശം സമീപിക്കുമ്പോഴേക്കു ഹിമവാൻെറ ഗതി മിക്കവാറും വടക്കു നിന്നും തെക്കോട്ടായി കാണുന്നു. ൧൫൦൦ മൈൽ ദൂരത്തിൽ ഈ പൎവ്വതം വ്യാപിച്ചിരിക്കുന്നു. ഹിമാലയ നിരകൾ അത്യുന്നതവും തുടരെ സ്ഥിതി ചെയ്യുന്നവയും ആണെങ്കിലും, യൂറോപ്പിൽ ആൽപ്സ് പൎവ്വതംപോലെ, ഏഷ്യാഭൂഖണ്ഡത്തിലെ നദികളുടെ പ്രധാന ഉത്ഭവസ്ഥാനം അഥവാ ജലസ്രാവകര ആയി തീൎന്നിട്ടില്ല. സിന്ധു, ഗംഗാ, ബ്രഹ്മപുത്രാ മുതലായ ഏഷ്യയിലെ പല നദികളുടെയും ഉത്ഭവസ്ഥാനമായിരിക്കുന്നതു് ഹിമാലയത്തിനു വടക്കുള്ള ശുഷ്കമായ ടിബററ് പീഠപ്രദേശത്തിനു ചുററുമുള്ള പൎവ്വതപങ്ക്തിക്കു സമാന്തരമായി സ്ഥിതിചെയ്യുന്ന പ്രദേശമാണു്. ബ്രഹ്മപുത്രയും ഗംഗയും സമീപസ്ഥലങ്ങളിൽ നിന്നുത്ഭവിച്ചു് ഉന്നതപ്രദേശങ്ങളിൽകൂടി ഒന്നു കിഴക്കോട്ടും മറേറതു പടിഞ്ഞാറോട്ടും ഒഴുകുന്നു. തെക്കോട്ടു പ്രവഹിച്ചു ഹിമാലയം കടന്നു്

ഇൻഡ്യയിൽ പ്രവേശിച്ച ശേഷം വീണ്ടും ഇവ സമീപിക്കുന്നുണ്ട്. ഹിമാലയം അവസാനിക്കുന്ന ഭാഗത്തിന് എതിർവശത്തുനിന്നുമാണ് സിന്ധുനദി ഉത്ഭവിക്കുന്നത്. ഇവിടെ നിന്നു തെക്കോട്ടു ഗമിച്ച് ഈ നദി പശ്ചിമ ഇൻഡ്യാ സമതലത്തിലെത്തുന്നു. ഝലം, ചിനാബ്, റാവി, ബിയസ്, സട്ലജ് എന്നീ പോഷക നദികൾ സിന്ധുവിനെ ഒരു വമ്പിച്ച നദിയാക്കിത്തീർത്തിരിക്കുന്നു. ഈ പഞ്ച നദികളാണ് പഞ്ചാബിന്റെയും സിൻഡിന്റെയും അഭ്യുദയത്തിനു നിദാനമായിരിക്കുന്നത്. നീപ്പാൾ ബൂട്ടാൻ എന്നീ സ്വതന്ത്രരാജ്യങ്ങളും കാശ്മീരവും ഹിമാലയൻ പ്രദേശത്തിലുൾപ്പെട്ടവയാണ്. വടക്കുപടിഞ്ഞാറെ പർവത പ്രദേശത്തുള്ള മലമ്പാതകളിൽ കൂടി പ്രാചീന കാലം മുതൽ വിദേശീയർ ഇൻഡ്യയിൽ പ്രവേശിച്ചതായി മേൽ പ്രസ്താവിച്ചിട്ടുണ്ട്.

൨. <u>ഉത്തര ഇൻഡ്യാ സമതലം.</u> വടക്കുഭാഗത്തുള്ള അത്യുന്നത പർവ്വതത്തിന്റെ താഴത്തെ ചരിവുകൾ ചില ഭാഗങ്ങളിൽ ക്രമേണയും, ഇതര ഭാഗങ്ങളിൽ പൊടുന്നനവെ കുത്തക്കായും ഇൻഡ്യാ സമതലത്തോടു ചേരുന്നു. ഇവയുടെ സംഗമസ്ഥാനത്തു സമതലവും പർവ്വത പ്രദേശങ്ങളും തമ്മിൽ ഉയരം സംബന്ധിച്ചുള്ള വ്യത്യാസം നന്നായി കാണാവുന്നതാണ്. സമതലത്തിന്റെ പൂർവ്വഭാഗങ്ങൾ ഏററവും ഫലഭൂയിഷ്ഠവും ജനവാസ നിബിഡവും ആണ്. പർവ്വത പ്രദേശത്തിന്റെ ചരിവുകൾ വന പ്രദേശങ്ങളാണ്. ഗംഗയുടെയും സിന്ധുവിന്റെയും സമതലങ്ങൾ നാമമാത്രമായി ഒരു ജലസ്രാവക്കരയാൽ വേർതിരിക്കപ്പെട്ടിരിക്കുന്നു. കര ആയിരം അടി താഴുന്നതായാൽ ഉത്തരേൻഡ്യാ സമതലവും പൂർവ്വപശ്ചിമ തീര സമതലങ്ങളും സമുദ്രത്തിനടിയിൽ താഴുകയും, ഡക്കാൺമാത്രം ഒരു ദ്വീപായി ശേഷിക്കുകയും ചെയ്യുന്നതാണ്. ഗംഗയുടേയും

ബ്രഹ്മപുത്രയുടേയും ഡൽററാപ്രദേശം അവയിൽ കൂടി വന്നു ചേരുന്ന മണ്ണിന്റെ ആധിക്യത്താൽ ക്രമേണ വ്യാപിച്ചു് വർദ്ധിച്ചു വരുന്നതായി കാണുന്നു. സിന്ധുനദിയിൽ സുക്കൂർബാറേജ് എന്ന അണകെട്ടിവെള്ളം തിരിച്ചുവിട്ടു തുടങ്ങിയതോടു കൂടിയാണ് സിൻഡ് മരുഭൂപ്രദേശം ഫലപ്രാപ്തിയിലെത്തിയതു്. ഇതില്ലായിരുന്നെങ്കിൽ ശുഷ്കമായ കാലാവസ്ഥയുള്ള സിൻഡ് ഇന്നും ധനസ്ഥിതിയിൽ പിന്നോക്കം നില്ക്കുമായിരുന്നു. നിലവിലിരിക്കുന്ന സ്ഥിതികളാൽ അനുമിക്കാവുന്ന പ്രകാരം, ഉത്തരേൻഡ്യാ സമതലത്തിന്റെ രണ്ടററത്തും നല്ല തുറമുഖങ്ങൾ കുറവാണു്. കൽക്കട്ടാവരെ വലിയ കപ്പലുകൾ എത്തുന്നുണ്ടെങ്കിലും, ഗംഗയുടെ ഡൽററാ പ്രസ്തുത നദിയുടെ അനേകം കൈവഴികളാൽ വേർപിരിക്കപ്പെട്ടിരിക്കുന്നതു് കപ്പൽ സഞ്ചാരത്തിനു ബാധകമായിരിക്കുന്നു. സിന്ധുവിന്റെ മുഖത്തു ഒരു തുറമുഖവുമില്ല. സൂയസ് തോടു തുറക്കപ്പെട്ടതോടുകൂടി യൂറോപ്പിനോടു ഏററവും അടുത്ത ഇൻഡ്യൻ തുറമുഖമായ കറാച്ചി വടക്കു പടിഞ്ഞാറെ ഇൻഡ്യയുടെ സമുദ്രമാർഗ്ഗേനയുള്ള വാണിജ്യാവശ്യങ്ങൾ മിക്കവാറും സാധിപ്പിച്ചു വരുന്നു. കറാച്ചി സ്ഥിതിചെയ്യുന്നതു സിന്ധുവിന്റെ മുഖത്തിനു പടിഞ്ഞാറു ഭാഗത്താണു്.

ഹിന്ദുസ്ഥാൻ സമതലം ഇൻഡ്യയുടെ പ്രകൃതിവിഭാഗങ്ങളിൽ സർവ്വപ്രധാനമായിട്ടുള്ളതാണു്. പ്രകൃതിദത്തമായ ഫലപുഷ്ടിയും ജനവാസസൌകര്യവും സാമ്പത്തികാഭിവൃദ്ധിയും ഈ പ്രദേശത്തിന്റെ അഭിവൃദ്ധിക്കു നിദാനമായിരിക്കുന്നു. ഇൻഡ്യയുടെ ഹൃദയം എന്നു ഇതിനു പേർപറയാം. ഇൻഡ്യയിലെ ജനങ്ങളിൽ ൪൦ ശ. മ. സിന്ധുഗംഗാസമതലങ്ങളിൽ വസിക്കുന്നു. സമതലപ്രദേശങ്ങളിൽ ജനങ്ങളുടെ പരസ്പര സമ്പർക്കവും വാണിജ്യ വ്യവസായാദികൾക്കുള്ള സൌകര്യവും ഒന്നു പ്രത്യേകമാണു്.

ഇൻഡ്യയിലെ പ്രധാന പട്ടണങ്ങൾ അധികവും ഹിന്ദുസ്ഥാൻ സമതലത്തിൽ സ്ഥിതിചെയ്യുന്നു. ജനങ്ങളുടെ ചൈതന്യവിശേഷം നിമിത്തം ഇൻഡ്യയുടെ ഇതരഭാഗങ്ങളിലേക്കാൾ കൂടുതലായി രാഷ്ട്രീയ പുരോഗതി ഹിന്ദുസ്ഥാനിൽ എല്ലാകാലത്തും ഉണ്ടായിട്ടുണ്ടു്.

കാലാവസ്ഥ. ഇൻഡ്യയുടെ ചരിത്രഗതിയിൽ കാലാവസ്ഥ വലിയ സ്വാധീനശക്തി പ്രയോഗിച്ചിട്ടുള്ളതായി കാണുന്നു. ഹിമാലയപർവ്വതം ഉത്തരദിക്കിൽനിന്നും തണുത്ത കാററിനെ കടത്തിവിടാതെ ഇൻഡ്യയെ ഉഷ്ണപ്രദേശമാക്കിത്തീർത്തിരിക്കുന്നു. ലോകത്തിലെ ഏററവും ചൂടുകൂടിയ സ്ഥലം താർമരുഭൂമിയാണു്. ദക്ഷിണഭാഗത്തുള്ള സമുദ്രത്തിൽനിന്നും വരുന്ന നീരാവി ഈ പർവ്വതനിരകളാൽ വേഗത്തിൽ ഘനീഭവിക്കുന്നതിനാൽ, ലോകത്തിൽ ഏററവും കൂടുതലായി ആസ്സാമിൽ മഴയുണ്ടാകുന്നു. അനന്യസാധാരണമായ ഫലപുഷ്ടിയാൽ ഗംഗാതടം ജനവാസനിബിഡമായിരിക്കുന്നുണ്ടു്. പട്ടണങ്ങളിൽ മാത്രം തിങ്ങിപ്പാർക്കാതെ ജനങ്ങളിൽ ഭൂരിപക്ഷവും ഗംഗാതടത്തിൽ എല്ലായിടത്തും വാസമുറപ്പിച്ചു് സമാധാനപരമായി കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നു. ബാഹ്യമായ ആക്രമണങ്ങളെ തടയുന്നതിനു് ഇതു നിമിത്തം അസൌകര്യമുണ്ടു്. കൂടാതെ തുറസ്സായ പ്രദേശമാകയാൽ ആക്രമണം നടത്തുന്ന സൈന്യങ്ങൾക്കു് സ്വൈരമായി സഞ്ചരിക്കുവാനും സാധിക്കുന്നു. പ്രസ്തുതമായി ഡക്കാൺ വ്യത്യസ്തമാണു്. ഇൻഡ്യയിലെ ജനങ്ങളിൽ ഭൂരിപക്ഷവും ശാന്തസ്വഭാവികളും, ഭരണീയരുടെ അഭ്യുദയം ലാക്കാക്കി ഭരിക്കുന്ന ഏതു ഭരണത്തിനും കീഴ്പ്പെടുവാൻ മനസ്സുള്ളവരുമായിട്ടാണു ഇതു പര്യന്തം പ്രത്യക്ഷമായിട്ടുള്ളതു്. എന്നാൽ ഇപ്പോൾ ൧൯൪൭-ൽ ഇൻഡ്യാ സ്വാതന്ത്ര്യനില പ്രാപിച്ചിരിക്കുന്നു. ബ്രിട്ടീഷ്

ഭരണകാലത്തുണ്ടായിട്ടുള്ള സമാധാന സമന്വിതമായ ജീവിത സൌകര്യങ്ങളുടെ ഫലമായി ജനസംഖ്യയും ഇവിടെ വളരെ വർദ്ധിച്ചിട്ടുണ്ടു്. മഴയുടെ കുറവും അസ്ഥിരതയും നിമിത്തം ഉണ്ടാകാറുള്ള ക്ഷാമം നിവാരണം ചെയ്യുന്നതിന്നു്, ഗമനാഗമനമാർഗ്ഗങ്ങളും ജലസേചന സൌകര്യങ്ങളും ഇക്കാലത്തു വളരെ വർദ്ധിപ്പിച്ചിട്ടുണ്ടു്. ഇൻഡ്യയുടെ ചരിത്രഗതിയിൽ കാലാവസ്ഥയ്ക്കുള്ള നിയന്ത്രണ ശക്തി സംബന്ധിച്ചു് ഏതാനും വിവരങ്ങൾ ഈ അദ്ധ്യായത്തിന്റെ ഇതരഭാഗങ്ങളിൽ ചേർത്തിട്ടുണ്ടു്. ആധുനിക കാലത്തു ഇൻഡ്യാ ചരിത്രഗതിയിൽ കാലാവസ്ഥയുടെ സ്വാധീനശക്തി സുവ്യക്തമായി പ്രത്യക്ഷീഭവിച്ചിട്ടുള്ളതു്, ബ്രിട്ടീഷ് ഭരണാധികൃതർക്കു് കാലാവസ്ഥയുടെ വൈപരീത്യത്താൽ ഇൻഡ്യയിൽ കുടിയേറിപ്പാർക്കുവാൻ സാധിക്കാതെ വന്നതിലാണു്. ഇൻഡ്യാഗവണ്മെന്റിന്റെ തലസ്ഥാനം വേനല്ക്കാലത്തു സിംലാ കുന്നുകളിലേക്കു മാററി വരുന്നതു കാലാവസ്ഥയുടെ പ്രതിബന്ധം നിമിത്തമാകുന്നു.

ഇപ്രകാരം വിവിധ ഭൂപ്രകൃതി വിഭാഗങ്ങളോടും കാലാവസ്ഥയോടും കൂടിയ ഇൻഡ്യയിൽ രാഷ്ട്രീയമായ ഏകാധിപത്യം ഇദംപ്രഥമമായി ഉണ്ടായതു് ബ്രിട്ടീഷ് ഭരണത്തിൻ കീഴിലാണു്. ഇതിന്നുമുമ്പു് പരസ്പരം ഭിന്നിച്ചിരുന്ന അനവധി ഭരണങ്ങൾ ഇൻഡ്യയിലുണ്ടായിരുന്നു. ഇൻഡ്യയിൽ ഏകദേശം ൨൫ പ്രധാന വർഗ്ഗക്കാരും, ൩൪൦൦ ജാതിക്കാരും, ൧൭൦ ഭാഷകളും ഉള്ളതായി കാണുന്നു. ഹിന്ദുമതം, ഇസ്ലാം, ബുദ്ധമതം, ക്രിസ്തുമതം, സിക്കുമതം, ജയിനമതം എന്നീ വിവിധ മതങ്ങൾ ഇൻഡ്യയിൽ പ്രചാരത്തിലിരിക്കുന്നു. മാമൂലുകൾ, ആചാരങ്ങൾ, സംസ്കാരം എന്നിവയിലും ജനങ്ങളിൽ വൈവിധ്യം കാണുന്നുണ്ടു്. ഇവയെല്ലാം

ഇൻഡ്യയുടെ ഐക്യത്തിന് ഹാനികരമായി ഇതുപ്പന്തം പ്രത്യക്ഷമായിരുന്നു. പ്രകൃത്യാതന്നെ ഒരു പ്രത്യേക ഭൂഖണ്ഡമായി ദീർഘകാലം വേർതിരിക്കപ്പെട്ടിരുന്ന ഇൻഡ്യയിൽ, ഇതര ഭൂഭാഗങ്ങളെ അപേക്ഷിച്ച് വളരെ വ്യത്യസ്തമായിട്ടുള്ള ഒരു സംസ്കാരനില വളർത്തുവാൻ സാധിച്ചിട്ടുണ്ട്. ഈ ഇൻഡ്യൻ സംസ്കാരം ഇവിടെ പുരാതനകാലം മുതൽ അധിവാസം ഉറപ്പിച്ചിട്ടുള്ള വിദേശീയരെയും അന്തർഭവിപ്പിച്ച് അവിടെ വിധേയരാക്കിത്തീർത്തിട്ടുള്ളതായി കാണുന്നു. അശോകൻ, സമുദ്രഗുപ്തൻ മുതലായ ചക്രവർത്തിമാരുടെ കാലം മുതൽ ഇൻഡ്യ മുഴുവനെയും ഒന്നാക്കി ഭരിക്കണമെന്നുള്ള ആദർശം സുശക്തമായിരുന്നെങ്കിലും, ബ്രിട്ടീഷ് ഭരണകാലത്തു മാത്രമേ അതു പ്രായോഗികമായിത്തീർന്നുള്ളു. ഇൻഡ്യ മുഴുവനെയും ഫെഡറൽ അഥവാ സംയുക്ത ഭരണത്തിൽ പൂർവ്വാധികം ഏകോപിപ്പിച്ച് സ്വയം ഭരണം ശരിപ്പെടുത്തുവാനുള്ള ഉദ്യമം ഇപ്പോൾ സാധ്യപ്രായമായിട്ടുണ്ട് എന്നതു ആഗസ്റ്റ് ൧൫-ാംനു ഇൻഡ്യ സ്വതന്ത്രമായിത്തീർന്നു.

## ചോദ്യങ്ങളും അഭ്യാസങ്ങളും

1. ഇൻഡ്യയുടെ ഭൂപ്രകൃതി വിഭാഗങ്ങൾ ഏവ? ജനവാസ സൗകര്യമനുസരിച്ച് ഇവയിൽ ഓരോന്നിനും ഉള്ള പ്രാധാന്യം എന്ത്?

2. ഇൻഡ്യയുടെ ഭൂപ്രകൃതി ചരിത്രഗതിയെ നിയന്ത്രിച്ചിട്ടുള്ള വിധങ്ങൾ ദൃഷ്ടാന്തങ്ങളാൽ വിശദമാക്കുക.

3. കാലാവസ്ഥയും (Climate) ശീതോഷ്ണാവസ്ഥയും (Temperature) തമ്മിലുള്ള വ്യത്യാസമെന്ത്? [ശീതോഷ്ണാവസ്ഥ, വായുവിലുള്ള ഈർപ്പം, മഴ മുതലായ അന്തരീക്ഷാവസ്ഥകൾ സമ്മേളിച്ചുള്ള ശരാശരി അവസ്ഥയത്രേ കാലാവസ്ഥ].

4. ഇൻഡ്യയുടെ ചരിത്രഗതിയിൽ കാലാവസ്ഥയുടെ സ്വാധീനശക്തിയെ ദൃഷ്ടാന്തങ്ങളാൽ വിശദമാക്കുക.

5. ഇൻഡ്യയുടെ ഔട്ട്ലൈൻ പടത്തിൽ ഭൂപ്രകൃതി വിഭാഗങ്ങളും ഓരോ വിഭാഗത്തിലെയും ജനസംഖ്യയും അടയാളപ്പെടുത്തുക.

6. 1947 ആഗസ്റ്റ 15-ാംതിയതി സ്വതന്ത്രങ്ങളായ ഇൻഡ്യയുടെയും പാക്കിസ്റ്റാൻെറയും അതിത്തിയും രാഷ്ട്രീയവിഭാഗങ്ങളും കാണിക്കുന്ന 1 A ചിത്രം പകൎത്തുക.

---

അദ്ധ്യായം ൨

## ഇൻഡ്യയിലെ ആദിമ നിവാസികളും സിന്ധുനദീതടത്തിലെ പുരാതനസംസ്ക്കാരവും.

പുരാതന ജനങ്ങൾ. അനേകായിരം വർഷം മുമ്പു തന്നെ ഭൂമിയിൽ മനുഷ്യർ അധിവസിച്ചിരുന്നു. എന്നാൽ ഈ ദീർഘകാലത്തിൻെറ അവസാനത്തിലുള്ള ഏതാനും സഹസ്രാബ്ദങ്ങളിൽ ജീവിച്ചിരുന്ന മനുഷ്യരെപ്പററിയുള്ള അറിവു മാത്രമേ നമുക്കു ലഭിച്ചിട്ടുള്ളു. ചരിത്രസംബന്ധമായ അഥവാ വിശ്വാസയോഗ്യമായ അറിവ് പ്രസ്തുതമായി ലഭിച്ചിട്ടുള്ളതു കഴിഞ്ഞ ഏഴായിരം വർഷത്തേക്കു മാത്രമാണ്. ഏററവും പ്രാചീന കാലങ്ങളിൽ മനുഷ്യർ ഏഷ്യയിലും യൂറോപ്പിലും അധിവസിച്ചിരുന്നു എന്ന് പ്രസ്തുതമായ അവശിഷ്ടങ്ങളിൽ നിന്നും തെളിയുന്നു. ആദ്യകാലങ്ങളിൽ മനുഷ്യർ പാറകളുടെയും വൃക്ഷങ്ങളുടെയും കീഴിലും ഗുഹകളിലും അധിവസിച്ചിരുന്നുവത്രേ. വന്യ

മൃഗങ്ങളെപ്പോലെ ഫലമൂലാദികൾ, നായാട്ടു മൃഗങ്ങളുടെ പച്ചമാംസം എന്നിവ ഭക്ഷിച്ച് ഈ പുരാതന ജനങ്ങൾ ജീവിച്ചുവന്നു. ആദ്യകാലങ്ങളിൽ തീയുടെ ഉപയോഗം ഇവർ അറിഞ്ഞിരുന്നില്ല. അന്നു മനുഷ്യർ ഉപയോഗിച്ചിരുന്ന ആയുധങ്ങൾ വൃക്ഷങ്ങളുടെ കമ്പുകൾ, കല്ല്, എല്ല് ഇവയായിരുന്നു എന്നു യൂറോപ്പിൽ ഇപ്പോൾ ശേഷിച്ചിട്ടുള്ള പുരാതന അവശിഷ്ടങ്ങളിൽനിന്നും ഗ്രഹിക്കുവാൻ സാധിച്ചിട്ടുണ്ട്. പ്രത്യുത, ഇൻഡ്യയിലാകട്ടെ കമ്പുകളും എല്ലുകളും എല്ലാം ജീർണ്ണിച്ചുപോകയോ ചിതൽ തിന്നുപോകയോ ചെയ്കയാൽ, ആയുധങ്ങളായി ഉപയോഗിച്ചിരുന്ന മൂർച്ചയുള്ള കല്ലുകൾ മാത്രം ചരിത്രരേഖകളായി ശേഷിച്ചിരിക്കുന്നു. ഇൻഡ്യയുടെ പല ഭാഗങ്ങളിലും ഇവ കാണപ്പെടുന്നുണ്ട്. വിന്ധ്യാപർവ്വതത്തിന്നു തെക്കുള്ള ഇൻഡ്യാ ഉപദ്വീപിന്റെ കിഴക്കുഭാഗത്തു് ഇത്തരം കല്ലുകൾ ധാരാളം കണ്ടുവരുന്നതിൽനിന്നും ഈ ഭാഗത്തു പ്രാചീനകാലങ്ങളിൽ ജനവാസം ഉണ്ടായിരുന്നതായി ഊഹിക്കാവുന്നതാണ്. മദ്രാസിലും ചെങ്കൽപെട്ട ജില്ലയുടെ ചുററും ഇത്തരം കല്ലുകൾ ധാരാളം കാണുന്നുണ്ട്. വെങ്കല്ലിൽനിന്നും ഈ ആയുധങ്ങൾ ഉണ്ടാക്കിവന്നതിനാൽ, അക്കാലത്തെ മനുഷ്യരെ വെങ്കൽയുഗത്തിലെ മനുഷ്യർ (Quartzite men) എന്നു വിളിച്ചുവരുന്നു. ഇവരെപ്പററി വിശദമായ അറിവു നമുക്കു ലഭിച്ചിട്ടില്ല.

**പ്രാചീന ശിലായുഗത്തിലെയും നവീന ശിലായുഗത്തിലെയും മനുഷ്യർ. (Palaeolithic and Neolithic Men).** അറിവു വർദ്ധിച്ചതോടുകൂടി ആയുധങ്ങളായി ഉപയോഗിച്ചുവന്ന കല്ലുകളുടെ ആകൃതിയും മനുഷ്യർ നന്നാക്കിവന്നു. ഈ ശിലകൾ ചെത്തി മൂർച്ചവരുത്തുക മാത്രമല്ല, അവയെ മററു ശിലകളിൽ തേച്ച് മിനുസം വരുത്തുകയും, ഉറപ്പിനായി ചാല് കീറുകയും ചെയ്തു

രുന്നു. ശിലകളുടെ ഉപയോഗം വൎദ്ധിച്ചുവന്നതോടുകൂടി അവയുടെ ആകൃതിയും വിവിധമായിത്തീൎന്നു. കൂടുതൽ മിനുസവും നല്ല ആകൃതിയും ഉള്ള ശിലകൾ ഉപയോഗിച്ച കാലത്തു ജീവിച്ചിരുന്ന മനുഷ്യരെ നവീന ശിലായുഗത്തിലെ ജനങ്ങൾ എന്നും, പരുക്കൻ കല്ലുകൾ ഉപയോഗിച്ചിരുന്നവരെ പ്രാചീന ശിലായുഗത്തിലെ ജനങ്ങൾ എന്നും ശാസ്ത്രജ്ഞന്മാർ നാമകരണം ചെയ്തിരിക്കുന്നു. നവീന ശിലായുഗത്തിലെ അനേകം ശിലായുധങ്ങളും അവ ധാരാളം ഉണ്ടാക്കിവന്ന ഒരു സ്ഥലവും ബല്ലാറി ജില്ലയിൽ കണ്ടുപിടിക്കുവാൻ സാധിച്ചിട്ടുണ്ടു്. കളിമണ്ണുകൊണ്ടു് പാത്രങ്ങൾ ഉണ്ടാക്കുവാനും ഈ നവീന ശിലായുഗത്തിലെ ജനങ്ങൾക്കു അറിയാമായിരുന്നു; ഇവ ആദ്യകാലങ്ങളിൽ കൈകൊണ്ടു് ആകൃതിപ്പെടുത്തിവന്നു എങ്കിലും പിന്നീടു കുശവന്റെ ചക്രം ഉപയോഗിച്ചു് പലതരം മൺപാത്രങ്ങൾ ഇവർ ഉണ്ടാക്കിവന്നു. ഗാൎഹികാവശ്യങ്ങൾക്കായി ഇവർ ഏതാനും മൃഗങ്ങളെ വളൎത്തി വന്നിരുന്നു. കൃഷി ചെയ്യാൻ ഇവൎക്കു അറിയാമായിരുന്നു; ഇപ്രകാരം പ്രാചീന ശിലായുഗത്തിലെ ജനങ്ങളേക്കാൾ ഇവർ പുരോഗമിച്ചിരുന്നതായി കാണുന്നു. ഈ യുഗങ്ങൾ രണ്ടിലും ജീവിച്ചിരുന്ന മനുഷ്യരുടെ കാലങ്ങൾ ബന്ധിപ്പിക്കുന്നതിനുള്ള യാതൊരു തെളിവും ഇപ്പോൾ നമുക്കു ലഭിച്ചിട്ടില്ല. ഈ ജനവിഭാഗങ്ങൾ രണ്ടിനും മദ്ധ്യേ ഒരു പിളൎപ്പു് കാണുന്നുണ്ടെങ്കിലും, ഇവർ പരസ്പരബന്ധമുള്ളവരല്ലെന്നു സ്ഥാപിക്കുവാൻ പ്രയാസമാണു്. പുരാതന ശിലായുഗത്തിലെ ജനങ്ങൾ ക്രമേണ അഭിവൃദ്ധി പ്രാപിച്ചു നവീന ശിലായുഗത്തിലെ നിലയിലെത്തിയതായി വിചാരിക്കുവാൻ ന്യായമുണ്ടു്.

പുരാതന ശിലായുഗത്തിലെ ജനങ്ങൾ മൃതശരീരങ്ങളെ പക്ഷിമൃഗാദികൾക്കു ഇരയായി എറിഞ്ഞുകളയുക പതിവായിരുന്നു. പ്രത്യുത, നവീന ശിലായുഗത്തിലെ

ജനങ്ങൾ മൃതശരീരങ്ങൾ മറവുചെയ്തുവന്നു. ഭൂമിയിൽ കുഴികളുണ്ടാക്കി മൃതശരീരം അടക്കി അതിൻെറ പുറത്തു് വലിയ കല്ലു മൂടിവയ്ക്കുക പതിവായിരുന്നു. ഇപ്രകാരമുള്ള ശ്മശാനങ്ങൾക്കു വങ്കല്ലുകൊണ്ടുള്ള (Megalithic) ശ്മശാനങ്ങൾ എന്നു പേർ പറയുന്നു; ഇവ ഇൻഡ്യാ ഉപദ്വീപിൽ കാണപ്പെടുന്നുണ്ടു്. ഇൻഡ്യയുടെ ഉത്തരഭാഗങ്ങളിൽ ഇവ അപൂൎവമാണു്. ഈ ശവക്കല്ലറകളിൽ അടക്കം ചെയ്തിട്ടുള്ള ശിലായുധങ്ങളോടുകൂടി ഇരുമ്പായുധങ്ങളും കണ്ടുവരുന്നതിൽനിന്നും, പ്രസ്തുതകാലത്തെ ജനങ്ങൾ ഇരുമ്പു് ഉപയോഗിച്ചുവന്നിരുന്നതായി പ്രത്യക്ഷമാകുന്നു. ശിലായുധങ്ങൾ മാത്രം അടക്കംചെയ്തിട്ടുള്ള കല്ലറകൾ ഇവിടെ കാണുന്നില്ല. സാധാരണ ശവം അടക്കിവന്നിരുന്നതു പ്രത്യേകം ഉണ്ടാക്കിയിട്ടുള്ള വലിയ മൺപാത്രങ്ങളിലായിരുന്നു. തിരുനൽവേലി ജില്ലയിൽ താമ്രവൎണ്ണി നദിയുടെ കരകളിൽ ഇപ്രകാരമുള്ള കല്ലറകൾ ധാരാളം കാണുന്നുണ്ടു്; ഇവിടെയുള്ള ആദിച്ചനല്ലൂർ എന്ന സ്ഥലത്തു പല കല്ലറകളും ചരിത്രാന്വേഷകർ പരിശോധിച്ചു വിവരം രേഖപ്പെടുത്തിയിട്ടുണ്ടു്. ഇപ്രകാരമുള്ള കല്ലറകൾ തുടരെ കാണുന്ന പ്രദേശത്തിനു് നൂറു് ഏക്കറോളം വിസ്തീൎണ്ണമുണ്ടു്. ഈ പ്രദേശം സമീപിച്ചു മുൻകാലങ്ങളിൽ ജനങ്ങൾ തിങ്ങിപ്പാർത്തിരുന്നതായി ഇതിൽനിന്നും ഊഹിക്കാം. ഇൻഡ്യയിൽ ശവം ദഹിപ്പിക്കുന്ന പതിവു് സൎവസാധാരണമായിത്തീൎന്നിട്ടുള്ളതു് ആൎയ്യന്മാരുടെ പ്രവേശനത്തിനു ശേഷമാണു്.

__ഇരുമ്പുംചെമ്പും നവീന ശിലായുഗത്തോടു സംബന്ധിച്ചു കാണുന്നതു്.__ ചരിത്രകാലത്തിൻെറ പ്രാരംഭഘട്ടത്തിൽ തന്നെ മനുഷ്യർ ലോഹങ്ങൾ കണ്ടുപിടിച്ചിരുന്നു. സ്വൎണ്ണം മുതലായ ഏതാനും ലോഹങ്ങൾ ഇതര വസ്തുക്കളുമായി കലരാതെ സ്വതന്ത്രമായി കാണപ്പെടുന്നു. അവ നിഷ്പ്ര

യാസം കണ്ടുപിടിക്കപ്പെട്ടതോടുകൂടി വിലയുള്ള സാധനങ്ങളായി രൂപാന്തരപ്പെട്ടു. ചെമ്പു്, ഇരുമ്പു് മുതലായ ഏതാനും ലോഹങ്ങൾ ഇതര ധാതുപദാർത്ഥങ്ങളിൽ ചേൎന്നിരിക്കുകയാൽ, അവയെ വേർതിരിച്ചെടുക്കുവാൻ തീയുടെ സഹായം ആവശ്യമായിരുന്നു. കാലക്രമത്തിൽ തീ കണ്ടുപിടിച്ചതോടുകൂടി, അതു പല വിധത്തിൽ ഉപയോഗപ്രദമായിത്തീൎന്നു. നായാട്ടുമൃഗങ്ങളുടെ മാംസവും ഇതര ഭക്ഷ്യസാധനങ്ങളും പാചകം ചെയ്യുന്നതായിരുന്നു തീയുടെ പ്രഥമമായ ഉപയോഗം. ലോഹങ്ങൾ അന്തൎഭവിച്ചിട്ടുള്ള പാറകൾ മുതലായ ധാതുക്കളെ കാലക്രമത്തിൽ തീ മുഖാന്തിരം ഇവർ വേർതിരിച്ചുവന്നു. മേൽ പ്രസ്താവിച്ച പ്രകാരം ദക്ഷിണ ഇൻഡ്യയിൽ മിനുസമുള്ള കല്ലുകൾ ആയുധങ്ങളായി ഉപയോഗിച്ചുവന്ന ജനങ്ങൾ ഇരുമ്പിൻെറ ഉപയോഗവും അറിഞ്ഞിരുന്നു. ഇപ്രകാരം കല്ലുകളുടെ ഉപയോഗം വിട്ടു ഇരുമ്പിൻെറ ഉപയോഗത്തിലേക്കു ഇവർ കടന്നിരുന്നു. ശിലായുഗം കഴിഞ്ഞു് കലിയുഗം അഥവാ ഇരുമ്പിൻെറ കാലം വന്നു ചേൎന്നു. ഉത്തര ഇൻഡ്യയിൽ ഇക്കാലത്തു് ശിലകൾ സംബന്ധിച്ചു് ചെമ്പും കാണപ്പെടുന്നു. ഉത്തരഇൻഡ്യയിലെ ജനങ്ങൾ ഇരുമ്പിനു മുമ്പു ചെമ്പു കണ്ടുപിടിച്ചതായി ഗണിക്കേണ്ടതാണു്. എങ്കിലും അഥർവ്വവേദകാലത്തുള്ള ആൎയ്യന്മാൎക്കു ഇരുമ്പു അറിയപ്പെട്ടിരുന്നു. ലോകത്തിൽ ഇതരഭാഗങ്ങളിൽ ശിലായുഗം കഴിഞ്ഞു്, ചെമ്പും വെളുത്തീയവും കലൎന്നുള്ള വെള്ളോടു് ഉപയോഗത്തിലിരുന്നിട്ടുണ്ടു്; എന്നാൽ ഇൻഡ്യയിൽ ഇതു് സർവ്വസാധാരണമായിത്തീൎന്നതു് ദീർഘകാലശേഷം മാത്രമാണു്. പുരാതനകാലത്തു സ്വൎണ്ണം ഖനനം ചെയ്തുവന്നതായി തെളിവുകളുണ്ടു്. ഇവയിൽ ഏററവും പ്രാചീനമായിട്ടുള്ളതു് നൈസാമിൻെറ

രാജ്യത്തുള്ള മാസ്കി എന്ന സ്ഥലമാണു്. ഉത്തരഇൻഡ്യയിലേയും ദക്ഷിണ ഇൻഡ്യയിലെയും ജനങ്ങൾ ദീർഘകാലം പരസ്പര സമ്പൎക്കംകൂടാതെ ജീവിച്ചിരുന്നുഎന്നു് ഇവയിൽനിന്നും വ്യക്തമാകുന്നു. ഈ പ്രദേശങ്ങൾക്കു മദ്ധ്യേ വനങ്ങൾ ഉണ്ടായിരുന്നതിനാൽ, ഗമനാഗമനസൌകൎയ്യവുമില്ലായിരുന്നു. തന്നിമിത്തം ഈ പ്രദേശങ്ങൾ പരസ്പര സമ്പൎക്കം കൂടാതെ സ്വതന്ത്രമായി അഭിവൃദ്ധിപ്പെട്ടുവന്നു.

നവീന ശിലായുഗം കടന്നു, ഇൻഡ്യയിൽ ഇന്നു കാണപ്പെടുന്ന വൎഗ്ഗക്കാരുടെ പൂൎവ്വികന്മാരുടെ കാലത്തേക്കു നാം പ്രവേശിക്കുന്നു. ഇവരിൽ ഏററവും പ്രാചിനരായ (നീഗ്രാറേറാ വൎഗ്ഗക്കാർ) മലകളിലും വനങ്ങളിലും അപരിഷ്കൃതരായി ജീവിച്ചുവന്നിരുന്നു. ഇവർ ഹ്രസ്വകായരും കൃഷ്ണവൎണ്ണരും രൂപലാവണ്യമില്ലാത്തവരും ആണു്; സമതലവാസികളിൽ ഏററവും അധമ വൎഗ്ഗക്കാർ ഏവംവിധങ്ങളായ ലക്ഷണങ്ങളോടുകൂടിയവരാകുന്നു. ഇവർ ഒരു പ്രത്യേക മാതൃകയുടെ പ്രാതിനിധ്യം വഹിക്കുന്നു. ശിലായുഗങ്ങളിലെ ജനങ്ങളുടെ സന്താനങ്ങളായി ഇവരെ ഗണിക്കാം. ഈ പുരാതന ജനവിഭാഗങ്ങളിൽ ഏററവും പ്രാധാന്യം അൎഹിക്കുന്നതു് കോലാൎയ്യൻഭാഷ സംസാരിക്കുന്ന മണ്ഡാജാതിക്കാരാണു്. ഇപ്പോൾ ഈ ചേരു പ്രദേശത്തിലിരിക്കുന്നില്ല. ഇവർ ദ്രാവിഡബന്ധമുള്ള ഭാഷ സംസാരിച്ചുവരുന്നതിനാൽ, ദ്രാവിഡരോടു ബന്ധിപ്പിച്ചു് ഇവരെയും ഗണിച്ചുവരുന്നു.

ആൎയ്യന്മാൎക്കു മുമ്പുള്ള ഇൻഡ്യാക്കാർ:—ദ്രാവിഡർ.

തമിഴ്, തെലുങ്കു്, കൎണ്ണാടകം, മലയാളം, തുളു എന്നീ ഭാഷകൾ സംസാരിക്കുന്നവരും ദക്ഷിണ ഇൻഡ്യയിൽ അധിവസിക്കുന്നവരുമായ ദ്രാവിഡരുടെ ചരിത്രമാണു്

ഇനിയും പ്രതിപാദിക്കേണ്ടതു്. മുൻഗാമികളെ അപേക്ഷിച്ചു് ഇവർ കൂടുതൽ രൂപലാവണ്യമുള്ളവരായിരുന്നു. ദ്രാവിഡർ ആരെന്നും എവിടെനിന്നു വന്നു എന്നും വിദഗ്ദ്ധന്മാർ ഏകാഭിപ്രായത്തിൽ എത്തിയിട്ടില്ലാത്തതിനാൽ, ദ്രാവിഡർ സ്വതേ തന്നെയോ കലർച്ചനിമിത്തമോ കൂടുതൽ രൂപലാവണ്യമുള്ളവരായിത്തീർന്നു എന്നു തീർച്ചപ്പെടുത്തുവാൻ സാധിക്കുന്നില്ല. എന്നാൽ ഇൻഡോ ആര്യന്മാരുടെ ചരിത്രം ആരംഭിക്കുന്ന കാലത്തു ദ്രാവിഡർ ഇൻഡ്യയിൽ വസിച്ചിരുന്നു എന്നു തീർത്തുപറയാം. ആര്യന്മാർ ഇവരുമായി യുദ്ധം നടത്തേണ്ടിവന്നു. ഋഗ്വേദത്തിൽ ഇവരെ ദാസ്യർ എന്നു പേർ വിളിച്ചിരിക്കുന്നു. ഇവർ പുറമേനിന്നും വന്നവരോ, ഇൻഡ്യയിലെ പുരാതന നിവാസികളുടെ സന്താനങ്ങളോ എന്നു നിശ്ചയിക്കുക പ്രയാസമാണു്. അടുത്തകാലത്തു ലഭിച്ചിട്ടുള്ള തെളിവുകളിൽനിന്നും ഇൻഡോ ആര്യന്മാരുടെ പ്രവേശനത്തിനു വളരെ മുൻപുതന്നെ ഇൻഡ്യയിൽ ജനവാസമുണ്ടായിരുന്നു എന്നു വ്യക്തമാകുന്നു. ഈ ജനങ്ങൾ ഒരുവിധം പരിഷ്കൃതരായിരുന്നു എന്നും, ഇൻഡ്യയുടെ പല ഭാഗങ്ങളിലും ഇവർ അധിവസിച്ചിരുന്നു എന്നും കാണുന്നു. കൃഷി ഇവർക്കു സുപരിചിതമായിരുന്നു; ഗ്രാമങ്ങളിൽ വസിച്ചുകൊണ്ടു് ഇവർ കൃഷി ചെയ്തുവന്നു. ഇവരുടെ മതവും സാമൂഹികമാമൂലുകളും ഇതരജനങ്ങളെ അപേക്ഷിച്ചു വ്യത്യസ്തമായിരുന്നു. ജാതിവ്യത്യാസം ഇവരുടെ ഇടയിൽ ഉണ്ടായിരുന്നില്ല. വിവാഹത്തിലും ഇതരകാര്യങ്ങളിലും ഇവർ പ്രത്യേകം വ്യത്യാസമുള്ളവരായിരുന്നു. ഇവർക്കു ഒരു അക്ഷരമാലയും ഉണ്ടായിരുന്നു.

**സിന്ധുനദീതടത്തിലെ പുരാതന പരിഷ്കാരം.**

**(The Indus Valley Civilisation).** ദ്രാവിഡരെപ്പററി

മേൽപ്രസ്താവിച്ചിട്ടുള്ള വിവരങ്ങൾ ശരിയാണെന്നു സിന്ധുനദീതടത്തിൽ മണ്ണിന്നടിയിൽ അടുത്തകാലത്തു കാണപ്പെട്ടിട്ടുള്ള പുരാതന അവശിഷ്ടങ്ങളാൽ സ്ഥാപിക്കുവാൻ സാധിച്ചിട്ടുണ്ടു്. കഴിഞ്ഞ ഏതാനും വഷങ്ങൾക്കിടയിൽ സിൻഡ്പ്രദേശത്തു്, സിന്ധുനദിയുടെ കരകളിൽ, ദീർഘകാലമായി മണലിന്നടിയിൽ മൂടപ്പെട്ടിരുന്ന പല പട്ടണങ്ങൾ കണ്ടുപിടിക്കുവാൻ സാധിച്ചിട്ടുണ്ടു്. സുക്കുർ പട്ടണത്തിൽനിന്നും അധികം അകലെ അല്ലാതെ സ്ഥിതി ചെയ്യുന്ന മോഹൻജോ ഡാറോ (Mohenjo Daro) പട്ടണമാണു് മണലിന്നടിയിൽ മൂടപ്പെട്ടിരുന്ന പുരാതന പട്ടണങ്ങളിൽ ഏററവും പ്രാധാന്യമുള്ളതു്. ഈ പട്ടണത്തിനു് ശാസ്ത്രീയമായി തയ്യാറാക്കിയിട്ടുള്ള തെരുവുകളും, വിശാലമായ ഭവനങ്ങളും, ജലസംഭരണത്തിനും ജലസേചനത്തിനും ഉള്ള സൌകര്യങ്ങളും എന്നുവേണ്ട, പൌരജീവിതത്തിനാവശ്യമുള്ള എല്ലാ സൌകര്യങ്ങളും ഉണ്ടായിരുന്നതായി കാണുന്നു. അക്ഷരങ്ങൾ കൊത്തിയിട്ടുള്ള മുദ്രകൾ, വിവിധങ്ങളായ മൺപാത്രങ്ങൾ, ആഭരണങ്ങൾ, ശിവലിംഗാകൃതിയിലുള്ള ശിലാകഷണങ്ങൾ ഇത്യാദി ചെറു തരം സാധനങ്ങളും ഇവയോടുകൂടി കുഴിച്ചെടുക്കുവാൻ സാധിച്ചിട്ടുണ്ടു്. മുദ്രകളിൽ കൊത്തിയിട്ടുള്ള അക്ഷരങ്ങളും മററു സാമാന്യ ലക്ഷണങ്ങളും പശ്ചിമ ഏഷ്യയിൽ കണ്ടുപിടിച്ചിട്ടുള്ളവയോടു സാമ്യമുള്ളവയാണു്. ടൈഗ്രീസ് യൂഫ്രട്ടീസ് നദീതടത്തിൽ കാണപ്പെട്ടിട്ടുള്ളവയുമായി ഇവയ്ക്കു സാമ്യമുണ്ടു്; എന്നാൽ പുരാതന ബാബിലോണിയാ രാജ്യത്തിൻെറ സ്ഥാനത്തു് കാണപ്പെടുന്ന ലിഖിതങ്ങൾ മുതലായവയിൽനിന്നും ഇവ വ്യത്യാസപ്പെട്ടവയാണു്. ഏവംവിധങ്ങളായ വ്യത്യസ്തലക്ഷണങ്ങളിൽനിന്നും വിദഗ്ദ്ധന്മാർ അനുമിക്കുന്നതു് സ്വന്തമായ വ്യതസ്ത പരിഷ്കാരനില പ്രാപിച്ചിരുന്ന ഒരു ജനവിഭാഗം

ഇൻഡ്യയിൽ ഉണ്ടായിരുന്നു എന്നത്രേ. മേല്പറഞ്ഞ ജനവിഭാഗങ്ങൾ രണ്ടും തമ്മിൽ ഇടപാടുകൾ ഉണ്ടായിരുന്നിരിക്കണം; എന്നാൽ ഇവയിൽ ഒരുവിഭാഗം മറേറതിൽ നിന്നും ഉത്ഭവിച്ചതാണെന്നു തീർച്ചപ്പെടുത്തുവാൻ തക്ക തെളിവുകൾ ഇന്നുവരെ ലഭിച്ചിട്ടുമില്ല. ഈ സ്ഥിതിക്ക ഇൻഡസ്തടത്തിലെ പരിഷ്കാരം അയ്യായിരം വർഷം പഴക്കമുള്ള ഒരു ഇൻഡ്യൻ പരിഷ്കാരം തന്നെയാണെന്നു തീർച്ചപ്പെടുത്താം. സിൻഡിലുള്ള മോഹൻജോ ഡാറോയിൽനിന്നും ഏകദേശം ൪൦൦ മൈൽ അകലെ പഞ്ചാബിലുള്ള ഹരപ്പ എന്ന സ്ഥലത്തു മോഹൻജോ ഡാറോയിൽ കുഴിച്ചെടുത്തതുപോലെയുള്ള സാധനങ്ങൾ കാണപ്പെട്ടിട്ടുണ്ട്. ഇതുപോലെയുള്ള നഷ്ടശിഷ്ടങ്ങൾ യുണൈറെഡ്പ്രോവിൻസസിലുള്ള ഏതാനും സ്ഥലങ്ങളിലും കാണനുണ്ട്. ഈ തെളിവുകളിൽനിന്നും, ഏകദേശം ൫൦൦൦ വർഷം മുമ്പ് ഒരു പുരാതന പരിഷ്കൃതജനവിഭാഗം ഉത്തരഇൻഡ്യാ സമതലത്തിൽ അധിവസിച്ചിരുന്നു എന്നു വിശ്വസിക്കാവുന്നതാണ്. പ്രസ്തുത സംസ്കാരവും തൽസ്ഥാനത്തു ൨൦൦൦ വർഷം കഴിഞ്ഞുണ്ടായ ആൎയ്യന്മാരുടെ വൈദിക കാലത്തെ സംസ്കാരവും തമ്മിൽ യാതൊരു സാമ്യവും കണ്ടുപിടിക്കുവാൻ വിദഗ്ദ്ധന്മാൎക്കു സാധിച്ചിട്ടുമില്ല. ഇപ്രകാരം കണ്ടുപിടിക്കുവാൻ ഇടയായ സംസ്കാരം പുരാതന ദ്രാവിഡസംസ്കാരം തന്നെയാണെന്നു വിശ്വസിച്ചുവരുന്നു.

സിൻഡിൽ ലാർക്കാനാ പ്രദേശത്തുള്ള മോഹൻജോ ഡാറോയിൽ മണ്ണിനടിയിൽ കുഴിച്ചു് കണ്ടുപിടിച്ചിട്ടുള്ള കാൎയ്യങ്ങളിൽ നിന്നും നാം ഗ്രഹിക്കുന്നതു് ഏകദേശം ൫൦൦൦ വർഷം മുമ്പ് ശ്രേഷ്ഠമായി പണികഴിപ്പിച്ചിട്ടുള്ളതും അഭിവൃദ്ധി പ്രാപിച്ചിരുന്നതുമായ ഒരു പട്ടണം അവിടെ സ്ഥിതിചെയ്തിരുന്നു എന്നും, കാലക്രമത്തിൽ കാററിൻെറ

ശക്തിയാലോ സമുദ്രത്തിന്റെ ആക്രമണത്താലോ ഈ പട്ടണം മണ്ണലിനടിയിൽ അകപ്പെട്ടുപോയി എന്നുമാണ്. ദ്രാവിഡ സംസ്കാരത്തോടു സംബന്ധമുള്ള ഇതര പട്ടണങ്ങളിലും ഈ രീതിയിലുള്ള സംസ്കാരം തന്നെയാണുണ്ടായിരുന്നതു്. പട്ടണം ഇഷ്ടികകൊണ്ടു് നിർമ്മിച്ചിരുന്നു. തറനിരപ്പിൻ മേലുള്ള ഭിത്തികൾ തീയിൽ ചുട്ട ഇഷ്ടിക ഉപയോഗിച്ചും, വെയിലിന്റെയും മഴയുടെയും ശല്യം ഇല്ലാത്തതും തറനിരപ്പിനടിയിലുള്ളതുമായ അടിസ്ഥാനം ചുടാത്ത ഇഷ്ടികകൊണ്ടും കെട്ടിയിരുന്നു. കെട്ടിടം പണിയുന്നതിനുള്ള കല്ലു് മോഹൻജോ ഡാരോ പ്രദേശത്തുണ്ടായിരുന്നില്ല. പട്ടണത്തിന്റെ തെരുവുകൾ നല്ല പ്ലാൻ അനുസരിച്ചു ക്രമീകരിച്ചിരുന്നു. മിക്ക വീടുകൾക്കും സ്വന്തം കിണറുകൾ ഉണ്ടായിരുന്നു. നദിയിൽനിന്നും അരിച്ചെടുക്കുന്ന വെള്ളം ഈ കിണറുകളിൽനിന്നും കോരി ജനങ്ങൾ ഉപയോഗിച്ചുവന്നു; മിക്ക വീടുകൾക്കും കുളിമുറികളുണ്ടായിരുന്നു. കുളിമുറികളിൽനിന്നും വെള്ളം തെരുവുകളിലേക്കു് ഒഴുകി പോകാൻ സൌകര്യമുണ്ടായിരുന്നെങ്കിലും, പട്ടണത്തിനു വെളിയിലേക്കു കടത്തിവിടാൻ സൌകര്യമുണ്ടായിരുന്നില്ല. വീടുകളിൽനിന്നും തൂത്തുവാരിക്കളയുന്ന സാധനങ്ങൾ വീടിനു വെളിയിൽ സ്ഥാപിച്ചിട്ടുള്ള വലിയ പാത്രങ്ങളിൽ വീഴുന്നതിനുള്ള സൌകര്യമുണ്ടായിരുന്നു. ഇവിടെയുള്ള സാധാരണ വസതികൾ മിക്കവയും വളരെ ഭംഗിയുള്ളവയായിരുന്നു. പ്രത്യുത മെസോപ്പൊട്ടേമിയായിൽ സാധാരണ വസതികൾ എണ്ണത്തിൽ ചുരുക്കവും വൃത്തിഹീനവും ആയിരുന്നു. സാധാരണ പൗരന്മാരുടെ അസംഖ്യം വീടുകൾക്കും പുറമേ മോഹൻജോ ഡാരോയിൽ പല വലിയ കെട്ടിടങ്ങളുണ്ടായിരുന്നു; ഇവയുടെ ഉപയോഗം എന്തായിരുന്നു എന്നു അറിവായിട്ടില്ല. ഈ പട്ടണത്തിലുള്ള പ്രധാന കെട്ടിട

ങ്ങളിൽ ഒന്നു് ഒരു വലിയ സ്തംഭത്തോടുകൂടിയ ഹാൾ ആയിരുന്നു; ഇതു ജനങ്ങൾ കൂടിവന്ന അസ്സംബ്ളി ഹാൾ ആയിരിക്കാം. ഇവിടെയുള്ള കെട്ടിടങ്ങളിൽ ഒന്നു് പൊതുവിലുള്ള ഒരു കളി സ്ഥലമാണു്.

പൗരജനങ്ങളുടെ ജീവിതരീതി സംബന്ധിച്ചും ഏതാനം വിവരങ്ങൾ ശേഖരിക്കുവാൻ സാധിച്ചിട്ടുണ്ടു്. ഇവർ ഭക്ഷണത്തിനായി കോതമ്പും ബാർലിയും കൃഷി ചെയ്കയും, കന്നുകാലികൾ, ആടു്, പന്നി കോഴിവർഗ്ഗങ്ങൾ ഇവയെ വളർത്തുകയും ചെയ്തിരുന്നു. നദിയിലെ മത്സ്യം ഇവർ ധാരാളം ഭക്ഷിച്ചുവന്നു. പ്രത്യുത, ആദ്യകാലത്തെ ആര്യന്മാർ മത്സ്യം ഉപയോഗിച്ചിരുന്നില്ല. പോത്തു്, ഒട്ടകം, ആന, പലവിധത്തിലുള്ള മാൻ ഇത്യാദി മൃഗങ്ങളുടെ അവശിഷ്ടങ്ങൾ കണ്ടുപിടിക്കുവാനും സാധിച്ചിട്ടുണ്ടു്. കടുവാ, കരടി്, മുയൽ എന്നിവയും ദ്രാവിഡന്മാരുടെ അറിവിൽ പെട്ടിരുന്നു എന്നു അവരുടെ മുദ്രകളിൽ ചിത്രീകരിച്ചിട്ടുള്ളതിൽനിന്നും ഗ്രഹിക്കാവുന്നതാണു്. പട്ടിയും കുതിരയും ദീർഘകാലം കഴിഞ്ഞശേഷം ഇവരുടെ സ്വാധീനത്തിൽ വന്നുചേർന്നു.

സ്വർണ്ണം, വെള്ളി, ചെമ്പു്, ഈയം എന്നീലോഹങ്ങളും ഇവക്കു പരിചിതമായിരുന്നു. രത്നങ്ങൾ, ദന്തം, കക്കാ ഇത്യാദികൾ ഇവർ ആഭരണങ്ങളായി ഉപയോഗിച്ചിരുന്നു. രോമവും പഞ്ഞിയും കൊണ്ടു് ഇവർ വസ്ത്രം നെയ്തുവന്നു. കണ്ടുപിടിക്കുവാൻ സാധിച്ചിട്ടുള്ള ആഭരണങ്ങളിൽനിന്നും ഊഹിക്കേണ്ടതു് ഈ ജനസമുദായം ധനസ്ഥിതിയിൽ ഉയർന്ന നില പ്രാപിച്ചിരുന്നു എന്നത്രേ.

ഇവർ ഉപയോഗിച്ചിരുന്ന ആയുധങ്ങൾ കുന്തം, കോടാലി, കഠാരി, വില്ലു്, കവണു് ഇവയാണു്. കവണ ഉണ്ടകൾ ധാരാളം കണ്ടുപിടിക്കുവാൻ സാധിച്ചി

ട്ടുണ്ടു്. വാളിന്റെ ഉപയോഗം ഇവക്കു അറിവായിരുന്നില്ല. ആക്രമണത്തെ തടയുന്നതിനു കവചം ഇവക്കില്ലായിരുന്നു. ചക്രം ഉപയോഗിച്ചു് ഇവർ മൺപാത്രങ്ങൾ ഉണ്ടാക്കി വന്നു. കളിമൺ കൊണ്ടുള്ള പല കളിസാധനങ്ങൾ ഇപ്പോൾ ശേഷിച്ചിട്ടുണ്ടു്. എല്ലാ കാലത്തുമുള്ള ഇൻഡ്യാക്കാരെപ്പോലെ ഇവരും കളികളിൽ ഉൽസുകരായിരുന്നു.

ഇവിടെ കാണപ്പെട്ടിട്ടുള്ളവയിൽ ഏററവും വിശിഷ്ടമായതു് ചിത്രരീതിയിൽ അക്ഷരങ്ങൾ കൊത്തിയിട്ടുള്ള അനവധി മുദ്രകളാണു്. സുമേരിയൻ, പ്രോട്ടോ-ഇലാമൈററ് മുതലായി പുരാതന പരിഷ്കാര കേന്ദ്രങ്ങളിലെ ചിത്രാക്ഷരങ്ങളുമായി ഇവയ്ക്കു സാമ്യവും ഉണ്ടു്. കൊത്തുപണിയിൽ നല്ല വൈദഗ്ദ്ധ്യം ഈ മുദ്രകളിൽ നിന്നും പ്രത്യക്ഷമാകുന്നു. കാള, പോത്തു് മുതലായ പല മൃഗങ്ങളുടെ ചിത്രം ഈ മുദ്രകളിൽ കൊത്തിയിട്ടുണ്ടു്. മൺപാത്രങ്ങളിലും ഇപ്രകാരമുള്ള ചിത്രങ്ങൾ കൊത്തിയിട്ടുണ്ടു്. ഇവ ഒന്നും തന്നെ ക്രമീകൃതമായ അക്ഷരങ്ങളല്ല, വെറും അടയാളങ്ങൾ മാത്രമാണു്. പ്രാചീന ചൈനായിലെ എഴുത്തുരീതിക്കു് ഇവയുമായി സാമ്യമുണ്ടു്. ഈ രീതിയിലുള്ള എഴുത്തുകൾ ഇൻഡ്യയിൽ നിന്നും അപ്രത്യക്ഷമായി. ഇവരുടെ ഭാഷ എന്തായിരുന്നു എന്നു നിശ്ചയിക്കുവാൻ സാധിച്ചിട്ടില്ല; അതു് സംസ്കൃതം അല്ലായിരുന്നു എന്നു് തീർത്തു പറയാം.

മുദ്ര കൊത്തുന്നതിലും ശില്പകലയിലും ഇവർ അഭിവൃദ്ധി പ്രാപിച്ചിരുന്നു. ചുവപ്പു കല്ലിൽ ഉണ്ടാക്കിയിട്ടുള്ള ഒരു വിശിഷ്ട മനുഷ്യാകൃതി മോഹൻജോ ഡാറോയിൽ കുഴിച്ചെടുക്കപ്പെട്ടു. ഇതു് ഗ്രീക്കു കൃതിയാണെന്നു് ആദ്യം സംശയിച്ചുവെങ്കിലും, ഗ്രീക്കു് കാലത്തിനു ൨൦൦൦ വർഷം മുമ്പുണ്ടാക്കിയതാണെന്നു് നിർണ്ണയിച്ചു കഴിഞ്ഞിരിക്കുന്നു.

ഇക്കാലത്തെ മതവിശ്വാസം സംബന്ധിച്ചും ചില വിവരങ്ങൾ നമുക്കു് ലഭിച്ചിട്ടുണ്ടു്. ഇവർ ആരാധിച്ചുവന്ന ദൈവങ്ങളിൽ പ്രധാനമായതു് ദൈവമാതാവു് (Mother Goddess) ആയിരുന്നു.

ശിവനോടു സാമ്യപ്പെടുത്തിവരാവുള്ളതും മൂന്നു തലയുള്ളതുമായ ഒരു ദേവനേയും ഇവർ ആരാധിച്ചുവന്നു. വൃക്ഷങ്ങൾക്കും മൃഗങ്ങൾക്കും ഇവരുടെ മതത്തിൽ പ്രധാനസ്ഥാനമുണ്ടായിരുന്നു. മൃതശരീരങ്ങൾ കുഴിച്ചിടുകയോ ദഹിപ്പിക്കുകയോ ചെയ്തുവന്നു.

ഇൻഡസ് നദീതടത്തിലെ സംസ്കാരത്തിനു ഇലാമിലെയും മെസൊപ്പൊട്ടേമിയായിലെയും പരിഷ്കാരത്തോടു സാമ്യമുണ്ടു്. ഇതു് പട്ടണജീവിതം പ്രധാനമായിരുന്ന ഒരു പരിഷ്കാരമത്രേ. ലോഹങ്ങൾ കൊണ്ടുള്ള ആയുധങ്ങൾ ധാരാളം പ്രയോഗത്തിലിരുന്നുവെങ്കിലും, ഇക്കാലത്തു് കല്ലുകൊണ്ടുള്ള ആയുധങ്ങളുടെ പ്രയോഗവും തീരെ അവസാനിച്ചില്ല; ഇക്കാരണത്താൽ ഇതിനെ ചെമ്പും കല്ലും സംബന്ധിച്ചുള്ള പരിഷ്കാരം എന്നു നാമകരണം ചെയ്തിരിക്കുന്നു. ഈ പ്രാചീനസംസ്കാരങ്ങളുടെ സാമാന്യലക്ഷണങ്ങൾ ചിത്രരീതിയിലുള്ള എഴുത്തും ലളിതകലകളുടെ സർവ്വോപരിയായുള്ള അഭിവൃദ്ധിയും ആയിരുന്നു. ഇൻഡസ് നദീതടത്തിൽ കണ്ടുപിടിച്ചതുപോലെ ചിത്രാക്ഷരങ്ങൾ കൊത്തിയിട്ടുള്ള മുദ്രകൾ ബാബിലോണിയായിൽ ഇലാം പ്രദേശത്തും കാണപ്പെട്ടിട്ടുണ്ടു്. മെസോപ്പൊട്ടേമിയായുടെ ചരിത്രകാലനിർണ്ണയം ചെയ്തിട്ടുള്ളതിൽ നിന്നും മോഹൻജൊ ഡാറോ പരിഷ്കാരം ഏകദേശം ബി. സി. ൩൦൦൦-ൽ അഭിവൃദ്ധിയിലിരുന്നതായി ഗണിക്കാവുന്നതാണു്.

ഈ പരിഷ്കാരം ഗംഗാനദീതടങ്ങളിലേക്കു വ്യാപിച്ചിരുന്നുവോ എന്നു തീരുമാനിക്കുവാൻ സാധിച്ചിട്ടില്ല. ഇൻഡസ്നദി ഇൻഡ്യക്കും പാശ്ചാത്യപരിഷ്കൃത ലോകത്തിനും മദ്ധ്യേയുള്ള അതിർത്തിയായിരുന്നു എന്നു ഗണിക്കുന്നപക്ഷം, മെസോപ്പൊട്ടേമിയാ, പേർഷ്യ ഈ രാജ്യങ്ങളിലെ സംസ്കാരം സിന്ധുനദീതീരം വരെ വ്യാപിച്ചിരുന്നതായി ഗണിക്കുവാനാണ് ന്യായമുള്ളത്. ഇൻഡ്യൻ സംസ്കാരത്തിന്റെ അംശമായി ഇതിനെ ഗണിക്കേണ്ടതുമില്ല.

## ചോദ്യങ്ങളും അഭ്യാസങ്ങളും

1. ഇൻഡ്യയിലെ പുരാതന ജനങ്ങൾ ആരെല്ലാം?
2. പ്രാചീന ശിലായുഗത്തിലെയും നൂതന ശിലായുഗത്തിലെയും മനുഷ്യർ തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ ഏവ?
3. ആര്യന്മാർക്കു മുമ്പ് ഇൻഡ്യയിലുണ്ടായിരുന്ന പ്രധാന ജനവിഭാഗം ഏത്?
4. സിന്ധുനദീതടത്തിലെ പുരാതന ദ്രാവിഡസംസ്കാരത്തിലെ പ്രധാന ലക്ഷണങ്ങൾ ഏവ?
5. പ്രസ്തുത സംസ്കാരം പശ്ചിമ ഏഷ്യയിലെ സംസ്കാരത്തിന്റെ അംശം തന്നെയാണെന്ന് ഗണിക്കുവാനുള്ള തെളിവുകൾ എന്തെല്ലാം?
6. അനുബന്ധത്തിൽ ചേർത്തിട്ടുള്ള സംഭവകാലവിവരപ്പട്ടിക പരിശോധിക്കുക.
7. 1947-ലെ ഇൻഡ്യാപടത്തിൽ സിന്ധുനദീതടത്തിലെ സംസ്കാരത്തിന്റെ സ്ഥാനം കണ്ടുപിടിക്കുക.

അദ്ധ്യായം ൩.

# ഇൻഡ്യയിലെ ആര്യസംസ്കാരം

ആൎയ്യന്മാരുടെ പൂൎവ്വചരിത്രം. ആൎയ്യന്മാർ പേർഷ്യക്കാരോടു അടുത്ത ബന്ധമുള്ളവരും, യൂറോപ്പിലെ ഭൂരിപക്ഷം ജനങ്ങൾ ഉൾപ്പെട്ടിട്ടുള്ള ഇൻഡോ യൂറോപ്യൻ വൎഗ്ഗജരും ആണു്. ഇവരുടെ ജന്മഭൂമിയുടെ സ്ഥാനം സംബന്ധിച്ചുള്ള വാദം ഇന്നും അവസാനിച്ചിട്ടില്ല. യൂറോപ്പിന്റെയും ഏഷ്യയുടെയും അതിർത്തിയിലുള്ള റഷ്യയുടെ ദക്ഷിണഭാഗം ഇവരുടെ ആദ്യ നിവാസസ്ഥലമായി ഗണിക്കാമെന്നു ചില ചരിത്രാന്വേഷകർ അഭിപ്രായപ്പെട്ടിരിക്കുന്നു.

ആൎയ്യന്മാരുടെ പൂൎവ്വചരിത്രത്തെപ്പററി ഏതാനും വിവരങ്ങൾ ഋഗ്വേദത്തിൽനിന്നും അറിയുവാൻ സാധിച്ചിട്ടുണ്ടു. പ്രാചീന ആൎയ്യന്മാർ ദീർഘകായരും ശക്തരും വെള്ളനിറമുള്ളവരും നീലനിറമുള്ള കണ്ണുകളോടുകൂടിയവരുമായിരുന്നു. ജന്മഭൂമിയിൽ ദീർഘകാലം അധിവസിക്കുകയാൽ, പ്രസ്തുത ലക്ഷണങ്ങൾ ഇവരിൽ സഹജമായി വിളങ്ങിയിരുന്നു. സാമൂഹികജീവിതത്തിൽ ഇവർ പിന്നോക്കമായിരുന്നില്ല. ഇവർ ഗ്രാമങ്ങളിൽ അധിവസിച്ചിരുന്നു. കൃഷി, കാലിവളൎത്തൽ, നായാട്ടു് എന്നീ തൊഴിലുകളിൽ ഇവർ ഏൎപ്പെട്ടിരുന്നു. ഇപ്രകാരം ധനസ്ഥിതിയിൽ അഭിവൃദ്ധി ഉണ്ടായതോടുകൂടി മനോവികാസവും ഇവൎക്കുണ്ടായി. ജന്മഭൂമിയിൽ അധിവാസം ഉറപ്പിച്ചിരുന്ന പ്രാചീനകാലത്തു് ഇവരുടെ കുടുംബജീവിതം വളരെ ക്രമീകൃതമായിരുന്നു. കുടുംബത്തിന്റെ സംരക്ഷണവും പരിപാലനവും പിതാവു നിർവ്വഹിച്ചു

വന്നു. ഗൃഹകൃത്യങ്ങളിലും കൃഷിയിലും സഹകരിച്ചു പ്രവർത്തിച്ചു് സഹോദരീസഹോദരന്മാർ സന്തോഷസമേതം വസിച്ചിരുന്നു. വിവാഹം മുഖേന കുടുംബാംഗങ്ങളുടെയും കുടുംബങ്ങളുടെയും എണ്ണം വർദ്ധിച്ചുവന്നതോടുകൂടി, ഓരോ ഗോത്രപിതാവും സ്വവർഗ്ഗത്തിൻെറ രാജാവായിത്തീർന്നിരുന്നു. പരസ്പരം ബന്ധമുള്ളവരായ ഈ വർഗ്ഗക്കാർ സഹകരിച്ചു് സമാധാനപരമായി ജീവിച്ചുവന്നു. ആടുമാടുകൾ സംബന്ധിച്ചോ കൂടുതൽ സ്ഥലം കരസ്ഥമാക്കുന്നതു പ്രമാണിച്ചോ മാത്രമേ അപൂർവ്വമായി ഇവരുടെ ഇടയിൽ കലഹം ഉണ്ടായിട്ടുള്ളു. ആയുധ പ്രയോഗത്തിൽ ഇവർ സമർത്ഥരായിരുന്നു. ആദ്യകാലത്തു കല്ലുകൊണ്ടും കാലക്രമത്തിൽ ലോഹങ്ങൾകൊണ്ടുമുള്ള ആയുധങ്ങൾ ഇവർ ഉപയോഗിച്ചുവന്നു. തുകലും രോമവും കൊണ്ടുണ്ടാക്കിയ വസ്ത്രം ഇവർ ധരിച്ചിരുന്നു. വാതായനങ്ങളും ചുററും മുററവും ഉദ്യാനങ്ങളും ഉള്ള ഭവനങ്ങളിൽ ഇവർ വസിച്ചിരുന്നു. കന്നുകാലികൾ, കുതിര, കഴുത ഇത്യാദി മൃഗങ്ങൾക്കു ഇവർ പ്രത്യേകം തൊഴുത്തുകൾ ഉണ്ടാക്കിയിരുന്നു. ധാന്യം പാകം ചെയ്തുമാത്രമേ ഇവർ ഉപയോഗിച്ചിരുന്നുള്ളു. നദികളിലും തടാകങ്ങളിലും ഇവർ വള്ളങ്ങളിൽ സഞ്ചരിച്ചിരുന്നുവെങ്കിലും, സമുദ്രം ഇവർ കണ്ടിരുന്നില്ല. നൂററിൻമേൽ എണ്ണുവാൻ ഇവർ പഠിച്ചിരുന്നുമില്ല.

ഈ പ്രാചീനകാലത്തു് ഈശ്വരവിശ്വാസജന്യമായ ആത്മീയബോധം ഇവരിൽ ഉത്ഭവിച്ചിരുന്നു. വരുണൻ, ഇന്ദ്രൻ, യമൻ, സോമൻ എന്നീ ദേവന്മാരെയും പിതൃക്കളെയും ഇവർ ആരാധിച്ചുവന്നു. മൃതശരീരങ്ങൾ ഇവർ അഗ്നിയിൽ ദഹിപ്പിച്ചുവന്നു. അഗ്നികുണ്ഡത്തിൻെറ ജ്വാലവഴിയായി ആത്മാവു ശരീരത്തിൽനിന്നും പൂർണ്ണമായി വേർപെട്ടു് സ്വർഗ്ഗത്തിൽ എത്തുമെന്നു വിശ്വസിക്കുകയാലത്രേ ഇപ്രകാരം ഇവർ ചെയ്തുവന്നതു്. ഭാഷ, മതസംബ

ന്ധമായ ആരാധനകൾ, ജീവിതരീതി ഇത്യാദികളിൽ ഐകരൂപ്യം ഉണ്ടായിരുന്ന പ്രാരംഭ ഘട്ടത്തിനുശേഷം വിവിധ കാരണങ്ങളാൽ ആൎയ്യന്മാർ ജന്മഭൂമി വിട്ടു് പല ദിക്കിലേക്കും മാറി താമസിക്കുവാൻ ഇടയായി.

**ഇൻഡോആൎയ്യന്മാർ—പഞ്ചാബിലേക്കുള്ള പ്രവേശം**

ആൎയ്യന്മാർ ജന്മഭൂമിയിൽ ഒരേ നായകൻെറ ഭരണത്തിൻകീഴിൽ ജീവിച്ചിരുന്നു. സംഖ്യാബലം വൎദ്ധിച്ചപ്പോൾ സ്ഥലദൌൎലഭ്യമുണ്ടാകയും ജന്മഭൂമി ശുഷ്ക്കമായിത്തീരുകയും ചെയ്തതോടുകൂടി, ഇവർ നല്ല സ്ഥലങ്ങൾ അന്വേഷിച്ചുകൊണ്ടു് ആടുമാടുകളോടുകൂടി പുറപ്പെട്ടു. ഇവരിൽ ഒരു വിഭാഗം പശ്ചിമദിക്കിലേക്കും വേറൊരു വിഭാഗം ദക്ഷിണ ദിക്കിലേക്കും യാത്രയായി. പശ്ചിമ ദിക്കിലേക്കു പോയവർ സ്വഭാഷയും മതാചാരങ്ങളും പ്രദാനം ചെയ്തുകൊണ്ടു് യൂറോപ്പിലെ ഇതരജനങ്ങളുമായി കലൎന്നു. ഇംഗ്ലീഷുകാർ, ഫ്രഞ്ചുകാർ, ഗ്രീക്കുകാർ, ഇററാലിയർ, ജൎമ്മൻകാർ മുതലായ ആധുനിക യൂറോപ്യൻ ജനങ്ങൾ ഈ സങ്കരവൎഗ്ഗക്കാരുടെ സന്താനങ്ങളാണു്. പശ്ചിമദിക്കിലേക്കു ഒരു വിഭാഗം പിരിഞ്ഞുപോയതിൽപിന്നെ ശേഷിച്ച ആൎയ്യന്മാർ ഓക്സസ്, ജക്സാർട്ടിസ് എന്നീ നദികളാൽ ഫലഭൂയിഷ്ഠമായ ടക്കിസ്റ്റാൻ സമതലത്തിൽ പ്രവേശിച്ചു് ദീൎഘകാലം അധിവസിച്ചശേഷം, അവരിൽ ഒരു വിഭാഗക്കാർ ആടുമാടുകൾക്കു മേച്ചിൽ അന്വേഷിച്ചുകൊണ്ടു് അഫ്ഗാനിസ്റ്റാനിൻെറ പൂൎവ്വഭാഗത്തെത്തി. ഈ ആൎയ്യന്മാരിൽ ഒരു വിഭാഗം ഏകദേശം ബി. സി. ൨൦൦൦ അടുത്തു് പഞ്ചാബിൽ പ്രവേശിച്ചു് അധിവാസം ഉറപ്പിച്ചു.

**ആൎയ്യന്മാരുടെ ഇൻഡ്യയിലേക്കുള്ള പ്രവേശം.** ആദ്യം വടക്കുപടിഞ്ഞാറുകൂടി ഇൻഡ്യയിൽ പ്രവേശിച്ച ആൎയ്യ

ന്മാർ പഞ്ചാബിൽ അധിവാസം ഉറപ്പിച്ചശേഷം മഹാകാവ്യ കാലാരംഭത്തിൽ, ഏകദേശം ബി. സി. ൧൦൦൦ സമീപിച്ച്, കാശ്മീരത്തിലുള്ള ജിൽജിററ്, ചിത്രാൾ എന്നീ ദുർഘട മാർഗ്ഗങ്ങളിൽകൂടി വേറൊരുകൂട്ടം ആര്യന്മാർ ഇൻഡ്യയിൽ പ്രവേശിച്ചു. വഴിയുടെ ദുർഘടാവസ്ഥ നിമിത്തം സ്ത്രീകളെ വളരെ അപൂർവ്വമായി മാത്രമെ ഇവർ ഇൻഡ്യയിലേക്കു കൊണ്ടുവന്നിരുന്നുള്ളു. ഇൻഡ്യയിൽ പ്രവേശിച്ചശേഷം ഇവർ ദ്രാവിഡ സ്ത്രീകളെ ഭാര്യമാരായി സ്വീകരിച്ചു. ഇപ്രകാരം ഉത്ഭവിച്ച ആര്യദ്രാവിഡ സങ്കരവർഗ്ഗം ഗംഗയുടെയും യമുനയുടെയും സമതലങ്ങളിൽ വ്യാപിച്ചതായി ഭാഷാചരിത്രത്തിൽ നിന്നും പ്രത്യക്ഷമാകുന്നു.

## വൈദികകാലം (൨൦൦൦—൧൪൦൦ ബി. സി.)

ഋഗ്വേദം. ഇക്കാലത്ത് ആര്യന്മാർ പഞ്ചാബിലും കാബൂൾ സമതലത്തിലും, സത്‌ലജിനും യമുനയ്ക്കും മദ്ധ്യേയുള്ള പ്രദേശങ്ങളും അധിവസിച്ചിരുന്നു. വിന്ധ്യാപർവ്വതവും നർമ്മദാ നദിയും ഇവർ അറിഞ്ഞിട്ടില്ലായിരുന്നു. ഇവർ ആരാധിച്ചുവന്ന ദേവന്മാരെ സ്തുതിക്കുന്ന ൧൦൨൮ മന്ത്രഗാനങ്ങൾ ഉൾപ്പെട്ടിട്ടുള്ള ഒരു ഗ്രന്ഥമാണ് ഋഗ്വേദം. വേദങ്ങൾ രചിച്ച കാലത്തെ വൈദികകാലം എന്നു വിളിച്ചുവരുന്നു. ആര്യവർഗ്ഗക്കാരുടെ നായകന്മാരെയും രാജാക്കന്മാരെയും ആര്യന്മാർ അധിവസിച്ച പ്രദേശങ്ങളിലെ നദികളേയും കുറിച്ചുള്ള സൂചനകൾ ഋഗ്വേദത്തിൽ കാണുന്നുണ്ട്. ഇവരുമായി യുദ്ധംചെയ്ത ശത്രുക്കളെക്കുറിച്ച് ഋഗ്വേദത്തിലുള്ള സൂചനകളിൽ കാണുന്നത്, വേദങ്ങൾ രചിച്ചകാലത്ത് ആര്യന്മാർ വടക്കുപടിഞ്ഞാറെ ഇൻഡ്യയിൽ അധിവസിച്ചിരുന്നു എന്നത്രേ. ഋഗ്വേദത്തിൽ സിംഹത്തെയും ആനയെയും

കുറിച്ചു പ്രസ്താവിച്ചിട്ടുണ്ട്. കടുവാ ഉള്ളതായി പ്രസ്താവിച്ചിട്ടില്ല. സോമാചെടി വളരുന്ന മുജവന്ത് പർവ്വതം സമീപത്തു സ്ഥിതിചെയ്യുന്നതായി പറഞ്ഞിരിക്കുന്നതിൽ നിന്നും, ((ഋഗ്വേദകാലത്ത് ആര്യന്മാരുടെ അധിവാസ സ്ഥാനം കാബൂൾ മുതൽ ഗംഗാ വരെയുള്ള വടക്കേപടിഞ്ഞാറെ ഇൻഡ്യാ ആയിരുന്നു എന്നു സ്ഥാപിക്കാവുന്നതാണ്.))

പഞ്ചാബിൽ ആര്യന്മാരുടെ വ്യവസ്ഥിതിയും സംസ്കാരവും. വരുണൻ, അഗ്നി, സോമൻ, യമൻ, വായു ഇത്യാദി അനവധി ദേവന്മാരെ ആര്യന്മാർ ഇക്കാലത്ത് ആരാധിച്ചുവന്നതായി ഋഗ്വേദത്തിൽ കാണുന്നു. ഇൻഡ്യയിൽ പ്രവേശിക്കുന്നതിനു മുമ്പുതന്നെ പ്രസ്തുത ദേവന്മാരെ ഇവർ ആരാധിച്ചിരുന്നു. ഇൻഡ്യയിൽ പ്രവേശിച്ചശേഷം ഇന്ദ്രൻ, ഉഷസ്സ്, ആദിത്യൻ ആദിയായി പലരെ കൂട്ടത്തിലായി ഇവർ ആരാധിച്ചു തുടങ്ങി. അനവധി ദേവന്മാരെ ആരാധിച്ചുവന്നതിനാൽ ഇക്കാലത്തെ മതം ഏകദൈവ വിശ്വാസമല്ലെന്നു കാണുന്നു. മരിച്ചുപോയ പൂർവ്വികന്മാരുടെ ആത്മാക്കൾ ബഹുമതികളും ആരാധനകളും സ്വീകരിക്കുന്നതിനായി ഭൂമിയിൽ വരുമെന്നു ഇവർ വിശ്വസിച്ചിരുന്നതിനാൽ, പ്രേതാരാധന (Animism) ഇക്കാലത്തെ മതത്തിൻെറ പ്രധാന ലക്ഷണമായിരുന്നു. ഈശ്വരൻ പ്രപഞ്ചത്തിൽ ചേതനാചേതന വസ്തുക്കളിൽ ഒരുപോലെ വ്യാപിച്ചിരിക്കുന്നു എന്നുള്ള വിശ്വാസവും (Pantheism) ഇവർ സ്വീകരിച്ചിരുന്നു. ഏകദൈവത്തെ തന്നെയായിരുന്നു പല പേരുകളിൽ ഇവർ ആരാധിച്ചുവന്നിരുന്നതെന്ന് ഋഗ്വേദത്തിലെ പല ഭാഗങ്ങളിലും പ്രത്യക്ഷമായിട്ടുള്ളതിനാൽ, ഏകദൈവ വിശ്വാസവും ലീനമായിട്ടെങ്കിലും ഇവർക്കുണ്ടായിരുന്നതായി ഊഹിക്കാം. ഇവരുടെ മതത്തിനു ക്രമാഭിവൃദ്ധിയും

ണ്ടായി. ഇതരജനങ്ങളുമായി ഇടപെട്ടു് അവരുടെ ദുരാചാരങ്ങൾക്കു് വശംവദരായി ഭവിച്ചതുവരെയും, വൈദിക കാലത്തെ മതത്തിൽ വിഗ്രഹാരാധനയുണ്ടായിരുന്നില്ല. ഇക്കാലത്തെ ദേവാലയം പ്രകൃതി തന്നെയായിരുന്നു. അവർ പൂജിച്ചുവന്ന ദേവന്മാരെ മാനുഷനിർമ്മിതമായ ആലയങ്ങളിൽ വസിപ്പാനായി ക്ഷണിച്ചിരുന്നുമില്ല. ഇപ്രകാരം കാലാന്തരത്തിൽ മതസംബന്ധവും തത്വജ്ഞാനപരവുമായി ഇൻഡ്യയിൽ വന്നുകൂടിയ എല്ലാ പ്രസ്ഥാനങ്ങളുടെയും ബീജങ്ങൾ ഋഗ്വേദത്തിൽ കാണുന്നുണ്ടു്. യാതൊരു മായവും ചേരാതെ മതം പരിശുദ്ധമായിരുന്ന വൈദിക കാലത്തിൻെറ ആരംഭത്തിൽ, ആര്യന്മാർ പ്രകൃതി ശക്തികളെ മാത്രമേ ആരാധിച്ചു വന്നിരുന്നുള്ളു. ഇവയിൽ ഇരുട്ടു്, അനാവൃഷ്ടി തുടങ്ങിയുള്ള ദുഷ്ടദേവന്മാരെ ഇവർ ആരാധിച്ചിരുന്നുമില്ല. ദേവാലയങ്ങളെയും വിഗ്രഹങ്ങളെയും കുറിച്ചു് ഋഗ്വേദത്തിൽ പ്രസ്താവിച്ചിട്ടില്ല. ഓരോ കുടുംബത്തിലെയും പിതാവു് സ്വഭവനത്തിൽ ആരാധന നടത്തിവന്നു. കുടുംബനായകനും നായികയും കൂടി പ്രാർത്ഥന നടത്തുകയും, നേർച്ച അർപ്പിക്കുകയും പതിവായിരുന്നു. അഗ്നി കത്തിച്ചു് സമയോചിതമായ ഗാനങ്ങളും പാടി, നെയ്യും അപ്പവും അതിൽ അർപ്പിച്ചായിരുന്നു ദിവസേന യാഗം നടത്തിവന്നതു്. ഗംഗാനദീപ്രദേശങ്ങളിലേക്കു കുടിയേറി പാർത്തതോടുകൂടി ഈ ആരാധനാരീതി ക്രമേണ ഭേദപ്പെട്ടു്, ബഹുവിധ വിഷമകർമ്മങ്ങളോടുകൂടിയ ആരാധനയായി രൂപാന്തരീഭവിച്ചു. "കാലക്രമത്തിൽ യാഗത്തിൻെറ ആവശ്യം പ്രമാണിച്ചു ഋഗ്വേദത്തിൽനിന്നും തിരഞ്ഞെടുത്തു് ഓരോതരം ആരാധനയ്ക്കും യോജിച്ചവിധത്തിൽ ക്രമപ്പെടുത്തിയിട്ടുള്ള പല ഗാനങ്ങൾ ചേർത്തു് യജുർവേദം, സാമവേദം എന്നീ പ്രാർത്ഥനഗ്രന്ഥങ്ങൾ നിർമ്മിക്കുകയുണ്ടായി." തദനന്തരം

ദുഷ്ടദേവതാ ദൂരീകരണത്തിനായി ആഭിചാരക മന്ത്രങ്ങൾ ചേർത്ത് അഥർവ്വ വേദവും രചിച്ചു." ഈ വേദങ്ങൾക്കു വ്യാഖ്യാനമായി ഗദ്യത്തിൽ എഴുതിയിട്ടുള്ള ഗ്രന്ഥങ്ങളെ ബ്രാഹ്മണങ്ങൾ എന്നു പറഞ്ഞുവരുന്നു.

<u>സാമൂഹിക രാഷ്ട്രീയ സ്ഥിതികൾ.</u> ഈ കാലത്തു സ്ത്രീകൾ വിദ്യയഭ്യസിച്ചും ബഹുമാനിക്കപ്പെട്ടും വന്നു. സ്വയംവരവും വിധവാ വിവാഹവും പ്രചാരത്തിലിരുന്നു. മൃതശരീരങ്ങൾ ചിലപ്പോൾ കുഴിച്ചിടുകയും, മിക്കപ്പോഴും ദഹിപ്പിക്കുകയും ചെയ്തുവന്നു. പാൽ, നെയ്യ്, ധാന്യങ്ങൾ, സസ്യങ്ങൾ, മാംസം ഇവ ഇക്കാലത്തു ഇവരുടെ പ്രധാന ആഹാരസാധനങ്ങളായിരുന്നു. ധാന്യങ്ങളിൽനിന്നും പാകം ചെയ്തുവന്ന സുര എന്നൊരുവക മദ്യവും ഇവർ കുടിച്ചുവന്നു. കന്നുകാലിവളർത്തലും കൃഷിയും വാണിജ്യവും ഇവരുടെ പ്രധാന തൊഴിലുകളായിരുന്നു. നാണയങ്ങൾക്കു പ്രചാരമില്ലായിരുന്നതിനാൽ, സാധനങ്ങളുടെ വില നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡമായി ഇക്കാലത്തു് പശുക്കളെ ഗണിച്ചിരുന്നു. ആശാരിമാർ, കൊല്ലന്മാർ, തുകൽപണിക്കാർ, നെയ്ത്തുകാർ ഇത്യാദി പല തൊഴിലാളികൾ ഇക്കാലത്തുണ്ടായിരുന്നു. ആര്യന്മാർ സംഗീതത്തിൽ വളരെ പ്രതിപത്തിയുള്ളവരായിരുന്നു. വള്ളം ഉപയോഗിച്ചു് ഇവർ നദികൾ തരണം ചെയ്തുവന്നു. വലിയ കപ്പലുകളോ സമുദ്രമോ ഇവർ അറിഞ്ഞിരുന്നില്ല. യാചകസല്ക്കാരം ഉത്തമധർമ്മമായി ഇവർ കരുതിയിരുന്നു. ഇവരുടെ ഇടയിലെ പ്രധാന ദൂഷ്യങ്ങൾ മദ്യപാനവും മത്സരക്കളികളും ആയിരുന്നു. പഞ്ഞിക്കൃഷിയിലും വസ്ത്രനെയ്ത്തിലും ഇക്കാലത്തു ആര്യന്മാർ ഏർപ്പെട്ടിരുന്നു.

ജാതിവ്യത്യാസത്തിൻെറ ലക്ഷണങ്ങളും ഈ കാലത്തു ഇൻഡോ ആര്യന്മാരുടെ ഇടയിൽ ഉത്ഭവിച്ചു. ഇവർ ആദ്യ

കാലങ്ങളിൽ ഒരേ ഗോത്രത്തിലും മതത്തിലും ഭാഷയിലും ഉൾപ്പെട്ടവരായിരുന്നു. ഓരോ കുടുംബത്തിലേയും പിതാവു സ്വകുടുംബഭരണം നിർവ്വഹിച്ചിരുന്നു. കുടുംബങ്ങൾ വംശങ്ങളായും, വംശങ്ങൾ വർഗ്ഗങ്ങളായും, വർഗ്ഗങ്ങൾ ഒരു രാജാവിൻെറ ഭരണത്തിലുള്ള രാജ്യമായും വികസിച്ചുവന്നു. രാജാവിൻെറ കീഴിൽ രാജന്യർ എന്നൊരു കൂട്ടം പ്രഭുക്കന്മാർ ഉണ്ടായിരുന്നു. യുദ്ധാവശ്യത്തിൽ ഏർപ്പെട്ടിരുന്ന ശക്തന്മാരെന്നോ, പ്രത്യേക വംശങ്ങളുടെ അധിപന്മാരെന്നോ ഇവരെ ഗണിക്കേണ്ടതാണു്. ക്രമേണ സ്വവർഗ്ഗത്തിൻെറ യുദ്ധാവശ്യങ്ങൾ നിവർത്തിച്ചുകൊണ്ടു ഇവർ ഒരു പ്രത്യേക കൂട്ടമായി പിരിഞ്ഞു. ഇവരെ ക്ഷത്രിയർ എന്നു വിളിച്ചുവന്നു. ഓരോ വർഗ്ഗത്തിലുള്ള ഋഷിമാരും കവികളും രചിച്ചിട്ടുള്ള പാട്ടുകൾ യാഗ സമയം പാടിവന്നിരുന്നു. ഈശ്വരാരാധനയിൽ രാജാവിനെ സഹായിച്ചു വന്ന ഋഷിയെ പുരോഹിതൻ എന്നു വിളിച്ചുവന്നു. രാജാവു നടത്തിവന്ന യാഗവും കാലക്രമത്തിൽ പുരോഹിതന്മാർ തന്നെ കഴിച്ചു വന്നതോടുകൂടി, ഇവർക്കു വലിയ ബഹുമതിയും ഔദാര്യദാനങ്ങളും ലഭിച്ചുവന്നു. രാജാക്കന്മാർക്കുവേണ്ടി ആരാധനകൾ നടത്തിത്തുടങ്ങിയതോടുകൂടി പുരോഹിത കുടുംബങ്ങൾ സ്വവർഗ്ഗത്തിൽപെട്ട ഇതരന്മാരിൽ നിന്നും വേർപെട്ടു. രാജാവിനുവേണ്ടി പ്രാർത്ഥിക്കുകയും, എല്ലാവർക്കുംവേണ്ടി യാഗാദികർമ്മങ്ങൾ കഴിക്കുകയും ആയിരുന്നു അന്നത്തെ പുരോഹിത കൃത്യം. ആര്യന്മാരിൽ ശേഷിച്ച ജനവിഭാഗം തൊഴിലാളിവർഗ്ഗം (വൈശ്യർ) ആയിരുന്നു. ഇപ്രകാരം രാജാവും രാജകുടുംബവും കൂടാതെ യോദ്ധാക്കൾ, പുരോഹിതന്മാർ, തൊഴിലാളികൾ എന്നിങ്ങനെ തൊഴിലനുസരിച്ചുള്ള മൂന്നു വിഭാഗങ്ങൾ ആര്യന്മാരുടെ ഇടയിൽ ഉണ്ടായിരുന്നു എങ്കിലും, ജാതിവ്യത്യാസമുണ്ടായിരുന്നില്ല. ഒരേ കുടുംബത്തിൽപെട്ട ഒരാൾ പുരോഹിത-

നായും, മറെറാരാൾ യോദ്ധാവായും, മൂന്നാമൻ കർഷക നായും തീർന്നിരുന്നുവെന്നു് മാത്രമല്ല, ഇവരെല്ലാം തമ്മിൽ വിവാഹവും നടത്തിവന്നിരുന്നു.

ഇൻഡ്യയിലേക്കുള്ള ആര്യന്മാരുടെ രണ്ടാമത്തെ പ്രവേശനത്തിനു മുമ്പുതന്നെ, ആദ്യം പ്രവേശിച്ച ആര്യന്മാരിൽ ചിലർ പഞ്ചാബിൽ നിന്നും കിഴക്കോട്ടു കടന്നു ഗംഗാനദിപ്രദേശംവരെ എത്തി, പൂർവ്വനിവാസികളുമായി കലർന്നിരുന്നു. ഇൻഡ്യയിലെ പല പുരാതന വർഗ്ഗക്കാരും ഇപ്രകാരം ആര്യന്മാരുടെ ഭാഷയും മതവും മാമൂലുകളും അംഗീകരിക്കുന്നതിന്നിടയായി. ഇക്കാലത്തെ പ്രധാന വർഗ്ഗക്കാർ പുരുക്കൾ, ഭരതർ, തുർവ്വസുക്കൾ എന്നിവരായിരുന്നു. ആധിപത്യം കൈക്കലാക്കുന്നതു സംബന്ധിച്ചു ഇവർ തമ്മിൽ മത്സരിച്ചതിൽ തുർവ്വസുക്കൾക്കായിരുന്നു വിജയം ലഭിച്ചതു്. കാലക്രമത്തിൽ ഇവർ പുരുക്കളുടെ കൂട്ടത്തിൽ ലയിച്ചു ഭരണ കർത്തൃസ്ഥാനത്തു പ്രവേശിക്കുകയും ചെയ്തു.

ഇക്കാലത്തു ഇൻഡ്യയിലെ ദ്രാവിഡർ ബാബിലോണിയാ, കൽദയ എന്നീ രാജ്യങ്ങളുമായി സമുദ്രമാർഗ്ഗം വാണിജ്യം നടത്തിവന്നു. കയററുമതിസാധനങ്ങളിൽ പ്രധാനപ്പെട്ടവ തേക്കും ചന്ദനവും ആയിരുന്നു.

ആര്യസംസ്കാരം ഇതരജനങ്ങളിൽ വ്യാപിപ്പിക്കുവാൻ സാധിച്ചതു് വാണിജ്യബന്ധം, വിദേശരാജ്യങ്ങളുമായുള്ള ഇടപാടുകൾ, മതപ്രചരണം, വിവാഹബന്ധം എന്നീ മാർഗ്ഗങ്ങളിൽ കൂടിയായിരുന്നു. ആദ്യകാലങ്ങളിൽ ഇവർ അനാര്യന്മാരുമായി യുദ്ധംചെയ്തു് അവരിൽ പലരെ കാടുകളിലേക്കു ഓടിക്കുകയും, അനേകരെ അടിമകളാക്കുകയും ചെയ്തിരുന്നു. എന്നാൽ സന്മാർഗ്ഗശക്തി ഉപയോഗിച്ചായിരുന്നു ഇവരുടെ ശ്രേഷ്ഠത അനാര്യന്മാരുടെമേൽ സ്ഥാപിച്ചു നിലനിർത്തുവാൻ സാധിച്ചതു്.

## മഹാകാവ്യകാലം (൧൪൦൦—൧൦൦൦ ബി. സി.)

ഇൻഡോ ആൎയ്യന്മാരുടെ ഇക്കാലത്തെ ചരിത്രം സംബന്ധിച്ചുള്ള വിവരങ്ങൾ രാമായണം, മഹാഭാരതം എന്നീ മഹാകാവ്യങ്ങളിൽ നിന്നുമത്രേ നമുക്കു ലഭിച്ചിട്ടുള്ളതു്. ഇക്കാലത്തു ആൎയ്യന്മാർ ഗംഗാനദീ പ്രദേശങ്ങളിലേക്കു വ്യാപിച്ചിരുന്നുവെങ്കിലും, വിന്ധ്യാപൎവ്വതത്തിനു തെക്കോട്ടു കടന്നിരുന്നില്ല.

മഹാഭാരതം. ഇതു രണ്ടു സഹോദരന്മാരുടെ പുത്രന്മാരായ കൗരവന്മാരും പാണ്ഡവന്മാരും തമ്മിൽ രാജ്യാവകാശതൎക്കത്താലുണ്ടായ യുദ്ധത്തെ വിവരിക്കുന്നതും, ഒരു ലക്ഷത്തിലധികം ശ്ലോകങ്ങൾ ഉൾപ്പെട്ടിട്ടുള്ളതുമായ ഒരു സുദീൎഘ മഹാകാവ്യമാണു്. "ഇവരുടെ രാജ്യം ഗംഗാനദീ തടത്തിൽ "ഡവാബ്" പ്രദേശത്തുള്ള കുരുക്കളുടെയും പാഞ്ചാലരുടേയും സ്ഥലത്തായിരുന്നു." ഈ യുദ്ധത്തിന്റെ വിസ്തൃതമായ വൎണ്ണനയിൽ പ്രസ്തുത യുദ്ധത്തിൽ ഏൎപ്പെട്ടിരുന്ന രാഷ്ട്രങ്ങൾ, ആ രാജ്യങ്ങളിലെ ജനങ്ങൾ, അവരുടെ ജീവിതരീതി ഇത്യാദി കാൎയ്യങ്ങൾ സന്മാൎഗ്ഗോപദേശത്തിനായി ഉൾപ്പെടുത്തിയിട്ടുണ്ടു്. മഹാഭാരതകഥ ഇപ്രകാരമാണു്. ഭരതവൎഗ്ഗജരായ കുരുവംശരാജാക്കന്മാരിൽ ജന്മനാ അന്ധനായ ധൃതരാഷ്ട്രർ എന്നൊരു രാജാവുണ്ടായിരുന്നു. ജ്യേഷ്ഠനായ ധൃതരാഷ്ട്രർ അന്ധനായിരുന്നതിനാൽ, രാജ്യഭരണം ഇളയ സഹോദരനായ പാണ്ഡു മുഖാന്തിരം നടത്തപ്പെട്ടുവന്നു. ധൃതരാഷ്ട്രൎക്കു നൂറു പുത്രന്മാരുണ്ടായിരുന്നു. ഇവരെ കുരുവിൽ നിന്നു ജനിച്ചവർ എന്ന അൎത്ഥത്തിൽ കൗരവർ എന്നും, പാണ്ഡുവിന്റെ അഞ്ചു പുത്രന്മാരെ പാണ്ഡവന്മാർ എന്നും വിളിച്ചുവന്നു. കൗരവന്മാരും പാണ്ഡവന്മാരും തമ്മിൽ ഐക്യമുണ്ടായി

രുന്നില്ല. കൗരവന്മാർ ജ്യേഷ്ഠസഹോദരനായ ദുര്യോധനന്റെ നേതൃത്വത്തിൽ പാണ്ഡവന്മാരെ ഉന്മൂലനം ചെയ്യാൻ ശ്രമിച്ചുവന്നു. ഇതു അസാദ്ധ്യമെന്നു കാണുകയാൽ, ചൂതുകളി മുഖാന്തിരം പാണ്ഡവന്മാർക്കുള്ള സർവ്വവും അപഹരിക്കണമെന്നു ഇവർ നിശ്ചയിച്ചു. ചൂതുകളിയിൽ തോററതോടുകൂടി നഷ്ടപ്പെട്ട സകലവും വീണ്ടെടുക്കുന്നതിനു പാണ്ഡവന്മാർ പന്ത്രണ്ടു വർഷത്തെ വനവാസവും, കൂടുതലായി ഒരു വർഷത്തെ അജ്ഞാതവാസവും നടത്തുവാൻ സമ്മതിച്ചു. ഈ പതിമ്മൂന്നു വർഷം കഴിഞ്ഞു മടങ്ങിവന്ന് പാണ്ഡവന്മാർ തങ്ങളുടെ പൂർവ്വീക സ്വത്തുക്കൾ ആവശ്യപ്പെട്ടു. കൗരവന്മാർ വിസമ്മതിച്ചതോടുകൂടി യുദ്ധത്തിനിടയായി. പതിനെട്ടു ദിവസത്തെ യുദ്ധത്തിന്റെ ഫലമായി ഇരുകക്ഷിയിലെയും സൈന്യത്തിന്റെ ഭൂരിപക്ഷവും അവരുടെ സഹായികളും കൊല്ലപ്പെട്ടു. പാണ്ഡവന്മാർ യുദ്ധത്തിൽ ജയിച്ചതോടുകൂടി അവരുടെ ജ്യേഷ്ഠസഹോദരനായ യുധിഷ്ഠിരൻ രാജാവായിത്തീൎന്നു. ഏതാനും വർഷം രാജ്യം ഭരിച്ചശേഷം പഞ്ചസഹോദരന്മാർ സ്ഥാനത്യാഗം ചെയ്തു. ഇവരുടെ ഏകപൗത്രനായ പരിക്ഷിത്തിനെ സിംഹാസനാരോഹണം ചെയ്യിച്ചിട്ട്, പാണ്ഡവന്മാർ അവരുടെ പൊതുഭാര്യയായ ദ്രൗപദിയോടുകൂടി ഹിമാലയത്തിലേക്കു യാത്രയായി. പിന്നീടു ഇവർ തിരിച്ചുവന്നുമില്ല. പരിക്ഷിത്ത് ഒരു സുപ്രസിദ്ധ രാജാവായിത്തീൎന്നു. ഇദ്ദേഹത്തിന്റെ പുത്രൻ ജനമേജയ എന്ന രാജാവു വേദങ്ങളിലും പുരാണസാഹിത്യങ്ങളിലും സുപ്രസിദ്ധനായിട്ടുണ്ട്.

രാമായണം. ഈ മഹാകാവ്യത്തിൽ വിവരിച്ചിട്ടുള്ള സംഭവങ്ങളുടെ സ്ഥാനം ഗംഗാനദിയുടെ കിഴക്കുഭാഗത്തുള്ള കോസലരാജ്യം ആയിരുന്നു. കോസല രാജ്യത്തിന്റെ

തലസ്ഥാനമായ അയോദ്ധ്യയിലെ രാജാവായ ദശരഥൻെറ മൂത്ത പുത്രനായ ശ്രീരാമൻെറ കഥയാണു ഈ മഹാകാവ്യത്തിൽ പ്രതിപാദിച്ചിട്ടുള്ളതു്. ദീർഘകാലം സന്താനങ്ങളില്ലാതിരുന്ന ശേഷം, ദശരഥനു് മൂന്നു ഭാര്യമാരിലായി നാലുപുത്രന്മാരുണ്ടായി. ശ്രീരാമൻ കൗസല്യയുടെ പുത്രനായിരുന്നു; സുമിത്ര ലക്ഷ്മണനെയും ശത്രുഘ്നനെയും പ്രസവിച്ചു; കൈകേയിക്കു് ഭരതൻ എന്നൊരു പുത്രനും ജനിച്ചു. പുത്രന്മാർ പ്രാപ്തമായതോടുകൂടി ശ്രീരാമനെ തൻെറ പിൻഗാമിയായി സിംഹാസനാരോഹണം ചെയ്യിക്കണമെന്നു ദശരഥൻ ആഗ്രഹിച്ചു. എന്നാൽ ഇളയറാണിയായ കൈകേയി തൻെറ പുത്രനായ ഭരതനെ രാജാവായി വാഴിക്കുകയും, ശ്രീരാമനെ വനവാസത്തിനയക്കുകയും ചെയ്യണമെന്നു് ശാഠ്യംപിടിച്ചു. രാജാവാകട്ടെ, മുൻവാഗ്ദത്തം പാലിക്കണമെന്നുള്ള നിർബന്ധത്താൽ ഇതിനു സമ്മതിച്ചു. ശ്രീരാമൻ സഭാര്യയായ സീതയോടും സോദരനായ ലക്ഷ്മണനോടും കൂടി വനവാസത്തിനു പോയി. ഈ വനവാസകാലത്തു ലങ്കയിലെ രാക്ഷസരാജാവായ രാവണൻ സീതയെ മോഷ്ടിച്ചുകൊണ്ടുപോയി. സീതയെ അന്വേഷിച്ചുകൊണ്ടു രാമലക്ഷ്മണന്മാർ കിഷ്കിന്ധയിലെത്തി. രാജാവായ സുഗ്രീവൻെറ സഹായത്താൽ സീത എവിടെയാണെന്നു കണ്ടുപിടിക്കുകയും, സുഗ്രീവൻെറ സൈന്യത്തെ നയിച്ചുകൊണ്ടു യുദ്ധത്തിൽ ശ്രീരാമൻ രാവണനെ തോല്പിക്കുകയും, സീതയെയും കൂട്ടിക്കൊണ്ടു് അയോദ്ധ്യയിൽ തിരിച്ചെത്തുകയും ചെയ്തു. ഇതാണു് രാമായണകഥ. ഈ മഹാകാവ്യത്തിൽ ഹിമാലയം മുതൽ കന്യാകുമാരിവരെ ഇൻഡ്യ മുഴുവനേയുംകുറിച്ചുള്ള ആ കാലത്തെ വിവരങ്ങൾ പലതും ഉൾപ്പെടുത്തിയിട്ടുണ്ടു്.

സാമൂഹിക സ്ഥിതി (ജാതിവ്യത്യാസം). ജാതിവ്യത്യാസത്തിൻെറ ആരംഭം വൈദികകാലാവസാനത്തിൽ പ്രത്യക്ഷമായിരുന്നു. ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ എന്ന ആദ്യത്തെ മൂന്നു ജാതിക്കാരും അവക്കു താഴെയുള്ള ജാതികളുമായി വിവാഹം നടത്തിയിരുന്നു. പ്രായപൂർത്തിയായശേഷം മാത്രമേ വിവാഹം നടത്തിയിരുന്നുള്ളു. ക്ഷത്രിയരുടെ ഇടയിൽ സ്വയംവരം പ്രചാരത്തിലിരുന്നു. ആദ്യകാലത്തു് ആര്യന്മാർ മാംസം, വിശിഷ്യ ഗോമാംസം ഭുജിച്ചിരുന്നു. കാലക്രമത്തിൽ ഇവർ മാംസഭക്ഷണവും ലഹരിസാധനങ്ങളും വർജ്ജിക്കുകയുണ്ടായി. ഇതിനു കാരണം അഹിംസാപരമായ ഉപദേശം ഇവരുടെ ഇടയിൽ പ്രബലപ്പെട്ടതായിരുന്നു. ജൈനമതവും ബുദ്ധമതവും ഉത്ഭവിച്ചപ്പോഴേക്കു് ഈ ഉപദേശത്തിനു കൂടുതൽ പ്രചാരമുണ്ടായി. വൈദിക കാലത്തു് അറിഞ്ഞിട്ടില്ലായിരുന്ന നെല്ലരി, ഗോതമ്പു്, ബാർലി എന്നീ ധാന്യങ്ങളും, മാങ്ങാ മുതലായ പഴങ്ങളും ഇവർ ഉപയോഗിച്ചിരുന്നു. വൈദിക കാലത്തെപ്പോലെതന്നെ ഇക്കാലത്തു മൃതശരീരങ്ങൾ ദഹിപ്പിച്ചുവന്നു. ഈക്കാലത്തെ പ്രധാന വാഹനമൃഗങ്ങൾ ആന, ഒട്ടകം, കുതിര, കഴുത, കാള ഇവയായിരുന്നു. വണ്ടി വലിക്കുന്നതിനു കാളയെ ഉപയോഗിച്ചുവന്നിരുന്നില്ല. മുൻകാലങ്ങളെ അപേക്ഷിച്ചു ഇക്കാലത്തു സ്ത്രീകൾക്കു് കൂടുതൽ സ്വാതന്ത്ര്യമുണ്ടായിരുന്നു.

പുരോഹിതന്മാരെന്നും യോദ്ധാക്കളെന്നും ഉള്ള വ്യത്യാസം ഹിന്ദുക്കുഷ് പർവ്വതത്തിനപ്പുറത്തുവച്ചുതന്നെ ഉത്ഭവിച്ചിരുന്നെങ്കിലും, ആര്യന്മാർ പഞ്ചാബിൽ പ്രവേശിച്ചശേഷം മാത്രമേ വൈശ്യർ എന്ന മൂന്നാമതൊരു വിഭാഗം ഉണ്ടായുള്ളു. ഈ മൂന്നു വിഭാഗക്കാരും തമ്മിൽ വിവാഹം നടത്തി വന്നിരുന്നെങ്കിലും, ഓരോ വർഗ്ഗക്കാരു

ടെയും സന്താനങ്ങൾ അതതു വർഗ്ഗത്തിൽതന്നെ ഉൾപ്പെട്ടിരുന്നു. മുഖഭാവത്തിലും നിറത്തിലും സംസ്കാര നിലയിലും പിന്നോക്കമായിരുന്ന അനാര്യന്മാരെ ദാസർ (ശൂദ്രർ) എന്നു വിളിച്ചുവന്നു. ഇങ്ങനെ നാലാമതൊരു ജാതിയും ഉണ്ടായി. ഇവരുമായി ആര്യന്മാർ ആദ്യം മിശ്രവിവാഹം നടത്തിയിരുന്നില്ല. രണ്ടാമത്തെ പ്രവേശനത്തിനു ശേഷം ഗംഗാനദീതടത്തിലേക്കു കുടിയേറിപ്പാർത്തതോടുകൂടിയായിരുന്നു ആര്യന്മാർ ശൂദ്രഭാര്യമാരെ സ്വീകരിച്ചുതുടങ്ങിയതു്. ഇപ്രകാരം ജാതികളുടെ എണ്ണവും, അവർ തമ്മിൽ വിവാഹത്തിനുള്ള പ്രതിബന്ധങ്ങളും വർദ്ധിച്ചുവന്നു.

ജാതിവ്യത്യാസത്താൽ ഇൻഡ്യയ്ക്കു് സാരമായ ദോഷം ഉണ്ടായിട്ടുണ്ടു്. വിദേശിയരോടു സ്വൈരമായി ഇടപെടുന്നതിനാലുണ്ടാകുന്ന ജ്ഞാനവർദ്ധനവിനും കാര്യക്ഷമതയ്ക്കും ഇതു് പ്രതിബന്ധമായിരിക്കുന്നു. ജാതിവ്യത്യാസത്താൽ ഇൻഡ്യയിലെ ജനങ്ങൾ രണ്ടായിരത്തിൽപരം ജാതികളായി പിരിഞ്ഞിരിക്കുന്നതു നിമിത്തം, പരസ്പരം മത്സരിക്കുന്ന ഈ ജനവിഭാഗങ്ങൾ തമ്മിൽ രാഷ്ട്രീയവും മതപരവും സാമൂഹികവും ആയ പുരോഗതിക്കു അവശ്യമായ സഹകരണം ദുസ്സാദ്ധ്യമായിത്തീർന്നിരിക്കുന്നു. പ്രാചീന സംസ്കാരത്തിന്റെ അംശമായ ജാതിവ്യത്യാസം ൨൦-ാം ശതാബ്ദത്തിലെ പുരോഗതിക്കു അനുയോജ്യമല്ല. ജാതിവ്യത്യാസം മനുഷ്യനിർമ്മിതമായ വ്യവസ്ഥിതികളിൽ ഏററവും ആപൽക്കരമായിട്ടുള്ളതാണെന്നു സർ ഹെൻറി മെയിൻ അഭിപ്രായപ്പെട്ടിട്ടുള്ളതു് യഥാർത്ഥമാണു്. ജാതിവ്യത്യാസത്താൽ സാമ്പത്തികമായും ഇൻഡ്യയ്ക്കു ദോഷം സംഭവിച്ചിട്ടുണ്ടു്. യഥേഷ്ടം തൊഴിലുകൾ തിരഞ്ഞെടുക്കുവാൻ ജനങ്ങൾക്കു സാധിക്കാതെയിരിക്കുന്നതും, ഓരോരുത്തരുടെയും ബുദ്ധിശക്തിക്കനുയോജ്യമായ തൊഴിലിൽ പ്രവേശിച്ചു്

സാങ്കേതികമായ നവീനകാര്യങ്ങൾ കണ്ടുപിടിക്കുവാൻ സൗകര്യം നൽകാത്തതും, അമേരിക്കയിലെ കോടീശ്വരന്മാരെപ്പോലെ വൻപിച്ച മുതലാളന്മാരുടെ ആവിർഭാവത്തിനു തടസ്സമായിരിക്കുന്നതും ജാതിവ്യത്യാസത്താലുള്ള സാമ്പത്തികമായ ദോഷങ്ങളാണു്. സ്വജാതീയരായ ഭൃത്യന്മാരുടെ അഭാവത്തിൽ യജമാനന്മാർ തന്നെ പാചകവൃത്തിയിൽ ഏർപ്പെട്ടു വിലയേറിയ സമയവും സാമർത്ഥ്യവും ദുരുപയോഗം ചെയ്യുവരാവുള്ളതു സാരമായ നഷ്ടം തന്നെയാണു്.

ജാതിവ്യത്യാസത്തിനു് ഏതാനും ഗുണങ്ങളും ഉണ്ടു്. ദീർഘകാലത്തെ അനുഭവത്താൽ ഇൻഡ്യയിൽ സ്ഥാപിതമായിട്ടുള്ള ഈ സാമൂഹിക വ്യവസ്ഥിതി ഹിന്ദുസമുദായത്തിന്റെ ഒരു സാരാംശംതന്നെയാണു്. ഹിന്ദുക്കളുടെ മതം, സന്മാർഗ്ഗനിഷ്ഠ, കലകൾ, തൊഴിലുകൾ ഇവയിൽ മാമൂലുകൾക്കു വളരെ പ്രാധാന്യമുണ്ടു്. ജാതിഭ്രംശം ഭയന്നു് വിവിധജാതിക്കാർ സ്വഭാവദൂഷ്യങ്ങൾക്കു വശംവദരാകാതെ ജീവിക്കുവാൻ ശ്രമിച്ചുവരുന്നു. "വ്യവസായങ്ങളിൽ യന്ത്രസാമഗ്രികൾക്കു പ്രാധാന്യം ആധുനികകാലത്തു വളരെ വർദ്ധിച്ചിട്ടുണ്ടെങ്കിലും, പാരമ്പര്യമനുസരിച്ചുള്ള ബുദ്ധിശക്തി, തൊഴിൽ സംബന്ധമായ രഹസ്യങ്ങൾ എന്നിവ നിലനിർത്തുന്നതിനും, തൊഴിൽസംബന്ധമായ പരിശീലനം നൽകുന്നതിനും, കൂലി നിർണ്ണയിക്കുന്നതിനും, തർക്കങ്ങൾ തീർക്കുന്നതിനും, കററക്കാരെ ശിക്ഷിക്കുന്നതിനും, സന്മാർഗ്ഗനിഷ്ഠ പാലിക്കുന്നതിനും, ജനസമുദായത്തിൽ സംതൃപ്തി വരുത്തുന്നതിനും സഹായകരമായിരിക്കുന്നതിനാൽ ജാതിവ്യത്യാസവ്യവസ്ഥിതിക്കു് ഇംഗ്ലണ്ടിലെ സാധുസംരക്ഷണ നിയമങ്ങൾക്കു തുല്യമായ ഒരു സ്ഥാനം കല്പിക്കാവുന്നതാണു്." സവർണ്ണജാതിക്കാർക്കു് കായികമായും മാനസികമായും അവരെ അപേക്ഷിച്ചു താണനിലയിലുള്ള

ജാതിക്കാരുമായി വിവാഹബന്ധമില്ലായ്കയാൽ, ഉന്നത നില പാലിക്കുവാൻ അവൎക്കു സാധിച്ചിട്ടുണ്ടു്. വ്യവസായാഭിവൃദ്ധിക്കു ആവശ്യമായ യത്നവിഭജനവും ജാതിവ്യത്യാസത്താൽ സാധിക്കുന്നുണ്ടു്. എന്നാൽ യത്നവിഭജനവും സഹകരണവും അഭിവൃദ്ധിപ്പെടുത്തുന്നതിനു് ജാതിവ്യത്യാസം ബാധകമായിരിക്കുന്നു.

മഹാകാവ്യങ്ങൾ രചിക്കപ്പെട്ടതു് ബി.സി. ൧൫൦൦-നും ൧൦൦-നും മദ്ധ്യേ ആണെന്നുള്ള അഭിപ്രായത്തിനു പൊതുസ്വീകാൎയ്യം സിദ്ധിച്ചിട്ടുണ്ടു്. സംസ്കൃതം ഇക്കാലത്തു ഒരു ജീവൽ ഭാഷയായിരുന്നു. ഇന്നു നാം കാണുന്ന വിധത്തിൽ രാമായണവും മഹാഭാരതവും അവസാനമായി പരിഷ്കരിച്ചതു് ബി. സി. ൩൦൦-നും ൧൦൦-നും മദ്ധ്യേയായിരുന്നു. "മഹാഭാരതയുദ്ധകാലത്തു ആൎയ്യന്മാരും ദ്രാവിഡരും വളരെ അധികമായി കലൎന്നിരുന്നു എന്നു് ശ്രീകൃഷ്ണന്റെ കറുത്തനിറം വ്യക്തമാക്കുന്നു." (Waidya). ശുദ്ധആൎയ്യന്മാരും സങ്കര ആൎയ്യന്മാരും തമ്മിൽ ഉണ്ടായ മഹാഭാരതയുദ്ധത്തിൽ ശുദ്ധ ആൎയ്യന്മാരെ പഞ്ചാബിലെ ആൎയ്യന്മാരും, സങ്കരആൎയ്യന്മാരെ ദ്രാവിഡരും സഹായിച്ചു. അമേരിക്കൻ സ്വാതന്ത്ര്യം സംബന്ധിച്ചു ഇംഗ്ലണ്ടിലെ ഇംഗ്ലീഷുകാരും അമേരിക്കയിലെ ഇംഗ്ലീഷുകാരും തമ്മിലുണ്ടായ യുദ്ധത്തോടു ഇതിനെ സാമ്യപ്പെടുത്താം.

മതം, തത്വജ്ഞാനം ഇവയുടെ വികാസനം:—വൈദിക കാലത്തെ മതത്തിൽ പ്രാൎത്ഥനയും ബലികളും ഉണ്ടായിരുന്നു. അനവധി ദേവന്മാരെ സ്വീകരിച്ചിരുന്ന മഹാകാവ്യകാലത്തെ മതത്തിൽ പ്രകൃത്യാരാധനയ്ക്കു പ്രധാനസ്ഥാനമുണ്ടായിരുന്നു. ഋഗ്വേദം ഇക്കാലത്തിന്റെ ആരംഭത്തിൽതന്നെ പൂൎത്തിയാക്കപ്പെട്ടിരുന്നു. ഋഗ്വേദത്തിൽ വെളിപ്പാടുകളെയും, യജുൎവ്വേദത്തിൽ ആരാധനരീതികൾ

ളെയും കുറിച്ചു പ്രതിപാദിച്ചിട്ടുണ്ടു്. ഋഗ്വേദത്തിലെ കീർത്തനങ്ങളുടെ സമുച്ചയമായിരുന്നു സാമവേദം. ആര്യവർഗ്ഗക്കാരായ എല്ലാവരും ഈ വേദങ്ങൾ ഹൃദിസ്ഥമാക്കണമെന്നു് നിർബന്ധമുണ്ടായിരുന്നു. ക്ഷത്രിയരും ബ്രാഹ്മണരും സന്ധ്യാവന്ദനവും ദിവസം രണ്ടുപ്രാവശ്യം യാഗവും കഴിച്ചുവന്നിരുന്നു. യാഗാഗ്നി കെടുത്താതെ സൂക്ഷിച്ചുവന്നു. വിഗ്രഹാരാധന ഇക്കാലത്തുണ്ടായിരുന്നില്ല. ഇൻഡോ. ആര്യന്മാർ വിഗ്രഹാരാധന സ്വീകരിച്ചതു ബുദ്ധമതവും ജൈനമതവും ആവിർഭവിച്ചതോടുകൂടിയായിരുന്നു. അഷ്ടവസുക്കൾ, ഏകാദശരുദ്രന്മാർ, ദ്വാദശാദിത്യന്മാർ, ഇന്ദ്രൻ, പ്രജാപതി എന്നിങ്ങനെ ൩൩ ദേവന്മാർ ഇക്കാലത്തുണ്ടായിരുന്നു. വിഷ്ണു ആദിത്യന്മാരിൽ ഒരുവനായിരുന്നു. ഈ ദേവന്മാരിൽ ശിവനെയും വിഷ്ണുവിനെയും മാത്രമെ വിഗ്രഹങ്ങൾ വച്ചു വന്ദിച്ചിരുന്നുള്ളു. പ്രസ്തുത ദേവന്മാരെല്ലാം സർവ്വവ്യാപിയായ നിത്യദൈവത്തിന്റെ വെളിപാടുകളായി ഗണിക്കപ്പെട്ടിരുന്നു. ശിവന്റെ സേനാനിയായ സ്കന്ദൻ, സംഹാരദേവിയായ ദുർഗ്ഗ എന്നിവരെപ്പറ്റിയും ഈ ഗ്രന്ഥങ്ങളിൽ പറയുന്നുണ്ടു്. മഹാകാവ്യകാലത്തിന്റെ ആരംഭത്തിൽ ഇൻഡോ ആര്യന്മാരുടെ മതം വൈദിക കാലത്തേതിൽനിന്നും അധികം വ്യത്യാസപ്പെട്ടതല്ലായിരുന്നു. എന്നാൽ ഇക്കാലത്തിന്റെ അവസാനത്തിൽ ആര്യന്മാരുടെ മതത്തിൽ അനാര്യന്മാരുടെ പല ആരാധനകളും കടന്നുകൂടി. ദുർഗ്ഗാദേവി തന്നെ അനാര്യന്മാരുടെ ആരാധനാവിഷയമായിരുന്നു. ശ്രാദ്ധങ്ങൾ ആരാധനകളിൽ ഉൾപ്പെട്ടിരുന്നു. അഹിംസയിലുള്ള വിശ്വാസവും ക്രമേണ വർദ്ധിച്ചുവന്നു. ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്യാസം എന്നീ നാലാശ്രമങ്ങളും നാലു ജാതിവിഭാഗങ്ങളും ഇൻഡോ ആര്യമതത്തിൽ പ്രാചീനകാലം മുതൽ ഉണ്ടായിരുന്നു. സ്വർഗ്ഗവും നരകവും സംബ

ഡിച്ചുള്ളബോധം ഇൻഡ്യയിൽ പുരാതന കാലങ്ങളിൽ തന്നെ ഉണ്ടായിരുന്നെങ്കിലും, ആത്മാക്കളുടെ നിത്യ വാസസ്ഥലമായി ഇവയെ ഗണിച്ചിരുന്നില്ല. പുനർജന്മവിശ്വാസം ഇക്കാലത്തുണ്ടായിരുന്നു. പ്രസ്തുതവിശ്വാസത്തെ പിതാഗോറാസ് എന്ന ഗ്രീക്ക ശാസ്ത്രജ്ഞൻ ഇൻഡ്യയിൽ നിന്നും പാശ്ചാത്യ രാജ്യങ്ങളിലും, ബുദ്ധമുനിയുടെ അനുഗാമികൾ ചൈനാ, ജപ്പാൻ ആദിയായ പൗരസ്ത്യ രാജ്യങ്ങളിലും പ്രചരിപ്പിച്ചു. ഇൻഡ്യയിൽ ഉത്ഭവിച്ച എല്ലാമതങ്ങളും തത്വജ്ഞാന സംഹിതകളും ആത്മാവിൻെറ അമർത്ത്യത കർമ്മനിയമാനുസാരമായ പുനർജന്മം എന്നിവയോടു കൂടിയാണ് ആരംഭിച്ചിട്ടുള്ളത്. മതോപദേഷ്ടാക്കൾ പ്രസ്തുത ഉപദേശങ്ങൾ പ്രചരിപ്പിച്ചതു സന്മാർഗ്ഗനിഷ്ഠ വർദ്ധിപ്പിക്കുന്നതിനായിരുന്നു.

രാഷ്ട്രീയസ്ഥിതി. പൂർവ്വനിവാസികളുമായുള്ള കലർച്ചയാൽ ആര്യന്മാരുടെ ഇടയിൽ വിവിധ ജാതികൾ ഉത്ഭവിച്ചു പ്രാചീനഗ്രീസിലെപോലെ പ്രാചീന ഇൻഡ്യയിലും അനേകം സ്വാതന്ത്ര്യരാജ്യങ്ങൾ ഉണ്ടായിരുന്നു. ഇവയിൽ ചിലവ രാജ്യങ്ങളെപ്പററി മെഗസ്തനീസിൻെറ എഴുത്തുകളിൽ സൂചിപ്പിച്ചിട്ടുണ്ട്. മഹാകാവ്യകാലത്തു് ഇൻഡ്യയിലുണ്ടായിരുന്ന പ്രധാന രാഷ്ട്രങ്ങൾ ഭരതർ (കരുക്കൾ), പാഞ്ചാലർ, കോസലർ, വിദേഹർ, കാശിവർഗ്ഗക്കാർ ഇവരുടെയായിരുന്നു. ഇക്കാലത്തു് രാജകീയഭരണം പ്രചാരത്തിലിരുന്നു എങ്കിലും, സർവ്വസാധാരണമായിരുന്നില്ല. പ്രധാന അവസരങ്ങളിലെല്ലാം രാജാക്കന്മാർ ഭരണകാര്യങ്ങളിൽ ജനങ്ങളുമായി ആലോചിച്ചു വന്നിരുന്നു. പ്രജാധിപത്യഭരണം (Republic), പ്രഭുത്വഭരണം(Oligarchy) എന്നീ ഭരണ രീതികളും ഇക്കാലത്തുണ്ടായിരുന്നു. പ്രഭുത്വഭരണ സഭയിലേക്കു് അംഗങ്ങളെ

തിരഞ്ഞെടുത്തുവന്നതു പ്രായം അടിസ്ഥാനപ്പെടുത്തിയായിരുന്നു.

## ചോദ്യങ്ങളും അഭ്യാസങ്ങളും

1. ആര്യന്മാരുടെ ജന്മഭൂമി എവിടെ? ഇവർ എപ്പോൾ, ഏതു മാർഗ്ഗത്തിൽ കൂടെ ഇൻഡ്യയിൽ പ്രവേശിച്ചു?
2. വൈദികകാലം, മഹാകാവ്യ കാലം— ഇവ ഏതുകാലങ്ങളെ സൂചിപ്പിക്കുന്നു? ഈ പേരുകൾക്കു കാരണമെന്തു്?
3. ആര്യ സമുദായത്തിൽ വൈദിക കാലത്തുള്ള സാമൂഹിക, രാഷ്ട്രീയ സ്ഥിതികൾ വിവരിക്കുക.
4. ആര്യ സമുദായത്തിൻെറ മഹാകാവ്യ കാലത്തുള്ള സാമൂഹിക, രാഷ്ട്രീയ സ്ഥിതികൾ വർണ്ണിക്കുക.
5. ജാതി വ്യത്യാസത്തിൻെറ ഗുണദോഷങ്ങൾ ഏവ?

---

## അദ്ധ്യായം ൪

# മഗധയുടെ ഉദയവും പെർഷ്യൻ ആക്രമണവും.

## I

## രാഷ്ട്രീയസ്ഥിതി (൬൦൦—൩൨൬ ബി. സി.)

സിന്ധുനദി പ്രദേശങ്ങളിൽ വൈദികകാലത്തു വസിച്ചിരുന്ന ആര്യന്മാർ, മഹാകാവ്യകാലത്തു ഗംഗാതടത്തിലേക്കു് കുടിയേറി പാർത്തതോടുകൂടി, പൂർവ്വനിവാസികളുമായി കലർന്നു പല രാജ്യങ്ങൾ സ്ഥാപിക്കുന്നത

നിടയായി. തത്വദാർശനികകാലത്തും (ബി. സി. ൧൦൦൦—൬൨൦) ഇവർ രാഷ്ട്രീയമായും, സാമൂഹികമായും, സാമ്പത്തികമായും, മതസംബന്ധമായും പുരോഗതി പ്രാപിച്ചു വന്നു.

ബുദ്ധമതം ഉത്ഭവിച്ചകാലത്തു ഇൻഡ്യയിൽ ഏകച്ഛത്രാധിപത്യം ഉണ്ടായിരുന്നില്ല. പ്രജാധിപത്യ രീതിയിലുള്ള ഏതാനും രാഷ്ട്രങ്ങൾ കൂടാതെ മഗധം, കോസലം വത്സം, അവന്തി എന്നീ നാലു പ്രധാന രാജ്യങ്ങളും, ആംഗ്ലോ സാക്സൻകാലത്തു ഇംഗ്ലണ്ടിലെന്നപോലെ, ഇക്കാലത്തു ഉത്തരേൻഡ്യയിൽ സ്വതന്ത്രങ്ങളായ പന്ത്രണ്ടോളം ചെറിയ രാജ്യങ്ങളും ഉണ്ടായിരുന്നു. ബുദ്ധമതഗ്രന്ഥങ്ങളിൽ നിന്നുമാണു ഇക്കാലത്തെ പ്രജാധിപത്യഭരണ സ്ഥാപനങ്ങൾ സംബന്ധിച്ചുള്ള അറിവു ലഭിച്ചിട്ടുള്ളതു്. ബി. സി. ൬൦൦ സമീപിച്ചു് ഉത്തര ഇൻഡ്യയിലുണ്ടായിരുന്ന ൧൬ രാജ്യങ്ങൾ അംഗം, മഗധം, കാശി, കോസലം, വൈശാലിയിലെ ലിക്ഷാവികളും മിഥിലത്തിലെ വിദേഹരും മററു് ആറു വർഗ്ഗക്കാരും ഉൾപ്പെട്ട വിജ്ജിയരുടെ രാജ്യം, മാല്ലാ (കുശിയ നഗരം തലസ്ഥാനം), ചേദി, വംഗം (കോസാംബി തലസ്ഥാനം), കുരു രാജ്യം (ഇന്ദ്രപ്രസ്ഥം തലസ്ഥാനം), പാഞ്ചാലം, യമുനയുടെ പടിഞ്ഞാറുള്ള മത്സ്യരാജ്യം, സൂരസേനം, അസ്സാക്കാ (൨-ാം ശതകത്തിനുശേഷം മാൾവാ എന്നു പേർ), ഗാന്ധാരം (തക്ഷശില തലസ്ഥാനം), കംബോജാ (ദ്വാരക തലസ്ഥാനം) എന്നിവയായിരുന്നു. ബി. സി. ൬-ാം ശതകത്തിൽ അംഗം, കാശി എന്നീ രാജ്യങ്ങൾ മഗധത്തിൽ ലയിച്ചിരുന്നു. എന്നാൽ ഇതര രാജ്യങ്ങളെ പോലെ ഇവയും സ്വതന്ത്രങ്ങളായിരുന്നുവെന്നു മേൽ പ്രസ്താവിച്ച രാജ്യങ്ങളുടെ ലിസ്റ്റിൽ കാണുന്നതിനാൽ ൬-ാം ശതാബ്ദത്തിന്റെ വളരെ മുമ്പുള്ള രാജ്യസ്ഥിതിയാണു് പ്രസ്തുത ലിസ്റ്റിൽ

വിവരിച്ചിരിക്കുന്നതെന്നു ഗ്രഹിക്കാവുന്നതാണ്. രാമായണത്തിൽ പ്രാധാന്യം കല്പിച്ചിട്ടുള്ള ദക്ഷിണേൻഡ്യയും സിലോണും ഈ ലിസ്റ്റിൽ ചേർത്തിട്ടില്ല. പക്ഷേ ഈ ലിസ്റ്റിൽ വിവരിക്കുന്ന കാലത്തിനുശേഷമായിരുന്നു സിലോണിലേക്ക് ഇൻഡ്യാക്കാർ കുടിയേറി പാർത്തുതുടങ്ങിയതെന്ന് ഊഹിക്കാം.

## മഗധരാജ്യത്തിൻെറ ഉദയം
## (൬൦൦–൩൨൩ ബി. സി.)

ഉത്തരഇൻഡ്യയിലെ രാജ്യങ്ങളെല്ലാം ആധിപത്യത്തിനായി പരസ്പരം മത്സരിക്കുകയും, അവസാനത്തിൽ ശേഷിമാൻ ശേഷിക്കുന്ന രീതിയിൽ, ആങ്ഗ്ലോസാക്സന്മാരുടെ സപ്തരാജ്യങ്ങളെല്ലാം വെസ്സെക്സിൽ ലയിച്ചതുപോലെ, മഗധരാജ്യത്തിൽ ഇവയെല്ലാം ലയിക്കുകയും ചെയ്തു. "ചരിത്രകാലത്തുണ്ടായ പ്രഥമ രാഷ്ട്രീയസംഘടന മഗധരാജ്യം ആയിരുന്നു." ബി. സി. ൬൦൦ മുതൽ എ. ഡി. ൫൦൦ വരെയുള്ള ഉത്തരഇൻഡ്യയുടെ ചരിത്രം മഗധരാജ്യത്തിൻെറ വൃത്താന്തംതന്നെയാണ്. ശിശുനാഗവംശം (൬൦൦—൩൭൨ ബി. സി.), നന്ദവംശം (൩൭൨—൩൨൨ ബി. സി.), മൗര്യവംശം (൩൨൨—൧൮൫ ബി. സി), സംഗവംശം (൧൮൫—൭൩ ബി. സി.), കണ്വവംശം (൭൩—൨൮ ബി. സി.), ഗുപ്തവംശം (എ. ഡി. ൩൨൦—൫൪൦), എന്നീ രാജവംശങ്ങൾ യഥാക്രമം മഗധരാജ്യത്തെ ഭരിച്ചിരുന്നു.

<u>മഗധയുടെ പ്രാധാന്യം.</u> ഇൻഡ്യാചരിത്രത്തിൽ രാഷ്ട്രീയമായും മതസംബന്ധമായും മഗധരാജ്യത്തിനു വലിയ പ്രാധാന്യമുണ്ട്. ജൈനമതവും ബുദ്ധമതവും ആവിർഭവിച്ചതു ഇവിടെയായിരുന്നു. ഹിന്ദുക്കളുടെ

പ്രധാനസ്ഥലമായ ബനാറീസ് ഇതിനോടടുത്തു സ്ഥിതി ചെയ്യുന്നു. പ്രാചീനകാലം മുതല്ക്കു ശക്തിയുള്ള ഒരുരാജ്യമായി മഗധ തീന്നിരുന്നതും അതിൻെറ ഔന്നത്യത്തിൻെറ സർവ്വപ്രധാനമായ അംശംതന്നെയാണു്. മഗധയുടെ സ്ഥിരവും സർവ്വതോമുഖവുമായ പുരോഗതിക്കു നിദാനമായിരിക്കുന്ന ഘടകങ്ങൾ താഴെ ചേത്തിട്ടുള്ളവയാണു്. ഫലഭൂയിഷ്ഠമായ സിന്ധുഗംഗാ സമതലത്തിൻെറ മദ്ധ്യത്തിൽ സ്ഥിതിചെയ്യു ഈ രാജ്യത്തിനു് ഗതാഗതസൌകര്യം, സാമ്പത്തികാഭിവൃദ്ധി, സൈന്യബലം എന്നീ കാര്യങ്ങളിൽ പ്രകൃതിതന്നെയും വളരെ സഹായകരമായിരുന്നിട്ടുണ്ടു്. കോസലവും മഗധവും തമ്മിൽ രാഷ്ട്രീയാധിപത്യം സംബന്ധിച്ചുണ്ടായ മത്സരത്തിൽ ലിച്ഛവിവർഗ്ഗക്കാരുടെ സഹായസഹകരണങ്ങൾ മഗധയ്ക്കു ലഭിച്ചു. അക്കാലത്തു മഗധയ്ക്കുണ്ടായിരുന്ന ശത്രുക്കൾ തന്നെയും നിസ്സാരന്മാരായിരുന്നു.

ശിശുനാഗവംശം (൬൦൦—൫൨൨ ബി. സി.). മഗധരാജ്യം വാണിരുന്ന രാജവംശങ്ങളിൽ ചരിത്രസംബന്ധമായ അറിവു നമുക്കു ലഭിച്ചിട്ടുള്ളവയിൽ ആദ്യത്തേതു ശിശുനാഗവംശമായിരുന്നു. ഈ വംശസ്ഥാപകനായ ശിശുനാഗൻ രാജഗൃഹം തലസ്ഥാനമാക്കി ഇപ്പോഴത്തെ പാറ്റ്നാ ഡിസ്ട്രിക്റ്റിൽ ഉൾപ്പെട്ട ഒരു ചെറിയ പ്രദേശം ഭരിച്ചിരുന്നു. ശിശുനാഗനെയും പിൻഗാമികളായ മൂന്നു രാജാക്കന്മാരെയും കുറിച്ചു വിസ്താരമായ അറിവു നമുക്കു ലഭിച്ചിട്ടില്ല. പ്രസ്തുതവംശജരിൽ കൂടുതൽ അറിവു നമുക്കു ലഭിച്ചിട്ടുള്ള ആദ്യത്തെ ആൾ അഞ്ചാമത്തെ രാജാവായ ബിംബിസാരൻ (൫൫൦—൪൯൧ ബി. സി.) ആയിരുന്നു. ഇദ്ദേഹം രാജഗൃഹം പുതുതായി പണികഴിപ്പിക്കുകയും, അംഗരാജ്യത്തെ മഗധയോടു ചേർക്കുകയും ചെയ്തു. മഗധയുടെ പുരോഗതിയിൽ പ്രഥമഘട്ടം അംഗരാജ്യം ചേത്തതു തന്നെയാണു്. അടുത്ത ശതാബ്ദത്തിൽ മഗധയ്ക്കുണ്ടായ

മാഹാത്മ്യത്തിനടിസ്ഥാനമായിരുന്നതു് ബിംബിസാരൻ സാധിച്ചിട്ടുള്ള കാര്യങ്ങൾ തന്നെയാണു്. കോസലത്തിലെയും വൈശാലിയിലുള്ള ലിഛാവി വംശത്തിലെയും ഓരോ രാജകുമാരികളെ വിവാഹം ചെയ്തതിനാൽ സ്വശക്തിസ്ഥാപനത്തിനു പര്യാപ്തമായ സഹായം ബിംബിസാരനു ലഭിച്ചു. രാജ്യഭരണം ൨൮ വർഷം നടത്തിയശേഷം സ്വപുത്രനായ അജാതശത്രു (൪൯൧—൪൫൯ ബി. സി.) വിനെ രാജ്യം ഭരമേല്പിച്ചിട്ടു് ബിംബിസാരൻ സ്വസ്ഥവൃത്തി സ്വീകരിച്ചു. അജാതശത്രു സ്വപിതാവിനെ പട്ടിണിയിട്ടു കൊന്നതായി പറഞ്ഞുവരുന്നു. ഈ നികൃഷ്ടകൃത്യത്തിനു് അജാതശത്രുവിനെ പ്രേരിപ്പിച്ചതു് ബുദ്ധമുനിയുടെ സോദരനായ ദേവദത്തനായിരുന്നുവത്രേ. ബിംബിസാരന്റെ ഭരണകാലത്തു് മഹാവീരനും ബുദ്ധനും മഗധയിൽ മതോപദേശം ആരംഭിച്ചിരുന്നു. ബിംബിസാരൻ ഒരു പ്രസിദ്ധ ജൈനമതവിശ്വാസിയായിരുന്നു. മഹാവീരൻ, ഗൗതമബുദ്ധൻ ഇവരുമായുള്ള ഇടപാടുകളാണു് ബിംബിസാരന്റെയും അജാതശത്രുവിന്റെയും ഭരണകാലത്തിനു പ്രാധാന്യം നൽകിയിട്ടുള്ളതു്. മഗധരാജ്യത്തിനു സാക്ഷാൽ പുരോഗതിയുണ്ടായതു് അജാതശത്രുവിന്റെ കാലത്തായിരുന്നു. കോസലരാജ്യവുമായുണ്ടായ യുദ്ധഫലമായി പ്രസേനജിത്തു് എന്നരാജാവിന്റെ പുത്രിയെ അജാതശത്രു വിവാഹം ചെയ്യുകയും, കാശിരാജ്യത്തിനുള്ള അധികാരം സ്ഥിരമായ കരസ്ഥമാക്കുകയും ചെയ്തു. മഗധാസാമ്രാജ്യമായിത്തീർന്ന ഗതിയിൽ രണ്ടാംഘട്ടമായിട്ടാണു് കോസലം ആക്രമിച്ചതിനെ ഗണിക്കേണ്ടതു്. തദനന്തരം അജാതശത്രു ലിഛാവിവംശക്കാരുടെ വകയായ വൈശാലി ആക്രമിച്ചു്, സ്വരാജ്യം ഹിമാലയത്തിന്റെ താഴ്വരവരെ വിസ്തൃതമാക്കി. മഗധയുടെ അഭിവൃദ്ധിയിലുള്ള

മൂന്നാമത്തെ ഘട്ടം ഇതായിരുന്നു. അജാതശത്രുവിൻെറ പ്രാധാന്യത്തിനു നിദാനമായിരിക്കുന്ന വേറൊരു സംഭവം, മഗധയുടെ മാത്രമല്ല ഇൻഡ്യമുഴുവൻെറയും തലസ്ഥാനമായിരുന്ന "പാടലീപുത്രം" സ്ഥാപിച്ചതാണ്.

അജാതശത്രുവുമായി ഗൗതമബുദ്ധൻ ഒരു കൂടിക്കാഴ്ച നടത്തിയതു് ഇരുവരുടേയും കാലനിർണ്ണയത്തിനു സഹായമായിരിക്കുന്നു. ൫൨൨-നും ബി. സി. ൪൮൬-നും മദ്ധ്യേ പേർഷ്യയിലെ ചക്രവർത്തിയായിരുന്ന ഡറയസ് ഹിസ്റ്റാസ്പസ് ബി. സി. ൫൦൦ സമീപിച്ച് സിന്ധുനദീപ്രദേശങ്ങൾ ആക്രമിക്കുകയുണ്ടായി. ബിംബിസാരനും അജാതശത്രുവും ഡറയസിൻെറ സമാനകാലീനന്മാരായിരുന്നു എന്നു ഈ ആക്രമണത്തിൻെറ കാലം പ്രത്യക്ഷമാക്കുന്നു.

അജാതശത്രുവിൻെറ പിൻഗാമികളായി നാലു രാജാക്കന്മാർ ഉണ്ടായിരുന്നു. ഇവരിൽ ദർശകൻ ഉദ്ദേശം ബി. സി. ൪൬൧-ലും, ഉദയൻ ൪൫൦-ലും ഭരണം കയ്യേററിരുന്നു. പാടലീപുത്രം സമീപിച്ചുള്ള "കുസുമപുരം പണികഴിപ്പിച്ചതു് ഉദയൻ ആയിരുന്നുവത്രെ." ഇവക്കുശേഷം നന്ദിവദ്ധനനും, പ്രസ്തുത വംശത്തിലെ അന്ത്യരാജാവായ "മഹാനന്ദനും മഗധ ഭരിച്ചിരുന്നു." ഇവർ ബലഹീനരായിരുന്നു. ഉദ്ദേശം ബി. സി. ൩൬൨-ൽ മഹാനന്ദൻെറ പുത്രനായ മഹാപത്മനന്ദൻ സിംഹാസനം കൈവശപ്പെടുത്തി മഗധയിൽ നന്ദരാജവംശം (൩൬൨—൩൨൨ ബി. സി) സ്ഥാപിച്ചു.

## II

## പേർഷ്യൻ ആക്രമണം (൫൧൮ ബി. സി.?)

പേർഷ്യയിലെ ചക്രവത്തിയായിരുന്ന ഡറയസ് (൫൨൨—൪൮൬) ഉദ്ദേശം ബി.സി. ൫൧൮-ൽ ഇൻഡ്യയുടെ

വടക്കു പടിഞ്ഞാറു ഭാഗം ആക്രമിച്ചു. ഈ ആക്രമണം ഉണ്ടായതു് ഡറയസിൻെറ സേനാനായകനായ സ്കൈലാക്സ് ഇൻഡ്യയുടെ ധനപുഷ്ടിയെപ്പററി അറിയിച്ചതു നിമിത്തമായിരുന്നു. ആക്രമണഫലമായി ഡറയസ് സിന്ധുസമതലത്തെ പേർഷ്യൻ സാമ്രാജ്യത്തോടു ചേർത്തു. ഇപ്രകാരം വടക്കു ഗാന്ധാരം മുതൽ തെക്കു സിന്ധുനദിമുഖം വരെ ഇരുകരയിലും ഉള്ള സ്ഥലങ്ങൾ—പഞ്ചാബിൻെറ പശ്ചിമഭാഗവും സിൻഡ് മുഴുവനും—പേർഷ്യക്കു് അധീനമായി ഭവിച്ചു. തൻെറ വിസ്തൃതമായ സാമ്രാജ്യത്തെ പല സംസ്ഥാനങ്ങളായി (സട്രാപി) ഡറയസ് വിഭാഗിക്കുകയും, ഓരോ വിഭാഗത്തിൻേറയും ഭരണത്തിനായി ഓരോ ഗവർണരെ (സത്രപനെ) നിയമിക്കുകയും ചെയ്തിരുന്നു. പേർഷ്യൻ സാമ്രാജ്യത്തിലെ ൨൦-ാം സംസ്ഥാനമായ സിന്ധുനദിപ്രദേശത്തു നിന്നും ഏഷ്യയിലെ ആകെ ആദായത്തിൽ മൂന്നിലൊരുഭാഗം സ്വർണ്ണമായി ലഭിച്ചുവന്നിരുന്നു. ജനസംഖ്യ സംബന്ധിച്ചു ഇത്ര വിപുലമായ വേറൊരു സംസ്ഥാനവും പേർഷ്യൻ സാമ്രാജ്യത്തിലുണ്ടായിരുന്നില്ല.

പേഷ്യൻ ആക്രമണ ഫലങ്ങൾ. ഇൻഡ്യയിൽ നിന്നും പ്രതിവർഷം പേർഷ്യക്കു വലിയ ആദായം ലഭിച്ചുവന്നു. ഡറയസിൻെറ പിൻഗാമിയായ സെർക്സസിൻെറ കാലത്തു ഗ്രീക്കുകാരും പെർഷ്യാക്കാരുമായി സാലമീസ്, പ്ലാററിയാ എന്നീ സ്ഥലങ്ങളിൽ വച്ചുണ്ടായ യുദ്ധങ്ങളിൽ ഇൻഡ്യൻ സൈന്യങ്ങൾ പേർഷ്യരുടെ ഭാഗത്തു് യുദ്ധത്തിൽ ഏർപ്പെട്ടിരുന്നു. (a) സാമ്പത്തിക ഫലങ്ങൾ. ഡറയസിൻെറ മരണാനന്തരം സിന്ധുനദിയുടെ കിഴക്കേക്കരയിൽ വസിച്ചിരുന്ന വർഗ്ഗക്കാർ സ്വതന്ത്രരായിരുന്നെങ്കിലും, പേർഷ്യയുമായുള്ള ബന്ധം കുറേകാലത്തേക്കു

കൂടി നിലനിന്നതു് രണ്ടു രാജ്യക്കാൎക്കും പല വിധത്തിൽ പ്രയോജനകരമായിരുന്നു. കരയിലും കടലിലും കൂടി പാശ്ചാത്യരാജ്യങ്ങളുമായുള്ള ഇൻഡ്യൻ വാണിജ്യം തദനന്തരം പൂൎവ്വാധികം അഭിവൃദ്ധിപ്പെട്ടു. (b)രാഷ്ട്രീയം. ഇൻഡ്യയിലെ ചെറിയ ആധിപത്യങ്ങളെല്ലാം കീഴടക്കി ഏകച്ഛത്രാധിപത്യം സ്ഥാപിക്കുവാൻ സാധിക്കുമെന്നു് ഇൻഡ്യാക്കാരെ ഉൽബോധിപ്പിച്ചതു് പേൎഷ്യൻ സാമ്രാജ്യത്തിൻെറ ആദൎശം തന്നെയാണു്. സാമ്രാജ്യഭരണരീതിയിലും പല തത്വങ്ങൾ പേൎഷ്യയിൽ നിന്നും ഗ്രഹിക്കുവാൻ ഇൻഡ്യാക്കാൎക്കു സാധിച്ചിട്ടുണ്ടു്. കൂടാതെ ഇൻഡ്യക്കു പേൎഷ്യയുമായുണ്ടായിരുന്ന രാഷ്ട്രീയബന്ധം നിമിത്തമായിരുന്നു ഗ്രീക്കുകാരുടെ ഇൻഡ്യാ ആക്രമണം ഉണ്ടായതു്. ബി. സി ൩൨൭-ൽ തന്നിക്കു അധീനപ്പെട്ട പേൎഷ്യൻ സാമ്രാജ്യത്തിൻെറ അംശമായ ഇൻഡ്യാ കൈവശപ്പെടുത്തുന്നതിനായിരുന്നു അലക്സാണ്ഡർനമ്മുടെ രാജ്യത്തു പ്രവേശിച്ചതു്. (c)സാമൂഹികം- പേൎഷ്യൻ സാമ്രാജ്യത്തിൻെറ മാഹാത്മ്യം ഗ്രഹിച്ചതോടുകൂടി അവിടെനിന്നും ആശയങ്ങൾ പകൎത്തുവാൻ ഇൻഡ്യക്കാൎക്കു സാധിച്ചു. ഏ ഡി. നാലാം ശതാബ്ദംവരെ വടക്കുപടിഞ്ഞാറെ ഇൻഡ്യയിൽ പ്രചാരത്തിലിരുന്ന 'ഖരോഷ്ടി' എന്ന പുരാതന വൎണ്ണമാല പേൎഷ്യയുടെ ഭരണസംബന്ധമായ റിക്കാൎഡുകളിൽ ഉപയോഗിച്ചുവന്നതായിരുന്നു. ഈ ആക്രമണത്തിൻ ശേഷമുള്ള ഇൻഡ്യയിലെ അളവുകളും തൂക്കങ്ങളും ബാബിലോണിൽ നിന്നും പകൎത്തിയതായിരിക്കണം. അശോകൻെറ ധൎമ്മോപദേശങ്ങൾ ശിലകളിൽ കൊത്തിച്ചു് പ്രചരിപ്പിച്ച രീതി, പേൎഷ്യയിലെ രീതികളിൽ നിന്നും സ്വീകരിച്ചതായി ഗണിക്കാവുന്നതാണു്. മൗൎയ്യസാമ്രാട്ടുകൾ അപൂൎവ്വമായി മാത്രം ജനങ്ങൾക്കു പ്രത്യക്ഷപ്പെടുകയും, മററവസരങ്ങളിൽ

കാവൽ പട്ടാളത്തിൻെറ രക്ഷയിൽ ഏകാന്തവാസം നയിക്കുകയും ചെയ്തുവന്നതു് പെർഷ്യൻ സാമ്രാട്ടുകളുടെ ജീവിതരീതി അനുസരിച്ചായിരുന്നു. മൗര്യസാമ്രാജ്യം നെടുകെ രാജപാതകൾ വെട്ടിച്ചതു പേർഷ്യയിലെ രീതി അനുസരിച്ചു തന്നെയായിരുന്നു. ഇൻഡ്യാക്കാർ ശില്പവിദ്യ സംബന്ധിച്ചുള്ള പല കാര്യങ്ങളും പേർഷ്യയിൽ നിന്നും ഗ്രഹിച്ചിട്ടുണ്ടു്. സിംഹാകൃതിയിലുള്ള തൂണുകൾ ഉണ്ടാക്കുന്നതിനും, മരം, ഇഷ്ടിക ഇവയ്ക്കു പകരം കരിങ്കല്ലുകൊണ്ടു കെട്ടിടങ്ങൾ പണിയുവാനും ഇൻഡ്യാക്കാർ ആരംഭിച്ചതു് പേർഷ്യയുമായുള്ള ബന്ധത്തിനു ശേഷമത്രേ.

## III

## സാമൂഹിക, സാമ്പത്തിക സ്ഥിതികൾ (൬൦൦—൩൦൦ ബി. സി.)

ബി. സി. ൬൦൦—നും ൩൦൦—നും മദ്ധ്യേയുള്ള ഉത്തര ഇൻഡ്യയുടെ സാമൂഹിക സാമ്പത്തികസ്ഥിതി സംബന്ധമായ വിവരങ്ങൾ നമുക്കു ലഭിച്ചിട്ടുള്ളതു്, ബുദ്ധമതക്കാരുടെയും ജൈനരുടെയും മതഗ്രന്ഥങ്ങൾ, ഗ്രീക്കുകാരുടെ എഴുത്തുകൾ ഇവയിൽനിന്നുമത്രെ. ഇക്കാലത്തു് ഇൻഡ്യൻ ജനതയിൽ ക്ഷത്രിയർ, ബ്രാഹ്മണർ, വൈശ്യർ ശൂദ്രർ എന്നിങ്ങനെ നാലു വിഭാഗങ്ങളുണ്ടായിരുന്നു. ശൂദ്രർക്കു താഴെ താണ ജാതിക്കാരും, താണ തൊഴിലുകാരും, അടിമകളും ഉണ്ടായിരുന്നു. അടിമകളെ ദാസവൃത്തിക്കായി വീടുകൾതോറും ഏല്പിച്ചിരുന്നു, അവരോടു ദയാപൂർവ്വം പെരുമാറിയിരുന്നു. അടിമകളുടെ എണ്ണവും കുറവായിരുന്നു. ബുദ്ധമതവും ജൈനമതവും ക്രമാഭിവൃദ്ധി പ്രാപിച്ചുവന്നു.

ഭരണ വിഭാഗങ്ങളിൽ ഏറ്റവും ചെറിയ അംശം ഗ്രാമമായിരുന്നു. ഭൂമി പൊതുവായി അനുഭവിച്ചുവന്നു.

ഗ്രാമസംഘത്തിന്റെ അനുമതി കൂടാതെ ഭൂമി വില്ക്കുകയോ പണയപ്പെടുത്തുകയോ പാടില്ലായിരുന്നു. ഭരണകാൎയ്യങ്ങൾ ഗ്രാമനായകൻ മുഖാന്തിരം നടത്തിവന്നു. ഗ്രാമവാസികൾ ധനികരല്ലായിരുന്നെങ്കിലും, സ്വന്തം ആവശ്യങ്ങൾ നേടി സ്വാതന്ത്ര്യമായി ജീവിച്ചിരുന്നു. വലിയ ജന്മികളോ നിർദ്ധനരോ ഇക്കാലത്തുണ്ടായിരുന്നില്ല. അക്രമങ്ങൾ ഗ്രാമത്തിൻ പുറത്തു മാത്രമേ ഉണ്ടായിരുന്നുള്ളു. പുറമേയുള്ള ശത്രുക്കളിൽനിന്നും രക്ഷിക്കുവാൻ പ്രാപ്തിയുള്ള കേന്ദ്രഭരണം ഉണ്ടായിരുന്ന കാലങ്ങളിൽ ജനങ്ങൾ സൗഭാഗ്യകരമായി ജീവിച്ചുവന്നു.

പട്ടണങ്ങളിലെ ജീവിതം ഗ്രാമജീവിതത്തിൽ നിന്നും വ്യത്യാസപ്പെട്ടിരുന്നു. ബി. സി. മൂന്നാം ശതാബ്ദത്തിൽ ഇൻഡ്യയിലുണ്ടായിരുന്ന പട്ടണങ്ങൾക്ക് കല്ലുകൊണ്ടുള്ള കോട്ടകളും കൊത്തളങ്ങളും, വലിയ ഭവനങ്ങൾക്ക പടിവാതിലുകളും ഉണ്ടായിരുന്നു. രാജകൊട്ടാരങ്ങളിൽ എല്ലാ ഉദ്യോഗസ്ഥന്മാൎക്കും രാജാവിന്റെ അകമ്പടിക്കാൎക്കും സ്ത്രീജനങ്ങൾക്കും സഞ്ചരിക്കുവാനുള്ള സ്ഥലസൌകൎയ്യമുണ്ടായിരുന്നു. വലിയ വീടുകൾ വളരെ ഉണ്ടായിരുന്നില്ല. നഗരങ്ങൾ ജനബാഹുല്യമുള്ളവയായിരുന്നു. ശുചീകരണമാൎഗ്ഗങ്ങൾ അപൂൎവ്വമായിരുന്നു. പ്രാധാന്യം അർഹിക്കുന്ന ആളുകളുടെ ശവശരീരങ്ങൾ ദഹിപ്പിക്കുകയും, അവശിഷ്ടങ്ങൾ സ്ഥാപിക്കുന്നതിനു സ്മാരകസ്തംഭങ്ങൾ നിൎമ്മിക്കുകയും ചെയ്തുവന്നു. സാധാരണ ജനങ്ങളുടെ ശവശരീരങ്ങൾ പൊതുസ്ഥലത്തു എറിഞ്ഞുകളയുകയും, ദഹിപ്പിക്കുകയാണെങ്കിൽ ശേഷിക്കുന്ന ഭാഗങ്ങൾ കുഴിച്ചിടാതെയിരുന്നതിനാൽ പക്ഷിമൃഗാദികൾക്ക് ഇരയായി തീരുകയും ചെയ്തിരുന്നു.

ബി. സി. ൩-ാം ശതാബ്ദത്തിലെ സാമ്പത്തികസ്ഥിതി അഭിവൃദ്ധികരമായിരുന്നു. കൃഷിക്കാൎക്കു പുറമെ ആശാരിമാർ, ലോഹവേലക്കാർ, കല്പണിക്കാർ, നെയ്ത്തു

കാർ, തുകല്പണിക്കാർ, കുശവർ, ദന്തവേലക്കാർ, ചായപ്പണിക്കാർ, മുക്കുവർ, കശാപ്പുകാർ, നായാട്ടുകാർ, പാചകക്കാർ, ക്ഷൌരകന്മാർ, കപ്പൽജോലിക്കാർ മുതലായി പലേ തൊഴിലുകാരുണ്ടായിരുന്നു. മദ്ധ്യകാലത്തു് യൂറോപ്പിലെന്നപോലെ, ഇവരിൽ മിക്കവരും പ്രത്യേക തൊഴിലാളിസംഘങ്ങൾ സ്ഥാപിച്ചിരുന്നു. ഈ സംഘങ്ങൾ മുഖാന്തിരം രാജാവു് പ്രധാന അവസരങ്ങളിലെല്ലാം ജനങ്ങളെ ക്ഷണിച്ചു വരുത്തുക പതിവായിരുന്നു.

ബാഹ്യവും അഭ്യന്തരവുമായ വാണിജ്യാഭിവൃദ്ധിയാൽ നാലാം ശതകത്തിൽ ഇൻഡ്യയുടെ സാമ്പത്തിക നില ക്രമാഭിവൃദ്ധി പ്രാപിച്ചിരുന്നു. പട്ടു്, മസ്‌ലിൻ മുതലായ വിശിഷ്ട വസ്ത്രങ്ങൾ, ദന്തം, ആഭരണങ്ങൾ, സുഗന്ധദ്രവ്യങ്ങൾ, ഔഷധങ്ങൾ ഇവ ഇക്കാലത്തെ പ്രധാന വ്യാപാര സാധനങ്ങളായിരുന്നു. കയററുമതി വ്യാപാരം മിക്കവാറും ദക്ഷിണ ഇൻഡ്യയിൽനിന്നായിരുന്നു. കരമാർഗ്ഗവും ജലമാർഗ്ഗവും വിദേശവാണിജ്യത്തിനുള്ള സൗകര്യം ഉദ്ദേശിച്ചു്, പല നല്ല നിയമങ്ങൾ നടപ്പിലാക്കിയിരുന്നു. രാജ്യം വിട്ടുപോകയോ ഉള്ളിൽ പ്രവേശിക്കുകയോ ചെയ്യുന്നതിനു പാസ്സു് പോർട്ടു് വേണമെന്നു് നിർബന്ധമുണ്ടായിരുന്നു. ഇക്കാലത്തെ നാണയങ്ങൾ പ്രാചീന രീതിയനുസരിച്ചു ചതുരശ്രാകാരമായിരുന്നു. വൃത്താകാരമായ നാണയങ്ങൾ അപൂർവ്വമായിരുന്നു. ഇക്കാലത്തെ പ്രധാന വാണിജ്യമാർഗ്ഗങ്ങൾ വടക്കുനിന്നും തെക്കുപടിഞ്ഞാറോട്ടു് ശ്രാവസ്തിയിൽനിന്നും പൈഠാൻ വരെയും, വടക്കുനിന്നും തെക്കുകിഴക്കോട്ടു് ശ്രാവസ്തിയിൽനിന്നും രാജഗൃഹം വരെയും, കിഴക്കുനിന്നും പടിഞ്ഞാറോട്ടു് ഗംഗാ, യമുനാ ഈ നദികളിൽക്കൂടെ കോസാംബി വരെയും ആയിരുന്നു.

## ചോദ്യങ്ങളും അഭ്യാസങ്ങളും

1. മഗധരാജ്യത്തിൻെറ ആവിർഭാവത്തിനു സഹായിച്ച പരിതഃസ്ഥിതികൾ ഏവ?
2. മഗധയുടെ ഭരണം ആരംഭിച്ചതു് ഏതു രാജവംശമാണു്? ഈ വംശത്തിലെ സുപ്രസിദ്ധ ഭരണകർത്താവു് ആരു്? അദ്ദേഹം ഈരാജ്യത്തിനു വരുത്തിയ അഭിവൃദ്ധി എത്രമാത്രമെന്നു് വിവരിക്കുക.
3. പേർഷ്യൻ ആക്രമണം നിമിത്തം ഇൻഡ്യക്കുണ്ടായിട്ടുള്ള ഗുണവും ദോഷവും വിവരിക്കുക.
4. 3.ാം ചിത്രത്തിൽ (1) മഗധരാജ്യവും (2) പേർഷ്യക്കു് അധീനപ്പെട്ട ഇൻഡ്യയുടെ ഭാഗങ്ങളും അടയാളപ്പെടുത്തുക.

---

### അദ്ധ്യായം ൭

## ജൈനമതവും ബുദ്ധമതവും

---

### I. ആര്യന്മാരുടെ തത്വചിന്തകൾ

തത്വചിന്തകൾ. സർവ്വമതങ്ങളുടെയും ഉത്ഭവസ്ഥാനം ഏഷ്യ ആണു്. ക്രിസ്തുമതം പാലസ്റ്റൈനിലും, ഇസ്‌ലാംമതം അറേബ്യയിലും, ഹിന്ദുമതവും ജൈനമതവും ബുദ്ധമതവും ഇൻഡ്യയിലും, കൺഫ്യൂഷ്യസ്മതം ചൈനയിലും ആവിർഭവിച്ചു. പാശ്ചാത്യരെ അപേക്ഷിച്ചു് പൌരസ്ത്യർക്കു ഈ പ്രാധാന്യം സിദ്ധിച്ചിട്ടുള്ളതു് ഇവർക്കുസ്വതസിദ്ധമായിട്ടുള്ള ആത്മീയ തത്വാന്വേഷണത്താൽ അത്രേ.

ജൈന മതത്തിന്റേയും ബുദ്ധ മതത്തിന്റേയും
ആവിർഭാവത്തിനു് അനുകൂലമായ പരിതഃസ്ഥിതികൾ
ഇക്കാലത്തുണ്ടായിരുന്നു. മഹാകാവ്യകാലത്തിന്റെ അന്ത്യ
ഘട്ടത്തിൽ ആൎയ്യന്മാരുടെ മനസ്ഥിതി പുരോഹിതമേധാ
വിത്വത്തേയും മതസംബന്ധമായ അന്വേഷണത്തേയും
അനുകൂലിച്ചിരുന്നു. ആൎയ്യന്മാരുടെ പ്രാചീനമതത്തിൽ
പല ഭേദഗതികൾ കടന്നുകൂടിയതോടുകൂടി, യാഗാദികർമ്മാ
ചാരങ്ങൾക്കു വലിയ പ്രാധാന്യം കല്പിച്ചുവന്നു. യാഗങ്ങ
ളുടെ പ്രാധാന്യത്തോടുകൂടി അവയുടെ എണ്ണവും വിവി
ധത്വവും വൎദ്ധിക്കുകയാൽ, പ്രസ്തുത കർമ്മം കഴിക്കു
ന്നതു് സാമാന്യജനങ്ങൾക്കു ദുസ്സാദ്ധ്യമായിത്തീൎന്നു. മത
പരിഷ്കാരത്തിനായി ശാക്യമുനി പുറപ്പെട്ടു് നവീനോപദേ
ശങ്ങൾ പ്രസംഗിച്ച കാലത്തു, ഹൈന്ദവമതത്തിന്റെ
ആദിമ വിശുദ്ധിയും ലാളിത്യവും നഷ്ടപ്പെട്ടും, ആത്മീയാ
ധികാരികളെന്ന നിലയിൽ ബ്രാഹ്മണർ ഉപദ്രവകരവും
ദുസ്സഹവുമായ വിധത്തിൽ മേധാവിത്വം സ്ഥാപിച്ചും,
വിഗ്രഹാരാധന ആരംഭിച്ചും, സന്മാർഗ്ഗനിഷ്ഠ കുറഞ്ഞും
വന്നിരുന്നു.

മഹാകാവ്യകാലത്തിന്റെ അവസാനത്തിൽ ഉത്ഭ
വിച്ച മാനസിക പ്രക്ഷോഭം അഭിവൃദ്ധിപ്പെടുകയാൽ, മത
സംബന്ധവും സാന്മാർഗ്ഗികവുമായ സംശയങ്ങളും ചിന്ത
കളും ഉദ്ദേശം ബി. സി. ൬൦൦ വരെ ശക്തിപ്പെട്ടുവന്നു. മനു
ഷ്യാത്മാവിന്റെ സ്വഭാവം, ലോകശക്തികളെ ഭരിക്കുന്ന
ഒരു പരമശക്തി ഉണ്ടെന്നുള്ള വാസ്തവം, പ്രകൃതിനിയമ
ങ്ങളാലുള്ള പ്രപഞ്ചഭരണം, മരണത്തിന്റെ സാരം, മര
ണാനന്തര ജീവിതത്തെപ്പററിയുള്ള ആശങ്ക, കഷ്ടാരിഷ്ടത
കൾക്കു കാരണം, ഇത്യാദി കാൎയ്യങ്ങൾ ഇക്കാലത്തു ചിന്താ
ശക്തിയുള്ളവരുടെ ശ്രദ്ധയ്ക്കു വിഷയീഭവിച്ചിരുന്നു. ഈ
മാനസിക പ്രക്ഷോഭത്തിനു കാരണം, സിന്ധുപ്രദേശത്തു

നിന്നും ഗംഗാതടത്തിലേക്കു മാറി താമസിച്ചതോടുകൂടി, ആൎയ്യന്മാരുടെ ജീവിതരീതിയിലുണ്ടായ ഭേദഗതിയായിരുന്നു. ഈശ്വരാരാധനയ്ക്കും യുദ്ധത്തിനും പ്രത്യേകവൎഗ്ഗക്കാർ വേർതിരിക്കപ്പെട്ടതോടുകൂടി, സാമാന്യ ജനങ്ങളിൽ ഭൂരിപക്ഷത്തിനും സ്വതന്ത്രമായി ജീവിക്കുവാൻ അവസരം ലഭിക്കുകയാൽ, ജനങ്ങളുടെ ധനസ്ഥിതി അഭിവൃദ്ധിപ്പെടുകയും, തന്നിമിത്തം സാന്മാർഗ്ഗിക കാൎയ്യങ്ങളെപ്പററി അവധാനപൂൎവ്വം ചിന്തിക്കുവാൻ അവസരം ലഭിക്കുകയും ചെയ്തു.

ചിന്താശക്തി അഭിവൃദ്ധിപ്പെട്ടതോടുകൂടി മാനസികമായ പുരോഗതിയും ഉണ്ടായി. ഇപ്രകാരം കൎമ്മങ്ങളുടെ ബാഹ്യവശങ്ങളേക്കാൾ സാന്മാൎഗ്ഗികവശത്തെ സൂക്ഷ്മാവലോകനം ചെയ്വാൻ ജനങ്ങൾ ആരംഭിച്ചു. ഈ രീതിയിൽ ഒരു യാഗത്തിൻെറ വില അതിൻെറ രൂപത്തെയല്ല, അൎപ്പിക്കുന്ന ആളിൻെറ മനസ്ഥിതിയെ തന്നെ ആശ്രയിച്ചിരിക്കുന്നുവെന്നുള്ള വിശ്വാസവും പ്രബലപ്പെട്ടുവെന്നു. ജാതിവ്യത്യാസത്തിനും ഐതിഹ്യങ്ങൾ അഥവാ പുരാണങ്ങൾക്കും യാതൊരു വിലയും കല്പിക്കാതെ, തത്വജ്ഞാനപരമായ കാൎയ്യങ്ങളെപ്പററി വാദപ്രതിവാദങ്ങൾ നടത്തത്തക്കവണ്ണം അപഗ്രഥന സ്വഭാവരീതിയും ഉണ്ടായി. പുനൎജന്മം തുടങ്ങിയുള്ള പല നവീന സിദ്ധാന്തങ്ങളും ഇതു നിമിത്തമാണുത്ഭവിച്ചതു്. പ്രസ്തുത കാൎയ്യങ്ങളുടെ കാരണം കണ്ടുപിടിക്കുവാനുള്ള ഉദ്യമഫലമായി പൂൎവ്വമീമാംസ, സാംഖ്യം, വേദാന്തം ആദിയായ ദൎശനങ്ങളും, ജൈനമതം, ബുദ്ധമതം എന്നീനവീന മതങ്ങളും ഉത്ഭവിച്ചു. ഇപ്രകാരം അഭിവൃദ്ധിപ്പെട്ടുവന്ന ബുദ്ധിപ്രസ്ഥാനത്തിൻെറ അവസാന ഫലങ്ങളായിരുന്നു ജൈനമതവും ബുദ്ധമതവും. പ്രസ്തുത മതങ്ങളുടെ പ്രചാരത്തിനുള്ള പ്രധാന കാരണം പുനൎജന്മത്തിനു ഇവയാൽ നിവൃത്തി ഉണ്ടായതു തന്നെയാണു്.

മതപരിഷ്കാരത്തിനുണ്ടായ ആവശ്യം. ആൎയ്യന്മാരും അനാൎയ്യന്മാരും തമ്മിൽ വൈദികകാലത്തുത്ഭവിച്ചിരുന്ന മത്സരം തത്വദാൎശനിക കാലത്തു ദൃഢീഭവിച്ചതോടുകൂടി, പരസ്പരമൈത്രി നഷ്ടപ്പെട്ടുവന്നു. അനാൎയ്യന്മാർ ഹിന്ദുമതം സ്വീകരിക്കുകയും, സംഖ്യാബലത്തിലും രാഷ്ട്രീയസ്ഥിതിയിലും ഉന്നത സ്ഥാനത്തിനർഹരായിത്തീരുകയും ചെയ്ത ഇക്കാലത്തു, അവരെ നികൃഷ്ടരായി ഗണിച്ചുവന്ന പുരാതന രീതി പരിത്യജിക്കാതെ ഗത്യന്തരമില്ലായിരുന്നു. വ്യത്യാസങ്ങളെല്ലാം അവഗണിച്ച് ആര്യന്മാരും അനാര്യന്മാരും ഒരേ ജനവിഭാഗമായിത്തീരുന്നതിനുള്ള ഉദ്യമവും പ്രബലപ്പെട്ടുവന്നു. സമത്വം പ്രായോഗികമാക്കുന്നതിന് ഇക്കാലത്ത് ആവശ്യമായിരുന്ന നേതൃത്വം ഗൗതമബുദ്ധൻ എത്രയും സ്തുത്യർഹമായി നിർവ്വഹിക്കുകയും ചെയ്തു.

## II. ജൈനമതം.

ജൈനമത സ്ഥാപകനായ വർദ്ധമാന മഹാവീരൻ (൫൯൯—൫൨൭ ബി. സി.) വൈശാലിയിൽ ലിച്ഛാവി വൎഗ്ഗത്തിൽ പെട്ട ഒരു പ്രഭുവിന്റെ പുത്രനായിരുന്നു. സ്ഥാനമാനങ്ങൾ ഉപേക്ഷിച്ച് പരശ്വനാഥ എന്ന സന്യാസി വർഗ്ഗത്തിൽ ചേർന്ന് കുറേക്കാലം വസിച്ചശേഷവും അതൃപ്തനായി ഭവിച്ച മഹാവീരൻ, ൪൦-ാമത്തെ വയസ്സിൽ മതോപദേശത്തിനായി പുറപ്പെട്ടു. ശിഷ്ടായുസ്സ് മുഴുവനും മഗധം, വിദേഹം, അംഗം എന്നീ ദേശങ്ങളിൽ അദ്ദേഹം കഴിച്ചുകൂട്ടി. പുരോഹിതന്മാരല്ലാത്ത ഒരു കൂട്ടം സന്യാസികളും സന്യാസിനികളും ഉൾപ്പെട്ട ഒരു മതം അദ്ദേഹം സ്ഥാപിച്ചു. സ്ഥാപകന്റെ മരണസമയം പ്രസ്തുത മതത്തിൽ ൧൪൦൦൦ ജനങ്ങൾ ഉൾപ്പെട്ടിരുന്നു.

വിദേഹം, അംഗം, മഗധം എന്നീ രാജ്യങ്ങളിലെ ഭരണകർത്താക്കൾ ജൈനമതത്തെ പ്രോത്സാഹിപ്പിച്ചിരുന്നു.

**മഹാവീരൻെറ ഉപദേശങ്ങൾ.** മനുഷ്യനിൽ വസ്തുമയവും ആത്മീയവുമായ സ്വഭാവങ്ങൾ അന്തർഭവിച്ചിരിക്കുന്നു എന്നു് ഇതരമതങ്ങളെപ്പോലെ ജൈനമതവും സ്വീകരിച്ചിട്ടുണ്ടു്. പ്രപഞ്ചം ഒട്ടുക്കു വ്യാപിച്ചിരിക്കുന്ന ഒരാത്മാവുണ്ടെന്നുള്ള വേദാന്ത മതോപദേശത്തെ ഇവർ നിരസിക്കുന്നു. മനുഷ്യർക്കും മൃഗങ്ങൾക്കും മാത്രമല്ല, ചെടികൾക്കും വളർന്നുകൊണ്ടിരിക്കുന്ന ലോഹങ്ങൾക്കും വായു, അഗ്നി എന്നിവയ്ക്കും ജീവനുണ്ടെന്നു് ജൈനർ വിശ്വസിക്കുന്നു. കല്ലു്, വായു, വെള്ളം ഇവയ്ക്കും വേദന വരുത്താവുന്നതാണെന്നും ഇവർക്കു വിശ്വാസമുണ്ടു്. ലോക നിയന്താവായ ഈശ്വരൻ ഉണ്ടെന്നു് അവർ വിശ്വസിക്കുന്നില്ല. മനുഷ്യാത്മാവിൽ ലീനമായിരിക്കുന്ന സർവ്വശക്തികളുടെയും അത്യുത്തമമായ വെളിപാടുതന്നെയാണു് ഈശ്വരൻ എന്നു് ജൈനർ നിർവ്വചിച്ചിരിക്കുന്നു. അഹിംസ ഇവരുടെ സന്മാർഗ്ഗോപദേശങ്ങളിൽ സർവ്വപ്രധാനമായിട്ടുള്ളതാണു്. നിർജ്ജീവവസ്തുക്കൾക്കുപോലും ജീവനുണ്ടെന്നു ഇവർ വിശ്വസിക്കുന്നതിനാൽ, ബ്രാഹ്മണരെയും ബുദ്ധമതക്കാരെയും അപേക്ഷിച്ചു് അഹിംസയിൽ ഉപരിയായ വിശ്വാസം ഇവർക്കുണ്ടു്. "നിങ്ങളുടെ കർത്തവ്യകർമ്മത്തെ ദയാസമ്പൂർണ്ണമായ വിധത്തിൽ ചെയ്യു"— ഇതായിരുന്നു ജൈനമതത്തിൻെറ സാരമായ ഉപദേശം. മോക്ഷപ്രാപ്തി (ജനനമരണചക്രങ്ങൾക്കു് അധീനമാകാതെയിരിക്കുന്ന അവസ്ഥ) ഈ വിശ്വാസപ്രകാരം ജീവിതത്തിൻെറ പരമോദ്ദേശമാകുന്നു. ഔദാര്യം, സൗമ്യത, ഭക്തി, ഭജനം ഇവ ജീവിതത്തിൻെറ പ്രധാന ധർമ്മങ്ങളത്രേ. നാവിനേയും മനസ്സിനേയും ശരീരത്തേയും നിയമനം ചെയ്യുന്നതു് ഇവരുടെ സ്വാതന്ത്ര്യത്തിലുണ്ടായിരുന്ന

പ്രതിബന്ധങ്ങളുണ്ട്. ആകപ്പാടെ, ജൈനമതം ജനങ്ങളുടെ സ്വാതന്ത്ര്യത്തിന് കുറവു വരുത്തി ആത്മസംയമനം പരിശീലിപ്പിച്ചുവന്നു. ജാതിവ്യത്യാസത്തെ ജൈനർ പാടെ നിഷേധിക്കുന്നുണ്ടെങ്കിലും, ആധുനിക ജൈനരിൽ ജാതിവ്യത്യാസം പ്രബലപ്പെട്ടിരിക്കുന്നു. സന്യാസികളെന്നും സന്യാസികളല്ലാത്തവരെന്നും രണ്ടായി ജൈനരെ മഹാവീരൻ തരം തിരിച്ചിരുന്നു. ആത്മാവിനേയും ആഗ്രഹത്തേയും കീഴടക്കിയവനായ ജൈനനിലും അദ്ദേഹത്തിൻെറ ഉപദേശങ്ങളിലും ഉറപ്പായി വിശ്വസിക്കുകയും, ലൗകീക കാര്യങ്ങളിൽ അധികം ഇടപെടാതെ സൽഗുണപരിപൂർണ്ണമായ ത്യാഗജീവിതം നയിക്കുകയും, വാക്കുകൊണ്ടോ പ്രവൃത്തി കൊണ്ടോ ജീവികൾക്കു യാതൊരുപദ്രവവും വരുത്താത്ത പാപകരമായ വിചാരങ്ങളോ പ്രവൃത്തികളോ കൂടാതെ ജീവിക്കുകയും ചെയ്യുന്നവർക്കെല്ലാം മോക്ഷം പ്രാപിക്കാമെന്നും മഹാവീരൻ ഉപദേശിച്ചു. ജൈനമതം ഇൻഡ്യയിൽ വളരെ അഭിവൃദ്ധിപ്പെടാതിരുന്നതു് മതപ്രചരണോദ്യമത്തിൻെറ അഭാവത്താലായിരുന്നു.

## III. ബുദ്ധമതം

ബുദ്ധമതസ്ഥാപകനായ ഗൗതമബുദ്ധൻ (൫൬൩—൪൮൩ ബി. സി) കപിലവസ്തുവിലെ ക്ഷത്രിയ രാജാവായ ശുദ്ധോദനൻെറ പുത്രനായിരുന്നു. മഹാവീരനെപ്പോലെ ഗൗതമനും യൗവ്വനകാലത്തു തന്നെ ഐഹിക സുഖങ്ങളിൽ വിരക്തി തോന്നുകയാൽ, കുടുംബവും കൊട്ടാരവും ഉപേക്ഷിച്ചു് തപസ്സിനായി പുറപ്പെട്ടു. കുറെക്കാലം തപസ്സു ചെയ്തിട്ടും ഉദ്ദിഷ്ട ഫലപ്രാപ്തിയുണ്ടായില്ല. ഗയ എന്ന സ്ഥലത്തു ചിന്താമഗ്നനായിരിക്കുമ്പോൾ അദ്ദേഹത്തിനു സത്യബോധമുണ്ടായി. ഇപ്രകാരം ബോധപ്പെട്ട

സത്യം ഉപദേശിക്കുന്നതിൽ ശിഷ്ടായുസ്സ് കഴിക്കണമെന്ന് അദ്ദേഹം നിശ്ചയിച്ചു. സത്യബോധമുണ്ടായതിനാൽ ബുദ്ധൻ എന്ന പേർ ഗൗതമൻ സ്വീകരിച്ചു. അദ്ദേഹത്തിനു ബോദ്ധ്യപ്പെട്ടതും ബുദ്ധമതത്തിന്റെ സാരതത്വങ്ങളായിരുന്നതും ആത്മസംസ്കാരവും സാർവത്രികമായ സ്നേഹവും ആയിരുന്നു. ആദ്യമായി അഞ്ചു ശിഷ്യന്മാർ ബുദ്ധനോടു ചേർന്നു. ഇവരുടെ എണ്ണം ക്രമേണ വർദ്ധിച്ച് ബുദ്ധമതം അഭിവൃദ്ധി പ്രാപിച്ചു വന്നു. സ്വമതോപദേശം ൪൫ വർഷം നടത്തിയ ശേഷം ൮൦-ാമത്തെ വയസ്സിൽ നീപ്പാളിലുള്ള കുശിയ നഗരത്തിൽ വച്ച് ബി. സി. ൪൮൦-ൽ ബുദ്ധമുനി മരിച്ചു.



ചിത്രം ൨. ബുദ്ധമുനി.

ബുദ്ധമതോപദേശങ്ങൾ. മഹാവീരനെയും ഇൻഡ്യയിലെ മറ്റെല്ലാ മതോപദേഷ്ടാക്കളേയും പോലെ ബുദ്ധമുനിയും പുനർജന്മം, കർമ്മം എന്നീ ഉപദേശങ്ങളോടു കൂടിയായിരുന്നു സ്വമത പ്രചരണം ആരംഭിച്ചത്. ഇഹ

ലോകജീവിതം അനിത്യവും ദുരിത പരിപൂൎണ്ണവുമാണെന്നും, പുനൎജന്മത്തിൽ നിന്നുള്ള മുക്തിയോളം മഹത്തായി മറെറാരു ധൎമ്മവും ഇല്ലെന്നും, സൽകൎമ്മം അഥവാ ജീവിതവിശുദ്ധികൊണ്ടു് മുക്തി ലഭിക്കാവുന്നതാണെന്നും, സൽകൎമ്മം തന്നെയും ലഭ്യമാകുന്നതിന്നു് സന്മാൎഗ്ഗജീവിതം മതിയാകുമെന്നും ഉള്ള നാലു് ഉത്തമസത്യങ്ങൾ ബുദ്ധൻ വിശ്വസിക്കുകയും പ്രസംഗിക്കുകയും ചെയ്തു.) വിചാരത്തിലും വാക്കിലും പ്രവൃത്തിയിലും ശുദ്ധിയുള്ളവരായി ജീവിക്കണമെന്നും, തന്റെ പത്തു കല്പനകൾ പാലിക്കണമെന്നും, ബുദ്ധൻ സ്വശിഷ്യരോടു് ഉപദേശിച്ചിരുന്നു. കൊല, വ്യഭിചാരം, മോഷണം, അസത്യം, ദൂഷണം, ദുൎഭാഷണം, പരനിന്ദ, അത്യാഗ്രഹം, അജ്ഞത എന്നീ ദുൎഗ്ഗുണങ്ങൾ വൎജ്ജിക്കണമെന്നും, പാരമാൎത്ഥികത്വം, പൂജ്യമാനിത്വം, ജന്തുസ്നേഹം എന്നീ ഗുണങ്ങൾ എല്ലാവരും അഭ്യസിക്കണമെന്നും ആയിരുന്നു ബുദ്ധന്റെ പ്രധാന കല്പനകൾ. സദ്വിശ്വാസം, സദ്വിചാരം, സദ്സംഭാഷണം, സദ്പ്രവൃത്തി, സദ്വൃജീവനം, സദ്പ്രയത്നം, സദ്സ്മരണ, സദ്ധ്യാനം എന്നീ ഉത്തമമാൎഗ്ഗങ്ങളെ മനുഷ്യർ പിന്തുടരണമെന്നായിരുന്നു ബുദ്ധന്റെ സിദ്ധാന്തം. ഇതു ലൌകികത്വത്തിനും അലൌകികത്വത്തിനും മദ്ധ്യേയുള്ള ഒരു മാൎഗ്ഗമത്രേ. സന്ന്യാസികളായി ജീവിക്കുന്നവൎക്കു് ഈ മാൎഗ്ഗത്തിൽ പൂൎണ്ണമായും ഇതരന്മാൎക്കു ഏറെക്കുറെയും അഭിവൃദ്ധി പ്രാപിക്കാവുന്നതാണു്.

ബുദ്ധമതപ്രചരണം. സ്വമതോപദേശങ്ങൾ നിലനിൎത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതിനു് ബുദ്ധമുനി ഒരു കൂട്ടം സന്ന്യാസികളെ ഏൎപ്പെടുത്തിയിരുന്നു. ഇവരുടെ ഇടയിൽ ജാതിവ്യത്യാസത്തിനു സ്ഥാനമില്ലായിരുന്നു. ഈ സംഘം മുഖാന്തിരമാണു് ഏഷ്യയിൽ ബുദ്ധമതം വ്യാപി

പ്പിക്കുവാൻ സാധിച്ചതു്. ബുദ്ധമതം ആരംഭം മുതൽ തന്നെ ഒരു പ്രചരിഷ്ണുമതം ആയിരുന്നു. മതപ്രചരണത്തിനായി ബുദ്ധൻെറ ജീവിതകാലത്തുതന്നെ ശിഷ്യരെ പല രാജ്യങ്ങളിലും അയയ്ക്കുകയും, പ്രതിഫലേച്ഛ കൂടാതെ അവർ പ്രയത്നിക്കുകയും ചെയ്തു. ബ്രാഹ്മണർ അനാര്യവർഗ്ഗക്കാരെ നിരസിച്ചിരുന്ന കാലത്തു തുടങ്ങിയ ഈ ഉദ്യമം മതപ്രചരണത്തിന് വളരെ സഹായകരമായിരുന്നു. ബുദ്ധൻെറ മരണാനന്തരം മഗധത്തിൻെറ തലസ്ഥാനമായ രാജഗൃഹത്തിൽവച്ചു് ബി. സി. ൪൮൩-ൽ ഒന്നാമത്തെ ബുദ്ധമത മഹായോഗം കൂടുകയും ബുദ്ധൻെറ ഉപദേശങ്ങൾ ഗാനരീതിയിൽ ചൊല്ലി ഉറപ്പിക്കുകയും ചെയ്തു. രണ്ടാമത്തെ ബുദ്ധമത മഹായോഗം ബി. സി. ൩൮൩-ൽ കൂടി ഉപദേശസംബന്ധമായ പത്തു പ്രധാന കാര്യങ്ങളെപ്പററി വാദപ്രതിവാദം നടത്തുകയും, ഒടുവിൽ അന്യോന്യം യോജിക്കാതെ മഹായനം, ഹീനായനം എന്ന രണ്ടു കക്ഷികളായി ബുദ്ധമതാനുസാരികൾ പിരിയുകയും ചെയ്തു. അടുത്ത ൨൦൦ വർഷത്തേക്കു് ബുദ്ധമതം ഉത്തര ഇൻഡ്യയിൽ വ്യാപിച്ചുകൊണ്ടിരുന്നു. എന്നാൽ അശോകൻെറ രക്ഷാധിപത്യം ലഭിക്കുന്നതുവരെ ഈ മതം മഗധയിലും സമീപപ്രദേശങ്ങളിലും മാത്രമേ വ്യാപിച്ചിരുന്നുള്ളു.

ബുദ്ധമതത്തിന് തീക്ഷ്ണമായ പ്രചാരണം വരുത്തിയതു് അശോക ചക്രവർത്തിയായിരുന്നു. ഉദ്ദേശം ബി. സി. ൨൬൧-ൽ അശോകൻ ബുദ്ധമതം സ്വീകരിച്ചു. തദനന്തരം അശോകൻ ൮൪,൦൦൦ ബുദ്ധമതപുരോഹിതന്മാരെ സംരക്ഷിക്കുകയും, ബുദ്ധമതകാര്യങ്ങൾക്കായി പല കെട്ടിടങ്ങൾ പണികഴിപ്പിക്കുകയും ചെയ്തു. ബീഹാർ എന്ന പേരു് ആ സ്ഥലത്തുള്ള ബുദ്ധമതവിഹാരങ്ങളുടെ പെരുപ്പത്തിൽ നിന്നും ഉണ്ടായിട്ടുള്ളതാണു്. അശോകൻ ബുദ്ധമതത്തെ

രാജകീയമതമാക്കിത്തീൎത്തു. ഇതു സാധിച്ചതു അഞ്ചു മാൎഗ്ഗങ്ങളിൽ കൂടെയായിരുന്നു:—(൧) ബി. സി. ൨൪൨-ൽ പാററ്നായിൽവച്ചു മൂന്നാമത്തെ ബുദ്ധമത മഹായോഗം നടത്തി, മതവിശ്വാസം ഉറപ്പിച്ചു. (൨) മതതത്വങ്ങളെ ശിലകളിലും മററും കൊത്തിച്ച് പ്രസിദ്ധപ്പെടുത്തി. (൩) മതത്തിൻെറയും ഉപദേശത്തിൻെറയും വിശുദ്ധി പാലിക്കുവാൻ ഒരു പ്രത്യേക ഡിപ്പാൎട്ടുമെൻറു ഏൎപ്പെടുത്തി. (൪) മതപ്രചരണത്തിനായി പ്രാസംഗികരെ വിദൂര രാജ്യങ്ങളിലേക്കയച്ചു. (൫) ബുദ്ധമത വിശുദ്ധ ഗ്രന്ഥങ്ങളെ തൻെറ മേൽനോട്ടത്തിൽ പരിഷ്ക്കരിച്ചു.

എ. ഡി. ൧൨൦-നു ശേഷം വടക്കുപടിഞ്ഞാറെ ഇൻഡ്യയിൽ ഭരിച്ചിരുന്ന കനിഷ്കൻെറ കാലത്തു ഒരു ബുദ്ധമതമഹായോഗം കൂടി, വിശുദ്ധഗ്രന്ഥങ്ങൾ വീണ്ടും പരിഷ്കരിച്ചു. കനിഷ്ക്കൻെറ പരിഷ്ക്കാരമനുസരിച്ചുള്ള ബുദ്ധമത കാനോൻ ചൈനാ, ജപ്പാൻ, ടിബററ് എന്നീ രാജ്യങ്ങളിലും അശോകൻെറ പരിഷ്ക്കാരമനുസരിച്ചുള്ള കാനോൻ ബൎമ്മായിലും മലയാദ്വീപുകളിലും പ്രചരിച്ചു വരുന്നു. ബുദ്ധമതോപദേശവും ആചാരവും പാശ്ചാത്യ ദേശത്തു പ്രവേശിച്ചതോടുകൂടി ആദ്യക്രിസ്തീയ സഭയിൽ ഏതാനും ഭേദഗതികളുണ്ടായി. ക്രിസ്തുമതത്തിൻെറ പ്രാരംഭകാലത്തു് "രക്ഷയ്ക്കു് അടിസ്ഥാനമായിരിക്കുന്നതു് വിശ്വാസമല്ല, ജ്ഞാനമത്രെ" എന്നു് യൂറോപ്പിലെ ഒരു ജനവിഭാഗം ശഠിക്കുവാൻ ഇടയായതു് ബുദ്ധമതോപദേശങ്ങൾ സ്വീകരിച്ചതിനാലത്രെ. കനിഷ്ക്കൻ ബുദ്ധമതത്തെ ഇൻഡ്യയിലെ രാജകീയ മതമാക്കിയതും പ്രസ്തുത പ്രചരണത്തിനു വളരെ സഹായകരമായിരുന്നു.

ബുദ്ധമതത്തിൻെറ രൂപാന്തരം. സ്ഥാപകൻെറ ജീവിതകാലത്തു് ബുദ്ധമതത്തിൽ വിഗ്രഹാരാധനയോ

പ്രാൎത്ഥനയോ ഉണ്ടായിരുന്നില്ല. സ്ഥാപകന്റെ മരണ ശേഷം ഭക്തിനിമിത്തം ജനങ്ങൾ അദ്ദേഹത്തെ ഈശ്വരനായി കരുതി, ക്രിസ്ത്വബ്ദാരംഭത്തിൽ ആരാധനയും തുടങ്ങി. ഈശ്വരവിശ്വാസം ഇല്ലാതിരുന്ന ആദ്യ ബുദ്ധമതത്തെ രക്ഷയ്ക്കുള്ള താണതരം മാൎഗ്ഗമെന്ന അൎത്ഥത്തിൽ "ഹീനായനം" എന്നും, ബുദ്ധനെ ഈശ്വരനായി ഗണിച്ച് അദ്ദേഹത്തോട് പ്രാൎത്ഥന നടത്തിവന്ന പരിഷ്കൃത ബുദ്ധമതത്തെ രക്ഷയ്ക്കുള്ള ഉയൎന്ന മാൎഗ്ഗമെന്ന അൎത്ഥത്തിൽ "മഹായനം" എന്നും പില്ക്കാലങ്ങളിൽ വിളിച്ചുവന്നു.

ബുദ്ധൻ എന്നൊരാൾ ജീവിച്ചിരുന്നില്ലെന്നും, ബുദ്ധമതം കപിലന്റെ തത്വജ്ഞാനത്തിന്മേൽ അടിസ്ഥാനപ്പെട്ട ഒരു മതമാണെന്നും ചില തത്വജ്ഞാനികൾ അഭിപ്രായപ്പെട്ടിട്ടുണ്ട്. ബുദ്ധന്റെ ജന്മസ്ഥലമായ കപിലവസ്തു തന്നെയും കപിലന്റെ വാസസ്ഥലമാണെന്നും, ബുദ്ധന്റെ മാതാവായ മായാദേവി കപിലന്റെ ഉപദേശങ്ങളിൽ കാണുന്ന മായ ആണെന്നും ഇവർ ശഠിക്കുന്നു. ബുദ്ധൻ എന്ന സംജ്ഞ തന്നെയും ഒരാളിന്റെ പേരിനെയല്ല, ബോധം ലഭിച്ചവൻ എന്ന അൎത്ഥത്തെ മാത്രമാണ് ധ്വനിപ്പിക്കുന്നതെന്നുമുള്ള അഭിപ്രായവും ഉണ്ടായിട്ടുണ്ട്. ഇതിന്റെ വാസ്തവം എങ്ങിനെയിരുന്നാലും ബുദ്ധമതം ഒരാൾ യാദൃശ്ചികമായി കണ്ടുപിടിച്ചതല്ലെന്ന് സമ്മതിച്ചേ തീരു. ബുദ്ധന്റെ ജീവിതവിശുദ്ധിയും ജനങ്ങൾക്കു അദ്ദേഹത്തിലുണ്ടായിരുന്ന ഭക്തിയും നിമിത്തം, ഈ സംശയത്തിനു പ്രചാരം സിദ്ധിച്ചിട്ടില്ല. ഹർഷൻ (ശീലാദിത്യൻ) എ. ഡി. ൬൩൪-ൽ ഒരു സഭവിളിച്ചുകൂട്ടി. ഹർഷസാമ്രാജ്യത്തിലുള്ള പണ്ഡിതരായ പല ബുദ്ധമതസന്യാസികളും, പല ബ്രാഹ്മണരും, ൨൧ സാമന്തരാജാക്ക

ന്മാരും ഇതിൽ ഹാജരായിരുന്നു. ഹിന്ദുമതവും ഈ സഭയിൽ വിഷയീഭവിച്ചിരുന്നതിനാൽ ബുദ്ധമത മഹായോഗമായി ഇതിനെ ഗണിക്കാറില്ല.

## ജൈനമതവും ബുദ്ധമതവും തമ്മിലുള്ള സാമ്യങ്ങൾ.

ഉത്ഭവത്തിലും സ്ഥാപകന്മാരുടെ ജീവിതഗതിയിലും ഈ മതങ്ങൾ തമ്മിൽ ഏതാനും സാമ്യങ്ങളുണ്ട്, മഗധയിൽ ബിംബിസാരന്റെയും അജാതശത്രുവിന്റെയും കാലത്തു ഇവ രണ്ടും ആവിർഭവിച്ചു. പൂർവ്വമതസ്ഥിതികളിൽനിന്നും സ്വതന്ത്രമായിട്ടല്ല ഇവ ഉത്ഭവിച്ചതു്. മഹാവീരന്റെയും ബുദ്ധന്റെയും ഉപദേശങ്ങൾ അവക്കു മുമ്പുള്ള മതോപദേഷ്ടാക്കളുടെ ഉപദേശങ്ങളിൽ അടിസ്ഥാനപ്പെട്ടിരുന്നു. ഉദ്ദേശം രണ്ടര ശതാബ്ദത്തിനു മുമ്പു് പരശ്വനാഥൻ സ്ഥാപിച്ചിരുന്ന ഒരു സന്യാസി സ്ഥാപനത്തെ പരിഷ്ക്കരിക്കുവാനായിരുന്നു മഹാവീരൻ ആദ്യം ശ്രമിച്ചതു്. ഗൌതമന്റെ ഉപദേശം ആരംഭിച്ചതു് ദേവദത്തന്റെ ആചാരങ്ങളെ പരിഷ്ക്കരിക്കുവാൻ ഉദ്ദേശിച്ചുമായിരുന്നു. രണ്ടു മതക്കാൎക്കും ഹിന്ദുമതത്തോടു് ഒരേ ഭാവം തന്നെയാണുണ്ടായിരുന്നതു്. രണ്ടു കൂട്ടരും വേദങ്ങളെ നിരസിക്കുകയും മൃഗയാഗത്തെ എതിൎക്കുകയും ചെയ്തിരുന്നു. ജാതിവ്യത്യാസത്തെ പാടേ മറിക്കുവാൻ പ്രത്യക്ഷമായ ഉദ്യമം ഇവർ ചെയ്തിരുന്നുമില്ല. സംസ്കൃത ഭാഷയിൽ രചിച്ചിരുന്ന വേദങ്ങളെ രണ്ടു മതക്കാരും നിരസിക്കുകയും, നാട്ടുഭാഷയിൽ എഴുതപ്പെട്ട വേദങ്ങളെ സ്വീകരിക്കുകയും ചെയ്തിരുന്നു.

## ജൈനമതവും ബുദ്ധമതവും തമ്മിലുള്ള വ്യത്യാസങ്ങൾ.

സ്ഥാപകന്മാരുടെ ജീവിതഗതിയിലും ഉപദേശങ്ങളുടെ ഏതാനും ഭാഗങ്ങളിലും കാണുന്ന സാമ്യങ്ങളാൽ, ബുദ്ധമതത്തിന്റെ ഒരു വകഭേദമായി മാത്രമേ ജൈനമതത്തെ ഗണിക്കേണ്ടതുള്ളു എന്നു ചില പ്രാചീനർ അഭിപ്രായപ്പെട്ടിട്ടുള്ളതു അടിസ്ഥാനരഹിതമത്രെ. ഹിന്ദുമതത്തോടുള്ള ബന്ധത്തിൽ ഈ മതങ്ങൾ തമ്മിൽ വളരെ വ്യത്യാസമുണ്ട്. ജൈനമതവും ഹിന്ദുമതവും തമ്മിൽ അടുത്ത ബന്ധമുള്ളതിനാൽ, ജൈനമതം ഹിന്ദുമതത്തിൽനിന്നും വേർപെട്ടതല്ലെന്നു സമർത്ഥിക്കാം. പല ജൈനരും ഹിന്ദുക്കളായി സ്വയമേവ ഗണിക്കുന്നുമുണ്ട്. പക്ഷെ ജൈനമതത്തിനു ഇൻഡ്യയ്ക്കു വെളിയിൽ പ്രചാരം സിദ്ധിക്കാതെയിരുന്നതിനു കാരണവും ഇതുതന്നെയാണു്. എന്നാൽ ബുദ്ധമതം സ്വാതന്ത്ര്യവും പ്രചരണോന്മേഷവും ഉള്ള മതമാകയാൽ, ഇൻഡ്യയിലും ഇതരരാജ്യങ്ങളിലും പ്രചരിക്കുവാനിടയായി. ഇരുമതക്കാരുടേയും ഉപദേശസംഹിതയിൽ തന്നെയും വളരെ വ്യത്യാസമുണ്ട് ബുദ്ധമതക്കാർ സന്യാസിമാൎക്കു പ്രാധാന്യം കല്പിച്ചിട്ടുണ്ട്. ബുദ്ധമതപ്രചരണം സാധിച്ചതും ഇവർ മുഖാന്തിരമാണു്. ജൈനൎക്കു പുരോഹിതന്മാർ ഉണ്ടായിരുന്നില്ല. ഹിന്ദുമതവും ജൈനമതവും ദുഃഖസമ്മിശ്രമായിരുന്നു. പ്രത്യുത ബുദ്ധമതം സന്തോഷ സമ്മിശ്രമായിരുന്നു.

## ബുദ്ധമത പ്രചാരത്തിനുള്ള കാരണങ്ങൾ.

ബുദ്ധമതം ആവിർഭവിച്ച കാലത്തു് ഇൻഡ്യയിലെ മതസംബന്ധവും തത്വജ്ഞാനപരവുമായ പരിതസ്ഥിതി

കരം അതിൻെറ പ്രചാരത്തിനനുകൂലമായിരുന്നു. ഒരു സത്യസന്യാസി എന്ന നിലയിൽ സ്വയം ത്യജിച്ചു് മതോപദേശത്തിനു് പുറപ്പെട്ട ബുദ്ധമുനിക്കു് തൻെറ ശ്രോതാക്കളെ അപഹൃതചിത്തവൃത്തികളാക്കിത്തീൎക്കുവാൻ പ്രയാസമില്ലായിരുന്നു. യാഗാദി കൎമ്മാനുഷ്ഠാനങ്ങളാൽ മാത്രമേ മോക്ഷം സിദ്ധിക്കയുള്ളു. എന്ന ബ്രാഹ്മണരുടെ ശുഷ്കമായ ഉപദേശത്തെക്കാരം, വളരെ വ്യത്യാസമായ രീതിയിൽ സാമാന്യജനങ്ങരംക്കു സ്വീകരിക്കുവാനും പ്രയോഗിക്കുവാനും സുകരമായ ഉപദേശങ്ങരം ഉണ്ടായിരുന്നതുതന്നെ ബുദ്ധമതത്തിൻെറ അഭിവൃദ്ധിക്കു പ്രധാന കാരണമായിരുന്നു. മഹാവീരനെപ്പോലെ ബുദ്ധമുനിയും തൻെറ മതോപദേശങ്ങരം ഓരോ സ്ഥലത്തുമുള്ള ജനങ്ങളുടെ മാതൃഭാഷയിൽ പ്രസംഗിച്ചതു ബ്രാഹ്മണർ സംസ്കൃതഭാഷയിൽ ചെയ്തു ഉപദേശ രീതിയേക്കാരം മതപ്രചരണത്തിനു് കൂടുതൽ സൌകൎയ്യപ്രദമായിരുന്നു. ജാതിവ്യത്യാസത്തിൻെറ ദോഷഫലങ്ങരം, നിശ്ചിത അതിൎത്തികരം ഇവയിൽ നിന്നും രക്ഷാമാൎഗ്ഗമായുണ്ടായ ഒരു പുതിയ വാതിലായി ബുദ്ധമതത്തെ ജനങ്ങരം സ്വീകരിച്ചുവന്നു. ബുദ്ധമത സന്യാസാശ്രമ രീതി ജാതിവ്യത്യാസത്തെ അവഗണിക്കുകയും, ജീവിതവിശുദ്ധിമൂലം ഉണ്ടാകുന്ന മോക്ഷസിദ്ധി എന്ന സ്വാതന്ത്ര്യം വ്യത്യസ്തമെന്യേ എല്ലാവൎക്കും പ്രാപിക്കാവുന്നതാണെന്നു ബുദ്ധമുനി ഉപദേശിക്കുകയും ചെയ്തതു് ജാതിവ്യത്യാസത്തെ പാടേ മറിച്ചു കളയുന്നതിനു സഹായകരമായിരിക്കയാൽ, ജനസാമാന്യത്തിനു ഹിതകരമായിരുന്നു. മഗധരാജ്യം പ്രബലപ്പെട്ടു ഇൻഡ്യയിലെ ഏകഛത്രാധിപത്യം വഹിക്കുകയും, അശോകൻ, കനിഷ്കൻ ആദിയായ സാമ്രാട്ടുകരം പ്രസ്തുത മതം സ്വീകരിക്കുകയും അതിനെ സംരക്ഷിക്കുകയും ചെയ്കയാൽ, ബുദ്ധമതത്തിനുകൂടുതൽഅഭിവൃദ്ധിയുണ്ടായി. ഹിന്ദുമത തത്വങ്ങളെ

പാടേ നിരാകരിച്ചില്ലായിരുന്നു ബുദ്ധമുനി തൻെറമതം സ്ഥാപിച്ചതു്. ഹിന്ദുമതത്തിൽനിന്നുള്ള ഒരു നവീകരണമെന്നല്ലാതെ, ഒരു വിപ്ലവമായി ബുദ്ധമതസ്ഥാപനത്തെ ഗണിക്കുവാനും പാടില്ല. തൻെറ നവീനോപദേശങ്ങൾ പ്രദാനം ചെയ്തപ്പോൾ, ആര്യന്മാരുടെ മതത്തെ സംസ്ക്കരിക്കുകയായിരുന്നു എന്നു മാത്രമേ ബുദ്ധമുനി കരുതിയിരുന്നുള്ളു. ബുദ്ധമുനിക്കു പുനർജന്മത്തിൽ വിശ്വാസമുണ്ടായിരുന്നതുതന്നെ ഇതിനു ദൃഷ്ടാന്തമാണു്. സന്യാസാശ്രമങ്ങൾ യൂറോപ്പിൽ മാർപ്പാപ്പായുടെ ശക്തി നിലനിർത്തുവാൻ സഹായിച്ചതുപോലെ ഇൻഡ്യയിൽ ബുദ്ധമതത്തിൻെറ നിലനില്പിനേയും സഹായിക്കുകയുണ്ടായി. ചൈനാ, ജപ്പാൻ ആദിയായ പൌരസ്ത്യരാജ്യക്കാരുടെ മനസ്ഥിതിക്കു് മതപരമായും തത്വജ്ഞാനപരമായും ബുദ്ധമതം അനുയോജ്യമാകയാൽ; ഇൻഡ്യയിൽ അതു ക്ഷയിച്ചു തുടങ്ങിയപ്പോൾ വിദേശങ്ങളിൽ ശക്തിപ്പെടുന്നതിനിടയായി.

ബുദ്ധമതക്ഷയത്തിനുള്ള കാരണങ്ങൾ. ബുദ്ധമതോപദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടു് പൌരാണിക ഹിന്ദുമതം പ്രബലപ്പെട്ടതോടുകൂടി, ബുദ്ധമതം ക്ഷയിക്കുന്നതിനിടയായി. ക്രമേണ പല അന്ധവിശ്വാസങ്ങൾ കടന്നുകൂടുകയാൽ ബുദ്ധമതത്തിനു ആദികാലത്തുണ്ടായിരുന്ന വിശുദ്ധിയും ചൈതന്യവും നഷ്ടപ്പെട്ടുപോയി. പുറമേ നിന്നുള്ള പീഡയും ബുദ്ധമതക്ഷയത്തിനു കാരണമായിരുന്നു. ശൈവവിശ്വാസിയായിരുന്ന മിഹിരഗുലൻ ബുദ്ധമതക്കാരെ പല വിധത്തിൽ ഉപദ്രവിച്ചു. പശ്ചിമ ബംഗാളിലെ രാജാവായ ശശാങ്കൻ ബൗദ്ധരുടെ പല ആശ്രമങ്ങളും വിശുദ്ധസ്ഥലങ്ങളും നശിപ്പിച്ചു. ൧൨-ാം ശതകത്തിൽ ബംഗാൾ അധികാരിയായിരുന്ന മഹമ്മദു് ബാക്ടിയാർ ബംഗാളിലെ ബൗദ്ധരാജവംശം നശിപ്പിക്കുകയുണ്ടായി.

എന്നാൽ ബുദ്ധമതക്ഷയത്തിനിടയാക്കിയ പ്രധാനകാരണം പ്രസ്തുത മതത്തിൻ്റുള്ളിൽ തന്നെയുണ്ടായിരുന്നു. ക്രമാഭിവൃദ്ധി പ്രാപിച്ചുവന്ന ബ്രാഹ്മണമതത്തോടു തുല്യമായ സന്മാർഗ്ഗനിഷ്ഠ കാലക്രമത്തിൽ ബുദ്ധമതത്തിനു നഷ്ടപ്പെട്ടുപോയി. ഇതിനുംപുറമേ ജനസാമാന്യത്തിൻ്റെ തല്ക്കാല വിശ്വാസ രീതിയോടു അനുകൂലിച്ചു പോകുവാൻ ബുദ്ധമതത്തിനു സാധിക്കാതെ വരികയാൽ, ആ മതം ക്ഷയിക്കാതെ ഗത്യന്തരമില്ലായിരുന്നു.

## ചോദ്യങ്ങളും അഭ്യാസങ്ങളും

1. നവീന മതങ്ങളുടെ ആവിർഭാവത്തെ അനുകൂലിച്ച പരിതഃസ്ഥിതികൾ ഏവ?
2. ജൈനമതസ്ഥാപകൻ ആരു്? അദ്ദേഹത്തിൻ്റെ പ്രധാന ഉപദേശങ്ങൾ ഏവ? ജൈനമതം അഭിവൃദ്ധിപ്രാപിക്കാതിരുന്നതെന്തുകൊണ്ടു്?
3. ബുദ്ധമതോപദേശങ്ങൾ സംക്ഷേപിച്ചെഴുതുക.
4. ബുദ്ധമത പ്രചരണത്തിനുള്ള കാരണങ്ങൾ എന്തെല്ലാം?
5. ബുദ്ധമതക്ഷയത്തിനുള്ള കാരണങ്ങൾ ഏവ?

---

## അദ്ധ്യായം ൰.

# അലക്സാണ്ഡരുടെ ഇൻഡ്യാ ആക്രമണം (൩൨൭—൩൨൫ ബി. സി.)

**ബി. സി. ൪-ാം ശതകത്തിലെ ഇൻഡ്യാ.** ഇക്കാലത്തെ ചരിത്രത്തിൻ അടിസ്ഥാനമായിട്ടുള്ളതു് ജാതകങ്ങൾ' അഥവാ രാജാക്കന്മാരുടെ വംശാവലി ഉൾപ്പെട്ട

ത്തിയിട്ടുള്ള ബുദ്ധമത കഥകളാണു്. ഇവയുടെ കാലം രേഖപ്പെടുത്തിയിട്ടില്ലെങ്കിലും, അലക്സാണ്ഡരുടെ ആക്രമണകാലം സമീപിച്ചുള്ള വിവരങ്ങൾ ഇവയിൽ കാണുന്നുണ്ടു്. തക്ഷശില ഇക്കാലത്തു ഹിന്ദുക്കളുടെ പ്രധാന വിദ്യാഭ്യാസകേന്ദ്രമായിരുന്നു. ബുദ്ധമതം ഇക്കാലത്ത് അഭിവൃദ്ധിയിലിരുന്നു.

നന്ദരാജവംശം (൩൭൦—൩൨൨ ബി. സി.)

ഉദ്ദേശം ബി. സി. ൩൭൦-ൽ മഹാപത്മനന്ദൻ നന്ദരാജവംശം സ്ഥാപിച്ചു് മഗധയിൽ ഭരണം തുടങ്ങി. ഈ വംശത്തിൽ ഒൻപതു രാജാക്കന്മാർ (നവ നന്ദന്മാർ) ഉണ്ടായിരുന്നു. നന്ദന്മാരുടെ ഭരണകാലത്തായിരുന്നു അലക്സാണ്ഡർ മഹാൻ ഇൻഡ്യയെ ആക്രമിച്ചതു്.

## ഗ്രീക്കു ആക്രമണം (൩൨൭—൩൨൫ ബി.സി.)

അലക്സാണ്ഡരുടെ ഇൻഡ്യാ ആക്രമണം. പുരാതന പരിഷ്കാരകേന്ദ്രമായ ഗ്രീസിൽ മാസിഡോണിയായിലെ രാജാവായിരുന്ന അലക്സാണ്ഡർ മഹാൻ ബി. സി. ൩൨൭-ൽ ഇൻഡ്യയുടെ വടക്കുപടിഞ്ഞാറു ഭാഗങ്ങൾ ആക്രമിച്ചു. ഈ സംഭവം പ്രാചീന ഇൻഡ്യാചരിത്രകാലം നിർണ്ണയിക്കുന്നതിനു സഹായമായിരിക്കുന്നു. ഏകദേശം രണ്ടു വർഷം മാത്രമേ വടക്കുപടിഞ്ഞാറെ ഇൻഡ്യയിൽ അലക്സാണ്ഡർ വസിച്ചുള്ളു. എങ്കിലും അദ്ദേഹത്തോടുകൂടെ വന്നിരുന്ന ചരിത്രകാരന്മാർ പരിഷ്കൃതഗ്രീസിലെ രീതിയനുസരിച്ചു് ഇൻഡ്യയുടെ തൽക്കാലസ്ഥിതി രേഖപ്പെടുത്തിയിട്ടുള്ളതു് ഇൻഡ്യാചരിത്രനിർമ്മിതിയിൽ വളരെ സഹായകരമായിരിക്കുന്നു. ആര്യൻ, കർട്ടിയസ് ഇവരുടെ എഴുത്തുകൾ ഈ രേഖകളിൽ പ്രധാനപ്പെട്ടവയാണു്.

ഇക്കാലത്തു് വടക്കുപടിഞ്ഞാറെ ഇൻഡ്യയിലുണ്ടായിരുന്ന അനേകം ചെറിയ രാജ്യങ്ങളും സ്വാതന്ത്ര്യവാദികളും പരസ്പരം സ്പർദ്ധാലുക്കളായി സഹകരിക്കാതെയിരുന്നു. പഞ്ചാബിലും സിൻഡിലും വസിച്ചിരുന്ന ജനങ്ങൾ യുദ്ധസാമത്ഥ്യം പ്രദർശിപ്പിച്ചിരുന്നു. ഫലപുഷ്ടിയും ജനബാഹുല്യവും സൈന്യബലവുമുള്ള ഈ പ്രദേശത്തെ ആക്രമിക്കുക ക്ഷിപ്രസാദ്ധ്യമായിരുന്നുമില്ല.

ഗാഗമലയുദ്ധത്തിൽ ഡറയസ് മൂന്നാമനെ തോല്പിച്ചതോടുകൂടി പേർഷ്യാസാമ്രാജ്യത്തിന്റെ നാമധേയാധിപതിയായി മാത്രം തീൎന്ന അലക്സാണ്ഡർ, യുദ്ധസാമത്ഥ്യം പ്രദർശിപ്പിക്കുന്നതിനും, വിസ്തൃതമായ പേർഷ്യാസാമ്രാജ്യം മുഴുവനെയും ഇൻഡ്യൻപ്രോവിൻസിനെ പ്രത്യേകവും ആക്രമിച്ച് കൈവശപ്പെടുത്തി സാമ്രാജ്യത്തെ ഉറപ്പിക്കുന്നതിനും ഉദ്ദേശിച്ചു്, ബി. സി. ൩൨൭-ൽ പേർഷ്യയിൽനിന്നും ഇൻഡ്യയിലേക്കു പുറപ്പെട്ടു. ഇപ്പോഴത്തെ ജലാലബാദിനു പടിഞ്ഞാറുള്ള നിക്കയാ എന്ന സ്ഥലത്തുനിന്നും അലക്സാണ്ഡറിന്റെ സൈന്യാധിപന്മാരിൽ ഒരുവനായ ഹിഫെയിസ്റ്റൻ ബി. സി- ൩൨൭-ൽ സൈന്യത്തിന്റെ ഒരു വിഭാഗത്തെ നയിച്ചുകൊണ്ടു കാബൂൾ നദീതീരത്തിൽ കൂടി മുമ്പോട്ടു ഗമിച്ചു. തത്സമയം അലക്സാണ്ഡർ കാബൂൾ നദിക്കു വടക്കുവശത്തു പർവ്വതപ്രദേശങ്ങളിൽ കൂടി മുമ്പിൽ പുറപ്പെട്ടസൈന്യത്തെ സംരക്ഷിച്ചുകൊണ്ടും യാത്രചെയ്തു.

ബി. സി. ൩൨൬-ൽ അലക്സാണ്ഡർ ഹിഫെയിസ്റ്റന്റെ സൈന്യത്തോടു ചേൎന്നു്, ഇപ്പോഴത്തെ അട്ടക്ക് പട്ടണത്തിനു ൧൬ മൈൽ മുകളിലായി ഓഹിൻഡ് എന്ന സ്ഥലത്തു സിന്ധുനദി കടന്നു. ഇപ്പോഴത്തെ റാവൽപിൻഡിക്കു വടക്കുപടിഞ്ഞാറുള്ള തക്ഷശിലയിലെ വർഗ്ഗക്കാർ, അലക്സാണ്ഡർ അവരുടെ ദേശത്തെത്തുന്ന

തിന്നു മുമ്പുതന്നെ അദ്ദേഹത്തിന്റെ കീഴ്പ്പെട്ടു. ഝലം നദീതിരത്തിൽ വച്ചുണ്ടായ യുദ്ധത്തിൽ പോറസ് എന്നൊരു രാജാവിനെ അലക്സാണ്ഡർ തോല്പിച്ചു. എന്നാൽ തന്റെ കീഴിൽ ഒരു സാമന്തരാജാവെന്ന നിലയിൽ ഭരിച്ചുകൊള്ളുവാനനുവദിച്ച് അലക്സാണ്ഡർ പോറസിന്റെ രാജ്യം തിരിച്ചുകൊടുത്തു. ഇതിന്റെശേഷം അലക്സാണ്ഡർ ചിനാബ് നദി കടന്ന് പോറസ് എന്ന പേരായ വേറൊരു രാജാവിന്റെ രാജ്യത്തെത്തി. അലക്സാണ്ഡർ വരുന്നെന്നുകേട്ട് ഈ രാജാവു ഓടിപ്പോകയും, അലക്സാണ്ഡർ രാവി നദിമാർഗ്ഗം കുറേ ദൂരം പിൻതുടരുകയും ചെയ്തു. ഈ സമയം ഉത്തര ഇൻഡ്യയിൽ പ്രതാപത്തിലിരുന്ന മഗധരാജ്യത്തിന്റെ ധനസമൃദ്ധിയേപ്പററി കേൾക്കയാൽ, അവിടേക്കു തന്റെ ദൃഷ്ടി പതിച്ചുകൊണ്ടു് അലക്സാണ്ഡർ സൈന്യസമേതം ബിയസ് നദീതിരത്തെത്തി; നദി തരണം ചെയ്യുന്നതിന് ശ്രമിച്ചപ്പോൾ, ദീർഘകാലത്തെ വേർപാടിന്റെശേഷം സ്വഭവനങ്ങളിലേക്കു് തിരിച്ചുപോകണമെന്നുള്ളതിനാൽ അപ്പുറം കടക്കുവാൻ നിർബന്ധിക്കരുതെന്നു് ഭടന്മാർ അപേക്ഷിച്ചതനുസരിച്ച് അദ്ദേഹം നിരാശയോടുകൂടി പിൻതിരിയുകയാണു് ചെയ്തതു്. ഝലംനദീതീരത്തിൽ തിരിച്ചെത്തിയ ശേഷം സൈന്യത്തിന്റെ ഒരു വിഭാഗം നദീമാർഗ്ഗം താഴെയോട്ടും, ശേഷം സൈന്യം നദിയിൽക്കൂടി താഴെയോട്ടും, യാത്രചെയ്യുന്ന സൈന്യത്തെ സംരക്ഷിച്ചുകൊണ്ടു നദിയുടെ ഇരുകരയിൽ കൂടെയും യാത്ര തുടൎന്നു് പാട്യാലാ പട്ടണത്തിൽ വന്നുചേൎന്നു. ഇൻഡസ് ഡൽററായിൽ കുറെ താമസിച്ചശേഷം ഗഡ്റോഷ്യാമാർഗ്ഗം അലക്സാണ്ഡർ ശ്രൂശൻപട്ടണത്തിൽ എത്തി. ഈ സമയം കൊണ്ടു നാവികസൈന്യാധിപനായ നീയാക്കസ് പേർഷ്യൻ ഉൾക്കടലിൽക്കൂടി യാത്രചെയ്തു യൂഫ്രട്ടീസ് നദീമുഖ

ത്തിൽ എത്തുകയും ചെയ്തു. ബി. സി. ൩൨൩-ൽ അലക്സാണ്ഡർമഹാൻ തന്റെ ൩൩-ാം വയസ്സിൽ ബാബിലോണിൽവച്ചു മരിച്ചു.

ബി. സി. ൩൨൫-ൽ ഇൻഡ്യാ വിട്ടുപോകുന്നതിനു മുമ്പ് താൻ ആക്രമിച്ച പ്രദേശങ്ങളെ ഭരിക്കുവാൻ വേണ്ട ഏർപ്പാടുകൾ അലക്സാണ്ഡർ ചെയ്തിരുന്നു. സാമ്രാജ്യത്തെ സംസ്ഥാനങ്ങളായി വിഭജിച്ച് അവയെ ഭരിക്കുവാൻ സത്രപന്മാരെ നിയമിച്ചു. പേർഷ്യയിലെ സംസ്ഥാനങ്ങളുടെ ഭരണത്തിനായി ഗ്രീക്കുകാരെയൊ പേർഷ്യരെത്തന്നെയൊ നിയമിച്ചിരുന്നു. എന്നാൽ ഇൻഡ്യയിൽ മിക്കവാറും ഇൻഡ്യാക്കാരെയാണ് നിയമിച്ചിരുന്നതു്. ആക്രമിച്ച ഓരോ രാജ്യവും ഭരിക്കുവാൻ സാമന്തനെന്ന നിലയിൽ ആ രാജ്യത്തെ രാജവംശത്തിൽ നിന്നു തന്നെ ഒരാളിനെ നിയമിക്കുന്നതു ഉചിതമായിരിക്കുമെന്നുള്ള മനുവിന്റെ അഭിപ്രായമനുസരിച്ചെന്നപോലെ, അലക്സാണ്ഡരുടെ കാലത്തും ചെയ്തുവെന്നേയുള്ളു. ഝലം, ബിയസ് ഈ നദികൾക്കു മദ്ധ്യേയുള്ള സംസ്ഥാനം ഭരിക്കുവാൻ തക്ഷശിലയിലെ രാജാവായ ആംഭി, ഇൻഡസിനു പടിഞ്ഞാറു ഭാഗം ഭരിക്കുവാൻ ഫിലിപ്പോസ് എന്നൊരു ഗ്രീക്കുകാരൻ, സിന്ധു ഡെൽററാ ഭരിക്കുവാൻ പിതൺ, എന്നിവരെ സത്രപന്മാരായി അദ്ദേഹം നിയമിച്ചു. ഇപ്രകാരം എല്ലാക്കാലത്തും ഉണ്ടായിട്ടുള്ള വിദേശീയ ആക്രമണങ്ങൾക്കു ശേഷംപോലും ഇൻഡ്യയുടെ പ്രാദേശിക ഭരണത്തിൽ യാതൊരു ഗതിഭേദവും ഉണ്ടായിട്ടില്ല. ഭരണകർത്താക്കൾ ചക്രവർത്തിസ്ഥാനംകൊണ്ടു തൃപ്തിപ്പെട്ടതിനാൽ ജനങ്ങളുടെ ജീവിതരീതി, പ്രാദേശിക ഭരണം എന്നീകാര്യങ്ങളിൽ ഇടപെട്ടില്ല. യുദ്ധാവക കാര്യങ്ങൾ ഒരു പ്രത്യേക ഡിപ്പാർട്ടുമെന്റിനു വേർതിരിച്ചതു പോലെ ജനങ്ങളിൽ ഏതാനും വിഭാഗക്കാർ ഈ ജോലി

യിൽ പ്രത്യേകം ഏല്പെട്ടിരുന്നു. ഈ കാരണംകൊണ്ടു തന്നെയാണു് ഇൻഡ്യയിലെ സാഹിത്യം, ഭരണരീതി, ജീവിതരീതി ആദിയായ കാര്യങ്ങളിൽ അലക്സാണ്ഡ രുടെ ആക്രമണം നിമിത്തം വലിയ ഫലമൊന്നും ഉണ്ടാ കാതെയിരുന്നതു്. അലക്സാണ്ഡർ പേർഷ്യയിൽ എത്തു ന്നതിനു മുമ്പുതന്നെ സത്രപനായ ഫിലിപ്പോസ് വധിക്ക പ്പെട്ടു എന്നു അറിവു കിട്ടി. ബാബിലോണിൽവെച്ചു് അലക്സാണ്ഡർ മരിച്ചുവെന്നു കേട്ടപ്പോൾ ഇൻഡ്യയിൽ ഒരു സ്വദേശി ലഹള ഉത്ഭവിക്കയും, ഒരു കൊല്ലത്തിനകം മാസിഡോണിയൻ ആധിപത്യം നിശ്ശേഷം നശിക്കയും ചെയ്തു. ഈ വിധം നഷ്ടപ്പെട്ട ഇൻഡ്യൻ പ്രദേശങ്ങളെ വീണ്ടും ആക്രമിക്കുന്നതിനായി സെലൂക്കസ് നിക്കേററർ ബി. സി. ൩൦൫-ൽ ചെയ്ത ശ്രമവും നിഷ്ഫലമായി. ഇക്കാലത്തോടുകൂടി വടക്കുപടിഞ്ഞാറെ ഇൻഡ്യയിലുള്ള എല്ലാ രാജ്യങ്ങളും, വിശിഷ്യ അലക്സാണ്ഡർ സ്ഥാപി ച്ചിരുന്ന പാളയസ്ഥലങ്ങളും ചന്ദ്രഗുപ്തന്റെ അധീനപ്പെടു കയാണുണ്ടായതു്.

ഗ്രീക്കു ആക്രമണത്തിന്റെ സ്വഭാവവും ഫലവും, ഇൻഡ്യയ്ക്കുണ്ടായ നഷ്ടവും. (അലക്സാണ്ഡർ ഇൻഡ്യ യിൽ വസിച്ച ൧൯ മാസം അദ്ദേഹത്തിന്റെ സൈന്യ ങ്ങൾ സഞ്ചരിച്ച എല്ലാടിടത്തും വധവും കവർച്ചയും അവ ർണ്ണനീയമായ വിധത്തിൽ നടത്തിയിരുന്നു.) (അലക്സാണ്ഡ റിനു് ഒരു യുദ്ധവിജയം ലഭിച്ചു എന്നല്ലാതെ അദ്ദേഹ ത്തിന്റെ ആക്രമണം നിമിത്തം സ്ഥായിയായ ഗുണങ്ങ ളൊന്നും ഉണ്ടായിട്ടില്ല. ഈ യോദ്ധാവിന്റെ വിജയം കൊണ്ടുണ്ടായിട്ടുള്ള കഷ്ടാരിഷ്ടതകൾക്കു തുല്യമായ യാതൊരു ഫലവും ഇൻഡ്യക്കു സിദ്ധിച്ചിട്ടുമില്ല. ഇൻ ഡ്യയിൽനിന്നു കൊള്ളചെയ്തുകൊണ്ടുപോയ ധനമെല്ലാം

ഗഡ്രോഷ്യാ മരുഭൂമിയിൽ വെച്ചു നഷ്ടപ്പെടുകയുംചെയ്തു. അലക്സാണ്ഡർ കൂടുതൽ കാലം ജീവിച്ചിരുന്നുവെങ്കിൽ ഗ്രീക്കുപരിഷ്ക്കാരം വടക്കുപടിഞ്ഞാറെ ഇൻഡ്യയിലെങ്കിലും പ്രയോഗത്തിൽ വരികയും, ഇൻഡ്യാ ചരിത്രത്തിൽ വല്ല ഭേദഗതിയും ഉണ്ടാകയും ചെയ്യുമായിരുന്നു. അദ്ദേഹത്തിൻെറ അകാലവിയോഗം നിമിത്തം യുദ്ധവിജയങ്ങളെല്ലാം ഫലശൂന്യങ്ങളായി അവസാനിച്ചു. വടക്കുപടിഞ്ഞാറെ ഇൻഡ്യയിൽ സ്ഥാപിതമായിരുന്ന ഗ്രീക്കോബാക്ട്രിയൻ ആധിപത്യം ബി. സി. ൧-ാം ശതാബ്ദത്തിൽ തന്നെ സമാപിച്ചില്ലായിരുന്നെങ്കിൽ, സ്ഥിരമായ ഏതാനും ഫലങ്ങൾ ഉണ്ടാകുമായിരുന്നു. പെട്ടെന്നു മറിച്ചുകളവാൻ സാധിക്കാത്തവണ്ണം പ്രാചീന ഇൻഡ്യയിലെ ഭരണസമ്പ്രദായങ്ങൾക്കു സ്ഥിരതയുണ്ടായിരുന്നു. അലക്സാണ്ഡർ മരിച്ചു രണ്ടു വർഷത്തിനുള്ളിൽ അദ്ദേഹത്തിൻെറ പിൻഗാമികൾ ഇൻഡ്യ വിട്ടുപോയി. അലക്സാണ്ഡരുടെ ആക്രമണത്താലും വടക്കുപടിഞ്ഞാറെ അതിർത്തിയിലെ ഇൻഡോഗ്രീക്കുഭരണത്താലും ഇൻഡ്യയ്ക്കുണ്ടായിട്ടുള്ള ഫലങ്ങൾ അപരിമിതമത്രേ" എന്നു യൂറോപ്യൻ ചരിത്രകാരന്മാർ ഒരുപോലെ ഘോഷിക്കുന്നതു് അത്രവാസ്തവമല്ല. കാരണം "നിബിഡാന്ധകാരത്തിൽ ആവിർഭവിച്ചു് പെട്ടെന്നു് അപ്രത്യക്ഷമാകുന്ന കൊള്ളിമീനിൻെറസ്ഥാനം മാത്രമാണു് ഇൻഡ്യാചരിത്രത്തിൽ അലക്സാണ്ഡറിനുള്ളതു്."

ഇൻഡ്യയ്ക്കുണ്ടായിട്ടുള്ള ഗുണങ്ങൾ:— ഗ്രീക്കുകാരുടെ ആധിപത്യത്തിൻെറ ലക്ഷ്യമായി ഗ്രീക്കു രീതിയിലുള്ള ഏതാനും നാണയങ്ങൾ മാത്രമേ കാണുന്നുള്ളു. പൌരസ്ത്യദേശത്തിൻെറ സ്വഭാവം ആഡംബരരഹിതമാകയാൽ പുറമേ നിന്നും വലിയ സ്വാധീനം പ്രയോഗിക്കുക പ്രയാസമായിരുന്നു. എങ്കിലും അലക്സാണ്ഡർ വെറും ആക്ര

മണം മാത്രമേ നടത്തിയിരുന്നുള്ളു എന്നു പറയുന്നതു ശരിയല്ല. (പഞ്ചാബിൽ വാണിജ്യസൌകൎയ്യം വൎദ്ധിപ്പിക്കുന്നതിനു ഇൻഡസിൻെറ കരകളിൽ ബ്യൂസിഫാല, പട്യാല, ഝലം നദിയുടെ കരയിൽ നിക്കയ ആദിയായി പല വാണിജ്യ ഡിപ്പോകൾ ഇദ്ദേഹം സ്ഥാപിക്കുകയും, ഇൻഡസ് ഡൽററായിൽ ഭൂമിശാസ്ത്രസംബന്ധമായ പല കാൎയ്യങ്ങൾ കണ്ടുപിടിക്കുകയും ചെയ്തു.) അലക്സാണ്ഡരുടെ ആക്രമണം നിമിത്തം ഇൻഡ്യയ്ക്കുണ്ടായിട്ടുള്ള പ്രത്യക്ഷഗുണങ്ങൾ തുച്ഛമാണെങ്കിലും, ഇൻഡ്യയ്ക്കു ഇതു നിമിത്തം ഏതാനും പ്രത്യേക ഗുണങ്ങൾ ഉണ്ടായിട്ടുണ്ടു്. പാശ്ചാത്യപൌരസ്ത്യദേശങ്ങൾ തമ്മിലുള്ള വേർപാടു മാറുകയും, കരമാൎഗ്ഗം മൂന്നും കരമാൎഗ്ഗം ഒന്നും ഗതാഗതമാൎഗ്ഗങ്ങൾ ഉണ്ടാകയും ചെയ്തതോടുകൂടി പല ഫലങ്ങളുണ്ടായി. ഇക്കാലം മുതൽ ഇൻഡ്യയും യൂറോപ്പും തമ്മിലുള്ള അറിവു് അപരിമിതമായി വൎദ്ധിക്കുകയും, പരസ്പരം ആശയങ്ങൾ വിനിമയം ചെയ്വാൻ സാധിക്കുകയുംചെയ്തു. ബി. സി. ൩-ാം ശതാബ്ദത്തിൻെറ മദ്ധ്യകാലത്തു ഗ്രീക്കോബാക്ട്രിയൻ രാജ്യം സ്ഥാപിതമായതോടുകൂടി ഗ്രീക്കുരാജാക്കന്മാർ ഇൻഡ്യയുടെ ഏതാനും പ്രദേശങ്ങൾ കൈവശപ്പെടുത്തി ഭരണം ആരംഭിച്ചു. ഇതുനിമിത്തം വാണിജ്യം പൂൎവ്വാധികം വൎദ്ധിക്കുവാനിടയായി. ഇൻഡ്യയിലെയും ഗ്രീസിലെയും കലാസാഹിത്യങ്ങൾ അവയുടെ വിശേഷഗുണങ്ങളെ അന്യോന്യം വിനിമയം ചെയ്യുന്നതിനും ഇതു നിമിത്തം ഇടയായിട്ടുണ്ടു്. ബുദ്ധമതത്തിൽ വിഗ്രഹാരാധനയും ഉപദേശസംബന്ധമായ മറേറതാനും ഭേദഗതികളും കടന്നുകൂടിയതു് ഗ്രീക്കുസമ്പൎക്കത്താലാണു്. ഗ്രീക്കു് ആക്രമണം നിമിത്തം ഏവംവിധങ്ങളായ ഏതാനും പരോക്ഷഫലങ്ങൾ ഉണ്ടായിട്ടുണ്ടെന്നല്ലാതെ, ഇൻഡ്യയിലെ ഭരണരീതി

യിലോ സാമൂഹികഘടനയിലോ യാതൊരു വ്യത്യാസവും ഉണ്ടായിട്ടില്ല. ജാതിഭേദം ഒട്ടുംതന്നെ ഇളകിയുമില്ല. യുദ്ധരീതി സംബന്ധിച്ചു് ഗ്രീക്കുകാരിൽനിന്നു് സാരമായ ഒന്നും തന്നെ ഇൻഡ്യാ സ്വീകരിച്ചിട്ടില്ല. ഇൻഡ്യയിലെ രാജാക്കന്മാർ പുരാതന രീതികളെ അനുകരിച്ചു് ആന, രഥം, പദാതി ആദിയായ വിഭാഗങ്ങളോടുകൂടിയ സൈന്യം കൊണ്ടു തൃപ്തിപ്പെട്ടിരുന്നു. അലക്സാണ്ഡർ കീഴ്പെടുത്തിയിരുന്ന ചില്ലറ രാജ്യങ്ങളും സ്വാതന്ത്ര്യവർഗ്ഗക്കാരും ക്രമേണ ക്ഷയിക്കുകയും, അവരെ തോല്പിച്ചു സാമ്രാജ്യം സ്ഥാപിക്കുന്നതു സുകരമായിത്തീരുകയും ചെയ്തു. ഒന്നാമത്തെ ഇൻഡ്യൻസാമ്രാജ്യം സ്ഥാപിച്ചു ഭരണരീതി ക്രമപ്പെടുത്തുവാൻ തക്ക ആദർശം ചന്ദ്രഗുപ്തമൌര്യനു ലഭിച്ചതു അലക്സാണ്ഡറിൽ നിന്നുമായിരുന്നു.

<u>പാശ്ചാത്യർക്കുണ്ടായിട്ടുള്ള ഗുണങ്ങൾ</u>:— പ്രസ്തുത ആക്രമണം നിമിത്തം പാശ്ചാത്യരും ഇൻഡ്യയിൽ നിന്നു പല കാര്യങ്ങൾ ഗ്രഹിച്ചിട്ടുണ്ടു്. ഇൻഡ്യയിലെ ജ്യോതിശ്ശാസ്ത്രം, കണക്കുശാസ്ത്രം ആദിയായ വിഷയങ്ങളിൽ ഗ്രീക്കുകാർക്കു വളരെ അറിവു ലഭിച്ചിട്ടുണ്ടു്. ക്രിസ്തുമതത്തിന്റെ ആദ്യകാലങ്ങളിൽ വിശ്വാസമല്ല, ജ്ഞാനം തന്നെ രക്ഷയ്ക്കു് അടിസ്ഥാനമായിരിക്കുന്നുവെന്നു് ശഠിച്ച ഒരു കൂട്ടർ യൂറോപ്പിൽ ഉണ്ടായതു് ബുദ്ധമതോപദേശങ്ങൾ സ്വീകരിച്ചതു നിമിത്തമാണു്. സന്യാസാശ്രമസ്ഥാപനവും പാശ്ചാത്യർ പൌരസ്ത്യരിൽ നിന്നും സ്വീകരിച്ചിട്ടുള്ളതാണു്. ഇൻഡ്യയിലെ തത്വജ്ഞാനം, മതം എന്നിവയെപ്പററിയുള്ള അറിവു് റോമാ സാമ്രാജ്യത്തിൽ കടന്നുകൂടിയതു് പൌരസ്ത്യ പാശ്ചാത്യദേശങ്ങൾ തമ്മിൽ അലക്സാണ്ഡരുടെ ആക്രമണത്താലുണ്ടായ ബന്ധം നിമിത്തമാണു്.

### ചോദ്യങ്ങളും അഭ്യാസങ്ങളും

1. അലക്സാണ്ഡർ മഹാൻ ആരു്? അദ്ദേഹം ഇൻഡ്യയെ ആക്രമിക്കുവാൻ ഇടയാക്കിയ സന്ദർഭം വിവരിക്കുക.
2. അലക്സാണ്ഡറുടെ ഇൻഡ്യാ ആക്രമണം വിവരിക്കുക.
3. ഈ ആക്രമണത്തിന്റെ ഫലങ്ങൾ ഏവ?
4. 3-ാംനമ്പർ ഇൻഡ്യാ ഭൂപടത്തിൽ അലക്സാണ്ഡറുടെ ഇൻഡ്യയിലേക്കുള്ള സഞ്ചാരമാർഗ്ഗം കാണുക.

---

## അദ്ധ്യായം ൭

# മഗധയും മൗര്യസാമ്രാജ്യവും.

---

## ഒന്നാമത്തെ ഇൻഡ്യൻ സാമ്രാജ്യം.
## (൩൨൨—൧൮൪ ബി. സി.)

മൗര്യവംശത്തിന്റെ ആവിർഭാവത്തോടുകൂടി ഇൻഡ്യാചരിത്രനിർമ്മിതിക്കു വളരെ സൗകര്യമുണ്ടായി. ഇൻഡ്യയിലെ നിസ്സാരരാജ്യങ്ങളെല്ലാം യോജിപ്പിച്ചുള്ള മൗര്യസാമ്രാജ്യ സ്ഥാപനത്താൽ ഇൻഡ്യയ്ക്കു അഭൂതപൂർവ്വവും ഉത്തമവും ആയ ഭരണപരിഷ്കാരവും, അശോകന്റെ പ്രയത്നഫലമായി ബുദ്ധമതത്തിനു പ്രചാരവും ലഭിച്ചു. അക്ബറിനുമുമ്പുള്ള എല്ലാ ഇൻഡ്യൻ ഭരണകർത്താക്കളെയും അപേക്ഷിച്ചു ചന്ദ്രഗുപ്തമൗര്യനെപ്പററി കൂടുതലായി അറിവാൻ ഇടയായിട്ടുണ്ടു്.

1

# ചന്ദ്രഗുപ്തമൗര്യൻ (൩൨൨—൨൯൮ ബി.സി)

ഇൻഡ്യയുടെ ചക്രവർത്തി എന്ന അഭിധാനം കല്പിക്കാവുന്ന ആദ്യത്തെ ചരിത്രപുരുഷൻ മൗര്യസാമ്രാജ്യസ്ഥാപകനായ ചന്ദ്രഗുപ്തൻ ആണ്. ഇദ്ദേഹത്തിന്റെ പുരോഗതിയിൽ മൂന്നു പ്രധാന ഘട്ടങ്ങൾ കാണുന്നു. അലക്സാണ്ഡരുടെ മരണശേഷം ഗ്രീക്കുകാരെ ഇൻഡ്യയിൽനിന്നും നിഷ്കാസനം ചെയ്വാൻ ചന്ദ്രഗുപ്തന്റെ നായകത്വത്തിൽ ഉത്ഭവിച്ച ദേശീയ ലഹളയായിരുന്നു ആദ്യപടി. നന്ദന്മാരെ സ്ഥാനഭ്രംശം ചെയ്തു്, ചന്ദ്രഗുപ്തന്റെ ആധിപത്യം സ്ഥാപിക്കുന്നതിനായി മഗധയിലു ഉത്ഭവിച്ച വിപ്ളവം രണ്ടാമത്തെ ഘട്ടമായിരുന്നു. ബി. സി. ൩൦൫-നും ൩൦൩-നും മദ്ധ്യേ സെല്യൂക്കസുമായുണ്ടായ യുദ്ധവും സമാധാന ഉടമ്പടിയും നിമിത്തം ചന്ദ്രഗുപ്തന്റെ സ്ഥാനം ഉറച്ചതായിരുന്നു മൂന്നാമത്തെ ഘട്ടം. പ്രസ്തുത ഉടമ്പടിയാൽ പാറപാനിസാദേയി (കാബൂൾ തലസ്ഥാനം), ആറിയാ (ഹീററു് തലസ്ഥാനം), ആരക്കോഷ്യാ (കാൻഡഹാർ തലസ്ഥാനം), ഗഡ്റോഷ്യാ (ആധുനിക ബലൂചിസ്ഥാൻ) എന്നീ പ്രദേശങ്ങൾ സെല്യൂക്കസ് ചന്ദ്രഗുപ്തനു് വിട്ടുകൊടുത്തു. ഇപ്രകാരം ബാക്ട്രിയായ്ക്കും അശോകന്റെ വകയായ ഹീററു്, കാബൂൾ സംസ്ഥാനങ്ങൾക്കും മദ്ധ്യേ ഹിന്ദുക്കുഷ് പർവ്വതം അതിർത്തിയായി ഭവിച്ചു. സെല്യൂക്കസിന്റെ ഒരു പുത്രിയെ ചന്ദ്രഗുപ്തൻ വിവാഹം ചെയ്കയും, ബി. സി ൩൦൨-ൽ ബാക്ട്രിയൻ സ്ഥാനാപതിയായി മെഗസ്തനീസിനെ പാടലീപുത്രത്തിൽ സ്വീക

രിക്കുകയും ചെയ്തു. ഇക്കാലത്തെ ചരിത്രത്തിനാധാരമായ പല രേഖകൾ മെഗസ്തനീസിൽ നിന്നും ലഭിച്ചിട്ടുണ്ട്.




ചിത്രം ൮. ഇൻഡ്യാ, ബി. സി. ൩൨൭-ഏ. ഡി. ൧൬൨.

(൧) ആര്യന്മാരുടെ രാജ്യങ്ങൾ.

(൨) അലക്സാണ്ടറുടെ യാത്രാമാർഗ്ഗം.

(൩) അശോകസാമ്രാജ്യം

(൪) കനിഷ്കസാമ്രാജ്യം.

വിസ്തൃതമായ ഒരു സാമ്രാജ്യവും തൽഭരണത്തിന്നാവശ്യമായ സ്ഥാപനങ്ങളുമായിരുന്നു മൌൎയ്യസാമ്രാജ്യസൌധത്തിൻ ചന്ദ്രഗുപ്തൻ സംഭാവന ചെയ്തതു്. അറേബ്യൻ കടൽ മുതൽ ബങ്കാൾ ഉൾക്കടൽ വരെയും പടിഞ്ഞാറു് ഹിന്ദുക്കുഷ് പൎവ്വതം വരെയും വിസ്തൃതമായിരുന്ന ഈ സാമ്രാജ്യത്തിൻെറ തലസ്ഥാനം പാടലീപുത്രം ആയിരുന്നു. ഭരണകാൎയ്യങ്ങൾ ചക്രവൎത്തി തന്നെ ശരിയായി നടത്തിവന്നിരുന്നതിനാൽ, സാമ്രാജ്യം കുറെകാലത്തേക്കു പ്രബലമായിരുന്നു. ഇത്ര വിപുലമായ ഒരു സാമ്രാജ്യം സമ്പാദിച്ചു ഭരണം നടത്തിവന്ന ചന്ദ്രഗുപ്തൻ അസാമാന്യ സാമൎത്ഥ്യമുള്ളവനായിരുന്നു എന്നതിനു രണ്ടു പക്ഷമുണ്ടാവാൻ തരമില്ല. വിദേശീയ ഭരണാധികാരത്തിൽ നിന്നും ചന്ദ്രഗുപ്തൻ ജനങ്ങളെ വിട്ടുവിച്ചു്, നിൎദ്ദയമായി ഭരിച്ചു. ചന്ദ്രഗുപ്തൻ ഒരു ജൈനനായിരുന്നു. രാജ്യഭരണം ഉപേക്ഷിച്ചു് അദ്ദേഹം നിരാഹാരവ്രതനായി ബി. സി. ൨൯൮-ൽ ചരമം പ്രാപിച്ചു.

<u>ബിന്ദുസാരൻ</u> (൨൯൮—൨൭൩ ബി. സി.). ബിന്ദുസാരൻെറ കാലത്തെ ചരിത്രത്തിന്നടിസ്ഥാനമായ രേഖകൾ അപൂൎവ്വമായിട്ടേ നമുക്കു ലഭിച്ചിട്ടുള്ളു. ചന്ദ്രഗുപ്തനു അധീനപ്പെട്ടിരുന്ന പ്രദേശങ്ങളും അശോകൻ ആക്രമിച്ചു കലിംഗവും കൂടാതെ, അശോകസാമ്രാജ്യത്തിലുൾപ്പെട്ടിരുന്ന ഡക്കാൺ ബിന്ദുസാരൻതന്നെ ആക്രമിച്ചു കൈവശപ്പെടുത്തിയതായി വിശ്വസിക്കുവാൻ ന്യായമുണ്ടു്. കത്തിയവാർ പ്രദേശം ആക്രമിച്ചതു ചന്ദ്രഗുപ്തനായിരുന്നു. ബാക്ട്രിയായിലെ രാജാവായ ആൻറിയോക്കസ് സോട്ടർ, സ്ഥാനാപതിയായി ഡിമാക്കസിനെ ബിന്ദുസാരൻെറ രാജധാനിയിലേക്കു് അയച്ചിരുന്നു. ഈജിപ്റ്റിൽ നിന്നും ഒരു സ്ഥാനാപതി ബിന്ദുസാരൻെറയോ അശോകൻെറയോ കാലത്തു പാടലീപുത്രത്തിൽ എത്തിയിരുന്നു.

## II

## മൗര്യസാമ്രാട്ടുകളുടെ ഭരണരീതി

നന്ദരാജാക്കന്മാരുടെ ഭരണത്തിന്മേലായിരുന്നു മൗര്യ ഭരണരീതി അടിസ്ഥാനപ്പെട്ടിരുന്നതു്. മഗധരാജ്യം ഒരു സാമ്രാജ്യമായി രൂപാന്തരീഭവിച്ചപ്പോൾ ഭരണരീതി പാടേ മറിക്കേണ്ട ആവശ്യമില്ലെന്നുഗ്രഹിച്ചു്, ചന്ദ്രഗുപ്തനും മന്ത്രിയായ ചാണക്യനുംകൂടി പ്രസ്തുത ഭരണരീതി പരിഷ്കരിക്കുക മാത്രമേ ചെയ്തുള്ളു. ചന്ദ്രഗുപ്തമൗര്യൻ ക്രമീകരിച്ചിരുന്ന ഭരണരീതിയെ അശോകൻ ഏതാനും ഭേദഗതികളോടു കൂടിപിന്തുടൎന്നു. മൗര്യരുടെ ഭരണരീതി സുസൂക്ഷ്മം പരിശോധിക്കുന്നപക്ഷം, നാലാം ശതാബ്ദത്തിന്റെ അവസാനത്തിൽ ഉത്തരഇൻഡ്യ സംസ്കാരാഭിവൃദ്ധി പ്രാപിച്ചിരുന്നതായി ഗ്രഹിക്കാവുന്നതാണു്. പ്രസ്തുത കാലത്തു് ആധുനിക രീതികൾക്കനുയോജ്യമായ ഭരണരീതിയുണ്ടായിരുന്നതും ആശ്ചൎയ്യാവഹം തന്നെ. ഭരണകാൎയ്യങ്ങൾക്കായി പ്രത്യേകം ഡിപ്പാർട്ടുമെൻറുകളും ഉദ്യോഗസ്ഥന്മാരും നിയമിക്കപ്പെട്ടു വന്ന രീതി അക്ബറിന്റെ കാലത്തേക്കാൾ ഉപരിയായിരുന്നു. ഒരുവക സ്വേച്ഛാധിപത്യ ഭരണം ആയിരുന്നു മൗൎയ്യന്മാരുടേതെന്നു് നിസ്സംശയം പറയാം. അക്ബറുടെ സാമ്രാജ്യത്തേക്കാൾ വിസ്തൃതമായ മൗൎയ്യസാമ്രാജ്യത്തെ ശരിയായി ഭരിക്കുവാൻ പൎയ്യാപ്തമായ ഭരണരീതി തന്നെയായിരുന്നു അവൎക്കുണ്ടായിരുന്നതു്.

<u>സിവിൽഭരണം:</u>— ചക്രവൎത്തിയും ആലോചനാസഭയും ഭരണ കേന്ദ്രത്തിന്റെ അംശങ്ങളായിരുന്നുവെങ്കിലും, ചക്രവൎത്തി സ്വേച്ഛാനുസരണം ഭരണം നടത്തിവന്നു. സാമ്രാജ്യഭരണസൌകൎയ്യാൎത്ഥം ആറു ഡിപ്പാർട്ടുമെൻറുകൾ ഉണ്ടായിരുന്നു. തലസ്ഥാനമായ പാടലീപുത്രത്തിലുള്ള

രാജകൊട്ടാരം സകലവിധ ആഡംബരങ്ങളുടെയും നികേതനമായിരുന്നു. ഏതു രാജ്യവും നാലു സംസ്ഥാനങ്ങളായി ഭാഗിച്ചിരിക്കണമെന്നു കൌടില്യൻ അർത്ഥശാസ്ത്രത്തിൽ വിധിച്ചിരിക്കുന്നപ്രകാരം, അശോകൻെറ സാമ്രാജ്യവും നാലു പ്രോവിൻസുകളായി വിഭജിച്ചിരുന്നു. ഉദ്യോഗസ്ഥന്മാർ ശരിയായി ഭരിക്കുന്നുണ്ടോ എന്നു ചക്രവർത്തി വേണ്ടവിധം പരിശോധിക്കുകയും, കുററക്കാരെ കഠിനമായി ശിക്ഷിക്കുകയും ചെയ്തുവന്നിരുന്നു എങ്കിലും, ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ പല ക്രമക്കേടുകൾ ഉണ്ടായിരുന്നു. ഇതിന്റെ പരിഹാരമായി മൌൎയ്യന്മാർ സൈന്യങ്ങൾക്കുപുറമേ, ഗവൺമെൻറിൻെറ സഹായത്തിനു ചാരന്മാരെയും ഏൎപ്പെടുത്തിയിരുന്നു.

മുനിസിപ്പൽഭരണം :—തലസ്ഥാനമായ പാടലിപുത്രവും സാമ്രാജ്യത്തിലുള്ള മറെറല്ലാ നഗരങ്ങളും നഗരസഭകൾ മുഖാന്തിരം ഭരിക്കപ്പെട്ടുവന്നു. പാടലീപുത്രവും ബലമുള്ള കോട്ടകളാൽ സംരക്ഷിക്കപ്പെട്ടും, വിവിധജോലികളുള്ളതും ഓരോന്നിലും (അഞ്ചംഗങ്ങൾ വീതം ഉൾപ്പെട്ടതുമായ ആറു ബോർഡുകൾ അടങ്ങിയ ഒരു മുനിസിപ്പൽ കമ്മിഷനാൽ ഭരിക്കപ്പെട്ടുവന്നു. സിവിൽഭരണം എത്രയും പ്രബലമായിരുന്നു. ആദായത്തിൽ ഭൂരിപക്ഷവും ഭൂനികുതിവകുപ്പിൽ നിന്നായിരുന്നു ലഭിച്ചുവന്നതു്. ആകെയുള്ള ആദായത്തിൽ നാലിലൊന്നു ഭൂനികുതിയായി പിരിച്ചുവന്നു. ഇതുകൂടാതെ ജലവിതരണം, വാണിജ്യം എന്ന ഇനങ്ങളിലായും കരം പിരിച്ചിരുന്നു. അക്ബർ മൂന്നിലൊന്നും, കാശ്മീരത്തിലെ സുൽത്താന്മാർ രണ്ടിലൊന്നും വീതമായിരുന്നു രാജഭോഗം പിരിച്ചുവന്നതു്. കൃഷിക്കാവശ്യമായ ജലസൌകൎയ്യവും റോഡുകൾ തുടങ്ങിയുള്ള ഗതാഗതമാൎഗ്ഗങ്ങളെല്ലാം ശരിപ്പെടുത്തിയിരുന്നു. നഗരഭരണത്തിനായുണ്ടായിരുന്ന ആറു ബോർഡുകളിൽ ഓരോന്നും

(രാജ്യത്തുവരുന്ന വിദേശീയരുടെ മേൽനോട്ടം, വ്യവസായ പരിശോധന, അളവുകളിലും തൂക്കങ്ങളിലുമുള്ള ക്രമീകരണം, സാധനങ്ങളുടെ വിലനിശ്ചയിക്കുക, എക്സൈസ് നികുതികൾ ചുമത്തുക, ജനനമരണകണക്കുകൾ സൂക്ഷിക്കുക എന്നീ ജോലികൾ യഥാക്രമം നിർവ്വഹിച്ചുവന്നു.) സാമ്രാജ്യത്തുള്ള മററു വലിയ പട്ടണങ്ങളും ഈ രീതിയിൽ തന്നെയായിരുന്നു ഭരിക്കപ്പെട്ടുവന്നതു്. മതദാക്ഷിണ്യം ഇക്കാലത്തുണ്ടായിരുന്നു.

സൈനിക ഭരണം:—ചന്ദ്രഗുപ്തന്റെ ശക്തിക്കടിസ്ഥാനം സൈന്യം തന്നെയായിരുന്നു. സൈന്യത്തിൽ പ്രാചീനരീതിയനുസരിച്ചുള്ള പദാതി, അശ്വസൈന്യം, രഥങ്ങൾ, ഗജവീരന്മാർ എന്നീ നാലു പ്രധാന വകുപ്പുകൾ ഉണ്ടായിരുന്നു. യുദ്ധത്തിൽ ഏർപ്പെടുന്നതിനായി ഒൻപതിനായിരം ആനയും, മുപ്പതിനായിരം അശ്വസൈന്യവും, ആറുലക്ഷം പദാതിയും, ആറായിരത്തിലധികം രഥവും തയാറായിരുന്നു. ഈ നാലു സൈന്യവകുപ്പുകളേയും നാലുബോർഡുകൾ ഭരിച്ചുവന്നിരുന്നു. യുദ്ധകാര്യങ്ങൾ അഞ്ചാമത്തെ ബോർഡും, നാവികകാര്യങ്ങൾ ആറാമത്തെ ബോർഡും യഥാക്രമം നടത്തിവന്നു.

നീതിന്യായഭരണം:—ഇക്കാലത്തു റവന്യൂ ക്രിമിനൽ നിയമങ്ങൾ എത്രയും കഠിനമായിരുന്നു. മോഷണക്കുററത്തിന് അംഗച്ഛേദം മുതലായ കഠിനശിക്ഷകൾ വിധിച്ചുവന്നു. റവന്യൂ ഉദ്യോഗസ്ഥന്മാരുടെ കണക്കുകളിൽ മനഃപൂർവ്വമായ വ്യാജപ്രസ്താവനകൾ കാണുന്ന പക്ഷം ഈ ശിക്ഷതന്നെ കൊടുത്തുവന്നിരുന്നു. വില്ക്കപ്പെട്ട സാധനങ്ങളിന്മേൽ ചുമത്തിവന്ന നികുതികൾ കൊടുക്കാതെ ഒഴിഞ്ഞുകളയുവാൻ ഭാവിക്കുന്നവർക്കു വധശിക്ഷ കല്പിച്ചിരുന്നു. ഇപ്രകാരം നീതിന്യായം നിർദ്ദയമായി നടത്തിവന്നതിനാൽ രാജ്യത്തു സമാധാനം പ്രചരിച്ചിരുന്നു. എക്സൈസ്

ഏർപ്പാടു ക്രമപ്പെടുത്തി, മദ്യഷാപ്പുകൾ ഗവൺമെൻറിൻെറ പരിശോധനയിൽ ആധുനിക കാലത്തേപ്പോലെ നടത്തിവന്നു. ചാരന്മാർ രാജ്യമൊട്ടുക്കു രഹസ്യസഞ്ചാരം ചെയ്തു് രാജാക്കന്മാർക്കു സഹായമായി രാജ്യക്ഷേമത്തെപ്പററി റിപ്പോർട്ടു ചെയ്തു വന്നു. പ്രജകളിൽ ഏഴു പ്രധാന വിഭാഗങ്ങളുണ്ടായിരുന്നതായി മെഗസ്തനിസ് പറഞ്ഞിരിക്കുന്നു. ബുദ്ധമതസന്ന്യാസികൾ, ബ്രാഹ്മണപുരോഹിതന്മാർ ഇവരുൾപ്പെട്ട തത്വജ്ഞാനികൾ, ജനങ്ങൾ ഭൂരിപക്ഷവും ഉൾപ്പെട്ടിരുന്ന കർഷകന്മാർ, നായാട്ടുകാർ, സാധനവാഹകന്മാർ ആദിയായി അലഞ്ഞു നടക്കുന്നവർ, കൈത്തൊഴിലുകാർ, രാജാവിൽനിന്നും ശമ്പളം പററിക്കൊണ്ടിരുന്ന പടയാളികൾ, രാജാവിൻെറ ആലോചനസഭക്കാർ ആദിയായവർ ഇതിലുൾപ്പെട്ടിരുന്നു. ജാതിവ്യത്യാസവും ഇക്കാലത്തുണ്ടായിരുന്നു.

ഭരണനിരൂപണം.—അക്ബറുടെ ഭരണരീതിയേക്കാൾ മൌര്യഭരണരീതി ഉയർന്നതരം തന്നെയാണെങ്കിലും, പ്രാദേശിക ഭരണരീതിയിൽ യാതൊരു വ്യത്യാസവും ഇൻഡ്യാചരിത്രത്തിൽ ഒരുകാലത്തും ഉണ്ടായിട്ടില്ല. ഗ്രാമസമുദായം ഇൻഡ്യയിൽ എല്ലാക്കാലത്തും ഉണ്ടായിട്ടുള്ള ഭരണത്തിൻെറ അടിസ്ഥാനമായിരുന്നു. പല ഗ്രാമങ്ങൾ ഉൾപ്പെടുത്തി രാജ്യങ്ങളും, പല രാജ്യങ്ങൾ ഉൾപ്പെടുത്തി സാമ്രാജ്യങ്ങളും ഉണ്ടായിട്ടുള്ളതല്ലാതെ, ഗ്രാമഭരണരീതിയിൽ ഭേദഗതി വരുത്തിയിട്ടില്ലാത്തതിനാൽ, ഇൻഡ്യയുടെ സാമൂഹികവ്യവസ്ഥിതിയിൽ യാതൊരുവ്യത്യാസവും ഉണ്ടായിട്ടില്ല. ഭരണീയരുടെ ഇടയിൽ സാമൂഹികവും മതസംബന്ധവുമായി കാണുന്ന വൈവിധ്യം വ്യത്യാസപ്പെടുത്താതെയിരിക്കുന്നതിനു എല്ലാക്കാലത്തും ഇൻഡ്യാഭരണകർത്താക്കൾ നിർബന്ധിതരായി തീർന്നിട്ടുണ്ടു്. ഇപ്രകാരം ഇൻഡ്യയിൽ മത ദാക്ഷിണ്യം പ്രാചീനകാലം മുതല്ക്കേ ഉണ്ടാ

യിരുന്നു. അക്ബറുടെ കാലത്തും ബ്രിട്ടീഷ് ഭരണകാലത്തും മത ദാക്ഷിണ്യം പ്രയോഗത്തിലിരുന്നു. മറ്റു ഭരണരീതികൾ മേല്പറഞ്ഞ നാലു വശങ്ങൾ കൂടാതെ ചാരന്മാരെ ഏർപ്പെടുത്തുക, നിർദ്ദയമായ നിയമങ്ങൾ പ്രയോഗിക്കുക എന്നിങ്ങനെ ഏതാനും ദോഷവശങ്ങളും ഉണ്ടായിരുന്നു.

## III

## അശോകൻ (൨൭൩—൨൩൨ ബി. സി.)

(മൗര്യസാമ്രാജ്യത്തിൻെറ അത്യുച്ചാവസ്ഥ)—ചക്രവർത്തിസ്ഥാനം ഭരമേല്ക്കുന്നതിനുമുമ്പ് അശോകൻ സാമ്രാജ്യത്തിലെ വൈസ്രോയിമാരിൽ ഒരാളായിരുന്നു. ബി. സി. ൨൭൩-ൽ അശോകൻ രാജ്യഭാരം കൈയേററു എങ്കിലും ബി. സി. ൨൬൯-ൽ മാത്രമേ കിരീടധാരണം ചെയ്തുള്ളു. ബി. സി. ൨൬൧ അശോകൻെറ ജീവിതത്തിൽ ഒരു പരിവർത്തനഘട്ടമത്രേ. കലിംഗരാജ്യവുമായി ഈ വർഷം നടത്തിയ യുദ്ധത്തിൽ അനവധി ജനങ്ങളെ നിഗ്രഹിക്കേണ്ടി വന്നതിനാൽ, അദ്ദേഹത്തിൻെറ മനഃസ്ഥിതിക്കു സാരമായ ഭേദഗതിയുണ്ടായി. മേലാൽ യാതൊരു യുദ്ധത്തിലും ഏർപ്പെടുകയില്ലെന്ന് അശോകൻ ശപഥം ചെയ്യുകയും, ബി. സി. ൨൬൦-ൽ ബുദ്ധമതം സ്വീകരിക്കുകയും ചെയ്തു. തൻെറ വിസ്തൃതമായ സാമ്രാജ്യത്തിലെ ഭരണം ക്രമീകരിക്കുവാനായി ബി. സി. ൨൭൩ മുതൽ ൨൬൧ വരെയുള്ള കാലം അശോകൻ വിനിയോഗിച്ചതായി ഗണിക്കാം.

അശോകൻെറ ജീവിതം അശ്രാന്തപരിശ്രമത്തിൻെറയും കൃത്യനിഷ്ഠയുടെയും ആദർശം തന്നെയായിരുന്നു. ഇദ്ദേഹം മതദാക്ഷിണ്യത്തിൽ വെളിപ്പെടുത്തിയിരുന്ന മഹാമനസ്കതയും സത്യനിഷ്ഠയും ഭൂതദയയും ആശ്ചര്യജനകമത്രെ.

വിവിധ മതതത്വങ്ങളെ സംഗ്രഹിച്ച് പുതിയമതം നിർമ്മിച്ച അക്ബറുടെ തത്വജ്ഞാനത്തേക്കാൾ അശോകന് ബുദ്ധമതത്തിലുണ്ടായിരുന്ന വിശ്വാസം സർവ്വോപരിയായിരിക്കുന്നു. താൻ സ്വീകരിച്ച മതം പ്രചരിപ്പിക്കുന്നതിൽ പ്രദർശിപ്പിച്ച തീക്ഷ്ണത അശോകനെ ലോകമഹാന്മാരിൽ ഒരുവനാക്കിത്തീർത്തിട്ടുണ്ട്.

ഭരണതന്ത്രജ്ഞൻ എന്ന നിലയിൽ അശോകനുള്ള സ്ഥാനം —(a) സാമ്രാജ്യവിസ്തൃതി.— അശോകന്റെ സാമ്രാജ്യം വടക്കു പടിഞ്ഞാറ് ഹിന്ദുക്കുഷ് വരെയും, വടക്കു ഹിമാലയം വരെയും വ്യാപിച്ചിരുന്നു. ഇപ്പോഴത്തെ അഫ്ഗാനിസ്ഥാൻ, ബലൂചിസ്ഥാൻ എന്ന രാജ്യങ്ങളുടെ മിക്ക ഭാഗവും സിൻഡ് മുഴുവനും ഇതിൽ ഉൾപ്പെട്ടിരുന്നു. ബി. സി. ൨൱൬൧-നു മുമ്പായി ബംഗാളവും ഡക്കാണം, ബി. സി. ൨൱൬൧-ൽ കലിംഗരാജ്യവും ഇദ്ദേഹം കൈവശപ്പെടുത്തിയിരുന്നു. ഗോദാവരിയ്ക്കും കൃഷ്ണയ്ക്കും മദ്ധ്യേ സ്ഥിതിചെയ്തിരുന്ന ആന്ധ്ര രാജ്യവും അശോകന്റെ മേൽക്കോയ്മയെ സ്വീകരിച്ചു. ചേരം, ചോളം, പാണ്ഡ്യം ആദിയായ തമിഴ്‌രാജ്യങ്ങൾ മാത്രം സ്വതന്ത്രങ്ങളായിരുന്നു. ഇത്ര വിസ്തൃതമായ ഒരു രാജ്യമായിരുന്നു അശോകൻ ഭരിച്ചിരുന്നത്. (b) സാമ്രാജ്യത്തിന്റെ ഭരണ വിഭാഗങ്ങൾ. ഭരണകാര്യങ്ങൾ മുഴുവനും രാജാവിന്റെ ഉദ്യോഗസ്ഥന്മാർ തന്നെയായിരുന്നു നടത്തിവന്നത്. ഭരണത്തിന്റെ ഉന്നതസ്ഥാനത്തു പ്രബലന്മാരായ വൈസ്രോയിമാർ നിയമിക്കപ്പെട്ടിരുന്നു. ഇവരിൽ തക്ഷശില, ഉജ്ജയിനി, തോശാലി, സുവർണ്ണഗിരി എന്നീ നാലു സ്ഥലങ്ങളിലെ വൈസ്രോയിമാരെക്കുറിച്ചു ശിലാലേഖനങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ട്. തലസ്ഥാനത്തോടടുത്ത പ്രദേശങ്ങളെല്ലാം വൈസ്രോയിമാരുടെ സഹായം കൂടാതെ രാജാവു നേരിട്ടു നിയമിക്കുന്ന ഉദ്യോഗസ്ഥന്മാർ മുഖാന്തിരം

ഭരിച്ചുവന്നിരുന്നു. പാറകളിൽ കൊത്തിച്ചിട്ടുള്ള ലിഖിതങ്ങൾ കാണുന്ന എല്ലാ സ്ഥലങ്ങളും വൈസ്രോയിമാർ ഭരിച്ചുവന്ന ദൂരസ്ഥിതങ്ങളായ സംസ്ഥാനങ്ങളാണെന്നും, സ്തംഭലിഖിതങ്ങൾ കാണുന്ന എല്ലാ സ്ഥലങ്ങളും ചക്രവർത്തി നേരിട്ടുഭരിച്ചുവന്ന സമീപപ്രദേശങ്ങളാണെന്നും ഗണിക്കാവുന്നതാണ്. (c) ഭരണരീതി:- ("അശോകൻെറ വിജയങ്ങൾ യുദ്ധവിജയങ്ങളല്ല, സമാധാനവിജയങ്ങളാണ്") എന്ന അഭിപ്രായം ഏററവും യഥാർത്ഥമായിട്ടുള്ളതാണ്. കലിംഗരാജ്യവുമായി ബി. സി. ൨൬൧-ൽ ഉണ്ടായതല്ലാതെ വേറൊരു യുദ്ധവും അശോകൻ നടത്തിയിട്ടില്ല. ഭരണകാര്യങ്ങൾ ക്രമപ്പെടുത്തുന്നതിനായി അദ്ദേഹം ആയുസ്സു കഴിച്ചു. അശോകൻെറ ഭരണയന്ത്രത്തിനടിസ്ഥാനം ധർമ്മം ആയിരുന്നു. ചന്ദ്രഗുപ്തൻെറ ഭരണരീതി വലിയ വ്യത്യാസം കൂടാതെ അശോകൻ പാലിച്ചുവന്നു. അദ്ദേഹം തന്നെ സാമ്രാജ്യമൊട്ടുക്കു സഞ്ചരിച്ചു ജനങ്ങളുമായി ഇടപെട്ടിരുന്നു. ഈ ധർമ്മരാജ്യഭരണത്തിനു അവശ്യമായ സിദ്ധാന്തങ്ങൾക്കു ചക്രവർത്തി തന്നെ ഒരാദർശമായിരുന്നു. നീതിന്യായം നടത്തുന്നതിൽ ബദ്ധശ്രദ്ധാലുത്വവും ജനങ്ങളുടെ സങ്കടനിവൃത്തി വരുത്തുവാനുള്ള ഔൽക്കവും അശോകഭരണത്തിൻെറ പ്രധാന ലക്ഷണങ്ങളായിരുന്നു തൻെറ ധർമ്മോപദേശങ്ങളെ നിഷ്കർഷിക്കുവാനായി പ്രത്യേകം ഉദ്യോഗസ്ഥന്മാരെ നിയമിച്ചിരുന്നു. ഇക്കാലത്തും നിയമങ്ങൾ ചന്ദ്രഗുപ്തൻെറ കാലത്തേപ്പോലെ കണ്ടുവന്നു. പ്രജാക്ഷേമാർത്ഥം അശോകൻ ആയുസ്സു കഴിച്ചുവെങ്കിലും, താൻെറ മരണാനന്തരം നിശ്ശേഷം നശിക്കത്തക്കവണ്ണം സാമ്രാജ്യത്തെ അദ്ദേഹം ദുർബ്ബലമാക്കിയിരുന്നു.

അശോകൻ പ്രബലനും നീതിനിഷ്ഠയുള്ളവനുമായ ഒരു ഭരണകർത്താവാണെന്നു അദ്ദേഹത്തിൻെറ മതദാക്ഷിണ്യം വെളിപ്പെടുത്തുന്നു. എന്നാൽ ഭരണ സ്ഥാപനങ്ങളിൽ

യാതൊന്നും തന്നെ അദ്ദേഹത്തിൻെറ ബുദ്ധിയുടെ ഫലമായി ഉണ്ടായിട്ടില്ല. മൌൎയ്യസാമ്രാജ്യത്തിൻെറ സ്തുത്യൎഹമായ സിവിൽഭരണം ഏൎപ്പെടുത്തിയിരുന്നതു് ചന്ദ്രഗുപ്തൻ ആയിരുന്നു. ഒരു രാജ്യതന്ത്രജ്ഞൻ എന്ന നിലയിൽ അശോകനേക്കാൾ ഉന്നതസ്ഥാനം മുഗൾസാമ്രാജ്യത്തിൻെറ സാക്ഷാൽ സ്ഥാപകനായ അക്ബറിനു കല്പിക്കേണ്ടതാണു്. സ്വന്തനിലയെപ്പററി ശരിയായ ബോധമില്ലാഞ്ഞിട്ടായിരിക്കണം അസാദ്ധ്യ കാൎയ്യത്തിനായി അശോകൻ ഉദ്യുക്തനായതു്.

അശോകൻെറ ബുദ്ധമതപ്രചരണോദ്യമം:—ബുദ്ധമതത്തിൻെറ വലിയ രക്ഷാധികാരി എന്ന നിലയിലത്രേ അശോകൻെറ കീൎത്തി നിലനില്ക്കുന്നതു്. ക്രിസ്തുമതപ്രചരണത്തിനു സഹായിച്ച കോൺസ്റ്റൻറയിൻ ചക്രവൎത്തിയോടു അശോകനെ സാമ്യപ്പെടുത്താറുണ്ടു്. ബുദ്ധമതം സ്വീകരിച്ചതോടുകൂടി അശോകൻ മൃഗയാഗങ്ങൾ നിരോധിക്കുകയും, അഹിംസ നിൎബന്ധമാക്കുകയും, മൃഗങ്ങളെ കൊല്ലുന്നവൎക്കു കഠിനശിക്ഷ കല്പിക്കുകയും ചെയ്തുവന്നിരുന്നു. കൂടാതെ ബുദ്ധമതപ്രചരണാൎത്ഥം അശോകൻ പല തീവ്രപ്രയത്നങ്ങളും ചെയ്തിട്ടുണ്ടു്;—(൧) വൈസ്രോയിമാർ തുടങ്ങിയുള്ള ഉദ്യോഗസ്ഥന്മാർ സഞ്ചരിക്കുമ്പോൾ ജനങ്ങളെ വിളിച്ചുകൂട്ടി ധൎമ്മോപദേശം ചെയ്വാൻ വേണ്ട ഏൎപ്പാടുകൾ ചെയ്തു. (൨) തൻെറ ഉപദേശങ്ങളെ നാട്ടുഭാഷകളിലാക്കി, ചക്രവൎത്തിതന്നെ ഭരിച്ച സമീപപ്രദേശങ്ങളിൽ സ്തംഭങ്ങളിലും, വൈസ്രോയിമാർ ഭരിച്ച ദൂരപ്രദേശങ്ങളിൽ പാറകളിലും കൊത്തിച്ചു പ്രസിദ്ധം ചെയ്തു. (൩) മതത്തിൽ ആൾ ചേൎക്കുവാനായി ഇൻഡ്യ, സിലോൺ, സിറിയ, മാസിഡോണിയ, ഈജിപ്തു് ആദിയായ പ്രദേശങ്ങളിലേക്കു പ്രാസംഗികന്മാരെ അയച്ചു. (൪) ചക്രവൎത്തിയുടെ ജീവിതക്രമം മതപ്രചര

ണത്തിന്ന സഹായകരമായിരുന്നു. (൭) തന്റെ സാമ്രാജ്യത്തിലും മററു ബന്ധുരാജ്യങ്ങളിലും പല വിഹാരങ്ങൾ സ്ഥാപിച്ച് മതം പ്രചരിപ്പിച്ചു. (൮) മാർഗ്ഗമദ്ധ്യേ കിണറു കുഴിപ്പിക്കുക, വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുക, ആസ്പത്രികൾ സ്ഥാപിക്കുക ആദിയായി മനുഷ്യക്കും മൃഗങ്ങൾക്കും പ്രയോജനകരമായ ഏർപ്പാടുകൾ ഗവണ്മെൻറു ചെലവിൽ ചെയ്തതിനാൽ, ജനങ്ങൾക്കു രാജാവിന്റെ ഉപദേശങ്ങളിൽ പ്രത്യേക താല്പര്യമുണ്ടായി.

അശോകന്റെ ശില്പവിദ്യാസാമർത്ഥ്യം:— അശോകൻ സ്തംഭങ്ങളിലും പാറകളിലും കൊത്തിച്ചിട്ടുള്ള ലിഖിതങ്ങളും, പണി കഴിപ്പിച്ചിട്ടുള്ള കെട്ടിടങ്ങളും അദ്ദേഹത്തിന്റെ സ്മാരകങ്ങളായി സ്ഥിതി ചെയ്യുന്നു. അശോകന്റെ കാലത്തിനു മുമ്പു തടികൊണ്ടു മാത്രമേ കെട്ടിടങ്ങൾ ഉണ്ടാക്കിയിരുന്നുള്ളു. അദ്ദേഹത്തിന്റെ കാലത്തായിരുന്നു കെട്ടിടങ്ങൾക്കു കല്ലുപയോഗിച്ചു തുടങ്ങിയത്. പേർഷ്യയിലേയും ഗ്രീസിലേയും രീതികളനുസരിച്ചായിരിക്കണം അശോകൻ അങ്ങനെ ചെയ്തത്. ഇൻഡ്യൻ കലകളുടെ ചരിത്രം അശോകന്റെ കാലത്താണു ആരംഭിച്ചത് എന്നുള്ള സ്മിത്തിന്റെ അഭിപ്രായം യഥാർത്ഥം തന്നെയാണു്.

## IV

## അന്ത്യമൗര്യർ (൨൩൨—൧൮൪ ബി. സി)

അശോകന്റെ മരണാനന്തരം മൗര്യസാമ്രാജ്യം ശിഥിലീഭവിച്ചു. സാമ്രാജ്യം അദ്ദേഹത്തിന്റെ കാലത്തു തന്നെ നശിക്കാതെയിരുന്നതു സ്വന്തസാമർത്ഥ്യം ഒന്നുകൊണ്ടു തന്നെയായിരുന്നു. പുരാണഗ്രന്ഥങ്ങൾ, ജൈനരുടേയും

ബൌദ്ധന്മാരുടേയും ദിനവൃത്താന്തങ്ങൾ (വംശാവലികൾ) ഇവയിൽനിന്നും അശോകന്റെ പിൻഗാമികളായ ആറു രാജാക്കന്മാരുടെ പേരുവിവരം മാത്രം നമുക്കു ലഭിച്ചിട്ടുണ്ടു്.

### സാമ്രാജ്യം ശിഥിലീഭവിക്കുന്നതിനുള്ള കാരണങ്ങൾ.

ആഭ്യന്തര കാരണങ്ങൾ കൊണ്ടുതന്നെയായിരുന്നു മൌര്യ സാമ്രാജ്യം അധഃപതിച്ചതു്. ഗുപ്തന്മാരുടേയും മുഗളന്മാരുടേയും സാമ്രാജ്യക്ഷയത്തിനിടയാക്കിയ വിദേശീയാക്രമണങ്ങളൊ ബാഹ്യവിപത്തുകളൊ ഇവിടെ ഉണ്ടായിരുന്നില്ല. (൧) വർഗ്ഗീയ കാരണങ്ങൾ:— മൌര്യസാമ്രാജ്യം വിവിധങ്ങളായ അനവധി ചെറിയ രാജ്യങ്ങൾ ചേർന്നുണ്ടായതായിരുന്നു. അലക്സാണ്ഡരുടെ വിസ്തൃതമായ സാമ്രാജ്യമെല്ലാം നശിച്ചതിനുണ്ടായ പ്രധാന കാരണവും ഇതുതന്നെയായിരുന്നു. (൨) ഭൂമിശാസ്ത്രസംബന്ധം. മഹമ്മദീയ കാലത്തു ഡൽഹി എന്നപോലെ, ഇക്കാലത്തു തലസ്ഥാനമായ പാടലീപുത്രം സ്ഥിതിചെയ്തിരുന്നതു് സാമ്രാജ്യത്തിന്റെ കേന്ദ്രസ്ഥാനത്തല്ലായിരുന്നു. കൂടാതെ കലിംഗം, ആന്ധ്രം എന്നിങ്ങനെ പൂർണ്ണമായി കീഴ്പെടാത്ത രാജ്യങ്ങൾ സാമ്രാജ്യത്തിനുള്ളിലുണ്ടായിരുന്നു. (൩) ഭരണസംബന്ധം. പാടലീപുത്രത്തിൽ വസിച്ചിരുന്ന ചക്രവർത്തിയിൽ ഭരണാധികാരം ആവശ്യത്തിലധികമായി കേന്ദ്രീഭവിച്ച രീതി ശക്തന്മാരായ സാമ്രാട്ടുകളുടെ ഭരണകാലത്തു ദോഷരഹിതമായി കാണപ്പെട്ടു എങ്കിലും ബലഹീനരായ പിൻഗാമികൾ അധികാരം ദുർവ്യയം ചെയ്കയാൽ വലിയവിപത്തുകൾ നേരിട്ടു. (൪) രാഷ്ട്രീയം:— അശോകന്റെ പിൻഗാമികളുടെ ബലഹീനത സാമ്രാജ്യക്ഷയത്തിനിടയാക്കിയ കാരണങ്ങളിൽ പ്രാധാന്യമേറിയതായിരുന്നു. "സമർത്ഥന്മാരായ സ്വേച്ഛാധിപതികൾക്കു യോഗ്യരായ പിൻഗാമികളെ ലഭിച്ചുവരാറില്ല.

മഗധയും ചുററുമുള്ള ഏതാനും പ്രദേശങ്ങളും മാത്രമെ അശോകൻെറ പിൻഗാമികൾക്കു അധീനമായിരുന്നുള്ളു. ബി. സി. ൧൮൪-ൽ ഈ വംശത്തിൽ പെട്ട അവസാന രാജാവിനെ ''മന്ത്രിയായ പുഷ്യമിത്രൻ വധിച്ചു്, സംഗം വംശം സ്ഥാപിച്ചു.'' കൂടാതെ അശോകൻെറ പിൻഗാമികളുടെ ബലഹീനത കണ്ടുണ്ടായ ധൈര്യത്തിൽ സാമ്രാജ്യത്തിൻെറ മിക്കഭാഗങ്ങളും ഔറംഗ്സീബിൻെറ മരണാനന്തരം മുഗൾസാമ്രാജ്യത്തിലെന്നപോലെ, സ്വാതന്ത്ര്യം അവലംബിച്ചു. ഇപ്രകാരം ബി സി. ൨൨൦-ൽ ആന്ധ്രരാജ്യവും, ൨൧൫-ൽ ഖരവേലൻെറ കലിംഗം എന്ന ജൈനരാജ്യവും, വടക്കുപടിഞ്ഞാറെ ഇൻഡ്യയിൽ വേറെ അനവധി ചെറിയ രാജ്യങ്ങളും സാമ്രാജ്യത്തിൽനിന്നും വേർപെട്ടു്, സ്വതന്ത്രങ്ങളായിത്തീൎന്നു. ബാക്ട്രിയരുടേയും പാർത്തിയരുടേയും രാജ്യങ്ങൾ സ്ഥാപിതമായതോടുകൂടി വിദേശീയാക്രമണങ്ങൾ ഉണ്ടായിത്തുടങ്ങി. (൫) മതസംബന്ധം:—ബ്രാഹ്മണമതം പുനരുജ്ജീവിച്ചു ബുദ്ധമതവുമായി ആരംഭിച്ച മത്സരത്തിൽ ബുദ്ധമതത്തെ മാത്രം അശോകൻ സഹായിച്ചതിൻെറ പൂർവ്വസ്മരണ നിമിത്തം, ബുദ്ധമതത്തോടുള്ള വിരോധം മൗര്യവംശത്തോടുള്ള വിരോധമായി രൂപാന്തരീഭവിക്കുകയുണ്ടായി. മൃഗയാഗവിരോധവും ജനങ്ങളെ സൂക്ഷ്മാവലോകനം ചെയ്വാനായി നിയമിച്ചിരുന്ന ഉദ്യോഗസ്ഥന്മാരിൽ നിന്നുള്ള ഉപദ്രവവും നിമിത്തം, ജനങ്ങളിൽ അതൃപ്തി വർദ്ധിച്ചിരുന്നു. മൗര്യരുടെ ക്രൂരഭരണം അവസാനിപ്പിക്കുവാനായി അശോകൻെറ മരണാനന്തരം ബ്രാഹ്മണർ ശക്തിയോടെ പ്രവർത്തിച്ചപ്പോഴേക്കു സാമ്രാജ്യം ക്ഷയിക്കാതെ ഗത്യന്തരമില്ലായിരുന്നു.

ഗ്രാമസമുദായത്തിന്മേൽ അടിസ്ഥാനപ്പെട്ടിട്ടുള്ള ഭരണരീതി ഇൻഡ്യാചരിത്രത്തിൽ എല്ലാക്കാലത്തുമെന്ന

പോലെ ഇക്കാലത്തും ഭംഗമെന്യേ തുടൎന്നുവന്നിരുന്നതായും, സമാധാന പരിപാലനത്തിനും അഭിവൃദ്ധിമാൎഗ്ഗങ്ങൾക്കും ഇൻഡ്യയിൽ ഒരു ഭരണകേന്ദ്രത്തിന്റെ ആവശ്യമുള്ളതായും മൗൎയ്യസാമ്രാജ്യചരിത്രം വെളിപ്പെടുത്തുന്നു.

## മഗധയിലെ സംഗരാജവംശം (൧൮൪—൭൨ ബി. സി.)

മൗൎയ്യവംശത്തിന്റെ ക്ഷയം നിമിത്തം മഗധസാമ്രാജ്യത്തിനുണ്ടായ വീഴ്ചയിൽനിന്നു് തൽക്കാല പരിഹാരമാൎഗ്ഗമായി സംഗവംശസ്ഥാപനം വന്നുചേൎന്നു. ബി. സി. ൧൮൪-ൽ പുഷ്യമിത്രൻ സ്ഥാപിച്ച ഈ വംശം ഉദ്ദേശം ൧൧൧ വൎഷത്തോളം നിലനിന്നു. കാളിദാസന്റെ മാളവികാഗ്നിമിത്രം, പുരാണഗ്രന്ഥങ്ങൾ, നാണയങ്ങൾ ആദിയായ മാൎഗ്ഗങ്ങളിൽ കൂടെയാണു് പ്രസ്തുത വംശചരിത്രം നമുക്കു ലഭിച്ചിട്ടുള്ളതു്.

പുഷ്യമിത്രൻ. പാടലീപുത്രം തലസ്ഥാനമാക്കി നൎമ്മദാനദിക്കു വടക്കു് ഗംഗാസമതലം മുഴുവനും പുഷ്യമിത്രൻ ഭരിച്ചിരുന്നു. അന്ത്യമൗൎയ്യൎക്കും സംഗവംശക്കാൎക്കും പഞ്ചാബു അധീനമായിരുന്നില്ല. പുഷ്യമിത്രന്റെ ഭരണകാലം രാഷ്ട്രീയമായും മതസംബന്ധമായും പ്രാധാന്യമേറിയതായിരുന്നു. ബാക്ട്രിയായിലെ രാജാവായ യുക്രാറ്റൈറഡിസിന്റെ ചാൎച്ചക്കാരനും പഞ്ചാബിലെയും കാബൂളിലെയും രാജാവുമായ മെനാൻഡർ ഇൻഡ്യയുടെ പ്രദേശങ്ങളിൽ പ്രവേശിച്ചു് ഇൻഡസ് ഡൽററയും സുരാഷ്ട്ര ഉപദ്വീപും ആക്രമിച്ച ശേഷം, മുൻപോട്ടുകടന്നു പാടലീപുത്രവും നിരോധിച്ചു. ബി. സി. ൧൫൫-ൽ ഉണ്ടായ യുദ്ധത്തിൽ മെനാൻഡർ തോല്പിക്കപ്പെട്ടു. ഇക്കാലം

മുതൽ വാസ്കോഡിഗാമാ കോഴിക്കോട്ട പ്രവേശിച്ചതുവരെ യൂറോപ്യൻ നേതൃത്വത്തിൽ ഇൻഡ്യയെ ആരും ആക്രമിച്ചിട്ടില്ല.

ഇക്കാലത്തു് ബ്രാഹ്മണമതത്തിന് ഒരു പുനർജ്ജീവൻ ഉണ്ടായി. യുദ്ധവിജയം കഴിഞ്ഞു് പുഷ്യമിത്രൻ അശ്വമേധയാഗം നടത്തി, ഉത്തര ഇൻഡ്യയിൽ ഏകച്ഛത്രാധിപത്യം സ്ഥാപിച്ചു. സമുദ്രഗുപ്തന്റേയും പിൻഗാമികളുടേയും കാലത്തു ബ്രാഹ്മണമതത്തിലുണ്ടായ പ്രതിപ്രവർത്തനത്തിന്റെ ആദ്യഘട്ടമായിട്ടത്രെ പുഷ്യമിത്രന്റെ അശ്വമേധയാഗത്തെ ഗണിക്കേണ്ടതു്. പുഷ്യമിത്രൻ ബുദ്ധമതക്കാരെ പീഡിപ്പിച്ചതായി കാണുന്നു. ഗുപ്തകാലത്തുണ്ടായ ഹിന്ദുമത പുനർജ്ജീവന്റെ ആരംഭകർത്താവു്, അശോകൻ, ചന്ദ്രഗുപ്ത വിക്രമാദിത്യൻ എന്നിവർക്ക് മദ്ധ്യേയുള്ള അഞ്ചു ശതാബ്ദത്തിലെ അതിപ്രബലനായ ഭരണകർത്താവു്, എന്നീ നിലകളിലാണു് പുഷ്യമിത്രൻ ചരിത്രപ്രസിദ്ധനായിട്ടുള്ളതു്.

148.

ഉദ്ദേശം ബി. സി. ൧൪൮-ൽ പുഷ്യമിത്രന്റെ പുത്രനായ അഗ്നിമിത്രൻ ഭരണം കയ്യേററു. ഇതിൽ പിന്നെ ഭരിച്ചവരിൽ അഗ്നിമിത്രന്റെ പുത്രനായ വസുമിത്രനും ൯-ാമത്തെ രാജാവായ 'ഭഗവതനും' ൧൦-ാമത്തെ രാജാവായ ദേവഭൂതിയും ഒരുവിധം പ്രബലന്മാരായിരുന്നു. ബി. സി. ൭൨-ൽ ഈ വംശം നാമാവശേഷമായിത്തീർന്നു.

## കണ്വരാജവംശം (൭൨—൨൭ ബി.സി.)

സുംഗവംശരാജാക്കന്മാരിൽ അന്ത്യനായ ദേവഭൂതിയെ വധിപ്പിച്ചശേഷം അദ്ദേഹത്തിന്റെ മന്ത്രിയായ വസുദേവൻ കണ്വരാജവംശം സ്ഥാപിച്ചു. ഈ വംശത്തിലെ നാലു രാജാക്കന്മാരുടെ ആകെയുള്ള ഭരണകാലം

൪൫ വർഷം മാത്രമാണ്. ഈ രാജാക്കന്മാരുടെ ഭരണകാലദൈർഘ്യം കുറഞ്ഞിരിക്കുന്നതിൽ നിന്നും ഇവരുടെ ഭരണകാലത്തു രാജ്യത്തു് പല കുഴപ്പങ്ങൾ നേരിട്ടിരുന്നുവെന്നു് പ്രത്യക്ഷമാകുന്നു. ഈ ബ്രാഹ്മണവംശക്കാരെപ്പററി കൂടുതലായി യാതൊന്നും അറിവായിട്ടില്ല. ഉദ്ദേശം ബി. സി. ൨൮-ൽ ഭരിച്ചിരുന്ന ആന്ധ്രരാജാവു് അക്കാലത്തെ കണ്വരാജാവിനെ വധിച്ചതോടുകൂടി പ്രസ്തുത വംശം അവസാനിച്ചു. 'ആന്ധ്രവംശ്യക്കാർ മഗധരാജ്യവും തലസ്ഥാനമായ പാടലീപുത്രവും ഭരിച്ചിരുന്നുവെന്നുള്ളതിനു് വേണ്ട തെളിവുകൾ ഇന്നുവരെയും ലഭിച്ചിട്ടില്ല." (smith).

## ചോദ്യങ്ങളും അഭ്യാസങ്ങളും

1. ചന്ദ്രഗുപ്തമൗൎയ്യൻ മഗധയുടെ ഉൽക്കർഷത്തിനു ചെയ്തിട്ടുള്ള മഹൽകാൎയ്യങ്ങൾ ഏവ?
2. മൗൎയ്യരുടെ ഭരണരീതിസംബന്ധിച്ചുള്ള പ്രധാന കാൎയ്യങ്ങൾ സംക്ഷേപിച്ചെഴുതുക.
3. അശോകന്റെ മാഹാത്മ്യത്തിനു നിദാനമായ കാൎയ്യങ്ങൾ ഏവ?
4. മൗൎയ്യസാമ്രാജ്യം ക്ഷയിക്കുവാനിടയാക്കിയ കാരണങ്ങൾ ഏതെല്ലാം?
5. ൩-ാം നമ്പർ ഇൻഡ്യാ ഭൂപടത്തിൽ നിന്നും അശോകന്റെ സാമ്രാജ്യത്തിന്റെ അതിർത്തി കാണിക്കുന്ന ഒരു ചിത്രം വരയ്ക്കുക.

---

# വിദേശീയഭരണം.

## ബാക്ട്രിയൻ, പാർത്തിയൻ രാഷ്ട്രങ്ങൾ.

## (ബി. സി. ൧൮൦—എ. ഡി. ൨൨൮)

---

### I. ഇൻഡോ ബാക്ട്രിയന്മാർ

ഹിന്ദുക്കുഷ് പർവ്വതത്തിനും ഓക്സസ് നദിക്കും മദ്ധ്യേ സ്ഥിതിചെയ്തിരുന്ന ബാക്ട്രിയാ രാജ്യം അലക്സാണ്ഡരുടെ മരണശേഷം ബി. സി. ൩൨൧-ൽ സെല്യൂക്കസിനു ലഭിച്ചിരുന്നു. ബി. സി. ൨൦൮-ൽ ബാക്ട്രിയാ ഭരിച്ചിരുന്ന യൂത്തിഡേമോസിൻെറ പുത്രനായ ഡമേത്രയോസ് കാബൂൾ, പഞ്ചാബ്, സിൻഡ് എന്നീ പ്രദേശങ്ങളെ ഉദ്ദേശം ബി. സി. ൧൯൦-ൽ ആക്രമിച്ചു. ഇൻഡ്യയിൽ പല യുദ്ധങ്ങളിലും ഏർപ്പെട്ടിരുന്നതിനാൽ, ബാക്ട്റിയാ രാജ്യം വേണ്ടവിധം പരിപാലിക്കുവാൻ ഇദ്ദേഹത്തിനു സാധിച്ചില്ല. ഈ ഘട്ടത്തിൽ ഉദ്ദേശം ബി. സി. ൧൭൫-ൽ യൂക്രാറ്റൈഡിസ് എന്ന വേറൊരു ഗ്രീക്കുകാരൻ ബാക്ട്റിയാ കൈവശപ്പെടുത്തി ഭരണം ആരംഭിച്ചു. ബാക്ട്റിയാ നഷ്ടപ്പെട്ടുവെങ്കിലും ഡമേത്രയോസ് വടക്കുപടിഞ്ഞാറെ ഇൻഡ്യയിൽ ദീർഘകാലം ഭരിച്ച്, "ഇൻഡ്യാക്കാരുടെ രാജാവ്" എന്ന പേരു സമ്പാദിച്ചു. ബി. സി. ൧൮൦-നും ൧൬൫-നും മദ്ധ്യേ യൂക്രാറ്റൈഡിസ് ഡമേത്രയോസിനെ യുദ്ധത്തിൽ തോല്പിച്ചു. ഇക്കാലം മുതൽ ഇൻഡ്യയിൽ രണ്ടു വംശ

പരമ്പരയിൽപെട്ട ഗ്രീക്കരാജാക്കന്മാർ ഭരിച്ചുവന്നു. ഇവരിൽ യൂത്തിഡേമോസിൻെറ ശാഖക്കാർ ബി. സി. ൧൦൦ വരെയും, യൂക്രാറൈറെറഡീസിൻെറ ശാഖക്കാർ ബി. സി. ൨൫ വരെയും ഭരണം നടത്തി. യൂത്തിഡേമോസിൻെറ വംശക്കാർ ഇൻഡ്യയിൽ മാത്രവും, യൂക്രാറൈറെറഡിസിൻെറ വംശക്കാർ ബി. സി. ൧൩൦-ൽ ഉണ്ടായ ശകന്മാരുടെ ആക്രമണകാലംവരെ ബാക്ട്റിയായിലും ഇൻഡ്യയിലും ഭരിച്ചിരുന്നു.

ഗ്രീക്കഭരണം ബാക്ട്റിയായിൽ നിന്നും ഇൻഡ്യയിലേക്കു മാററിസ്ഥാപിച്ചതിനു ശരിയായ ലക്ഷ്യം അന്നത്തെ നാണയങ്ങളിൽ നിന്നും ലഭിക്കുന്നുണ്ടു്. ബാക്ട്റിയായിൽ ആയിരുന്നപ്പോൾ നാണയങ്ങൾ ഗ്രീക്കരീതിയിൽ തന്നെയും, ഇൻഡ്യയിൽ പ്രവേശിച്ചശേഷം നാണയത്തിൻെറ ഒരു വശത്തു ഗ്രീക്കഭാഷയും മറുവശത്തു് അതിൻെറ ഇൻഡ്യൻ തർജ്ജിമയും അടിച്ചിരുന്നു. കൂടാതെ നാണയങ്ങളുടെ തൂക്കത്തിലുംമററും പേർഷ്യൻ രീതികളോടു വളരെ സാമ്യവും ഉണ്ടായിരുന്നു.

യൂത്തിഡേമോസിൻെറ പുത്രനായ ദമേത്രയോസ് ആക്രമിച്ചിരുന്നതിലധികം സ്ഥലങ്ങൾ അദ്ദേഹത്തിൻെറ പിൻഗാമികൾ ആക്രമിച്ചു രാജ്യം വിസ്തൃതമാക്കി. ഈ വംശക്കാർ കിഴക്കേ പഞ്ചാബിൽ സകാല പട്ടണവും, മധുരാപുരി പ്രദേശത്തു വേറൊരു തലസ്ഥാനവും സ്ഥാപിച്ചു ഭരണം നടത്തിവന്നു. ഇവരിൽ നിന്നും കാബൂൾ, ഗാന്ധാരം എന്നി പ്രദേശങ്ങൾ യൂക്രാറൈറഡിസ് കൈക്കലാക്കി. കാബൂൾ മൈതാനത്തെ ഭരിച്ചിരുന്ന അവസാന ഗ്രീക്കരാജാവായ ഹെർമ്മയോസിനെ കുശാൻ രാജാവായ കഡ്ഫീസസ് ഉദ്ദേശം ബി. സി. ൨൫-ൽ തോല്പിച്ചതോടുകൂടി, ഇൻഡ്യയിലെ ഗ്രീക്കഭരണം സമാപിച്ചു.

ഗ്രീക്കഭരണത്തിൻെറ ഫലങ്ങൾ—അലക്സാണ്ഡരുടെ ആക്രമണം നിമിത്തം ഇൻഡ്യയ്ക്കു സ്ഥിരമായ ഗുണങ്ങളൊന്നും ലഭിച്ചിട്ടില്ലായിരുന്നു. കാബൂൾ മൈതാനത്തിലും വടക്കു പടിഞ്ഞാറെ അതിർത്തിപ്രദേശങ്ങളിലും പഞ്ചാബിലും ഉദ്ദേശം രണ്ടു ശതാബ്ദകാലത്തേക്കു (൨൦൦—൨൫ ബി. സി) ഗ്രീക്കുകാർ അധിവസിച്ചു ഭരണം നടത്തിയതു നിമിത്തമായിരുന്നു, ശരിയായ രീതിയിൽ ഗ്രീക്കു സംസ്കാരം ഇൻഡ്യയിൽ കടന്നു കൂടിയതു്. ഗാന്ധാരത്തിൽ കാണുന്ന ശില്പവേലയിൽനിന്നും ഗ്രീക്കുകാർ ഇൻഡ്യയിലെ ജനസാമാന്യത്തിൽ ലയിച്ചതായും, ഗ്രീക്ക് അക്ഷരമാലയിൽനിന്നുത്ഭവിച്ച ഒരെഴുത്തുരീതി ഏ. ഡി ൪-ാം ശതാബ്ദംവരെ ഇൻഡ്യയിൽ നിലനിന്നതായും ഗ്രഹിക്കാവുന്നതാണു്. ഗ്രീക്കഭരണാധിപന്മാരെല്ലാം ബുദ്ധമതം സ്വീകരിച്ചിരുന്നതു കൂടാതെ, ഇൻഡ്യയുടെ സമുദ്രമാർഗ്ഗമുള്ള വാണിജ്യം പുഷ്ടിപ്പെടുത്തുകയും ചെയ്തു.

## II. ഇൻഡോപാർതിയന്മാർ

കാസ്പിയൻ സമുദ്രത്തിനു തെക്കുകിഴക്കു് സ്ഥിതിചെയ്തിരുന്ന പാർതിയാരാജ്യത്തിൻെറ അഭിവൃദ്ധികർത്താവായ മിത്രഡോററിസ് I (൧൭൧—൧൩൮ ബി. സി.) ഉദ്ദേശം ബി. സി. ൧൩൮-ൽ ഇൻഡസിനും ഝലത്തിനും മദ്ധ്യേയുള്ള എല്ലാ പ്രദേശങ്ങളും ആക്രമിച്ചു സ്വരാജ്യത്തോടു ചേർത്തിരുന്നു. തക്ഷശിലയിലെയും മഥുരയിലെയും അധിപന്മാർ സത്രപനെന്ന പേർഷ്യൻ സ്ഥാനപ്പേരു സ്വീകരിച്ചതു പേർഷ്യൻ (പാർതിയൻ) രാജാവിൻെറ മേൽകോയ്മയ്ക്കു അവർ അധീനരായിരുന്നുവെന്നു കാണിക്കുന്നു. പാർതിയൻവർഗ്ഗജരായ പല രാജാക്കന്മാർ ഇൻഡ്യയുടെ അതിർത്തിപ്രദേശങ്ങളിൽ ഭരിച്ചിരുന്നു. ഇൻഡോപാർതിയൻ രാജാക്കന്മാരിൽ രണ്ടു

വംശപരമ്പരകൾ ഉണ്ടായിരുന്നു. ഇവരിൽ ഒരു വംശക്കാർ ആരക്കോഷ്യ, സീസ്റ്റാൻ എന്ന പ്രദേശങ്ങളിലും, മറേറവംശക്കാർ പഞ്ചാബിന്റെ പശ്ചിമഭാഗത്തു് തക്ഷശില രാജ്യത്തും ഭരിച്ചിരുന്നു. ഇവരുടെ രാജാക്കന്മാരിൽ പ്രധാനിയായ ഗോൺഡോഫെർനീസ് (എ. ഡി. ൨൦—൪൮) ആരക്കോഷ്യ, കാബൂൾ എന്നീ പ്രദേശങ്ങൾ അധീനമാക്കി. (ക്രിസ്തുവിന്റെ ശിഷ്യരിൽ ഒരുവനായ വിശുദ്ധ തോമസ് ഇദ്ദേഹത്തിന്റെ രാജ്യത്തു ക്രിസ്തുമതം പ്രസംഗിക്കുകയും, അവിടെവച്ചു വധിക്കപ്പെടുകയും ചെയ്തതായി ചില ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ടു്.) പക്ഷേ വിശുദ്ധ തോമസിന്റെ വധം ദക്ഷിണഇൻഡ്യയിൽവച്ചു് നടന്നതായി ഗണിക്കുവാനത്രെ കൂടുതൽ ന്യായം. ഇൻഡോപാർതിയൻ രാജ്യം രണ്ടായി വിഭാഗിക്കപ്പെട്ടതോടുകൂടി കുശാൻവർഗ്ഗക്കാരുടെ ആക്രമണം ഉണ്ടാകയാൽ, ഇവരുടെ ആധിപത്യം പെട്ടെന്നു് അധഃപതിച്ചു. ദക്ഷിണഇൻഡ്യയിലെ പല്ലവർ പാർതിയൻവർഗ്ഗത്തിൽപെട്ടവരാണത്രേ.

## III. കുശാന സാമ്രാജ്യം

**ഇൻഡോസിതിയന്മാർ.** **(൧) ശകന്മാർ.** ഇൻഡ്യയിൽ പ്രവേശിച്ച സിതിയന്മാരിൽ ശകന്മാർ, കുശാനർ എന്ന രണ്ടു വർഗ്ഗവിഭാഗങ്ങൾ ഉൾപ്പെട്ടിരുന്നു. സോഗ്ഡിയാനായിൽനിന്നും യൂവേച്ചി വർഗ്ഗക്കാരാൽ ബഹിഷ്കരിക്കപ്പെട്ടതോടുകൂടി ശകന്മാർ ബി. സി. ൧൩൦ൽ ഇൻഡ്യയുടെ വടക്കുപടിഞ്ഞാറെ അതിർത്തിയിലുള്ള ഗ്രീക്കുരാജ്യങ്ങളെ ആക്രമിക്കുകയും, ഉദ്ദേശം ബി. സി ൧൨൦-ൽ ഇൻഡ്യയിൽ പ്രവേശിക്കുകയും ചെയ്തു. ഇൻഡ്യയിൽ പ്രവേശിച്ച ശകന്മാരിൽ ഒരു വിഭാഗം സിൻഡ്, കത്തിയവാർ,

ഗുജറാത്ത് എന്നീ പ്രദേശങ്ങളിലും, മറേറവിഭാഗം തക്ഷശിലയിലും മധുരാപുരിയിലും അധിവസിച്ചു. ആദ്യത്തെ വിഭാഗം ബി. സി. ൧൦൦ മുതൽ എ. ഡി ൩൯൦ വരെ പശ്ചിമസത്രപന്മാർ എന്ന പേരിലും, മറേറ വിഭാഗത്തിന്റെ രണ്ടാധിപന്മാർ ബി സി ൧൦൦ മുതൽ എ. ഡി ൧൦൦ വരെ ഉത്തരസത്രപന്മാർ എന്ന പേരിലും ഭരിച്ചിരുന്നു. എ. ഡി. ൧൦൦-ൽ ഉത്തരസത്രപന്മാരുടെ രാജ്യം കുശാൻ സാമ്രാജ്യത്തിൽ ലയിച്ചു എന്നാൽ പശ്ചിമസത്രപന്മാരുടെ രാജ്യം എ. ഡി. ൩൯൦-ൽ ചന്ദ്രഗുപ്ത വിക്രമാദിത്യന്റെ ആക്രമണംവരെയും നിലനിന്നിരുന്നു.

(൨) കുശാനർ (എ. ഡി. ൪൦—൨൨൫). ബാക്ട്രിയായിൽവച്ചു യുവേച്ചിക്കാർ അഞ്ചു വിഭാഗങ്ങളായി പിരിഞ്ഞു. ഇവയിൽ കുശാനവിഭാഗക്കാർ കഡ്ഫീസസ് I-ന്റെ നേതൃത്വത്തിൽ ഉദ്ദേശം എ. ഡി. ൪൫-ൽ ഇൻഡ്യയിൽ പ്രവേശിച്ചു. കഡ്ഫീസസ് I-ബാക്ട്രിയൻ രാജ്യത്തെ ഉറപ്പിക്കുകയും, കാബൂളും ഗാന്ധാരവും ആക്രമിച്ചു എ. ഡി. ൬൦-ൽ തക്ഷശിലയിൽ ആധിപത്യം സ്ഥാപിക്കുകയും, എ. ഡി. ൭൮ വരെ ഭരിക്കുകയും ചെയ്തു.

ഈ വർഗ്ഗത്തിൽപെട്ട അടുത്ത രാജാവ് കഡ്ഫീസസ് II ആയിരുന്നു. എ. ഡി ൭൮ മുതലുള്ള ശകവർഷം (Saka Era) ഇദ്ദേഹത്തിന്റെ ഭരണകാലം മുതൽ ആരംഭിക്കുന്നതായി ഗണിക്കാവുന്നതാണ്. സിന്ധുമൈതാനവും ബനാറീസ്‌വരെ ഗംഗാസമതലവും തെക്കോട്ടു നർമ്മദാ വരെയുള്ള പ്രദേശങ്ങളും ഇദ്ദേഹത്തിന് അധീനമായിരുന്നുവെന്നു കാണുന്നു. മാളവയിലേയും പശ്ചിമ ഇൻഡ്യയിലേയും ശകസത്രപന്മാർ ഇദ്ദേഹത്തിന്റെ മേൽക്കോയ്മയെ സ്വീകരിച്ചിരുന്നു. ചൈനയിലെ ഒരു രാജാകുമാരിയെ വിവാഹം ചെയ്യാൻ ആവശ്യപ്പെട്ടതിൽ വിസമ്മതിക്കുകയാൽ, ആ രാജ്യവുമായി യുദ്ധം ചെയ്യാൻ കഡ്ഫീസസ് ഒരു സൈന്യത്തെ അയച്ചു. മഹമ്മദ ടാല്ലു

ക്കിൻെറ കാലത്തേപ്പോലെ യാത്രയിലുള്ള ഉൾഘടസ്ഥിതി നിമിത്തം സൈന്യം നശിക്കുകയും, ശേഷിച്ചവർ യുദ്ധത്തിൽ തോററതോടുകൂടി കഡ്ഫിസസ് ചൈനായ്ക്കു കപ്പം കൊടുക്കേണ്ടതായി വരികയും ചെയ്തു.

കനിഷ്കൻ (എ. ഡി. ൧൨൦—൧൬൨). കുശാൻ വർഗ്ഗത്തിലെ ഏററവും പ്രധാനപ്പെട്ട രാജാവു കനിഷ്കനായിരുന്നു. ഇൻഡ്യയിലും ടിബററിലും ചൈനയിലുമുള്ള ബുദ്ധമതഗ്രന്ഥങ്ങൾ, കനിഷ്കൻെറ കാലത്തെ ബുദ്ധമതകെട്ടിടങ്ങൾ എന്നി മാർഗ്ഗങ്ങളിലാണു് ഇക്കാലത്തെ ചരിത്രം നമുക്കു ലഭിച്ചിട്ടുള്ളതു. കനിഷ്കൻെറ സ്വന്തം രാജ്യം ഗാന്ധാരം (പുരുഷപുരം അഥവാ പേഷവാർ തലസ്ഥാനം) ആയിരുന്നു. സമീപസ്ഥങ്ങളായ പല രാജ്യങ്ങൾ അദ്ദേഹത്തിനു് അധീനമായിരുന്നതു കൂടാതെ, വിദൂരരാജ്യങ്ങളിൽ പോലും അദ്ദേഹത്തിൻെറ ശക്തി വ്യാപിച്ചിരുന്നുവെന്നു ഹിയുൻസാങ്ങ് പറഞ്ഞിരിക്കുന്നു. വിന്ധ്യാപർവ്വതംവരെ വടക്കുപടിഞ്ഞാറെ ഇൻഡ്യ മുഴുവൻ കനിഷ്കനു് അധീനമായിരുന്നിരിക്കണം.

കനിഷ്കനും ബുദ്ധമതപ്രചരണവും. ഇതരരാജ്യങ്ങളുമായുണ്ടായ ഇടപാടുകൾ, ബുദ്ധമതപ്രചരണത്തിനായി ചെയ്ത യത്നങ്ങൾ, ശില്പവേലയിൽ പ്രദർശിപ്പിച്ച സാമർത്ഥ്യം എന്നിവയാണു് കനിഷ്കൻെറ ഖ്യാതിക്കു നിദാനമായിരിക്കുന്നതു. കനിഷ്കൻ കാശ്മീരരാജ്യം പിടിച്ചടക്കി, അവിടെ അനവധി സ്തംഭങ്ങൾ പണി കഴിപ്പിച്ചു. ഇവിടെയുള്ള കനിഷ്കപുരം എന്ന പട്ടണം ഇന്നും അദ്ദേഹത്തിൻെറ സ്മരണയെ നിലനിർത്തുന്നുണ്ടു്. കനിഷ്കൻ പാടലീപുത്രത്തേയും ആക്രമിച്ചതായി കാണുന്നു. പാർതിയന്മാരുമായും ഇക്കാലത്തു യുദ്ധമുണ്ടായി. തൻെറ മുൻഗാമിക്കു ചൈനായിൽവച്ചുണ്ടായ തോൽവി കാരണമാക്കി

കനിഷ്കൻ ചൈനയുടെ സാമന്തരാജ്യങ്ങളായ ഖോട്ടാൻ, യാർക്കണ്ഡ്, കാഷ്ഗർ എന്ന പ്രദേശങ്ങൾ കൈവശപ്പെടുത്തി. അശോകനെപ്പോലെ ബുദ്ധമതം സ്വീകരിച്ച ശേഷം തൽപ്രചരണാർത്ഥം കനിഷ്കൻ കാശ്മീരത്തിലുള്ള കുണ്ഡലവനത്തിൽ ൪-ാമത്തെ ബുദ്ധമതയോഗം വിളിച്ചുകൂട്ടി, മതോപദേശങ്ങളെപ്പററി വാദപ്രതിവാദം നടത്തി. ഈ മഹാസഭയിലെ നിശ്ചയങ്ങൾ ബുദ്ധമതകാനോന്റെ അധികൃതവ്യാഖ്യാനങ്ങളായിത്തീൎന്നു പ്രസ്തുത സഭയിൽ ഹാജരായ ൫൦൦-പേർ ഹീനായന ബുദ്ധമതക്കാർ മാത്രമായിരുന്നുവെങ്കിലും, കനിഷ്കന്റെ കാലത്തു് കൂടുതൽ പ്രചാരത്തിലിരുന്നതു് മഹായനബുദ്ധമതംതന്നെയായിരുന്നു. അശോകനെപ്പോലെ കനിഷ്കനും ചൈനായിലേക്കു മതപ്രാസംഗികരെ അയച്ചു. വിഗ്രഹാരാധന ഇക്കാലത്തു ബുദ്ധമതത്തിൽ കടന്നുകൂടിയിരുന്നു. ശില്പവിദ്യാതല്പരനായ കനിഷ്കൻ അശോകനേപ്പോലെ പല കെട്ടിടങ്ങൾ പണികഴിപ്പിക്കുകയും, കൊത്തുപണി അഭിവൃദ്ധിപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്. ൪൦൦ അടി ഉയരമുള്ള പേഷവാർ ഗോപുരം, കാശ്മീരത്തിലെ കനിഷ്കപുരം, യമുനയുടെ തീരത്തുള്ള മധുരാപുരി എന്നിവയെല്ലാം കനിഷ്കൻ വിശേഷരീതിയിൽ പണിയിച്ചിട്ടുള്ളവയാണു്. കനിഷ്കൻ ബുദ്ധമതകെട്ടിടങ്ങൾ പണികഴിപ്പിച്ചതു് ഗ്രീക്കു രീതിയിലായിരുന്നു.

ഹവിഷ്കൻ (എ. ഡി. ൧൬൨—൧൮൨) കാശാന സാമ്രാജ്യം ഭരിച്ച പ്രബലനായ അവസാനത്തെ രാജാവു ഹവിഷ്കനായിരുന്നു ഇദ്ദേഹത്തിന്റെ മരണശേഷം പല ബലഹീനന്മാർ ഭരിക്കുകയും, താമസംവിനാ സാമ്രാജ്യം ക്ഷയിക്കുകയും ചെയ്തു.

കുശാനസാമ്രാജ്യക്ഷയത്തിനുള്ള കാരണങ്ങൾ.—ഹവിഷ്കന്റെ പിൻഗാമികളിൽ പ്രധാനികളായ വസുദേവൻ I (ഏ.ഡി ൧൮൫—൨൨൦), കനിഷ്കൻ II (൨൨൦—൨൨൫) എന്നിവരും ബലഹീനരായിരുന്നു. പേർഷ്യയിലു സസ്സേനിയൻ വംശത്തിന്റെ ആവിർഭാവത്തോടുകൂടിയുണ്ടായ സാമ്രാജ്യാഭിവൃദ്ധി ഇവരുടെ ബലഹീനഭരണത്തെ കുറേക്കൂടെ ദുർബ്ബലപ്പെടുത്തി. ഈ വംശത്തിൽപെട്ട അന്ത്യരാജാക്കന്മാർ ഹിന്ദുമതം സ്വീകരിച്ചിരുന്നു. കുശാൻ സാമ്രാജ്യം ഇക്കാലത്തു് സമാപിച്ചു എങ്കിലും ഈ വംശജരായ രാജാക്കന്മാർ ഏ. ഡി. ൫-ാം ശതകത്തിൽ ഹൂണന്മാരുടെ ആക്രമണമുണ്ടായതു വരെ കാബൂളിലും സമീപ പ്രദേശങ്ങളിലും പ്രാബല്യത്തിലിരുന്നു.

ക്രിസ്ത്വബ്ദാരംഭത്തിൽ കലാവാണിജ്യങ്ങളുടെ നില.

കലകൾ:—മൗര്യസാമ്രാട്ടുകൾ ചുററും അഴികളുള്ള സ്തൂപകങ്ങൾ പണിയിച്ചിരുന്നു. ഇവയെല്ലാം എത്രയും ലളിതരീതിയിലായിരുന്നു. ബി സി. ൧൨൫-നും ൨൦-നും മദ്ധ്യേയുള്ള കാലത്തു പണികഴിപ്പിച്ചിട്ടുള്ള സ്മാരകങ്ങളുടെ അഴികളിലും സ്തംഭങ്ങളിലും പടിവാതിലുകളിലും വിചിത്രരീതിയിൽ കൊത്തുപണി ചെയ്തിട്ടുണ്ടായിരുന്നു. സ്മാരകങ്ങളിൽ പ്രധാനപ്പെട്ടവ ഭാർഹട്ട്, സാഞ്ചി, ബുദ്ധഗയ എന്നീ സ്ഥലങ്ങളിൽ കാണപ്പെടുന്നു. പ്രസ്തുത കെട്ടിടങ്ങളിൽ കാണുന്ന കൊത്തുപണികളിൽ പ്രദർശിപ്പിച്ചിട്ടുള്ളതു് ബുദ്ധന്റെ ജീവിതത്തെയും പ്രസ്തുതമായ ഐതിഹ്യങ്ങളെയും ദൃഷ്ടാന്തീകരിക്കുന്ന ചിത്രങ്ങളാണു്. വിചിത്രവേലയുടെ മാഹാത്മ്യം മാത്രമല്ല, അക്കാലത്തെ സാമൂഹികവും മതസംബന്ധവുമായ ജീവിതരീതിയും ഇവയിൽ പ്രദർശിപ്പിച്ചിട്ടുണ്ടു്. പ്രസ്തുത കലാവേലകൾ പ്രകൃതവും

സമ്പ്രദായവുമാണു്. ലോകജീവിതം സന്തോഷസമ്പൂർണ്ണമാണെന്നു് ഇക്കാലത്തെ ജനങ്ങൾ കരുതിയിരുന്നതായി ഇവയിൽനിന്നും കാണുന്നു. ഈ കാലത്തു പല പള്ളികളും ക്ഷേത്രങ്ങളും സന്യാസാശ്രമങ്ങളും പണികഴിപ്പിച്ചിട്ടുണ്ടു്. ഒറീസ്സാ, മധുര, നാസിക്കു് എന്നീ സ്ഥലങ്ങളിൽ ഇവ വളരെ അധികം ഉണ്ടായിരുന്നു. ഗുഹകളുടെയും ക്ഷേത്രങ്ങളുടെയും ഭിത്തികളിലും തട്ടുകളിലും വിചിത്രവേലകൾ ചെയ്തിരുന്നു. ഇവയിൽ അജാന്താ ഗുഹകളിലെ വിചിത്രവേലകൾ വിശ്വവിശ്രുതമാണു്.

<u>സാമ്പത്തിക സ്ഥിതി.</u> ക്രിസ്ത്വബ്ദാരംഭത്തിൽ ഇൻഡ്യ സാമ്പത്തികാഭിവൃദ്ധി പ്രാപിച്ചിരുന്നു. വാണിജ്യവും വ്യവസായവും പുരോഗമിച്ചുവന്നു. സ്വർണ്ണം, വെള്ളി, ചെമ്പു് ഇവ കൊണ്ടുള്ള നാണയങ്ങൾ നടപ്പിലിരുന്നു. ഇൻഡ്യയിലെ വാണിജ്യസാധനങ്ങൾ കിഴക്കു ചൈനയിലേക്കും, പടിഞ്ഞാറു് റോമാസാമ്രാജ്യത്തിലേക്കും അയച്ചിരുന്നു. രത്നക്കല്ലുകൾ, മുത്തു്, സുഗന്ധദ്രവ്യങ്ങൾ, പഞ്ഞി, പട്ടു്, മസ്‌ലിൻ ഇവ കയറ്റുമതി ചെയ്കയും, പകരം സ്വർണ്ണവും വക്കത്തുണിയും ലോഹങ്ങളും ഇറക്കുമതി ചെയ്കയും ചെയ്തിരുന്നു. വ്യാപാരികൾ, ഇതരതൊഴിലുകാർ, ബാങ്കുകാർ എന്നിവർ പ്രത്യേക സംഘങ്ങൾ രൂപവൽക്കരിച്ചു് സ്വയംഭരണ രീതിയിൽ വർത്തിച്ചുവന്നു. നഗരങ്ങളുടെ ഭരണം പ്രസിഡണ്ടു്, കൗൺസിൽ, രജിസ്ട്രാർ മുതലായ ഉദ്യോഗസ്ഥന്മാർ മുഖേന വ്യവസ്ഥാപിതമായ രീതിയിൽ നടത്തിവന്നു.

### ചോദ്യങ്ങളും അഭ്യാസങ്ങളും

1. അലക്സാണ്ടരുടെ ആക്രമണത്തേക്കാൾ ഇൻഡ്യ കൂടുതൽ പ്രയോജനമുണ്ടായതു് ഇൻഡോ ബാക്ട്രിയ

രുടെ നേതൃത്വത്തിലുള്ള ഗ്രീക്ക ആക്രമണത്താൽ ആണെന്നു് തെളിയിക്കുക.

2. ശ്രീയേശുക്രിസ്തുവിൻെറ ശിഷ്യനായ വിശുദ്ധ തോമസ് ഇൻഡ്യയിൽ വന്നതു് ആരുടെ ഭരണകാലത്താണു്?

3. കനിഷ്ക്കൻെറ പ്രസിദ്ധിക്കു് അടിസ്ഥാനമായിരിക്കുന്ന കാൎയ്യങ്ങൾ ഏവ?

4. 3-ാം നമ്പർ ഇൻഡ്യാഭൂപടത്തിൽ നിന്നും കനിഷ്ക്ക സാമ്രാജ്യത്തിൻെറ ഒരു ചിത്രം വരയ്ക്കുക.

---

## അദ്ധ്യായം ൮.

# ഹിന്ദുമതത്തിൻെറ സുവൎണ്ണയുഗം

## ഗുപ്തസാമ്രാജ്യം (എ. ഡി. ൩൨൦—൪൫൦)

## (മൂന്നാമത്തെ ഇൻഡ്യൻ സാമ്രാജ്യം)

മൌൎയ്യസാമ്രാജ്യത്തിൻെറ ക്ഷയത്തിനും ഗുപ്തസാമ്രാജ്യത്തിൻെറ സ്ഥാപനത്തിനും മദ്ധ്യേയുള്ള ഉദ്ദേശം അഞ്ചു ശതാബ്ദകാലത്തു ഉത്തരഇൻഡ്യ ഭരിച്ചതു് വിദേശീയരായിരുന്നു. ഇവരുടെ ഭരണത്തിൻെറ കാലനിൎണ്ണയം ചെയ്യുള്ള ചരിത്രം നമുക്ക ലഭിച്ചിട്ടില്ല. എന്നാൽ പൌരാണികകാലത്തു (എ. ഡി. ൩൨൦—൩൫൦) ഗുപ്തസാമ്രാജ്യവും ഹൎഷസാമ്രാജ്യവും ആവിർഭവിച്ചതോടുകൂടി, കാലനിൎണ്ണയം ചെയ്യുള്ള ചരിത്രം സുസാദ്ധ്യമായിത്തിൎന്നു.

## ഗുപ്തസാമ്രാജ്യത്തിന്റെ ഉത്ഭവം—ചന്ദ്രഗുപ്തൻ

(ഏ. ഡി. ൩൨൦—൩൩൦). ചന്ദ്രഗുപ്തൻ I പാടലീപുത്രം സമീപിച്ചുള്ള ഒരു പ്രദേശത്തിന്റെ അധിപതിയായിരുന്നു. ലിച്ഛാവി വംശജയായ കുമാരദേവി എന്നൊരു രാജകുമാരിയെ വിവാഹം ചെയ്തതോടുകൂടി മഗധയിലും സമീപപ്രദേശങ്ങളിലും ചന്ദ്രഗുപ്തന്റെ ആധിപത്യം സുസ്ഥാപിതമായിത്തീൻ്റു. പ്രസ്തുത വിവാഹബന്ധം ചന്ദ്രഗുപ്തനെ ഒരു ഇടപ്രഭു എന്നസ്ഥാനത്തുനിന്നും ചക്രവത്തിസ്ഥാനത്തേക്ക് ഉയത്തി. അനന്തരം ചന്ദ്രഗുപ്തൻ റാണിയുടെയും ലിച്ഛാവി വർഗ്ഗക്കാരുടെയും പേരുകളിൽ നാണയങ്ങൾ അടിപ്പിക്കുകയും, ഗംഗയുടെയും യമുനയുടെയും സംയോജകസ്ഥാനമായ അലഹബാദ വരെ മഗധരാജ്യത്തെ വിസ്തൃതമാക്കുകയും ചെയ്തു. ടിർഹട്ട്, ദക്ഷിണബീഹാർ, അയോദ്ധ്യ എന്നീ ഫലഭൂയിഷ്ഠമായ പ്രദേശങ്ങൾ ചന്ദ്രഗുപ്തന്റെ അധീനത്തിലായിരുന്നു. ഗുപ്തവഷം എന്നൊരു വഷവും ചന്ദ്രഗുപ്തൻ ഏൎപ്പെടുത്തി.

## ഗുപ്തസാമ്രാജ്യാഭിവൃദ്ധി—സമുദ്രഗുപ്തൻ

(ഏ. ഡി ൩൩൦—൩൭൫). ചന്ദ്രഗുപ്തന്റെ പുത്രനും പിൻഗാമിയുമായ സമുദ്രഗുപ്തൻ ഈ വംശത്തിലെ അതിപ്രബലനായ രാജാവായിരുന്നു. ഇദ്ദേഹം ഒരു വലിയ യോദ്ധാവും, രാജ്യതന്ത്രജ്ഞനും, കവിയും, സംഗീതവിദഗ്ദ്ധനും ആയിരുന്നു. ഇദ്ദേഹത്തിന്റെ വീൎയ്യപരാക്രമങ്ങളെപ്പററി (അലഹബാദ കോട്ടയിലുള്ള കോസാംബി സ്തംഭത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.) ദക്ഷിണ ഇൻഡ്യയിലെ ൧൧ രാജാക്കന്മാരോടും ഗംഗാ സമതലത്തിലെ ൯ രാജാക്കന്മാരോടും അതിത്തിയിലുള്ള പല ഭരണകത്താക്കളോടും ഇദ്ദേഹം യുദ്ധം നടത്തിയതായി കാണുന്നു. ഗംഗാ സമതലത്തിൽ




ചിത്രം ൪. ഇൻഡ്യാ—എ. ഡി. ൩൨൦—൬൪൭.

൧. പ്രാചീനവാണിജ്യമാർഗ്ഗങ്ങൾ.
൨. സമുദ്രഗുപ്തന്റെ സാമ്രാജ്യം
൩. ഹൂണസാമ്രാജ്യം.
൪. ഹർഷസാമ്രാജ്യം.

ഇദ്ദേഹം കീഴടക്കിയ രാജാക്കന്മാരിൽ പ്രധാനി പത്മാവതിപട്ടണം തലസ്ഥാനമാക്കി ഭരിച്ചിരുന്ന ഗണപതിനാഗൻ ആയിരുന്നു. ഗംഗാസമതലം കൈവശപ്പെടുത്തിയ ശേഷം സമുദ്രഗുപ്തൻ ദക്ഷിണേന്ത്യയിലെത്തി, ദക്ഷിണകോസലത്തിലെ മഹേന്ദ്രൻ, വെംഗിയിലെ ഹസ്തിവർമ്മൻ, കാഞ്ചീപുരത്തിലെ വിഷ്ണുഗോപൻ, പാലക്കാട്ടെ ഉഗ്രസേനൻ, ദേവരാഷ്ട്രത്തിലെ കുബേരൻ ആദിയായ രാജാക്കന്മാരെ കീഴ്പെടുത്തിയ ശേഷം, എ. ഡി. ൩൫൦-ൽ തലസ്ഥാനത്തേക്കു തിരിച്ചുപോയി. ഈ ദക്ഷിണരാജ്യങ്ങളെ ആക്രമിച്ചതല്ലാതെ സ്ഥിരമായി ചേർത്തു ഭരിക്കുവാൻ ഇദ്ദേഹം യാതൊരു ശ്രമവും ചെയ്തില്ല ഉദ്ദേശം ൧൦൦൦ വർഷം കഴിഞ്ഞിട്ടു മാലിക്കു് കാഫർ ചെയ്തതുപോലെ, സമുദ്രഗുപ്തനും ദക്ഷിണദേശങ്ങളെ കൊള്ള ചെയ്തശേഷം തിരിച്ചുപോകയാണു് ചെയ്തതു്.

സാമ്രാട്ടുതന്നെ നേരിട്ടുഭരിക്കുന്നവയും കപ്പം കൊടുത്തുവന്നവയും സംരക്ഷിക്കപ്പെടുന്നവയുമായ പല പ്രദേശങ്ങൾ സമുദ്രഗുപ്തന്റെ സാമ്രാജ്യത്തിൽ ഉൾപ്പെട്ടിരുന്നു. ഇദ്ദേഹം നേരിട്ടു ഭരിച്ച രാജ്യത്തിന്റെ അതിരുകൾ വടക്കു ഹിമാലയവും തെക്കു നർമ്മദായുമായിരുന്നു. പാടലീപുത്രത്തിൽ നിന്നും തലസ്ഥാനം അയോദ്ധ്യയിലേക്കു ഇദ്ദേഹം മാററി സ്ഥാപിച്ചു. സ്വരാജ്യത്തിന്റെ അതിർത്തിയിൽ സ്ഥിതി ചെയ്തിരുന്ന സാമതാത (ഗംഗയുടെയും ബ്രഹ്മപുത്രയുടെയും ഡൽററാ) കാമരൂപം (ആസ്സാം), ദേവക, നേപ്പാൾ ആദിയായി അഞ്ചു രാജ്യങ്ങൾ സമുദ്രഗുപ്തൻ കപ്പം കൊടുത്തു കൊണ്ടിരുന്നു. കൂടാതെ പഞ്ചാബ്, രാജപുട്ടാണയുടെ കിഴക്കേ ഭാഗങ്ങൾ, മാൾവ എന്നീ സ്ഥലങ്ങളിലെ പല ഭരണാധികാരികളും ഇദ്ദേഹത്തിന്റെ സംരക്ഷണയിൽ ഇരുന്നു. നർമ്മദയ്ക്കു തെക്കുള്ള രാജ്യങ്ങൾ സാമ്രാജ്യത്തിൽ ഉൾപ്പെട്ടിരുന്നില്ലെങ്കിലും സമുദ്ര

ഗുപ്തന്നു കീഴ്പെട്ടിരുന്നു. ഗാന്ധാരം, കാബൂൾ ആദിയായ പ്രദേശങ്ങളെ ഭരിച്ചിരുന്ന കശാൻ രാജാവ്, രുദ്രസേനൻ എന്ന പശ്ചിമ സത്രപൻ, സിലോണിലെ മേഘവർണ്ണൻ എന്നിവരുമായി സമുദ്രഗുപ്തന്ന് ഇടപാടുകൾ ഉണ്ടായിരുന്നു. ഈ ബന്ധം നിമിത്തം സമുദ്രഗുപ്തന്റെ കാലം നിർണ്ണയിക്കുവാൻ സൌകര്യമുണ്ടായിട്ടുമുണ്ട്.

<u>സമുദ്രഗുപ്തന്റെ ഭരണപരിഷ്കാരങ്ങൾ.</u> സമുദ്രഗുപ്തൻ വിദ്വജ്ജനങ്ങളുമായി സഹവാസം ചെയ്കയും, വിദ്യാഭ്യാസത്തെ കഴിയുന്നത്ര പ്രോത്സാഹിപ്പിക്കുകയും ചെയ്തു. സമുദ്രഗുപ്തൻ വീണവായിക്കുന്നതായി ചില നാണയങ്ങളിൽ കാണുന്നതു സംഗീത വിഷയത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന പാടവത്തെ വെളിപ്പെടുത്തുന്നു. സാഹിത്യതല്പരനായിരുന്ന ഇദ്ദേഹം പല പദ്യങ്ങൾ രചിച്ചിട്ടുണ്ട്. സമുദ്രഗുപ്തൻ ഹിന്ദുമതത്തിന്റെ രക്ഷാധികാരിയായിരുന്നു. സംസ്കൃതഭാഷാഭിവൃദ്ധിക്കു അദ്ദേഹം വളരെ സഹായം ചെയ്തിട്ടുണ്ട്. പുഷ്യമിത്രന്റെ ഭരണാനന്തരം ആദ്യമായി അശ്വമേധയാഗം നടത്തിയതു സമുദ്രഗുപ്തനായിരുന്നു. എങ്കിലും ബുദ്ധമതത്തിനു ഇദ്ദേഹം ദാക്ഷിണ്യം അനുവദിച്ചിരുന്നു. യുദ്ധയാത്രകളും അശ്വമേധവും കഴിഞ്ഞുള്ള ശിഷ്ടഭരണകാലം ഭരണകാര്യങ്ങൾ ക്രമപ്പെടുത്തുവാനായി സമുദ്രഗുപ്തൻ വിനിയോഗിച്ചു. ഭരണാവസാനത്തിൽ സ്വപുത്രനായ ചന്ദ്രഗുപ്തനെ ഭരണകാര്യങ്ങളിൽ സമുദ്രഗുപ്തൻ ഏർപ്പെടുത്തിയിരുന്നു. ഇൻഡ്യയിലെ അതിപ്രബലന്മാരായ ഭരണാധികാരികളുടെയും ജേതാക്കളുടെയും കൂട്ടത്തിൽ ഒരു പ്രധാനസ്ഥാനം സമുദ്രഗുപ്തനുണ്ട്. "ഇൻഡ്യൻ നെപ്പോളിയൻ" എന്ന സ്ഥാനം അർഹിക്കത്തക്കവണ്ണം സമുദ്രഗുപ്തൻ അസാമാന്യശക്തിയുള്ളവനായിരുന്നു.

ഗുപ്തസാമ്രാജ്യത്തിന്റെ അത്യുച്ചാവസ്ഥ—ചന്ദ്രഗുപ്തൻ II (എ. ഡി. ൩൭൫—൪൧൩). സമുദ്രഗുപ്തന്റെ പിൻഗാമിയായ ചന്ദ്രഗുപ്തവിക്രമാദിത്യന്റെ കാലത്തും സാമ്രാജ്യം പ്രബലമായി തന്നെ ഇരുന്നു. ഐതിഹ്യങ്ങളിൽ പ്രഖ്യാതനായിത്തീർന്നിട്ടുള്ള വിക്രമാദിത്യൻ ഇദ്ദേഹമായിരുന്നു. വിക്രമാദിത്യൻ ഉൗർജ്ജസ്വലനായ ഒരു ഭരണകർത്താവും, പ്രബലനായ ഒരു യോദ്ധാവും ആയിരുന്നു.

എ. ഡി. ൩൮൮-നും ൪൦൧-നും മദ്ധ്യേ ചന്ദ്രഗുപ്തൻ മാൾവാ, ഗുജറാത്ത്, കത്തിയവാർ എന്നീ സ്ഥലങ്ങളിലെ ശകവർഗ്ഗക്കാരായ പശ്ചിമസത്രപന്മാരുടെ രാജ്യങ്ങൾ ആക്രമിച്ചു. അവസാന സത്രപനായ രുദ്രസിംഹനെ എ. ഡി. ൪൦൦-ൽ വധിച്ച് അദ്ദേഹത്തിന്റെ രാജ്യവും ചന്ദ്രഗുപ്തൻ സ്വരാജ്യത്തോടു ചേർത്തു. ഇപ്രകാരം വിക്രമാദിത്യന്റെ സാമ്രാജ്യം വിസ്താരത്തിൽ വർദ്ധിക്കുകയും, കാംബെ ബ്രോച്ച്, ആദിയായ തുറമുഖപട്ടണങ്ങൾ ലഭിച്ചതോടുകൂടി, ഈജിപ്ത്മായും യൂറോപ്യൻ വാണിജ്യസംബന്ധമായുള്ള ഇടപാടുകൾക്ക് ഇടയാകുകയും, യൂറോപ്യൻ സംസ്കാരം പകർത്തുവാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്.

ഇക്കാലത്തെ സാമ്രാജ്യസ്ഥിതിയെപ്പററിയുള്ള അറിവ് നമുക്കു ലഭിച്ചിട്ടുള്ളതു ഫാഹിയാന്റെ എഴുത്തുകളിൽനിന്നുമാണ്. സമുദ്രഗുപ്തന്റെ ഭരണകാലത്തെന്നപോലെ ഇക്കാലത്തും തലസ്ഥാനം അയോദ്ധ്യ തന്നെയായിരുന്നു. അതിവിസ്താരത്തിൽ വർദ്ധിച്ചുവന്നിരുന്ന സാമ്രാജ്യത്തിന്റെ കേന്ദ്രസ്ഥാനത്തല്ലായിരുന്നു രണ്ടാമത്തെ പട്ടണമായ പാടലീപുത്രം സ്ഥിതിചെയ്തിരുന്നതു്. എങ്കിലും ഹൂണന്മാരുടെ പ്രവേശത്തോടുകൂടി പാടലീപുത്രത്തിനുണ്ടായിരുന്ന പ്രാധാന്യവും ക്ഷയിച്ചു. ചന്ദ്രഗുപ്തവിക്രമാദിത്യന്റെ ഭരണത്തെക്കാൾ നന്നായി പൗരസ്ത്യരീതിപ്രകാരമുള്ള ഒരു

ഭരണം ഇൻഡ്യയിൽ ഒരിക്കലുമുണ്ടായിട്ടില്ല. ഉദ്യോഗസ്ഥന്മാൎക്കും കാവൽ പട്ടാളക്കാൎക്കും ക്രമമായ ശമ്പളം കൊടുത്തുവന്നിരുന്നു. ഹിന്ദുമതവും ബുദ്ധമതവും ഇക്കാലത്തു് അഭിവൃദ്ധിപ്പെട്ടിരുന്നതായി ഫാഹിയാൻ പറയുന്നുണ്ടു്. എങ്കിലും ബുദ്ധമതത്തിനു് ആദ്യകാലത്തെപ്പോലെയുള്ള അഭിവൃദ്ധിയുണ്ടായിരുന്നില്ല. ഗയാ, കപിലവസ്തു ആദിയായി ബൗദ്ധന്മാരുടെ വിശുദ്ധ സ്ഥലങ്ങൾ ആൾ പാൎപ്പില്ലാതെ ഇക്കാലത്തു നശിച്ചുപോയിരുന്നു. ബുദ്ധമതത്തിൽ മഹായനം, ഹീനായനം എന്നി വിഭാഗങ്ങൾ ഉത്ഭവിക്കുകയും, വിഗ്രഹാരാധനയും ഉത്സവാഘോഷങ്ങളും കടന്നുകൂട്ടുകയും ചെയ്തിരുന്നു. മഗധത്തിലെ പട്ടണങ്ങൾ അഭിവൃദ്ധി പ്പെട്ടുകൊണ്ടിരുന്നു. പ്രജകാം സത്യനിഷ്ഠയും ഈശ്വരഭക്തിയും ഉള്ളവരായിരുന്നു. വഴിയമ്പലങ്ങൾ ആദിയായ ധൎമ്മസ്ഥാപനങ്ങൾ പലയിടത്തുമുണ്ടായിരുന്നു. രാജസംരക്ഷണയിൽ ഹിന്ദുമതത്തിനു ഗണ്യമായ അഭിവൃദ്ധിയുണ്ടായി.

ചന്ദ്രഗുപ്തൻെറ ഭരണം വളരെ തൃപ്തികരമായിരുന്നു. ക്രിമിനൽനിയമങ്ങൾ കഠിനമായിരുന്നില്ല. രാജാവു് ഒരു ബ്രാഹ്മണനായിരുന്നുവെങ്കിലും ഇതരമതദാക്ഷിണ്യം അനുവദിച്ചിരുന്നു. വിക്രമാദിത്യൻെറ പ്രോത്സാഹനത്തിൽ സംസ്കൃതസാഹിത്യത്തിന വലിയ അഭിവൃദ്ധിയുണ്ടായി. കാളിദാസാദി നവരത്നങ്ങളെ തൻെറ രാജധാനിയിൽ വിക്രമാദിത്യൻ സംരക്ഷിച്ചുവന്നു. ശാകുന്തളം, മേഘദൂതു്, രഘുവംശം, മാളവികാഗ്നിമിത്രം ആദിയായ കൃതികളാൽ കാളിദാസൻ സാഹിത്യപോഷണം വരുത്തി. സംസ്കൃതസാഹിത്യത്തിൻെറ അത്യുന്നതഘട്ടമായി വിക്രമാദിത്യൻെറ ഭരണകാലത്തെ ഗണിക്കേണ്ടതാണു്. "പല യുദ്ധ

ങ്ങളിലേയും ജേതാവും, ആധുനിക സംസ്കൃത സാഹിത്യത്തിലെ പല നല്ല ഭാഗങ്ങളുടെ രക്ഷാധികാരിയും, നിരവധി ഐതിഹ്യങ്ങളുടെ വിഷയവുമായിരുന്ന ഉജ്ജയിനിയിലെ വിക്രമാദിത്യൻ, ചാറൽമെയിൻ ഫ്രഞ്ചുകാർക്കും, അശോകൻ ബുദ്ധമതക്കാർക്കും, ഹാരൂണാറം റാഷിഡ് മുഹമ്മദീയർക്കുമെന്നപോലെ ഹിന്ദുക്കൾക്കു് ആയിരുന്നു."

<u>കുമാരഗുപ്തൻ</u> I ( A. C. ൪൧൩-൪൫൫). ചന്ദ്രഗുപ്ത വിക്രമാദിത്യൻെറ പുത്രനായ കുമാരഗുപ്തൻ ൪൧൩ മുതൽ ൪൫൫ വരെ മഗധരാജ്യം ഭരിച്ചു. ഇക്കാലത്തെ ചരിത്രം വിസ്തൃതമായി രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ കുമാരഗുപ്തൻ അശ്വമേധയാഗം കഴിച്ചതായി കാണുന്നതിൽ നിന്നും, അദ്ദേഹം തൻെറ പിതാർജ്ജിതമായ സാമ്രാജ്യത്തോടു ഏതാനും പ്രദേശങ്ങൾ എങ്കിലും ചേർത്തിരിക്കാനിടയുണ്ടെന്നു് ഊഹിക്കാവുന്നതാണു്. ഇക്കാലത്തു് ഐറേനിയൻ വർഗ്ഗക്കാരായ 'പുഷ്യമിത്രർ' ആക്രമണത്തിനു വരികയും, കുമാരഗുപ്തൻ അവരെ തോല്പിക്കുകയും ചെയ്തു. ഹൂണന്മാരും ഇതിനോടടുത്തു സാമ്രാജ്യത്തിൽ പ്രവേശിച്ചു പല ഉപദ്രവങ്ങൾ ചെയ്തു.

<u>സ്കന്ദഗുപ്തൻ</u> ( A. C. ൪൫൫—൪൭൦). പ്രധാന ഗുപ്തന്മാരിൽ അന്ത്യനായ സ്കന്ദഗുപ്തൻ രാജ്യഭാരം ഏറ്റതോടുകൂടി ഹൂണന്മാർ വീണ്ടും ആക്രമണം ആരംഭിച്ചു. സ്കന്ദഗുപ്തൻ ഇവരെ തോല്പിച്ചോടിച്ചു. ഇതിനു ശേഷം ഹൂണന്മാരുടെ മറെറാരു വിഭാഗക്കാർ രണ്ടാം ആക്രമണം (൪൫൫—൪൬൭) തുടർന്നു. യുദ്ധത്തിൽ സ്കന്ദഗുപ്തൻ ഇവരെ നിശ്ശേഷം തോല്പിക്കയാൽ, സാമ്രാജ്യത്തിനു ഹൂണന്മാരിൽനിന്നുമുണ്ടാകാവുന്ന ഉപദ്രവം അവസാനിച്ചുവെന്നു തോന്നി. ഈ വിജയസ്മാരകമായി സ്കന്ദഗുപ്തൻ ഒരു സ്തംഭം സ്ഥാപിച്ചു. സൌരാഷ്ട്രവും സാമ്രാജ്യത്തിൻെറ

കിഴക്കേ പ്രദേശങ്ങളും ൪൮൪-ൽ നഷ്ടപ്പെട്ടിരുന്നില്ലെന്നു കാണുന്നു. ഹൂണന്മാർ മൂന്നാം പ്രാവശ്യം ൪൫൮-ൽ പ്രവേശിച്ചു ഗാന്ധാരം കൈവശപ്പെടുത്തി. ൪൭൦-ൽ ഇവർ സ്കന്ദഗുപ്തന്റെ രാജ്യത്തിനുള്ളിൽ പ്രവേശിച്ചു കൊള്ള ചെയ്യുകയും, രാജാവിനെ തോല്പിച്ചു രാജ്യം കൈവശപ്പെടുത്തുകയും ചെയ്തു. സ്കന്ദഗുപ്തന്റെ ഭരണം ഗുപ്തസാമ്രാജ്യത്തിനു സാമ്പത്തികമായി വലിയ നഷ്ടം വരുത്തിയിരുന്നു ഏ. ഡി. ൪൬൭-ൽ സ്കന്ദഗുപ്തൻ മരിച്ചതോടുകൂടി ഗുപ്തന്മാരുടെ സാമ്രാജ്യം നശിച്ചു. എങ്കിലും ഈ രാജവംശം മഗധയ്ക്കു കിഴക്കുള്ള ഏതാനും പ്രദേശങ്ങളെ ഭരിച്ചുകൊണ്ടു കുറെക്കാലംകൂടെ നിലനിന്നു. കുമാരഗുപ്തൻ I-ന്റെ പുത്രനായ പുരഗുപ്തൻ (൪൬൭-൪൬൯) ഹൂണന്മാരെ നിഷ്കാസനം ചെയ്യാൻ യത്നിച്ചു. നരസിംഹഗുപ്തൻ ൪൬൯ മുതൽ ൫൩൦ വരെയും, അവസാനഗുപ്തരാജാവായ കുമാരഗുപ്തൻ ദ്വിതീയൻ ൫൩൦ മുതൽ ൫൩൩ വരെയും ഭരിച്ചിരുന്നു.

ഗുപ്തന്മാരുടെ സുവർണ്ണകാലം. ചന്ദ്രഗുപ്തൻ I, ചന്ദ്രഗുപ്തൻ II (വിക്രമാദിത്യൻ), കുമാരഗുപ്തൻ I, സ്കന്ദഗുപ്തൻ എന്നിവർ ഭരിച്ചിരുന്ന കാലത്തെ (ഏ. ഡി. ൩൨൦—൪൬൭) ഗുപ്തന്മാരുടെ സുവർണ്ണകാലമായി ഗണിക്കാവുന്നതാണു്. ഇക്കാലത്തു രാഷ്ട്രീയവും സാമുദായികവും മതസംബന്ധവും മാനസികവുമായി ജീവിതത്തിന്റെ മിക്ക വശങ്ങളിലും ഒരു നവജീവൻ കടന്നുകൂടി. ഇക്കാലത്തെ ഭരണം എത്രയും തൃപ്തികരവും ദയാസമ്പൂർണ്ണവും ആയിരുന്നു. ഗുപ്തസാമ്രാട്ടുകൾ ചാരന്മാരെ ഏർപ്പെടുത്തിയിരുന്നില്ല. മനുവിന്റെ നിയമങ്ങൾ പ്രയോഗത്തിലിരുന്നു. സാഹിത്യാദി കലകൾക്കും ശാസ്ത്രങ്ങൾക്കും ഇക്കാലത്തു അസാമാന്യമായ അഭിവൃദ്ധിയുണ്ടായി. ഇതരമതോപദ്രവം ഉണ്ടായിരുന്നില്ല. ബുദ്ധമതം ക്ഷയി

ക്കുകയും, ബ്രാഹ്മണമതം ഏതാനും ഭേദഗതികളോടു കൂടി പൗരാണിക ഹിന്ദുമതം (നവീന ഹിന്ദുമതം) എന്ന പേരിൽ ശക്തിപ്പെടുകയും ചെയ്തു. ക്രിസ്ത്വാബ്ദത്തിന്റെ ആരംഭത്തിൽ ബുദ്ധമതം അനവധി ദേവന്മാരെ ഉൾപ്പെടുത്തി മതപ്രചരണം വരുത്തിയ രീതി ഇക്കാലത്തു ഹിന്ദുമതാഭിവൃദ്ധിക്കും സഹായമായിരുന്നു. കുശാൻ വംശക്കാർ, ഗുപ്തർ, ഹൂണന്മാർ ആദിയായ വിദേശീയർ ഹിന്ദുമതം സ്വീകരിച്ചതിന്റെ ഫലമായിട്ടത്രേ പുരാണങ്ങൾ ഉണ്ടായിട്ടുള്ളതു്. മാനസികാഭിവൃദ്ധിയിലും ഇക്കാലം പ്രാധാന്യമേറിയതു തന്നെ. ചന്ദ്രഗുപ്തവിക്രമാദിത്യന്റെ രാജധാനിയിൽ നവരത്നങ്ങൾ വസിച്ചു് സാഹിത്യയത്നങ്ങൾ ചെയ്തുവന്നുവെന്നും, അവരിൽ പ്രധാനിയായ കാളിദാസൻ നാടകകൃതികൾകൊണ്ടു് സംസ്കൃതസാഹിത്യസമ്പത്തു് വർദ്ധമാനമാക്കിയെന്നും മുമ്പു പ്രസ്താവിച്ചിട്ടുണ്ടു്. കണക്കുശാസ്ത്രത്തിലും ജ്യോതിശ്ശാസ്ത്രത്തിലും അഭിവൃദ്ധിവരുത്തിയതു ആര്യഭട്ടർ, വരാഹമിഹിരൻ എന്നിവരുടെ ശ്രമം നിമിത്തമാണു്. സംഗീതം, ശില്പവിദ്യ, ചിത്രവേല എന്നീ ലളിത കലകൾക്കും ഇക്കാലത്തു് അഭിവൃദ്ധിയുണ്ടായി. പ്രാചീന ഇൻഡ്യയിലെ ലളിത കലകളുടെ സുവർണ്ണകാലമായി ഗുപ്തകാലത്തെ ഗണിക്കാറുണ്ടു്. ചൈനാ, പേർഷ്യാ, ഗ്രീസ്, ഇററലി എന്നീ രാജ്യങ്ങളുമായുള്ള വാണിജ്യബന്ധത്തിന്റെ ഫലമായി സാധിച്ച ആശയവിനിമയമത്രെ ഗുപ്തന്മാരുടെ സുവർണ്ണകാലത്തുണ്ടായ ഹൈന്ദവ നവോത്ഥാനത്തിനു് ഇത്രമാത്രം ശക്തിയും മാഹാത്മ്യവും നൽകിയതു്.

ഗുപ്തസാമ്രാജ്യത്തിന്റെ അധഃപതനം. അന്ത്യഗുപ്തസാമ്രാട്ടായ കുമാരഗുപ്തദ്വിതീയന്റെ (൪൭൩—൪൭൪) ശേഷം, ഗുപ്തന്മാരുടെ രാജ്യത്തിൽ മഗധയിലെ ഏതാനും പ്രദേശങ്ങൾ മാത്രം ശേഷിച്ചു. എ. ഡി. ൫൦൦വരെ അന്ത്യ

ഗുപ്തന്മാർ ൧൧ പേർ ഭരിച്ചിരുന്നു. എട്ടാം ശതാബ്ദത്തിൽ ജീവിതഗുപ്തൻെറ ഭരണകാലത്തു മഗധരാജ്യം ബംഗാളിലെ പാലാസ് വർഗ്ഗക്കാർക്കു അധീനമായി. ഗുപ്ത സാമ്രാജ്യത്തെ അധഃപതിപ്പിച്ച കാരണങ്ങളിൽ, ചന്ദ്രഗുപ്തവിക്രമാദിത്യൻെറ പിൻഗാമികളുടെ ബലഹീനതയും, ഹൂണന്മാരുടെ ആക്രമണവും സർവ്വപ്രധാനമാകുന്നു. ഹൂണന്മാരെ എതിർത്തു രാജ്യം സംരക്ഷിക്കുവാൻ പ്രാപ്തിയുള്ള സൈന്യം ഗുപ്തന്മാർക്കു ഇല്ലായിരുന്നു. സമാധാന പരിപാലനത്തിനു അത്യന്താപേക്ഷിതമായ ശക്തിയുള്ള കേന്ദ്രഭരണവും അഭാവപ്പെട്ടിരുന്നു. ഇതരകാരണങ്ങളോടുകൂടി സാമ്പത്തികമായ അധോഗതിയും സമ്മേളിച്ച്, ഗുപ്തസാമ്രാജ്യത്തെ അധഃപതിപ്പിക്കുകയാണുണ്ടായതു്.

## ചോദ്യങ്ങളും അഭ്യാസങ്ങളും

1. ഗുപ്തസാമ്രാജ്യത്തിൻെറ ഉത്ഭവം എങ്ങിനെ?
2. സമുദ്രഗുപ്തൻെറ പ്രസിദ്ധിക്കു് അടിസ്ഥാനമായ കാര്യങ്ങൾ ഏവ?
3. ചന്ദ്രഗുപ്തവിക്രമാദിത്യൻ ഇൻഡ്യൻ സംസ്ക്കാരത്തിനു് നൽകിയിട്ടുള്ള സംഭാവനകൾ എന്തെല്ലാം?
4. ഗുപ്തന്മാരുടെ ഭരണകാലം ഹിന്ദുമതത്തിൻെറ സുവർണ്ണകാലമായി ഗണിച്ചു വരുന്നതെന്തു കൊണ്ടു്?
5. ഗുപ്തസാമ്രാജ്യം ക്ഷയിക്കുവാനുള്ള കാരണങ്ങൾ ഏവ?
6. 4-ാം നമ്പർ ഇൻഡ്യാഭൂപടത്തിൽനിന്നും സമുദ്രഗുപ്തൻെറ സാമ്രാജ്യം എത്രമാത്രം വിസ്തൃതമായിരുന്നു എന്നു നോക്കുക.

---

## അദ്ധ്യായം ൧൦

# ഹൂണന്മാരുടെ ആക്രമണവും ഭരണവും

ഗുപ്തസാമ്രാജ്യക്ഷയത്തിനിടയാക്കിയ പ്രധാന കാരണങ്ങളിൽ ഒന്നു് ഹൂണന്മാരുടെ ആക്രമണമായിരുന്നു എന്നു് മേൽ പ്രസ്താവിച്ചിട്ടുണ്ടു്. ഹൂണന്മാർ മങ്ഗോൾ വർഗ്ഗക്കാരായിരുന്നു. ഇവർ ജനസംഖ്യയിലുണ്ടായ വർദ്ധനവു് നിമിത്തം, ജന്മദേശമായ മദ്ധ്യ ഏഷ്യയിൽ നിന്നും ഏ. ഡി. നാലാം ശതാബ്ദത്തിന്റെ ഉത്തരാർദ്ധത്തിൽ രണ്ടായി പിരിഞ്ഞു. ഒരു ഭാഗം അററിലയുടെ നേതൃത്വത്തിൽ അഞ്ചാം ശതാബ്ദത്തിൽ അഫ്ഗാനിസ്ഥാനിൽ പ്രവേശിച്ചു്, കുശാന രാജാക്കന്മാർ സ്ഥാപിച്ചിരുന്ന കാബൂൾ രാജ്യം നശിപ്പിച്ചു. ഇവരുടെ ആക്രമണം ഉണ്ടായതു് പേർഷ്യയിലെ സസ്സനിയൻ രാജവംശത്തിന്റേയും, കാബൂളിലെ കുശാൻ വംശത്തിന്റേയും, ഇൻഡ്യയിലെ അന്ത്യഗുപ്തവംശത്തിന്റേയും ക്ഷയോന്മുഖകാലത്തായിരുന്നതിനാലത്രേ ഇൻഡ്യയിൽ ആധിപത്യം സ്ഥാപിക്കുവാൻ ഇവക്കു സാധിച്ചതു്. സ്കന്ദഗുപ്തന്റെ കാലത്തു ൪൫൫-ലും ൪൭൦-ലും ഇവരുടെ ആക്രമണം ഉണ്ടായി. ആദ്യത്തെ ആക്രമണത്തിൽ ഇവർ ബഹിഷ്കരിക്കപ്പെടുകയുണ്ടായെങ്കിലും, രണ്ടാമത്തെ ആക്രമണത്തിൽ ഇവർ ഗാന്ധാരം കൈവശപ്പെടുത്തി.

ഏ. ഡി. ൫൦൦-നു മുൻപുതന്നെ ഹൂണന്മാരുടെ അധിപനായ തോറമാനൻ മാൾവായിലെ അധിപതിയായി ഭവിച്ചു. വളഭിയുടേയും മററു് ഏതാനും സാമന്തരാജ്യങ്ങളുടേയും രാജാധിരാജാവായിരുന്ന തോറമാനൻ ഉദ്ദേശം ഏ. ഡി. ൫൧൦-ൽ മരിച്ചതോടുകൂടി അദ്ദേഹത്തിന്റെ സാമ്രാജ്യം മിഹിരഗുലന്റെ ഭരണത്തിലായിത്തീർന്നു.

(മിഹിരഗുലൻെറ (A. C. ൫൧൦—൫൪൦) ഭരണകാലത്തായിരുന്നു ഹൂണസാമ്രാജ്യം പരമകാഷ്ഠയിലെത്തിയതു്.) ചൈനായുടെ അതൃത്തിമുതൽ പേർഷ്യവരെ വിസ്തൃതമായിരുന്ന ഹൂണസാമ്രാജ്യത്തിൽ, ഇൻഡ്യ ഒരു ചെറിയ വിഭാഗം മാത്രമേ ആയിരുന്നുള്ളു. മാൾവാ, ഗുജറാററ് എന്നീപ്രദേശങ്ങൾ ഹൂണസാമ്രാജ്യത്തിൽ ഉൾപ്പെട്ടിരുന്നിരിക്കണം. മിഹിരഗുലൻെറ തലസ്ഥാനം പഞ്ചാബിലുള്ള സകാല പട്ടണം ആയിരുന്നു. ക്രൂരനായിരുന്നതിനാൽ, ഭരണീയരുടെ സ്നേഹബഹുമാനാദികൾ സമ്പാദിക്കുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. മിഹിരഗുലൻെറ ഉപദ്രവം സഹിക്കാൻ നിവൃത്തിയില്ലെന്നായപ്പോൾ, മഗധയിലെ നരസിംഹഗുപ്തൻ, മദ്ധ്യഇൻഡ്യയിലെ യശോധർമ്മൻ എന്നിവരുടെ നേതൃത്വത്തിൽ ഉത്തരഇൻഡ്യയിലെ പല രാജാക്കന്മാരും യോജിച്ചു്, എ. സി. ൫൨൮-ൽ കാരൂർ എന്ന സ്ഥലത്തുവച്ചു മിഹിരഗുലനെ തോല്പിച്ചോടിച്ചു. മിഹിരഗുലൻ കാശ്മീരത്തിൽ അഭയം പ്രാപിച്ചതോടുകൂടി അദ്ദേഹത്തിൻെറ സഹോദരൻ സകാലയിൽ ഭരണം ആരംഭിച്ചു. വലിയ താമസംകൂടാതെ മിഹിരഗുലൻ കാശ്മീരവും ഗാന്ധാരവും കൈവശപ്പെടുത്തുകയും, തനിക്കു സഹജമായുള്ള ക്രൂരഭരണം എ. സി. ൫൪൦ വരെ ഇവിടെ നടത്തുകയും ചെയ്തു. മിഹിരഗുലൻ പല ബുദ്ധമതവിഹാരങ്ങളെ കൊള്ളചെയ്യുകയും നശിപ്പിക്കുകയും ചെയ്തു.)

## ഹൂണസാമ്രാജ്യ ക്ഷയത്തിനുള്ള പ്രധാന കാരണങ്ങൾ.

ഇൻഡ്യയിലെ അധിപതികൾ യോജിച്ചതിൻെറ ഫലമായി കാരൂർയുദ്ധത്തിൽ പററിയ തോൽവിയും, ആറാം ശതാബ്ദത്തിൽ ഇൻഡ്യയ്ക്കു പുറമേയുണ്ടായ തുർക്കികളുടെയും പേർഷ്യരുടെയും ഒത്തൊരുമയും, ഓക്സസ് നദീതീരത്തുവച്ചു് ഇവർക്കു പററിയ തോൽവിയും, പുറമേയുള്ള

സാമ്രാജ്യനാശവും ഇവരുടെ ശക്തിക്ഷയത്തിന്റെ പ്രധാന കാരണങ്ങളായിരുന്നു.

ആക്രമണഫലങ്ങൾ. ഹൂണന്മാരുടെ ആക്രമണം നിമിത്തം രാഷ്ട്രീയമായും സാമൂഹികമായും പല ഫലങ്ങൾ ഇൻഡ്യയ്ക്കുണ്ടായിട്ടുണ്ട്. ഗുപ്തസാമ്രാജ്യം നശിപ്പിക്കുകയാൽ, ഡൽഹിയിൽ അഫ്ഗാൻ സാമ്രാജ്യം സ്ഥാപിതമാകുന്നതുവരെയുണ്ടായ ഇൻഡ്യയിലെ അരാജകാവസ്ഥയ്ക്കു ഇവർ ഇടയാക്കി. കാശ്മീർയുദ്ധത്തിൽ ഹൂണന്മാരുടെ ഇൻഡ്യൻ ആധിപത്യം നിശ്ശേഷം നശിപ്പിച്ചതിനാൽ, മഹമ്മദു ഗസ്നിയുടെ കാലംവരെ ഇൻഡ്യയിലേക്കുള്ള വിദേശീയാക്രമണങ്ങൾ അഭാവപ്പെടുകയും, തന്നിമിത്തം യഥേഷ്ടം കാര്യങ്ങൾ നടത്തുവാൻ ഇൻഡ്യാക്കാർ സ്വതന്ത്രരായിഭവിക്കയും ചെയ്തിരുന്നു. ഹൂണന്മാരുടെ ഭാരമേറിയ നുകം നീങ്ങിയതോടുകൂടി, രാജ്യത്തു് അരാജകത്വം കടന്നുകൂടിയെങ്കിലും, തദനന്തരം നവീനരീതിയിൽ അനവധി രാജപുത്ര രാജ്യങ്ങൾ സ്ഥാപിതമായി. ഇതരവർഗ്ഗക്കാരെപ്പോലെ തോൽവി ഭവിച്ചതോടുകൂടി രാജ്യം വിട്ടുപോകാതെ, ഹൂണന്മാർ ഇൻഡ്യയിൽ അധിവസിച്ചു് ജനങ്ങളിൽ ലയിച്ചതിനാൽ, ജനവർദ്ധനവിനും ഇവർ നിമിത്തം ഇടയായിട്ടുണ്ട്. ഗുജ്ജരന്മാർ ആദിയായ രാജപുത്രവർഗ്ഗക്കാർ ഹൂണന്മാരുടെയും ഹിന്ദുക്കളുടെയും സങ്കര വർഗ്ഗമായിരിക്കണം. മുപ്പതു വർഷത്തോളമുള്ള ഹൂണന്മാരുടെ ഭരണത്താൽ, ഇൻഡ്യയിലെ ജാതിവ്യത്യാസത്തിലും കുടുംബജീവിതത്തിലും സാരമായ ഭേദഗതികൾ കടന്നു കൂടുവാനിടയായിട്ടുണ്ട്.

### ചോദ്യങ്ങളും അഭ്യാസങ്ങളും

1. ഹൂണന്മാർ ആരായിരുന്നു? ഇവരുടെ പ്രധാന ഭരണകർത്താക്കൾ ആരെല്ലാം?

2. ഹൂണന്മാരുടെ ശക്തി ക്ഷയത്തിനുള്ള കാരണങ്ങൾ ഏവ?
3. 4-ാം നമ്പർ ഇൻഡ്യാ ഭൂപടത്തിൽ ഹൂണന്മാരുടെ രാജ്യത്തിന്റെ അതിർത്തി നോക്കി ഗ്രഹിക്കുക.
4. അനുബന്ധത്തിൽ കൊടുത്തിട്ടുള്ള പ്രധാന സംഭവകാലങ്ങൾ പരിശോധിക്കുക.

---

## അദ്ധ്യായം ൧൧

# ശ്രീഹർഷനും ബുദ്ധമതത്തിന്റെ പുനർ ജീവനും (ഏ. സി. ൬൦൬—൬൪൭)

<u>കനൗജിലെ ശ്രീഹർഷൻ.</u> ഏഴാം ശതാബ്ദത്തിന്റെ ആരംഭകാലത്തു് ഉത്തരഇൻഡ്യയിൽ ഏതാനും നിസ്സാര രാജ്യങ്ങളല്ലാതെ ഏകച്ഛത്രാധിപത്യം ഉണ്ടായിരുന്നില്ല. ഗംഗാസമതലത്തിൽ അന്ത്യഗുപ്തന്മാരും, പഞ്ചാബിൽ ഏതാനും ഹൂണന്മാരും, മാൾവയിൽ ഉജ്ജയിനിയിലെ അധിപതികളും കൂടാതെ, സ്ഥനേശ്വരം തലസ്ഥാനമാക്കിയിരുന്ന ശ്രീകണ്ഠത്തിലെ രാജാക്കന്മാരും ഉണ്ടായിരുന്നു. ഇവയിൽ ശ്രീകണ്ഠരാജ്യം പ്രാധാന്യത്തിലെത്തിയതു് ഏഴാം ശതാബ്ദത്തിന്റെ ആരംഭത്തിൽ ഹർഷവർദ്ധനൻ സിംഹാസനം കൈയേററതോടുകൂടി ആയിരുന്നു. ആറാംശതാബ്ദത്തിന്റെ അവസാനഭാഗത്തു

സ്ഥനേശ്വരത്തിലെ രാജാവായിരുന്ന പ്രഭാകരവർദ്ധനൻ, അയൽവാസികളായ മാലവർ, പഞ്ചാബിൻെറ വടക്കുപടിഞ്ഞാറുള്ള ഹൂണന്മാർ, ഗൂർജ്ജരന്മാർ എന്നിവരെ പല യുദ്ധങ്ങളിൽ തോല്പിച്ചു വിജയം നേടിയതോടുകൂടി, അദ്ദേഹം പ്രസിദ്ധനായിത്തീർന്നു. അദ്ദേഹത്തിൻെറ മാതാവു ഗുപ്തവംശജയായിരുന്നതിനാൽ, ശക്തിവർദ്ധനവിനു പല സഹായങ്ങൾ ഉണ്ടായി. ൬൦൫-ൽ ഇദ്ദേഹത്തിൻെറ പ്രഥമ പുത്രനായ രാജവർദ്ധനൻ പിതാവിൻെറ മരണാനന്തരം രാജ്യഭാരം കൈയേററു. തൻെറ സഹോദരിയായ രാജ്യശ്രീയുടെ ഭർത്താവും കനൌജിലെ രാജാവുമായ ഗ്രഹവർമ്മനെ മാലവരാജാവു വധിക്കുകയും, രാജ്യശ്രീയെ ബന്ധനത്തിലാക്കുകയും ചെയ്തു എന്നു കേട്ടതോടുകൂടി, മാലവരാജാവുമായി രാജ്യവർദ്ധനൻ യുദ്ധത്തിനു പുറപ്പെട്ടു. ഈ യാത്രയിൽ ൬൦൬-ൽ രാജ്യവർദ്ധനൻ വധിക്കപ്പെട്ടുകയാൽ, പ്രസ്തുതവർഷം തന്നെ ഹർഷവർദ്ധനൻ രാജ്യഭാരം കൈയ്യേററു. രാജ്യാവകാശിയായി ജ്യേഷ്ഠസഹോദരൻെറ ഒരു ശിശു ഉണ്ടായിരുന്നതു വകവയ്ക്കാതെ, പാരമ്പര്യരീതിക്കെതിരായി പ്രഭുക്കന്മാർ ഹർഷനെ രാജാവായി തിരഞ്ഞെടുത്തു. ഇതു മുതൽ ഹർഷൻ രാജ്യഭരണം നടത്തിയെങ്കിലും, ൬൧൨ വരെ കിരീടധാരണം നടത്തിയില്ല.

നാലാമത്തെ ഇൻഡ്യൻസാമ്രാജ്യം. സാമ്രാജ്യസ്ഥാപനത്തിൽ ഹർഷനു പല യുദ്ധങ്ങളും നടത്തേണ്ടതായി വന്നു. തൻെറ സഹോദരീഭർത്താവിൻെറ ഘാതകനായ ബങ്കാളത്തിലെ ശശാങ്കനെ ഹർഷൻ തോല്പിച്ചു് രാജ്യം ചേർത്തശേഷം, സഹോദരിയെ വിന്ധ്യാവനത്തിൽ നിന്നും കൂട്ടിക്കൊണ്ടു തിരിച്ചുപോന്നു. അശ്വസൈന്യം, പദാതി ഇവയോടുകൂടി ആറുവർഷത്തെ യുദ്ധംകൊണ്ടു പഞ്ചാബ് ഒഴിച്ചു് ഉത്തര ഇൻഡ്യയുടെ മിക്കവാറും ഭാഗങ്ങൾ

ഹർഷൻ ആക്രമിച്ചു. ൬൨൦-ൽ ചാലൂക്യരാജാവായ പുലികേശി രണ്ടാമനുമായി നർമ്മദാതീരത്തുവച്ചു നടത്തിയ യുദ്ധത്തിൽ ഹർഷൻ തോററുപോയി. ഹർഷനു തോൽവിയുണ്ടായതു് ഇദംപ്രഥമമായിട്ടായിരുന്നു. പുലികേശിയുടെ വിരോധം നിമിത്തം നർമ്മദയ്ക്കു തെക്കോട്ടു രാജ്യവിസ്താരം വദ്ധിപ്പിക്കുവാൻ ഹർഷനു സാധിച്ചില്ല. തദനന്തരം ഹർഷൻ വളഭിയിലെ രാജാവായ ധ്രുവസേനനെ തോല്പിക്കയും, അനന്തപുരം, കച്ച്, ദക്ഷിണകത്തിയവാർ എന്നീ പ്രദേശങ്ങളെ അധീനപ്പെടുത്തുകയും ചെയ്തു. ൬൪൩-ൽ ഹർഷൻ ഗഞ്ചാം ആക്രമിച്ചു. ഈ യുദ്ധങ്ങൾക്കുശേഷം ഹർഷൻെറ സാമ്രാജ്യത്തിൽ ഹിമാലയം മുതൽ നർമ്മദാ വരെയുള്ള എല്ലാ സ്ഥലങ്ങളും, നേപ്പാൾ, മാൾവാ, ഗുജറാററു്, സൌരാഷ്ട്രം എന്നിവയും ഉൾപ്പെട്ടിരുന്നു. ആസ്സാമിലെ രാജാവും, തൻെറ ജാമാതാവുമായ വളഭിയിലെ രാജാവും ഹർഷൻെറ സാമന്തന്മാരായിരുന്നു.

ഏ. സി. ൬൩൦ മുതൽ ൬൪൪ വരെ ഇൻഡ്യ സന്ദർശിച്ച ഹ്യൂൻസാങ്ങിൻെറ എഴുത്തുകളിൽ നിന്നുമാണു് ഹർഷനെപ്പററിയുള്ള പല വിവരങ്ങൾ നമുക്കു ലഭിച്ചിട്ടുള്ളതു്. ഹർഷൻെറ തലസ്ഥാനം കനൌജ് ആയിരുന്നു. ഭരണം നടത്തിയതു് നല്ല തത്വങ്ങൾ അടിസ്ഥാനപ്പെടുത്തിയായിരുന്നു. രാജകീയ വസ്തുവകകളിൽ നിന്നും ലഭിക്കുന്ന പാട്ടമായിരുന്നു പ്രധാന ആദായമാർഗ്ഗം. സാധാരണമായി വിളവിൻെറ ആറിലൊന്നുമാത്രമേ രാജഭോഗമായി പിരിച്ചുവന്നുള്ളു. ഉദ്യോഗസ്ഥന്മാക്കു ശമ്പളമായി ഭൂമി കൊടുത്തുവന്നു. കരം ഉപദ്രവകരമായിരുന്നില്ല. അക്രമങ്ങൾ വളരെ കുറവായിരുന്നു. കുററക്കാക്കു തടവുശിക്ഷയായിരുന്നു സാധാരണ കല്പിച്ചുവന്നതു്. ഉദ്യോഗസംബന്ധമായ റിക്കാർട്ടുകൾ സൂക്ഷിക്കുവാൻ തലസ്ഥാനങ്ങൾതോറും പ്രത്യേകം ഉദ്യോഗസ്ഥന്മാരെ നിയമിച്ചിരുന്നു.

ഹർഷൻ ഒരു സാഹിത്യ രക്ഷാധികാരിയായിരുന്നു എന്നു മാത്രമല്ല, അദ്ദേഹം തന്നെ രത്നാവലി, പ്രിയദർശിക മുതലായ നാടകങ്ങളും, ഒരു വ്യാകരണവും പലപദ്യകൃതികളും രചിച്ചിരുന്നു. ബുദ്ധമതം ഇക്കാലത്തു ക്ഷയോന്മുഖാവസ്ഥ പ്രാപിച്ചു. ഹർഷൻെറ ജ്യേഷ്ഠസഹോദരനും സോദരിയും ബുദ്ധമതത്തിൽ മാത്രം വിശ്വസിച്ചിരുന്നു. എന്നാൽ ശിവൻ, സൂര്യൻ, ബുദ്ധൻ എന്നീ മൂവരേയും ഹർഷൻ ആരാധിച്ചുവന്നു. ഹർഷൻെറ ഈ വിശ്വാസം തന്നെ രാജ്യമൊട്ടുക്കു് ഏറെക്കുറെ പ്രചാരത്തിലിരുന്നു. ഇക്കാലത്തു കനൌജിലും പ്രയാഗയിലും വച്ചു രണ്ടു മഹായോഗങ്ങൾ കൂടി മതകാര്യങ്ങളെപ്പററി വാദപ്രതിവാദങ്ങൾ നടത്തുകയുണ്ടായി.

എ. സി. ൬൪൭-ൽ ഹർഷൻ മരിച്ചു. അദ്ദേഹത്തിനു സന്താനങ്ങൾ ഉണ്ടായിരുന്നില്ല. രാജധാനിയിൽ ഈ സമയം എത്തിയിരുന്ന ചീന സ്ഥാനാപതിയെ ഹർഷൻെറ മന്ത്രിമാരിൽ ഒരാളായ അർജ്ജുനൻ ആക്രമിച്ചതു നിമിത്തം, ടിബററിലെ സൈന്യം ഇൻഡ്യയിലെത്തി ഘോര വധം നടത്തി, മന്ത്രിയേയും കുടുംബത്തേയും ചൈനയിലേക്കു കൊണ്ടുപോയി. ഹർഷൻെറ ശക്തിയേറിയ സൈന്യം അഭാവപ്പെട്ടതോടുകൂടി, രാജ്യത്തു അരാജകത്വവും ക്ഷാമവും വർദ്ധിച്ചു് സാമ്രാജ്യം ശിഥിലീഭവിച്ചു. ഇതിൽ പിന്നെ പന്ത്രണ്ടാം ശതാബ്ദത്തിൻെറ അവസാനത്തിലുണ്ടായ മഹമ്മദു ഗോറിയുടെ ആക്രമണങ്ങൾക്കു ശേഷം. ഡൽഹിയിൽ അഫ്ഗാൻ സാമ്രാജ്യം സ്ഥാപിതമാകുന്നതുവരെയും ഇൻഡ്യയിൽ ഏകഛത്രാധിപത്യം ഉണ്ടായിരുന്നില്ല.

ഇൻഡ്യാചരിത്രത്തിൽ ശ്രീഹർഷൻെറ സ്ഥാനം. ഒരു പുരാതന സംസ്ക്കാരകേന്ദ്രമായി മാത്രമല്ല, മനുഷ്യവൎഗ്ഗത്തിൻെറ സർവ്വതോമുഖമായ അഭിവൃദ്ധിക്കായി പ്രയത്നിക്കത്തക്കവണ്ണം ശക്തിയേറിയതും, ശരിയായി വ്യവസ്ഥിതവുമായ ഒരു ഭരണരാജ്യമായി ഇൻഡ്യാ ആദ്യമായി ലോകത്തിനു പ്രത്യക്ഷപ്പെട്ടതു ചന്ദ്രഗുപ്തമൌൎയ്യൻെറ കാലത്തായിരുന്നു. അശോകൻ, ചന്ദ്രഗുപ്തവിക്രമാദിത്യൻ എന്നിവർക്കുശേഷം പ്രസ്തുത പരമ്പരയിൽ പ്രാചീന, ഇൻഡ്യയിലുള്ള അവസാന സാമ്രാട്ടായിട്ടത്രേ ഹർഷൻ ശോഭിക്കുന്നതു്. ഭരണതന്ത്രജ്ഞൻ, സാഹിത്യകാരൻ, മത തല്പരൻ എന്നീ നിലകളിൽ ഹർഷനു് ഇൻഡ്യാചരിത്രത്തിൽ ഉന്നതമായ ഒരുസ്ഥാനമുണ്ടെന്നു് നിസ്സംശയം പറയാം. ഒരു രാജാവു് എന്ന നിലയിൽ ഹർഷൻ ദാക്ഷിണ്യവാനും ഊൎജ്ജസ്വലനും ആയിരുന്നു. ഇതരമതങ്ങളെ താരതമ്യപ്പെടുത്തുവാനുള്ള ഉദ്യമത്തിൽ ഹർഷനെ അക്ബറിനോടു ഉപമിക്കാറുണ്ടു്. അക്ബറിനേപ്പോലെ തന്നെ ഹർഷനും ഒരു യുദ്ധവീരനായിരുന്നു. പുറമേനിന്നുള്ള ആക്രമങ്ങളെ തടയുന്നതിനും,ആഭ്യന്തരമായിസമാധാനം പാലിക്കുന്നതിനും പ്രാപ്തിയുള്ള ഒരു വലിയ സൈന്യം അദ്ദേഹത്തിനുണ്ടായിരുന്നു. ഭരണകാൎയ്യങ്ങളിൽ ആലോചനയ്ക്കായി ആധുനികഇൻഡ്യയിലെപ്പോലെ ഹർഷനും അധികാരമുള്ള ഒരു കൗൺസിൽ ഉണ്ടായിരുന്നു .ഭരണപരിഷ്കാരങ്ങളുടെഫലമായിസമാധാനവും സമ്പൽസമൃദ്ധിയും രാജ്യത്തുണ്ടാകയും, തന്നിമിത്തം ഇൻഡ്യയിലെ മഹാന്മാരായ സാമ്രാട്ടുകളുടെ കൂട്ടത്തിൽ ഹർഷനെ ഗണിച്ചുവരികയും ചെയ്യുന്നു. (Sardar K. M. Panicker).

## ബുദ്ധമതത്തിന്റെയും ബ്രാഹ്മണമതത്തിന്റെയും നില (ബി. സി-൨൦൦ എ. സി. ൯൦൦)

ഇൻഡ്യയിൽ സഹവസിച്ചിരുന്ന ഹിന്ദുമതവും ബുദ്ധമതവും ചേന്നു ആധുനിക ഹിന്ദുമതം ഉണ്ടായി. ബ്രാഹ്മണമതത്തിന്റെ ബദ്ധശത്രുവായി ബുദ്ധമതം ഒരിക്കലും തീന്നിരുന്നില്ല. വിഷ്ണുവിന്റെ ഒൻപതാമത്തെ അവതാരമായി ബുദ്ധനെ സ്വീകരിച്ചതോടുകൂടി, ബുദ്ധമതം ഹിന്ദുമതത്തിൽ ലയിച്ചുപോയി. ബുദ്ധവിഹാരങ്ങളും അടുത്തടുത്തു സ്ഥിതിചെയ്തിരുന്നതായി ഫാഹിയാനും ഹിയ്യൻസാങ്ങും പറഞ്ഞിരിക്കുന്നു. എ. സി. ൧൦൦-നും ൮൦൦-നും മദ്ധ്യേ ബ്രാഹ്മണപരിഷ്കാരാത്ഥം പല നേതാക്കന്മാർ പുറപ്പെട്ടതിനാൽ, എ. സി. ൭൦൦-നു ശേഷം ബ്രാഹ്മണമതം ഇൻഡ്യയിലെ പ്രധാന മതമായിത്തീന്നു. ൧൦-ാം ശതകത്തിൽ കാശ്മീരം, ഒറീസ്സാ എന്നീ അതൃത്തി പ്രദേശങ്ങളിൽ മാത്രമേ ബുദ്ധമതം ഉണ്ടായിരുന്നുള്ളു. മഹമ്മദീയ പ്രവേശനത്തിനു മുമ്പുതന്നെ ബുദ്ധമതം ഇൻഡ്യയിൽ മിക്കവാറും അപ്രത്യക്ഷമാകയും ചെയ്തു. ഉദ്ദേശം എ. സി. ൯൦൦-ൽ ജന്മഭൂമിയായ ഇൻഡ്യയിൽനിന്നും ബുദ്ധമതം ബഹിഷ്കരിക്കപ്പെട്ടു. എന്നാൽ ജന്മഭൂമിയിലേക്കാൾ സർവ്വോപരിയായ ഒരു വിജയം ബമ്മാ, ജപ്പാൻ, ചൈനാ മുതലായ വിദേശങ്ങളിൽ ബുദ്ധമതത്തിനു ലഭിച്ചു. ലോകത്തിലെ ജനങ്ങളിൽ ൩൦ ശതമാനത്തോളം സംഖ്യാബലമുള്ള ബുദ്ധമതത്തിനു്, ക്രിസ്തുമതം, മഹമ്മദുമതം എന്നീ പ്രധാന മതങ്ങളോളം പ്രാധാന്യം ഉണ്ടു്.

ബുദ്ധമതം ഇപ്പോൾ ബർമ്മായിലെ പ്രധാന മതമാണു്. ബർമ്മായിലെ ജനങ്ങളിൽ ൯/൧൦ ഭാഗവും ബുദ്ധമതക്കാരാണു്. ബുദ്ധമതവിഹാരങ്ങൾ പ്രാചീനകാലം മുതൽ തന്നെ വിദ്യാലയങ്ങളായും സന്യാസാശ്രമങ്ങ

ളായും ഉപയോഗിച്ചുവരുന്നു. ഇപ്പോൾ ബർമ്മായിൽ വിദ്യാഭ്യാസത്തിനടിസ്ഥാനമായിരിക്കുന്നതു് ഈ സ്ഥാപനങ്ങളാണു്. ഇൻഡ്യയിലെ ഹിന്ദുമതത്തിൽ കടന്നുകൂടിയിട്ടുള്ള സാഹോദര്യം, ധർമ്മനിഷ്ഠ, പരോപകാരതല്പരത എന്നീ ഗുണങ്ങൾ ബുദ്ധമതത്തിൻെറ സ്ഥിരമായ ഫലങ്ങളത്രേ. കരുമാടിയിലും മവേലിക്കരെയും ബുദ്ധമതപ്രതിമകൾ കാണുന്നതിനാൽ, തിരുവിതാംകൂറിൽ ബുദ്ധമതം പ്രചരിച്ചിരുന്നതായി ഗണിക്കാം.

## ചോദ്യങ്ങളും അഭ്യാസങ്ങളും

1. ശ്രീഹർഷൻെറ സാമ്രാജ്യം സുപ്രസിദ്ധിയിൽ എത്തിയതു് എങ്ങിനെ?
2. ഇൻഡ്യാചരിത്രത്തിൽ ശ്രീഹർഷനുള്ള സ്ഥാനമെന്തു്? അതിനു നിദാനമായ കാര്യങ്ങൾ ഏവ?
3. ബുദ്ധമതത്തെ പുനർജീവിപ്പിക്കുന്നതിനു ശ്രീഹർഷൻ ചെയ്ത കാര്യങ്ങൾ ഏവ?
4. ൪-ാംനമ്പർ ഇൻഡ്യാ ഭൂപടത്തിൽ ഹർഷ സാമ്രാജ്യത്തിൻെറ സ്ഥാനം കാണുക.
5: അനുബന്ധം പരിശോധിച്ചു് പ്രധാന സംഭവകാലങ്ങൾ ഗ്രഹിക്കുക.

---

## അദ്ധ്യായം ൧൨

# ഉത്തരഇൻഡ്യയുടെ സാമൂഹിക, സാമ്പത്തിക സ്ഥിതികൾ (എ. സി. ൬൦൦—൧൨൦൦)

എ. സി. ൬൦൦-ാം ൧൨൦൦-ാം മദ്ധ്യേയുള്ള ഹിന്ദുസ്ഥാനിൻെറ ചരിത്രത്തിനു് ആധാരമായിരിക്കുന്നതു് യഥാ

ക്രമം ചന്ദ്രഗുപ്തവിക്രമാദിത്യൻെറയും ശ്രീഹർഷൻെറയും ഭരണകാലത്തു് ഇൻഡ്യ സന്ദർശിച്ച ഫാഹിയാൻ, ഹിയുൻ സാങ്ങ് എന്നീ ചീനസഞ്ചാരികളുടെ എഴുത്തുകളും, സാംസ്കൃതത്തിലുള്ള ലിഖിതങ്ങളും ഇക്കാലത്തെ സാഹിത്യ കൃതികളുമാണു്.

ബുദ്ധമതത്തിൻെറ ക്ഷയവും ഹിന്ദുമതത്തിൻെറ പ്രാബല്യവും. ബുദ്ധമതം ക്ഷയിക്കുകയും തൽസ്ഥാനത്തു് കാലക്രമത്തിൽ ബ്രാഹ്മണമതം ഏതാനും ഭേദഗതികളോടുകൂടി ഹിന്ദുമതം എന്ന പേരിൽ സുസ്ഥാപിതമാകയും ചെയ്തതായിരുന്നു ഇക്കാലത്തെ പ്രധാന സംഭവം. ക്രിസ്താബ്ദത്തിൻെറ ആരംഭത്തിൽ അനവധി ദേവന്മാരിലും ദേവികളിലും ഉള്ള വിശ്വാസം, വിഗ്രഹാരാധന, മതപരമായ ഘോഷയാത്രകൾ, കർമ്മാനുഷ്ഠാനങ്ങൾ ഇവ ഉൾപ്പെടുത്തിക്കൊണ്ടു് ജനസാമാന്യത്തെ ആകർഷിക്കുന്നതിനു് ഈ മതങ്ങൾ രണ്ടും ശ്രമിച്ചിരുന്നു. സാമാന്യജനങ്ങളുടെ വിശ്വാസം സ്വീകരിക്കുന്നതിൽ ബുദ്ധമതം മുന്നിട്ടു പ്രവർത്തിച്ചതിനെ ബ്രാഹ്മണമതവും തുടർന്നു. ജനസാമാന്യത്തിൻെറ അന്ധവിശ്വാസങ്ങൾ മാത്രമല്ല, ബുദ്ധമതോപദേശങ്ങളിൽ പൊതുസ്വീകാര്യം സിദ്ധിച്ചിട്ടുള്ളവ എല്ലാം തന്നെ, ബ്രാഹ്മണമതം സംഗ്രഹിക്കുകയുണ്ടായി. ഇപ്രകാരമായിരുന്നു ബുദ്ധമതത്തെ ജയിക്കുവാൻ അവസാനമായി ബ്രാഹ്മണമതത്തിനു സാധിച്ചതു്. കുശാനർ, ഗുപ്തർ, ഹൂണന്മാർ മുതലായ വിദേശീയരെയും താണ വർഗ്ഗക്കാരെയും, ക്ഷത്രിയർ അഥവാ പ്രഭുക്കളായി ബ്രാഹ്മണമതപരിധിക്കുള്ളിൽ സ്വീകരിച്ചതും പ്രസ്തുത വർഗ്ഗക്കാരുടെ പ്രോത്സാഹനം ലഭിക്കുന്നതിനു കാരണമായിത്തീർന്നു. മേൽ വിവരിച്ച പ്രേരണകളാൽ ഹിന്ദുമതം അതിൻെറ ഉപദേശങ്ങളെയും ആദർശങ്ങളെയും മതപരവും സാമൂഹികവും ആയ സാഹിത്യം മുഖാന്തിരം പ്രകാ

സാമൂഹിക സാമ്പത്തിക സ്ഥിതികൾ ഫലൻ

ശിപ്പിക്കുവാൻ തുടങ്ങി. പുരാണങ്ങളും പദ്യരീതിയിലുള്ള നീതിന്യായഗ്രന്ഥങ്ങളും ഇതിൽ ഉൾപ്പെടുന്നു.

ചീനസന്യാസികളുടെ എഴുത്തുകളിലും അക്കാലത്തെ ശിലാലിഖിതങ്ങളിലും നിന്നും പ്രകൃത്യാതന്നെയുള്ള കാരണങ്ങളാൽ ബുദ്ധമതം ശീഘ്രഗതിയിൽ ക്ഷയിച്ചുവന്നു എന്നും, ഹിന്ദുമതം പുരോഗതി പ്രാപിച്ചുവന്നു എന്നും കാണുന്നു. ഗുപ്തരാജാക്കന്മാരിൽ മൂന്നുപേർ ഹിന്ദുക്കളായിരുന്നു. ഇവർ അശ്വമേധയാഗം കഴിക്കുകയും, വൈഷ്ണവർ എന്നു സ്വയം പ്രശംസിക്കുകയും ചെയ്തിരുന്നു. ഫാഹിയാൻ ഇന്ത്യാ സന്ദർശിച്ചപ്പോൾ (A. C. നന്നൂറ്റഞ്ച്) ബ്രാഹ്മണമതത്തിന് ബുദ്ധമതത്തോളം തന്നെ പ്രാബല്യമുണ്ടായിരുന്നു. എങ്കിലും ശ്രാവസ്തി, കപിലവസ്തു, കുശിനഗരം, ഗയ മുതലായ ബുദ്ധമതക്കാരുടെ വിശുദ്ധ പട്ടണങ്ങൾ മിക്കവയും ആൾപാർപ്പില്ലാതെ ശൂന്യമായിരുന്നു. ഗുപ്തകാലത്തെ ലിഖിതങ്ങളിൽ നിന്നും ഹൈന്ദവ ദേവാലയങ്ങൾ, ബലിപീഠങ്ങൾ, ബ്രാഹ്മണർക്കായുള്ള അന്നദാനഭവനങ്ങൾ ഇവ സ്ഥാപിച്ചുവന്നതായും വൈദികകർമ്മാനുഷ്ഠാനത്തിനായി ഗ്രാമങ്ങൾ ദാനം ചെയ്തുവന്നതായും വ്യക്തമാകുന്നു. ഹ്യൂൻസാങ്ങ് ഹിന്ദുസ്ഥാൻ സന്ദർശിച്ചപ്പോഴേക്കും ബുദ്ധമതം തീരെ ക്ഷയിച്ചുപോയിരുന്നു.

നിയമങ്ങളും രാജ്യഭരണവും. ഹിന്ദുമതം പുനർജീവൻ പ്രാപിച്ചതിന്റെ ഫലമായി ഇക്കാലത്തു നിയമത്തിന്റെയും രാജ്യഭരണത്തിന്റെയും ആദർശങ്ങൾ മനുവിന്റെ നിയമങ്ങൾ അടിസ്ഥാനപ്പെടുത്തിയുള്ളവയായിരുന്നു. ജാതിവ്യവസ്ഥകൾ കർക്കശമായിത്തീർന്നതോടുകൂടി, ജാതി അനുസരിച്ചു തൊഴിലുകളും നടത്തേണ്ടതായിവന്നു.

ൻ്

പ്രായശ്ചിത്തം, ചാട്ട കൊണ്ടുള്ള അടി, അംഗച്ഛേദം, നാടുകടത്തൽ, വധശിക്ഷ ഇവ ഇക്കാലത്തുള്ള സാധാരണ ശിക്ഷകളായിരുന്നു. തടവുശിക്ഷ അത്ര പ്രയോഗത്തിലിരുന്നില്ല. ഗൗരവമേറിയ കുററങ്ങൾ ഗുപ്തന്മാരുടെ ഉത്തമഭരണകാലത്തുണ്ടായിരുന്നില്ല. അപഹരണം ഭയപ്പെടാതെ ഇക്കാലത്തു് ദേശാടനം ചെയ്യാൻ സാധിക്കുമായിരുന്നു.

രാജ്യത്തിന്റെ സാമാന്യസ്ഥിതി. രാജ്യത്തിന്റെ ക്ഷേമസ്ഥിതിയും മററുള്ള എല്ലാകാര്യങ്ങളും സംബന്ധിച്ചു് ഫാഹിയാന്റെ സാക്ഷ്യം ഏററവും സ്വീകാര്യമാണു്. ഇക്കാലത്തു സാമാന്യജനങ്ങൾ നിർമ്മലരും ഔദാര്യബുദ്ധികളും ആയിരുന്നു. മനുഷ്യർക്കും മൃഗങ്ങൾക്കും ആശുപത്രികൾ സ്ഥാപിച്ചു നടത്തുന്നതിൽ ഇവർ വളരെ താല്പര്യം പ്രദർശിപ്പിച്ചു വന്നു. ഹൂണന്മാരുടെ പ്രവേശനത്തോടുകൂടി ഈ സൗഭാഗ്യസ്ഥിതി അവസാനിച്ചു. ഈ ആക്രമണം തുടർന്നുണ്ടായ അരാജകസ്ഥിതിയും രക്തച്ചൊരിച്ചിലും ഭയങ്കരമായിരുന്നതിനാൽ, ഉത്തരഇൻഡ്യയിൽ മുമ്പുണ്ടായിരുന്നവിധം സമാധാനം വീണ്ടെടുക്കുവാൻ ശ്രീഹർഷന്റെ ശക്തിയേറിയ ഭരണകാലത്തുപോലും സാധിച്ചില്ല. തക്ഷശില, പാടലീപുത്രം, രാജഗൃഹം ഇവ പോലെയുള്ള പല പുരാതന പട്ടണങ്ങളും ശ്രീഹർഷന്റെ കാലത്തു് വിജനമായും നശിച്ചും കാണപ്പെട്ടു. ശ്രീഹർഷന്റെ ദീർഘഭരണകാലത്തുപോലും ജനങ്ങളുടെ ജീവനോ വസ്തുവകകളോ സുരക്ഷിതമായിരുന്നില്ലെന്നു ഹ്യൂൻസാങ് രേഖപ്പെടുത്തിയിട്ടുള്ളതിൽ നിന്നും കാണുന്നു.

സാഹിത്യം. ഈ അധ്യായത്തിൽ പ്രതിപാദിച്ചിട്ടുള്ള ചരിത്രകാലം (ക്രി. സി. ൩൨൦—൬൪൭) സംസ്കൃത പദ്യസാഹിത്യത്തിന്റെയും പഠനത്തിന്റെയും ഏററവും ഫലസമൃദ്ധിയുള്ള കാലമായിരുന്നു. ഇതു സാധിച്ചതു സാഹിത്യത്തെയും പാണ്ഡിത്യത്തെയും സംരക്ഷിക്കുന്നതിൽ ഗുപ്ത

ചക്രവർത്തികളും ശ്രീഹർഷനും പ്രദർശിപ്പിച്ച ഔദാര്യവും അഭിരുചിയും നിമിത്തമായിരുന്നു. ചന്ദ്രഗുപ്തവിക്രമാദിത്യൻ കാളിദാസാദി നവരത്നങ്ങളെ ശരിയായി പ്രോത്സാഹിപ്പിച്ചു. ഇതിനു ശേഷം ശ്രീഹർഷന്റെ ഭരണം അവസാനിക്കുന്നതിനു മുമ്പുവരെ, സംസ്കൃത സാഹിത്യനേതാക്കളിൽ പ്രധാനികൾ അമരസിംഹൻ എന്ന വൈയാകരണനും, ധന്വന്തരി എന്ന ഭിഷഗ്വരനും, യജ്ഞവൽക്കയാ എന്ന നിയമ ശാസ്ത്രജ്ഞനും, ആര്യഭടൻ, ബ്രഹ്മഗുപ്തൻ, വരാഹമിഹിരൻ എന്നീ നക്ഷത്രശാസ്ത്രജ്ഞന്മാരും, രണ്ടു നാടകകൃതികളുടെ കർത്താവായ ശ്രീഹർഷനും ആയിരുന്നു. സംസ്കൃതസാഹിത്യ സമ്പത്തിന്റെ ഉത്തമകൃതികൾ പലതും രചിച്ച ഇക്കാലത്തെ, പ്രസ്തുത സാഹിത്യത്തിന്റെ സുവർണ്ണകാലമായി ഗണിച്ചു വരുന്നു.

### ചോദ്യങ്ങളും അഭ്യാസങ്ങളും

1. എ. ഡി. ൩൦൦-നും ൬൪൭-നും മദ്ധ്യേ ഇൻഡ്യയുടെ സാമൂഹിക സ്ഥിതിയിലുണ്ടായ പ്രധാന ഭേദഗതികൾ ഏവ?
2. ഇക്കാലത്തുണ്ടായ സാഹിത്യപുരോഗതിക്കു കാരണമെന്തു്?

---

## അദ്ധ്യായം ൧൩

# രാജപുത്രരുടെ ഉദയവും മുസ്സൽമാൻ ആക്രമണങ്ങളും (എ. സി. ൬൪൭—൧൨൦൦)

ശ്രീഹർഷന്റെ മരണാനന്തരം ഉത്തര ഇൻഡ്യയിൽ പല ചെറിയ ആധിപത്യങ്ങൾ ഉത്ഭവിക്കുകയാൽ

എ. സി. ൬൪൭-ം മുതൽ ൮൦൦-ം വരെ അരാജകസ്ഥിതി യുണ്ടായി. എന്നാൽ എ. സി. ൮൦൦-ം ആയപ്പോഴേക്ക് ഇവിടെ ശക്തിയേറിയ ഏതാനും ഹിന്ദു രാജ്യങ്ങൾ ആവിർഭവിച്ചു. ഈ രാജ്യങ്ങൾ പലതും ഫഹൻവ..ൽ മഹമ്മദീയക്ക് കീഴ്പ്പെട്ടതുവരെ പ്രാബല്യത്തിലിരുന്നു. രാജപുത്രരെയും അവരുടെ പ്രതാപകാലത്തെയും യൂറോപ്യൻ ചരിത്രത്തിലെ ഫ്യൂഡൽ പ്രഭുക്കന്മാരോടും അവരുടെ കാലത്തോടും കെന്നഡി എന്ന ചരിത്രകാരൻ ഉപമിച്ചിട്ടുണ്ട്.

<u>രാജപുത്രരുടെ ഉത്ഭവം.</u> പുരാതനഹൈന്ദവ രാജവംശങ്ങൾ, ആര്യന്മാരായിത്തീന്ന പൂർവ്വനിവാസികൾ, ഹിന്ദുക്കളായിത്തീന്ന വിദേശീയർ എന്നിങ്ങനെ രാജപുത്രരുടെ ഇടയിൽ മൂന്നു വർഗ്ഗവിഭാഗങ്ങൾ ഉണ്ടു്. ഗുപ്ത സാമ്രാജ്യസ്ഥാപനത്തിനു മുമ്പും പിമ്പും ഉള്ള അരാജക കാലത്തു ശകന്മാർ, പാർത്തിയർ, ഹൂണന്മാർ ആദിയായ വിദേശീയർ ഇൻഡ്യയിൽ പ്രവേശിച്ചു് മതത്തിലും സ്വഭാവഗതിയിലും ഹിന്ദുക്കളായിത്തീന്നിരുന്നു. ദക്ഷിണ ഇൻഡ്യയിലെ പൂർവ്വനിവാസികൾക്കും ഈ വിധം ഉൽക്കർഷം ഉണ്ടായി. ഇങ്ങനെ ഉത്ഭവിച്ച സങ്കരസന്താനങ്ങളത്രേ രാജപുത്രർ. മദ്ധ്യ ഏഷ്യയിലെ ജനങ്ങളുടെ യുദ്ധതല്പരതയും ഹിന്ദുമതത്തോടും മാമൂലുകളോടും ഉള്ള ഭക്തിയും ഇവരിൽ യോജിച്ചിരുന്നു. രാജപുത്രർ അഥവാ ക്ഷത്രിയർ എന്ന പേരിൽ, ഭരണജോലിയിൽ ഏപ്പെട്ടിരുന്ന എല്ലാ ഹിന്ദുവിഭാഗങ്ങളും ഉൾപ്പെട്ടിരുന്നു. ഹർഷന്റെ മരണനാന്തരം മഹമ്മദീയ ആക്രമണംവരെയുള്ള ചരിത്രം ഈ സ്വതന്ത്രാധിപതികൾ തമ്മിലുള്ള മത്സരത്തിന്റെ വൃത്താന്തമത്രെ.

<u>രാജപുത്രരുടെ വ്യവസ്ഥിതി.</u> എല്ലാ രാജപുത്രവർഗ്ഗക്കാരും ഒരേ പൂർവ്വികനിൽനിന്നും ഉത്ഭവിച്ചവരാ

ണ്ടെന്നും, രാജപുത്രരുടെ അധിപതികൾ സൂര്യവംശം, ചന്ദ്രവംശം, അഗ്നികുലം എന്നിവയിൽ ഏതെങ്കിലും ഒരു വംശത്തിലുൾപ്പെട്ടവരാണെന്നും വിശ്വസിച്ചുവരുന്നു. ഇവക്കു പരസ്പരവിവാഹവും ഒരേവിധ മാമൂലുകളും ജീവിതരീതികളുമുണ്ടായിരുന്നു. വർഗ്ഗീയബോധം, നായകന്മാരോടുള്ള അനുസരണം എന്നീ ഗുണങ്ങൾ ഇവരിൽ ശക്തിപ്പെട്ടിരുന്നു. കർഷകവൃത്തിയിൽ ഏർപ്പെടുന്നതു അഭിമാനക്ഷയമായി ഇവർ കരുതിവന്നു. ഐക്യബോധവും നിസ്തുല്യമായ പ്രാധാന്യവും ഇവക്കു സിദ്ധിച്ചതു് ആത്മാഭിമാനം, പൊതുവായ സാമൂഹികാചാരങ്ങൾ ഇവനിമിത്തമത്രെ. സൈനിക വ്യവസ്ഥിതി:—രാജപുത്രവർഗ്ഗക്കാർ ജന്മനാ യുദ്ധസാമർത്ഥ്യമുള്ളവരായിരുന്നു. ഇവക്കു പാരമ്പര്യമനുസരിച്ചുള്ള നായകന്മാരുമുണ്ടായിരുന്നു. ധൈര്യം, വിശ്വസ്തത, ഔദാര്യം എന്നീ ഗുണങ്ങൾ രാജപുത്രരെ ഇൻഡ്യയിൽ ഉൽകൃഷ്ടസ്ഥാനത്തിനു് അർഹരാക്കിത്തീർത്തിട്ടുണ്ടു്. സാമൂഹികവ്യവസ്ഥിതി:—ഇവർ ക്ഷത്രിയവംശജരാണെന്നു് അഭിമാനിക്കുന്നുണ്ടു്. ഓരോ വർഗ്ഗക്കാരും തമ്മിൽ രക്തബന്ധം ഉണ്ടായിരുന്നു. യുദ്ധം ചെയ്യുന്നതിൽ ഇവക്കു പ്രത്യേക സാമർത്ഥ്യം ഉണ്ടു്. ആത്മാഭിമാനം സ്ത്രീപുരുഷഭേദമെന്യേ ഇവക്കു സഹജസിദ്ധമായിരുന്നു. ഇവർ മതവൈരാഗ്യമുള്ള ഹിന്ദുക്കളായിരുന്നതിനാൽ, ബ്രാഹ്മണരെ വളരെ ബഹുമാനിച്ചുവന്നു. അഭിമാനക്ഷയം നേരിടുന്നതിനേക്കാൾ യുദ്ധംചെയ്തു മരിക്കുന്നതു ബഹുമതിയായി ഇവർ കരുതിയിരുന്നു. ശത്രുക്കളുടെ കൈയിൽ വീഴുന്നതിനുമുൻപേ രാജപുത്ര സ്ത്രീകൾ അഗ്നിപ്രവേശം ചെയ്യുക പതിവായിരുന്നു. രാഷ്ട്രീയ വ്യവസ്ഥിതി;—ഇവരുടെ വാസസ്ഥാനം രാജപുട്ടാണാ ആദിയായ പർവ്വതപ്രദേശങ്ങൾ ആയിരുന്നതിനാൽ, ദീർഘകാലത്തേക്കു ആധിപത്യം സ്വതന്ത്രമായി പാലിക്കുവാൻ ഇവക്കു സാധിച്ചു. സ്വാത-

ന്ത്യോപ്പയുടെ ക്രൂരതയും ഭരണസംബന്ധമായ ദൂരദൃഷ്ടിയുടെ അഭാവവും കൊണ്ടത്രേ ഇവർ സാമ്രാജ്യസ്ഥാപനത്തിനൊരുമ്പെടാതെ ചെറിയ രാജ്യങ്ങൾകൊണ്ടു തൃപ്തിപ്പെട്ടതു്. സഹകരണമില്ലായ്കയാൽ മഹമ്മദീയാക്രമണകാലത്തു് ഇവരുടെ സ്വാതന്ത്ര്യാധിപത്യങ്ങൾ നശിക്കുവാനിടയായി.

<u>പ്രധാന രാജപുത്രവർഗ്ഗക്കാർ.</u> ഉത്തര ഇൻഡ്യയിലെ പ്രധാന രാജപുത്രവർഗ്ഗക്കാർ ചോഹന്മാർ, പരിഹരർ, ടോമാരർ, ഗൂർജ്ജരന്മാർ എന്നിവരായിരുന്നു. ദക്ഷിണ ഇൻഡ്യയിലെ രാജപുത്രരിൽ പ്രധാനികൾ ചണ്ഡാളർ, കാലച്ചൂരികൾ, ഗാർവാർ വർഗ്ഗക്കാർ, രാഷ്ട്രകൂടർ, ചാലൂക്യർ, പല്ലവർ ഇവരത്രേ.

ഉത്തരഇൻഡ്യയിലെ പ്രധാനപ്പെട്ട രാജപുത്രരാജ്യങ്ങൾ ഗുജറാത്ത ഡൽഹി, കനൗജ്, ബങ്കാളം (പാലാസ് സേനാസ്), കാശ്മീരം, മാൾവാ, ആജമീർ എന്നിവയാണു്.

<u>ഡൽഹി.</u> ഡൽഹിയിലെ രാജപുത്രരാജ്യം ൧൧-ാം ശതാബ്ദത്തിന്റെ മദ്ധ്യകാലത്തു പരിഹരവർഗ്ഗജനായ അനംഗപാലനാൽ സ്ഥാപിതമായി. ഇക്കാലംമുതൽ ഈ വർഗ്ഗത്തിനു് ടോമാരർ എന്ന പേരു സിദ്ധിച്ചു. ആജ്മീറിലെ ചോഹൻ രാജാവായ വിശാലദേവൻ ൧൧൫൧-ൽ ഡൽഹി ആക്രമിച്ചു്, രാജാവായ അനംഗപാലൻ ദ്വിതീയനെ തോല്പിച്ചു. ജേതാവിന്റെ പുത്രനായ സോമേശ്വരന് അനംഗപാലൻ തന്റെ പുത്രിയെ വിവാഹം ചെയ്തുകൊടുക്കുകയും, തൽപുത്രന് ഡൽഹി രാജ്യാവകാശം വിട്ടുകൊടുക്കുവാൻ സമ്മതിക്കുകയും ചെയ്തു. ൧൧൯൦-ൽ അനംഗപാലൻ മരിച്ചശേഷം പൗത്രനായ ആജ്മീറിലെ പൃഥിരാജൻ ഡൽഹിയിലേയും രാജാവായിത്തീർന്നു.

ഇക്കാലത്തു ഡൽഹിയും കനൗജും ഉത്തരഇൻഡ്യയിലെ പ്രധാന രാജ്യങ്ങളായിരുന്നു. ൧൧൯൧-ൽ രാജപുത്രർ പൃഥ്വിരാജന്റെ നേതൃത്വത്തിൽ, തിരൌറി യുദ്ധത്തിൽ മഹമ്മദു ഗോറിയെ തോല്പിച്ചോടിച്ചു. ൧൧൯൨-ൽ ഗോറി വീണ്ടും ആക്രമിച്ചപ്പോൾ കനൗജിലെ ജയചന്ദ്രനും കൂട്ടരും പിന്മാറുകയാൽ, പൃഥ്വിരാജൻ വധിക്കപ്പെടുകയും, തദനന്തരം രാജപുത്രർ ഓരോരുത്തരായി മഹമ്മദീയർക്കു കീഴ്പ്പെടുകയും ചെയ്തു.

<u>കനൗജ്.</u> ഹർഷവർദ്ധനന്റെ ഭരണകാലത്തു കനൗജ് ഒരു പ്രസിദ്ധ പട്ടണമായിരുന്നു. ഹർഷന്റെ പിൻഗാമികളിൽ യശോവർമ്മൻ (എ. ഡി. ൭൩൦) എന്ന രാജാവ് വാക്പതിരാജൻ, ഭവഭൂതി ആദിയായ പല സാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിച്ചിരുന്നു. എ. ഡി. ൭൪൦-ൽ പഞ്ചാബും കാശ്മീരവും ഭരിച്ചിരുന്ന ലളിതാദിത്യൻ യശോവർമ്മനെ യുദ്ധത്തിൽ വധിച്ചു. എ. ഡി. ൮൧൬-ൽ നാഗഭാഗൻ എന്ന ഗൂർജ്ജരരാജാവു കനൗജ് കൈവശപ്പെടുത്തി. ഇതിനുശേഷം ൨൦൦ വർഷത്തോളം ഗൂർജ്ജരന്മാർ തന്നെ ഇവിടെ ഭരിച്ചിരുന്നു. ഈ വംശരാജാക്കന്മാരിൽ പ്രധാനി മിഹിരഭോജൻ (൮൪൦—൮൯൦) ആയിരുന്നു. നാഗഭാഗന്റെ പൗത്രനായ ഇദ്ദേഹത്തിനു ഇപ്പോഴത്തെ രാജപുട്ടാണാ, ഐക്യസംസ്ഥാനങ്ങൾ, ഗ്വാളിയർ, സത്‌ലജിനു കിഴക്കുള്ള പഞ്ചാബ് എന്നീ പ്രദേശങ്ങൾ അധീനമായിരുന്നു. ഗുജറാത്തും മാൾവയും ഇദ്ദേഹത്തിനു കപ്പം കൊടുത്തു വന്നിരുന്നു. ഡക്കാണിലെ രാഷ്ട്രകൂടന്മാരുമായി ഇദ്ദേഹം പല യുദ്ധങ്ങൾ നടത്തി. ഭോജപുത്രനായ മഹേന്ദ്രപാലൻ (൮൯൦—൯൦൮) പഞ്ചാബു മുതൽ ബിഹാർ വരെ ഉത്തരഇൻഡ്യ മുഴുവനും ഭരിച്ചിരുന്നു. രാജശേഖരൻ എന്ന പ്രസിദ്ധകവി കനൗജ് രാജധാനിയിൽ ഇക്കാലത്തു വസിച്ചിരുന്നു. പിൻഗാമിയായ മഹിപാലന്റെ കാലത്തു

കാലത്തു് (൯൫൦—൧൦൨൦) രാജ്യം ക്ഷയിക്കുവാൻ തുടങ്ങി. റാത്തർ രാജപുത്രർ കനൗജ് കൈവശപ്പെടുത്തി ഭരണം ആരംഭിച്ചു. ചണ്ഡാലരാജപുത്രരുടെ സഹായത്തോടുകൂടി രാജ്യം വീണ്ടെടുക്കുവാൻ മഹീപാലനു സാധിച്ചുവെങ്കിലും, രാജ്യം ഛിന്നഭിന്നമായിത്തീരുകയാണുണ്ടായതു്. ദേവപാലൻ (൧൦൪൦—൧൦൬൮), വിജയപാലൻ (൧൦൬൮—൧൦൯൦) എന്നിവരുടെ ഭരണവും ബലഹീനമായിരുന്നു. സബക്താജിയുടെ ആക്രമണകാലത്തു കനൗജ് ഭരിച്ചിരുന്നതു രാജ്യപാലൻ ആയിരുന്നു. ഏ. ഡി. ൯൯൧-ൽ സബക്താജി പഞ്ചാബിലെ ജയപാലൻ ആദിയായ രാജപുത്രരെ തോല്പിച്ചു ൧൦൧൮-ൽ മാമൂദ് ഗസ്നി കനൗജ് ആക്രമിക്കുകയാൽ, രാജ്യപാലൻ ഓടിപ്പോയി ഗംഗയ്ക്കപ്പുറത്തു ബാറി എന്ന സ്ഥലത്തു ഒരു ഭരണം സ്ഥാപിച്ചു. എന്നാൽ ഗാർവാർ രാജപുത്രർ ബാറിയും കനൗജും കൈവശപ്പെടുത്തി. തദനന്തരം കനൗജിലെ അവസാന പരിഹര രാജാവായ അനംഗപാലൻ യമുനാ തീരത്തു ലാൽകോട്ട കെട്ടി ഡൽഹി രാജ്യം സ്ഥാപിച്ചു. ഉദ്ദേശം ൧൦൯൦-ൽ ഗാർവാർ വംശജനായ ചന്ദ്രദേവൻ കനൗജിലെ രാജാവായതോടുകൂടി, അടുത്ത നൂറു വർഷത്തേക്കു് അദ്ദേഹത്തിന്റെ സന്താനങ്ങൾക്കു കനൗജിൽ ഭരണാധിപത്യം ലഭിച്ചു. ഈ വർഗ്ഗത്തിലെ രാജാക്കന്മാരിൽ പ്രസിദ്ധൻ ജയചന്ദ്രനാണു്. ഇദ്ദേഹത്തിന്റെ പുത്രിയായ സംയുക്തയെയായിരുന്നു സ്വയംവരാവസരത്തിൽ പൃഥ്വിരാജൻ കൈവശപ്പെടുത്തിയതു്. ൧൧൯൪-ൽ ഗോറി കനൗജ് കൈവശപ്പെടുത്തി. ഗാർവാർ വംശക്കാർ രാജപുട്ടാണയിലുള്ള മാർവാറിലേക്കു് ഓടിപ്പോയി, അവിടെ ഇപ്പോഴത്തെ ജോഡ്പുരം സ്ഥാപിച്ചു് പ്രസിദ്ധരായിത്തീർന്നു. റാത്തർ വർഗ്ഗക്കാരെന്നാണു് ഇവരെ ഇപ്പോൾ വിളിച്ചുവരുന്നതു്.

മാൾവാ— ൧൧-ാം ശതാബ്ദത്തിന്റെ ആരംഭകാലത്തു് അഗ്നികുലരുടെ ജന്മഭൂമിയായ അബുപർവ്വതത്തിൽ നിന്നും ഉപേന്ദ്രകൃഷ്ണൻ എന്ന പ്രധാനി ഏതാനും അനുചരന്മാരോടുകൂടി ഉജ്ജയിനിൽ എത്തി ഭരണം ആരംഭിച്ചതായി കാണുന്നു. ഇവരുടെ തലസ്ഥാനം ധാരാപട്ടണമായിരുന്നു. ഈ വർഗ്ഗത്തിൽപെട്ട ൧൫ രാജാക്കന്മാർ എ. സി. ൧൨൧൦ വരെ ഉദ്ദേശം ൪൦൦ വർഷത്തേക്കു് ധാരാപട്ടണത്തിൽ ഭരിച്ചു. ഇവരിൽ ഏഴാമത്തെ രാജാവായ മുഞ്ജൻ ഒരു കവിയും യോദ്ധാവും ആയിരുന്നു. ഡക്കാണിലെ ചാലൂക്യ രാജാവായ തെയിലൻ ൨-ാമൻ മാൾവായെ ൧൬ പ്രാവശ്യം ആക്രമിക്കുകയും, എല്ലാ തവണയും മുഞ്ജൻ തെയിലനെ തോല്പിക്കുകയും ചെയ്തതായി കാണുന്നു. എന്നാൽ എ. സി. ൯൯൫-ൽ മുഞ്ജൻ നർമ്മദാ കടന്നു സൈന്യസമേതം ചാലൂക്യരെ ആക്രമിച്ചപ്പോൾ, യുദ്ധത്തിൽ തോററു വധിക്കപ്പെട്ടു. ൧൦൧൮ മുതൽ ൧൦൬൦ വരെ മാൾവാ ഭരിച്ചിരുന്ന ഭോജരാജാവു മുഞ്ജന്റെ ഒരു മച്ചുനനും പ്രതാപവാനും ആയിരുന്നു. ഇദ്ദേഹം ൧൧-ാം ശതാബ്ദത്തിലെ രാജാക്കന്മാരിൽ ഏററവും പ്രസിദ്ധനായിരുന്നു. ജ്യോതിശ്ശാസ്ത്രം, തച്ചുശാസ്ത്രം, പദ്യസാഹിത്യം എന്നിവകുപ്പുകളിൽ പലഗ്രന്ഥങ്ങൾ ഇക്കാലത്തു രചിക്കപ്പെട്ടു. ഇദ്ദേഹം ധാരാപട്ടണത്തിലുള്ള സരസ്വതിക്ഷേത്രത്തിൽ ഒരു സംസ്കൃത കോളജ് നടത്തിവന്നു. ഭോജപുരം തടാകം എന്നു പേരുള്ള ഒരു തടാകം ഇദ്ദേഹം നിർമ്മിച്ചു. ൧൫-ാം ശതാബ്ദംവരെ ഈ തടാകം ഉണ്ടായിരുന്നു. ഡക്കാണിലെയും ഗുജറാത്തിലെയും ചാലൂക്യർ ചേദിയിലെ കാലച്ചൂരികളുമായി യുദ്ധം നടത്തി. ഭോജന്റെ പിൻഗാമികളും ബലഹീനരായിരുന്നു. ൧൨൩൫-ൽ ആൾട്ടാമിഷിന്റെ കാലത്തു മുഹമ്മദീയർ മാൾവാ ആക്രമിച്ചു് ഉജ്ജയിനും ഭിൽസായും പിടിച്ചു. ൧൪൦൧-ൽ തൈമൂറിന്റെ ആക്രമണാ

നിമിത്തമുണ്ടായ ഉപദ്രവത്താൽ ഡൽഹിസാമ്രാജ്യം ശിഥിലീഭവിക്കുന്നതു വരെ മഹമ്മദീയർ മാൾവാ ഭരിച്ചുവന്നു. പ്രസ്തുത വർഷത്തിൽ ഡിലാവർഖാൻ മാൾവായിൽ സ്വാതന്ത്ര്യാധിപത്യം സ്ഥാപിക്കുകയും ചെയ്തു. ഇപ്രകാരം മുസ്സൽമാൻ ആക്രമണത്തോടുകൂടി ഹൈന്ദവശക്തി ഉത്തര ഇൻഡ്യയിൽ ക്ഷയിക്കുവാനിടയായി.

ഡക്കാണിലെ രാജപുത്ര രാഷ്ട്രങ്ങളും ഇൻഡ്യയിലെ ആദ്യ മഹമ്മദീയാക്രമണങ്ങളും സംബന്ധിച്ച് ഈ പുസ്തകം രണ്ടാംഭാഗത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്.

മുസ്സൽമാൻ ആക്രമണവും ഭരണസ്ഥാപനവും സുകരമാകുവാൻ ഇൻഡ്യയുടെ പരിതഃസ്ഥിതികൾ അനുകൂലമായിരുന്നു. മഹമ്മദീയരെ ശക്തിയോടെ എതിർക്കത്തക്ക വണ്ണം ഏകോപിച്ച ഒരു പ്രബലശക്തി ഇക്കാലത്തു് ഇൻഡ്യയിലുണ്ടായിരുന്നില്ല. പരസ്പരസ്പർദ്ധയാൽ രാജപുത്ര രാജാക്കന്മാർ സഹകരിച്ചു പ്രവർത്തിച്ചുമില്ല. പ്രത്യുത മഹമ്മദീയർ മതപ്രചരണത്താൽ പ്രേരിപ്പിക്കപ്പെടുകയും, പുതിയ സൈന്യവിഭാഗങ്ങളാൽ പരിപോഷിപ്പിക്കപ്പെടുകയും, ഏകനായകഭരണത്തിൽ നയിക്കപ്പെടുകയും, പ്രകൃത്യാ അവർ ഇതര ജാതികളെക്കാൾ ബലവാന്മാരായിരിക്കുകയും ചെയ്തതു് അവരുടെ പുരോഗതിക്കു് സഹായകരമായിരുന്നു.

### ചോദ്യങ്ങളും അഭ്യാസങ്ങളും

1. ഇക്കാലത്തു് ഇൻഡ്യയിലുണ്ടായിരുന്ന പ്രധാന രാജപുത്ര രാജ്യങ്ങൾ ഏവ?
2. മുസ്സൽമാൻ ആക്രമണം നിമിത്തം രാജപുത്രർക്കുണ്ടായ ഫലമെന്തു?
3. 4-ാം നമ്പർ ഇൻഡ്യാ പടത്തിൽ രാജപുത്ര രാജ്യങ്ങളുടെ സ്ഥാനം കാണുക.
4. അനുബന്ധം പരിശോധിച്ച് പ്രധാന സംഭവ കാലങ്ങൾ ഗ്രഹിക്കുക.

---

അദ്ധ്യായം ൧൪

# ഡക്കാണിലെ രാജപുത്രരാജ്യങ്ങൾ

## 1. ആന്ധ്രവർഗ്ഗക്കാർ

ആന്ധ്റവർഗ്ഗക്കാരുടെ ആധുനിക പ്രതിനിധികൾ തെലുങ്കുവർഗ്ഗജരാണ്. ഇവരുടെ പുരാതന രാജ്യം ഇൻഡ്യയുടെ കിഴക്കേ തീരത്ത് ഗോദാവരി, കൃഷ്ണാ ഈ നദികൾക്ക് മദ്ധ്യേ സ്ഥിതിചെയ്തിരുന്നു. ആര്യന്മാരുടെ അധികാരസീമയിൽനിന്നും അകലെ ഇവർ ആധിപത്യം ഉറപ്പിച്ചിരുന്നു. ആദ്യ മൌര്യരുടെ കാലത്ത് പ്രാബല്യത്തിലിരുന്ന ഇവർക്ക് ശക്തിയേറിയ ഒരു സൈന്യവും, കോട്ടകളുള്ള മുപ്പതോളം പട്ടണങ്ങളും ഉണ്ടായിരുന്നു. ഇക്കാലത്ത് മഗധം കൂടാതെ ഇൻഡ്യയിലുണ്ടായിരുന്ന ഏററവും പ്രധാന രാഷ്ട്രം ആന്ധ്റരാജ്യം ആയിരുന്നു. ഇവരുടെ തലസ്ഥാനം ആദ്യം കൃഷ്ണാനദീതീരത്തുള്ള ശ്രീകാകുല പട്ടണവും, തദനന്തരം പ്രസ്തുത നദീതീരത്തുതന്നെയുള്ള ധന്യാകടക പട്ടണവും ആയിരുന്നു. ആന്ധ്റർ അശോകൻെറ മേൽകോയ്മയും ഉപദേശങ്ങളും സ്വീകരിച്ചിരുന്നതായി കാണുന്നു. എന്നാൽ അശോകൻെറ മരണാനന്തരം ഇവർ രാജ്യവിസ്താരം ക്രമേണ വർദ്ധിപ്പിച്ചു. ബി.സി. ൩-ാം ശതാബ്ദത്തിൻെറ അവസാനത്തിൽ ശിമുഖ എന്നൊരു രാജാവിൻെറ നേതൃത്വത്തിൽ ആന്ധ്റരാജ്യം വളരെ വിസ്തൃതമായിത്തീർന്നു. ശതവാഹന വംശം അഥവാ ശതകർണ്ണിവംശം സ്ഥാപിച്ചത് ശിമുഖരാജാവായിരുന്നു. ഈ രാജവംശം തെലുങ്കരാജ്യത്തെ ൪00 വർഷത്തോളം ഭരിച്ചു. ശിമുഖൻെറയും പിൻഗാമിയായ കൃഷ്ണരാജാവിൻെറയും ഭരണകാലത്ത് ആന്ധ്റവർഗ്ഗക്കാരുടെ ആധിപത്യം അറേബ്യൻ സമുദ്രം മുതൽ ബംഗാൾ ഉൾക്കടൽ വരെ

വ്യാപിച്ചിരുന്നു. ൧൦൦ ബി.സി. സമീപിച്ച് ഭരിച്ചിരുന്ന ആന്ധ്രരാജാവ് മഗധയിലെ സങ്ഗ രാജാവിനെ തോല്പിച്ച്, മാൾവാരാജ്യം കൈവശപ്പെടുത്തി. ബി.സി. ൨൮ സമീപിച്ച് ഭരിച്ചിരുന്ന ആന്ധ്രരാജാവ് മഗധയിലെ കണ്വരാജാവിനെ വധിച്ചതായി രേഖയുണ്ട്. എ.ഡി. രണ്ടാം ശതാബ്ദം മുതൽ ആന്ധ്ര രാജാക്കന്മാരും ഗുജറാററിലെ ക്ഷത്രപന്മാരുംതമ്മിൽ ദീൎഘകാലത്തേക്കു മത്സരം ഉണ്ടായി. എ.ഡി. ൧൨൬-ൽ ആന്ധ്ര രാജാക്കന്മാരിൽ ഏററവും പ്രതാപവാനായ വിലിവായകുരൻ (ഗൗതമിപുത്ര ശതകർണ്ണി) നഹപാനൻ എന്ന ക്ഷത്രപനെ വധിച്ചു. തദനന്തരം രുദ്രാദമൻ എന്ന ക്ഷത്രപൻ ആന്ധ്രരെ തോല്പിക്കുകയും ചെയ്തു. എ.ഡി. ൨൨൫-നു ശേഷം ആന്ധ്രവംശം ക്ഷയിക്കുവാനിടയായി.

രാഷ്ട്രീയചരിത്രം സംബന്ധിച്ച് ആന്ധ്ര കാലത്തെ ശിലാലിഖിതങ്ങൾ അത്ര പ്രാധാന്യമുള്ളവയല്ല. എന്നാൽ സാമൂഹ്യമായ പല വിവരങ്ങൾ ഇവയിൽനിന്നും ലഭിക്കുവാൻ സാധിച്ചിട്ടുമുണ്ട്. ബുദ്ധമതവും ബ്രാഹ്മണമതവും അഭിവൃദ്ധികരമായി പുരോഗമിച്ചുവന്നു. ശാകവൎഗ്ഗക്കാർ, യവനർ മുതലായ വിദേശീയർ ഇക്കാലത്തു് ഇൻഡ്യയിൽ പ്രവേശിച്ച് ഹിന്ദുമതവും, ബുദ്ധമതവും സ്വീകരിക്കുകയുണ്ടായി. ഇക്കാലത്തു് ഇൻഡ്യയുടെ ആഭ്യന്തരവും ബാഹ്യവുമായ വാണിജ്യവും, ധനസ്ഥിതിയും പുരോഗമിച്ചുകൊണ്ടിരുന്നു.

### ൨. ചാലൂക്യർ

ചാലൂക്യർ ഗുർജര വൎഗ്ഗക്കാരായ അഗ്നികുല രാജപുത്രരാണെന്നുവിശ്വസിച്ചുവരുന്നു. ഇവർ പ്രതാപത്തിലെത്തിയതു് എ.ഡി. ആറാംശതാബ്ദത്തിന്റെ മദ്ധ്യകാലത്തു്, ദക്ഷിണ മഹാരാഷ്ട്രത്തിലുള്ള വതാപിപുരത്തുനിന്നും പല്ലവരെ നിഷ്കാസനം ചെയ്തശേഷമായിരുന്നു. ആദ്യ

ചാലൂക്യർ ഡക്കാൺ മുഴുവനും ക്രമേണ കൈവശപ്പെടുത്തുകയും, ൭൫൩ വരെ ഭരിക്കുകയും ചെയ്തു. തദനന്തരം ൯൭൩-ൽ ഈ രാജവംശത്തോടു ബന്ധമുള്ള വേറൊരു ചാലൂക്യവംശം കല്യാൺ പട്ടണം തലസ്ഥാനമാക്കി ചാലൂക്യഭരണം പുനർജ്ജീവിപ്പിച്ചു. ഇവരെ അന്ത്യചാലൂക്യർ എന്നു വിളിച്ചുവരുന്നു.

ആദ്യചാലൂക്യർ (ഏ. ഡി. ൫൫൦—൭൫൩).—പ്രസ്തുത വംശസ്ഥാപകൻ പുലികേശി I ആയിരുന്നു. ഇദ്ദേഹം വതാപിയിൽ തലസ്ഥാനം ഉറപ്പിക്കുകയും, രാജ്യം വിസ്തൃതമാക്കുകയുംചെയ്തു. ഈ വംശത്തിലെ പ്രധാന രാജാവായ പുലികേശി II (ഏ. ഡി. ൬൦൯-൬൪൨) കനൗജിലെ ശ്രീഹർഷന്റെ സമാനകാലീനനായിരുന്നു. സുപ്രസിദ്ധയോദ്ധാവായിരുന്ന ഇദ്ദേഹം ഗുജറാററു സമീപിച്ചുള്ള പല പ്രദേശങ്ങളും ആക്രമിച്ച് കൈവശപ്പെടുത്തി. പുലികേശി II-ന്റെ പ്രതാപകാലത്ത് ഒരു പേർഷ്യൻ സ്ഥാനാപതി ഇദ്ദേഹത്തിന്റെ രാജധാനിയിൽ എത്തിയിരുന്നു. ഒരു ഹിന്ദുവായിരുന്ന ഇദ്ദേഹം ബുദ്ധമതത്തോടു ദാക്ഷിണ്യം പ്രദർശിപ്പിച്ചിരുന്നു. ൬൦൯-ൽ പുലികേശി വെങ്ഗി എന്ന പല്ലവരാജ്യം ആക്രമിച്ച്, അതിനെ ഭരിക്കുവാൻ തന്റെ സഹോദരനായ വിഷ്ണുവർദ്ധനനെ വൈസ്രോയി ആയി നിയോഗിച്ചു. ഈ ആധിപത്യം ൬൧൫-ൽ സ്വതന്ത്രമായി ഭരണം ആരംഭിച്ച് ൧൦൭൦-വരെ ഭരിച്ചിരുന്നു. പുലികേശി II കനൗജിലെ ശ്രീഹർഷനെ ഏ. ഡി. ൬൨൦-ൽ തോല്പിച്ചതായി കാണുന്നു. ൬൪൧-ൽ ഹ്യൂൻസാങ് എന്ന ചീനസഞ്ചാരി പുലികേശി രണ്ടാമന്റെ രാജധാനി സന്ദർശിക്കുകയും, രാജാവിന്റെ സ്വഭാവത്തെയും ഭരണത്തെയുംകുറിച്ച് വളരെ നല്ല അഭിപ്രായം രേഖപ്പെടുത്തുകയുംചെയ്തിട്ടുണ്ടു്. പാണ്ഡ്യം, ചോളരാജ്യം, കേരളം ആദിയായ രാജ്യങ്ങളെയും പുലികേശി കീഴടക്കിയിരുന്നു. പല്ലവരേയും

അദ്ദേഹം കീഴടക്കി. ൬൪൨-ൽ കാഞ്ചീപുരത്തെ നരസിംഹവർമ്മൻ എന്ന പല്ലവരാജാവ് പുലികേശിയെ തോല്പിച്ചു സ്ഥാനഭ്രഷ്ടനാക്കിയതോടുകൂടി, ചാലൂക്യരുടെ ഭരണം അടുത്ത ൧൩ വർഷത്തേക്കു ഉണ്ടായിരുന്നില്ല. ൬൫൫-ൽ പുലികേശിയുടെ പുത്രനായ വിക്രമാദിത്യൻ പല്ലവരെ തോല്പിച്ചു് കാഞ്ചീപുരം കൈവശപ്പെടുത്തി. പാണ്ഡ്യം, ചോളരാജ്യം, കേരളം ആദിയായ പ്രദേശങ്ങളും ഇദ്ദേഹം വീണ്ടെടുത്തു. വിക്രമാദിത്യന്റെ പിൻഗാമികളായ മൂന്നു രാജാക്കന്മാർ ഉദ്ദേശം ൬൦ വഷം ഭരിച്ചു. പല്ലവരുമായി ഇവർ തുടരെ യുദ്ധം നടത്തിയിരുന്നു. ഈ വംശത്തിലെ അവസാനരാജാവ് കീത്തിവമ്മൻ II ആയിരുന്നു. ഇദ്ദേഹം പല്ലവരുമായി ദക്ഷിണദിക്കിൽ യുദ്ധം ചെയ്തുകൊണ്ടിരുന്ന അവസരത്തിൽ രാഷ്ട്രകൂടരുടെ ഒരു പ്രധാനി മഹാരാഷ്ട്രം കൈവശപ്പെടുത്തി. എ. ഡി. ൭൫൩-ൽ ഉണ്ടായ പ്രസ്തുത യുദ്ധത്തിൽ കീത്തിവമ്മൻ കൊല്ലപ്പെട്ടതോടുകൂടി ആദ്യചാലൂക്യരുടെ ഭരണം അവസാനിച്ചു.

ചാലൂക്യരാജാക്കന്മാർ ബ്രാഹ്മണഹിന്ദുക്കളായിരുന്നുവെങ്കിലും, ഇതരമതങ്ങളെ അവർ ഉപദ്രവിച്ചില്ല. ജൈനമതവും ബ്രാഹ്മണമതവും ഇക്കാലത്തു് അഭിവൃദ്ധിപ്പെട്ടും, ബുദ്ധമതം ക്ഷയിച്ചും വന്നു.

**പൌരസ്ത്യചാലൂക്യർ (൬൧൫–൧൧൭൦) — കൃഷ്ണാനദിക്കു വടക്കും ഗോദാവരിക്കു തെക്കും, പൂർവ്വഘട്ടങ്ങൾക്കു കിഴക്കും** ബംഗാൾ ഉൾക്കടലിനു പടിഞ്ഞാറുമായി സ്ഥിതിചെയ്തിരുന്ന വെങ്ഗിരാജ്യത്തായിരുന്നു പൌരസ്ത്യചാലൂക്യർ ഭരിച്ചിരുന്നതു്. ഈ വംശസ്ഥാപകൻ പുലികേശി രണ്ടാമന്റെ പുത്രനായ വിഷ്ണുവദ്ധനൻ I ആയിരുന്നു. എ.ഡി. ൬൧൫-നു ശേഷം ഇദ്ദേഹം സ്വാതന്ത്ര്യം അവലംബിച്ചു് വെങ്ഗി തലസ്ഥാനമാക്കി ഭരണമാരംഭിച്ചു. ഈ വംശത്തിലെ ൧൧-ാമത്തെ രാജാവും പ്രബലനുമായ വിജയാദി

ത്യൻ II പല യുദ്ധങ്ങളിൽ വിജയം നേടുകയും, ഓരോ വിജയത്തിനുംശേഷം ഓരോ ശൈവക്ഷേത്രംവീതം പണികഴിപ്പിക്കുകയും ചെയ്തതായി കാണുന്നു. ൯൧൮ മുതൽ ൯൨൮-വരെ ഭരിച്ചിരുന്ന രാജമഹേന്ദ്രൻ തലസ്ഥാനം വെങ്ഗിയിൽ നിന്നും രാജമന്ദ്രിയിലേക്കുമാററി സ്ഥാപിച്ചു. ഈ വംശത്തിലെ ൨൬-ാമത്തെ രാജാവായ വിമലാദിത്യൻ രാജരാജ ചോളൻെറ ഒരു പുത്രിയെവിവാഹം ചെയ്തു. ഇതിനുശേഷവും ഏതാനും ചാലൂക്യരാജാക്കന്മാർ ചോളരുമായി വിവാഹം നടത്തിവന്നതിനാൽ, വെങ്ഗിയിലെ ചാലൂക്യവംശം കാലക്രമത്തിൽചോളരാജകുടുംബത്തിൽ ലയിക്കുവാൻ ഇടയായി.

കല്യാണിലെ ചാലൂക്യർ.— ഏ. ഡി. ൯൭൩ മുതൽ ൧൧൯൦-വരെ ഈ വർഗ്ഗത്തിൽപെട്ട ൧൧ രാജാക്കന്മാർ ഭരിക്കുകയും, തദനന്തരം കാലച്ചൂരിവർഗ്ഗക്കാർ ഭരണാധികാരം കൈവശപ്പെടുത്തുകയും ചെയ്തു. നൈസാമിൻെറ രാജ്യത്തുള്ള കല്യാൺപട്ടണം തലസ്ഥാനമാക്കി ആധിപത്യം സ്ഥാപിക്കുവാൻ ഇവർ ഉദ്യമിച്ചത് ചോളരുടെ പ്രതാപകാലത്തായിരുന്നു. ചാലൂക്യരും പല്ലവരും തമ്മിൽ ഇക്കാലത്തു മത്സരം ആരംഭിച്ചു. ഈ വംശത്തിലെ ഒന്നാമത്തെ രാജാവായ തെയിലൻ I രാഷ്ട്രകൂടരെയും, മാൾവായിലെ പാരമാരവംശജനായ മുഞ്ജരാജാവിനേയും ഗുജറാററ് രാജാവിനെയും യുദ്ധത്തിൽ തോല്പിച്ചു. ഇദ്ദേഹം ദക്ഷിണ ഇൻഡ്യയിലെ സാമ്രാട്ടായിരുന്ന രാജരാജചോളൻെറ സമാനകാലീനനായിരുന്നു.

ചാലൂക്യരും ചോളരും തമ്മിൽ തെയിലൻ ഒന്നാമൻെറ പിൻഗാമികളുടെകാലത്തു് പല പ്രാവശ്യം യുദ്ധമുണ്ടായി. ഉദ്ദേശം ഏ. ഡി. ൧൦൪൦-ൽ സോമേശ്വരൻ ഒന്നാമൻ ചാലൂക്യരാജാവായി സിംഹാസനാരോഹണം ചെയ്തു. ദേവഗിരിയിലെ യാദവർ, കദംബർ, ദ്വാരസമുദ്ര

ത്തിലെ (ഇപ്പോഴത്തെ ഹാലിബ്ഡ്) ഹോയിസാലർ എന്നിവരും സോമേശ്വരനു കീഴ്പ്പെട്ടിരുന്നു. ചോളരുമായി ഇദ്ദേഹത്തിന്റെ കാലത്തും യുദ്ധം ഉണ്ടായി. ൧൦൫൨-ൽ കൃഷ്ണാനദീതീരത്തുള്ള കൊപ്പം എന്ന സ്ഥലത്തുവച്ചു രാജാധിരാജൻ എന്ന ചോളരാജാവിനെ സോമേശ്വരൻ തോല്പിച്ചു. തദനന്തരം ഇദ്ദേഹം കാഞ്ചീപുരം കൈവശപ്പെടുത്തുകയും, മാൾവായിലെ ഭോജരാജാവിനെ തോല്പിച്ചോടിക്കുകയും ചെയ്തു. സോമേശ്വരന്റെ പുത്രനായ വിക്രമയുവരാജാവ് ഡക്കാൺ മുഴുവനും സ്വാധീനപ്പെടുത്തിയതോടുകൂടി, ചാലൂക്യരുടെ പ്രതാപം വളരെ വർദ്ധിച്ചു.

പ്രസ്തുതവംശത്തിലെ ഏററവും പ്രധാനപ്പെട്ട രാജാവ് വിക്രമാങ്കൻ (൧൦൭൬—൧൧൨൬) ആയിരുന്നു. ഇദ്ദേഹത്തിന്റെ കാലത്ത് 'മിതാക്ഷരി' എന്ന ഹിന്ദുനിയമഗ്രന്ഥത്തിന്റെ കർത്താവായ വിഘ്നേശ്വരൻ കല്യാൺ രാജധാനിയിൽ വസിച്ച് പ്രസ്തുതഗ്രന്ഥം നിർമ്മിച്ചു. ഇക്കാലം അഭിവൃദ്ധിയുടെ കാലമായിരുന്നുവെന്നു ബിൽഹണൻ എഴുതിയ വിക്രമാങ്കദേവചരിതത്തിൽ നിന്നും ഗ്രഹിക്കാവുന്നതാണ്. ചോളരാജാക്കന്മാർക്ക് ചാലൂക്യരിൽ നിന്നും ഈ കാലത്ത് പല പ്രാവശ്യം തോൽവി ഉണ്ടായിട്ടുണ്ട്. കൊങ്കണദേശവും ഇവർക്കധീനമായിരുന്നു. വിക്രമാങ്കന്റെ രാജ്യത്തിൽ നർമ്മദാ മുതൽ തുംഗഭദ്രാ വരെയുള്ള ഡക്കാൺ മുഴുവനും ഉൾപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ മരണശേഷം ചാലൂക്യശക്തി ക്ഷയിച്ചുപോയി. ദേവഗിരിയിലെ യാദവർ ഡക്കാണിന്റെ വടക്കും കിഴക്കും ഭാഗങ്ങളും, ഹോയിസാലർ ദക്ഷിണഭാഗവും കൈവശപ്പെടുത്തിയതോടുകൂടി ചാലൂക്യശക്തി നാമാവശേഷമായിത്തീർന്നു.

ഇക്കാലത്ത് ഇൻഡ്യയിൽ സാമൂഹ്യമായി പല ഭേദഗതികളുണ്ടായിക്കൊണ്ടിരുന്നു. ബുദ്ധമതം ക്ഷയിച്ചുവന്നു. ശങ്കരാചാര്യർ ശൈവാരാധനയും, രാമാനുജൻ

വൈഷ്ണവാരാധനയും പ്രചരിപ്പിക്കുവാൻ ശ്രമിച്ചതുനിമിത്തം, പൌരാണിക ഹിന്ദുമതം അഭിവൃദ്ധിപ്പെട്ടുവന്നു. എങ്കിലും ഇതരമതങ്ങൾക്ക് ഉപദ്രവമുണ്ടായില്ല. രാജപുത്രർ ക്രമേണ ശക്തിപ്പെട്ടുവന്നു. മഹമ്മദീയരും ഇൻഡ്യയിൽ പ്രവേശിച്ചുതുടങ്ങിയിരുന്നു.

### ൩. രാഷ്ട്രകൂടർ

ഡക്കാണിന്റെ വടക്കുഭാഗത്ത് ഉദ്ദേശം ൨ ശതാബ്ദകാലത്തേക്ക് ആധിപത്യം നടത്തിയിരുന്ന ഇവർ ആര്യന്മാരുടെയും ഇൻഡ്യയിലെ ആദിമ ജാതിക്കാരുടെയും സങ്കരവർഗ്ഗമായിരുന്നു. ഇവർ ആദ്യകാലത്ത് ആന്ധ്രവംശത്തിനും പിന്നീട് പശ്ചിമസത്രപന്മാർക്കും കീഴ്പ്പെട്ടിരുന്നു. ഏ. ഡി. ൪൦൦ സമീപിച്ച് ചന്ദ്രഗുപ്തവിക്രമാദിത്യൻ സത്രപന്മാരെ തോല്പിച്ചതോടുകൂടി, ഇവരുടെ രാജ്യം ഗുപ്തസാമ്രാജ്യത്തിൽ ലയിച്ചു. ഏ. ഡി. ൫൫൦-ൽ വതാപിയിലെ പശ്ചിമചാലൂക്യർ ഡക്കാണിലെ അധിപതികളായി ഭവിക്കുകയാൽ, അടുത്ത ൨൦൦ വർഷത്തേക്ക് രാഷ്ട്രകൂടർ ചാലൂക്യർക്ക് കീഴ്പെട്ടിരുന്നു. പല്ലവരുമായുള്ള യുദ്ധംനിമിത്തം ചാലൂക്യരുടെ ശക്തി ക്ഷയിച്ചതോടുകൂടി, രാഷ്ട്രകൂടരുടെ ശക്തി വർദ്ധിച്ചു. ഏ. ഡി. ൭൫൦-ൽ ഇവർ പശ്ചിമചാലൂക്യരുടെ അവസാന രാജാവായ കീർത്തിവർമ്മനെ കൊന്ന് ആധിപത്യം സ്ഥാപിച്ചു. ഏ. ഡി. ൭൫൨ മുതൽ ൯൭൩ വരെ ഇവരുടെ ആധിപത്യം ഡക്കാണിൽ നിലനിന്നു. ഹിന്ദുമതം ഇക്കാലത്തു പ്രാബല്യത്തിലിരുന്നു.

ഈ വർഗ്ഗത്തിൽപെട്ട ൧൨ രാജാക്കന്മാർ ഡക്കാണിൽ ഭരിച്ചിരുന്നു. യുദ്ധനിപുണരായ ഇവർ ആദ്യചാലൂക്യർക്ക് അധീനപ്പെട്ടിരുന്ന പല പ്രദേശങ്ങളും നിഷ്പ്രയാസം കൈവശപ്പെടുത്തി. ഈ രാജാക്കന്മാരിൽ ഒരുവനായ കൃഷ്ണൻ ഒന്നാമന്റെ കാലത്തായിരുന്നു എല്ലോറായിലെ കൈലാസക്ഷേത്രം പാറയിൽ വെട്ടിയുണ്ടാക്കിയത്.

ഏ.ഡി. ൮൦൦-നും ൮൫൦-നും മദ്ധ്യേ രാഷ്ട്രകൂടരുടെ രാജ്യം പുലികേശി രണ്ടാമന്റെ തന്റെ മഹാപ്രതാപകാലത്ത് അധീനപ്പെട്ടിരുന്ന സാമ്രാജ്യത്തോളംതന്നെ വലുതായിരുന്നു. കൃഷ്ണൻ III എന്ന രാജാവ് ഉദ്ദേശം ൯൪൯-ൽ ചോളരെ ആക്രമിച്ച് കാഞ്ചീപുരം, തഞ്ചാവൂർ മുതലായ സ്ഥലങ്ങൾ കൈവശപ്പെടുത്തുകയും; തെക്കെ അതിർത്തിയായ കാവേരിനദി വരെ രാജ്യം വിസ്തീർണ്ണമാക്കുകയും ചെയ്തു. സിൻധിലെ അറബികളുമായി വാണിജ്യബന്ധത്തിൽ ഏർപ്പെട്ട് ഇവർ സൗഹാർദ്ദമായി വർത്തിച്ചുവന്നു. ൯൭൩-ൽ രാഷ്ട്രകൂടർ കല്യാണിയിലെ ചാലൂക്യർക്കു കീഴ്പെടേണ്ടതായി വന്നുകൂടി.

൪. ഹോയിസാലർ (൧൦൬൦—൧൩൧൧)

പശ്ചിമഘട്ടത്തിൽ ഭരിച്ചിരുന്ന ഒരു പ്രധാനി ദ്വാരസമുദ്രം (മൈസൂരിലുള്ള ഹാലിബ്ബ്) തലസ്ഥാനമാക്കി. ഹോയിസാല വംശം സ്ഥാപിച്ചു. ബിററിദേവന്റെ അഥവാ ബിററിഗന്റെ (൧൧൧൦-൧൧൪൧) കാലത്തായിരുന്നു ഇവരുടെ ആധിപത്യം പ്രാധാന്യത്തിലെത്തിയത്. ചാലൂക്യർക്കു കീഴ്പെട്ടിരുന്ന ഇവർ ൧൧൯൦-ൽ സ്വതന്ത്രരായി ഭവിച്ചു. ജൈനമതവിശ്വാസിയായ ബിററിദേവൻ ചോളർ നശിപ്പിച്ചിരുന്ന പല ദേവാലയങ്ങളും പണിയിച്ച് ശില്പവിദ്യയെ പ്രോത്സാഹിപ്പിച്ചു. രാമാനുജന്റെ ഉപദേശങ്ങൾ സ്വീകരിക്കുകയാൽ ബിററിഗൻ വൈഷ്ണവ മതത്തിൽ ചേർന്ന്, വിഷ്ണുവർദ്ധനൻ എന്ന പുതിയ പേരു സ്വീകരിച്ചു. വൈഷ്ണവമത വൈരാഗ്യത്താൽ പ്രേരിതനായ വിഷ്ണുവർദ്ധനൻ, പല ജൈനമതവൈദികരെ എണ്ണച്ചക്കിലിട്ടു കൊന്നുവെന്നുള്ള കഥ വിശ്വാസ്യമല്ല. ജൈനരും വൈഷ്ണവരും തമ്മിലുണ്ടായ ഒരു വാദപ്രതിവാദത്തിൽ ജൈനർക്കുണ്ടായ തോൽവിയെ അതിശയോക്തിപരമായി വിവരിക്കുന്ന ഒരു അലങ്കാരപ്രയോഗമല്ലയോ ഇത് എന്നു സംശയിക്കേണ്ടിയിരിക്കുന്നു. വിഷ്ണുവർദ്ധനൻ വൈഷ്ണവ

മതത്തെ പ്രോത്സാഹിപ്പിച്ചുവെങ്കിലും ഇതര മതദാക്ഷിണ്യം അനുവദിച്ചിരുന്നതത്രേ ഇതിനു കാരണം.

വിഷ്ണുവർദ്ധനൻെറ പൗത്രനായ വീരബല്ലാലൻ ൧൧൯൧-ൽ ദേവഗിരിയിലെ യാദവരുടെ വകയായ ഏതാനും സ്ഥലങ്ങളാക്രമിച്ച് സ്വരാജ്യത്തോടുചേർത്തു. ഈ ആക്രമണങ്ങൾ ഹോയിസാലരെ ൧൨-ാം ശതാബ്ദത്തിൻെറ അവസാനത്തിൽ ഡക്കാണിലെ ഏററവും പ്രധാന ശക്തികളാക്കിത്തീർത്തു. ൧൩൧൦-ൽ മാലിക് കാഫർ ഇവരുടെ രാജ്യം ആക്രമിച്ചു. ൧൩൨൭-ൽ മഹമ്മദീയസൈന്യങ്ങൾ ദ്വാരസമുദ്രം നശിപ്പിക്കുകയും ചെയ്തു.

## ൫. ദേവഗിരിയിലെ യാദവർ

ദേവഗിരിയിലെ യാദവർ ചാലൂക്യരാജ്യത്തിലെ സാമന്തപ്രഭുക്കന്മാരുടെ സന്താനങ്ങളായിരുന്നു. ൧൨-ാം ശതാബ്ദത്തിൻെറ അവസാനത്തിൽ ഇവർ ഹോയിസാലരുടെ ശത്രുക്കളായിത്തീർന്നു. ഈ വംശത്തിലെ അതിപ്രബലനായ രാജാവ് ൧൩-ാം ശതാബ്ദാരംഭത്തിൽ ഭരിച്ചിരുന്ന സിങ്ങാനാ ആയിരുന്നു. ഇദ്ദേഹം ഗുജറാററ് ആദിയായ പ്രദേശങ്ങൾ ആക്രമിച്ച് രാജ്യവിസ്തൃതി വർദ്ധിപ്പിച്ചു. ൧൨൯൪-ൽ അല്ലാവുദീൻകിൽജി ദേവഗിരി ആക്രമിച്ച് കൊള്ള നടത്തി വളരെ ദ്രവ്യം അപഹരിച്ചു. ൧൩൦൯-ൽ ഭരിച്ചിരുന്ന രാമചന്ദ്രൻ ആ വർഷംതന്നെ മാലിക്കാഫറിനു കീഴടങ്ങി. മഹമ്മദീയക്കെതിരായി ലഹളയാരംഭിച്ചതുനിമിത്തം ൧൩൧൮-ൽ ഇവർ രാമചന്ദ്രൻെറ ജാമാതാവായ ഹരപാലനെ ജീവനോടെ തൊലി ഉരിച്ചുകൊന്നു. യാദവരുടെ ചരിത്രം ഇവിടെ അവസാനിക്കുന്നു.

## ൬. പല്ലവർ

ആന്ധ്റവംശം ക്ഷയിച്ചതിനുശേഷമുള്ള ൱ാം വർഷത്തെ ചരിത്രത്തിനടിസ്ഥാനമായ രേഖകൾ ഒന്നും നമുക്ക്

ലഭിച്ചിട്ടില്ല. പല്ലവർ ആരായിരുന്നു, എവിടെനിന്നു വന്നു, ഇവസംബന്ധിച്ച് പല അഭിപ്രായങ്ങളുണ്ട്. ഇവർ പാർത്തിയർ വർഗ്ഗജരായ വിദേശീയർ ആയിരുന്നുവെന്നും, ബി. സി. ൨-ാം ശതാബ്ദത്തിൽ ഇൻഡ്യയുടെ വടക്കുപടിഞ്ഞാറെ പ്രദേശങ്ങളിൽ പ്രവേശിക്കുകയും, ഏ. ഡി. ൨-ാം ശതാബ്ദത്തിൽ നർമ്മദാ താപ്തി ഈ നദീതടങ്ങളിൽ കൂടി ഡക്കാണിൽ പ്രവേശിച്ച് ആന്ധ്രരാജ്യവും, പൂർവ്വതീരത്ത് തെലുങ്കുരാജ്യം മുഴുവനും കൈവശപ്പെടുത്തുകയും ചെയ്തുഎന്നും അത്രേ ഒന്നാമത്തെ അഭിപ്രായം. പല്ലവർ ആസ്ത്രേലേഷ്യയിലെ പുരാതന വർഗ്ഗക്കാരോടു സംബന്ധമുള്ള നാഗവർഗ്ഗക്കാരാണെന്നും, അവരുടെ ആദ്യവാസസ്ഥലം മദ്രാസിനു ചുററുമുള്ള പ്രദേശങ്ങളായിരുന്നുവെന്നും, തഞ്ചാവൂരും തൃശ്ശിനാപ്പള്ളിയും പിന്നീട് അവർ ആക്രമിച്ചതാണെന്നുമത്രെ പ്രൊഫസ്സർ ശ്രീനിവാസയ്യങ്കാരുടെ അഭിപ്രായം. പല്ലവർ ദക്ഷിണഇൻഡ്യയിലെ പുരാതന വർഗ്ഗജരാണെന്നുള്ള മൂന്നാമത്തെ അഭിപ്രായത്തെ സ്ഥാപിക്കുന്നതിനായി 'പല്ലവ' എന്ന വാക്കിനു 'കള്ളർ' എന്ന വാക്കിനോടുള്ള സംബന്ധത്തെ എടുത്തുകാണിക്കാറുണ്ട്. ഇപ്പോഴത്തെ പുതുക്കോട്ടരാജാവു പല്ലവരാജാക്കന്മാരിൽ നിന്നും ഉത്ഭവിച്ച ആളാണെന്ന് അഭിമാനിക്കുന്നുമുണ്ട്. ഇവയിൽ മൂന്നാമത്തെ അഭിപ്രായം സ്വീകരിക്കുന്നതനാണ് കൂടുതൽ ന്യായമുള്ളത്.

പല്ലവരുടെ ചരിത്രം അവരുടെ കാലത്ത് എഴുതപ്പെട്ടിരുന്നില്ല. ഇവരുടെ പേർ ഇന്നു സ്മരണീയമായിരിക്കുന്നതു തന്നെയും ചില ചെമ്പുപട്ടയങ്ങളും ഗുഹാ ക്ഷേത്രങ്ങളും മുഖാന്തരമാണ്. മാമല്ലാപുര (മഹാബലി പുര) ക്ഷേത്രം, തൃശ്ശിനാപ്പള്ളി പാറക്കോട്ടയിലെ ഗുഹകൾ ഇവയെല്ലാം പല്ലവർ അക്കാലത്ത് എത്രമാത്രം പരിഷ്കാരാഭിവൃദ്ധിപ്രാപിച്ചിരുന്നുവെന്നുള്ളതിന് മതിയായ ലക്ഷ്യങ്ങളാണ്. ഇവയിൽ

നിന്നുമാണ് ഇവരെപ്പററി ചരിത്രസംബന്ധമായ ഏതാനും കാര്യങ്ങൾ നമുക്ക് അറിവായിട്ടുള്ളതു്.

പല്ലവരാജാക്കന്മാരിൽ തന്നെ മൂന്നു പ്രധാന വംശജരുണ്ടായിരുന്നു. ഇവരെല്ലാവരും അന്യോന്യസംബന്ധമുള്ളവരായിരുന്നുവെന്നു്, 'വർമ്മ' എന്ന ഇവരുടെ സാമാന്യമായ അഭിധാനം വെളിപ്പെടുത്തുന്നു. ഇവരിൽ ഒരു വർഗ്ഗക്കാർ ഡക്കാണിൻെറ പശ്ചിമഭാഗത്തു വതാപി തലസ്ഥാനമാക്കി, ഏ. ഡി. ൫൫൦-ൽ ചാലൂക്യരാൽ നിഷ്കാസനം ചെയ്യപ്പെട്ടതുവരെയും വാണിരുന്നു. രണ്ടാമത്തെ വംശക്കാർ വെങ്ഗി തലസ്ഥാനമാക്കി ഗോദാവരി പ്രദേശത്തിൽ ഏ. ഡി. ൬൧൫-ൽ ചാലൂക്യരാൽ നിഷ്കാസനം ചെയ്യപ്പെട്ടതുവരെയും ഭരിച്ചിരുന്നു. പല്ലവരാജാക്കന്മാരിൽ അതിപ്രബലരും സുപ്രസിദ്ധരും കാഞ്ചീപുരത്തെ പല്ലവർ തന്നെയായിരുന്നു. ഹ്യൂൻസാങ് ഇവരെപ്പററി രേഖപ്പെടുത്തിയിട്ടുണ്ടു്. ഏ. ഡി. ൩൦൦ മുതൽ ൯൦൦ വരെ ചോളരുടെ പ്രതാപകാലംവരെയും ഇവർക്കു ദക്ഷിണ ഇൻഡ്യാചരിത്രത്തിൽ വളരെ പ്രധാനമായ ഒരു സ്ഥാനം ഉണ്ടായിരുന്നു. പുരാതനകാലത്തു് 'ചിലപ്പതികാരം', 'മണിമേഖല' എന്നീ പ്രസിദ്ധ ഗ്രന്ഥങ്ങൾ ചമയ്ക്കത്തക്കവണ്ണം സാഹിത്യാദികലകളിൽ ഉന്നതപദം പ്രാപിച്ചിരുന്ന ദക്ഷിണ ഇൻഡ്യയിലെ ചോളർ, പാണ്ഡ്യർ, ചേരർ എന്ന വർഗ്ഗക്കാരുമായി പല്ലവർക്കു് ഇടപാടുണ്ടായിരുന്നു. ഈ മൂന്നു രാജ്യങ്ങളും ഒരിക്കൽ പല്ലവർക്കധീനപ്പെട്ടിരുന്നുവത്രേ.

സമുദ്രഗുപ്തൻെറ അലഹബാദ് ലിഖിതങ്ങളിൽനിന്നും പല്ലവരെപ്പററി ഏതാനും കാര്യങ്ങൾ നാം ഗ്രഹിക്കുന്നു. ഏ.ഡി.൩൪൦-ൽ ദക്ഷിണഇൻഡ്യയിൽ സമുദ്രഗുപ്തനാൽ തോല്പിക്കപ്പെട്ട മൂന്നു രാജാക്കന്മാരിൽ കാഞ്ചീപുരത്തെ വിഷ്ണുഗോപവർമ്മനും വെങ്ഗിയിലെ ഹസ്തിവർമ്മനും ഉൾപ്പെട്ടിരുന്നതായികാണുന്നു. ഏ.ഡി. ൬-ാം ശതാബ്ദത്തിന്െറ

ഉത്തരാൎദ്ധംമുതൽ ൮-ാംശതാബ്ദത്തിന്റെ പൂൎവ്വാൎദ്ധംവരെ ഇൻഡ്യയുടെ ദക്ഷിണഭാഗത്തു കാഞ്ചീപുരത്തെ പല്ലവർ പ്രതാപത്തിലിരുന്നു. ൬-ാംശതാബ്ദത്തിന്റെ അവസാനത്തിൽ സിംഹവിഷ്ണുപല്ലവൻ എന്ന രാജാവു ഭരിച്ചിരുന്നു. മഹേന്ദ്രവൎമ്മൻ ഒന്നാമൻ (ഏ.ഡി. ൬൦൦-൬൨൫) ആയിരുന്നു ആൎക്കാട്ട്, ചിങ്കൽപേട്ട, തൃശ്ശിനാപ്പള്ളി എന്നീസ്ഥലങ്ങളിൽ പാറകളിലുള്ള ക്ഷേത്രങ്ങൾ പണികഴിപ്പിച്ചതു്. ചാലൂക്യരാജാവായ പുലികേശി രണ്ടാമൻ വെങ്ഗിയിലെ പല്ലവശക്തി നശിപ്പിച്ചശേഷം കാഞ്ചീപുരത്തെ മഹേന്ദ്രവൎമ്മനുമായി ൬൧൦-ൽ ഒരു യുദ്ധം നടത്തി. വിജയം മഹേന്ദ്രനുതന്നെ ലഭിച്ചതായി ഗണിക്കാനാണു് കൂടുതൽ ന്യായമുള്ളതു്. നരസിംഹവൎമ്മൻ (൬൨൫-൬൪൫) ഈ വംശത്തിലെ ഏററവും പ്രധാനപ്പെട്ട രാജാവായിരുന്നു. പുലികേശി ഒന്നാമൻ സ്ഥാപിച്ച വതാപിപുരം ഇദ്ദേഹം നശിപ്പിച്ചതായി "പെരിയപുരാണം' എന്ന തമിഴ് ഗ്രന്ഥത്തിൽ കാണുന്നു. പുലികേശി രണ്ടാമനെ മൂന്നു സ്ഥലങ്ങളിൽവെച്ച് ഇദ്ദേഹം തോല്പിച്ചു. എന്നാൽ ഏ. ഡി. ൬൫൫-ൽ പുലികേശിയുടെ പുത്രനായ വിക്രമാദിത്യൻ കാഞ്ചീപുരം പിടിച്ചടക്കുകയും പല്ലവരെ നിഷ്കാസനംചെയ്കയും ചെയ്തു. പല്ലവശക്തി ക്രമേണ ക്ഷയിച്ചുവന്നു. ഒടുവിലത്തെ പല്ലവരാജാവു്, ഏ. ഡി. ൯൦൦-ൽ ചോളവംശജനായ രാജാദിത്യനാൽ കീഴടക്കപ്പെട്ടു. എങ്കിലും പല്ലവാധിപതികൾ ഏ. ഡി. ൧൨൦൦ വരെ ചോളരുടെ സാമന്തരായി വാണിരുന്നു.

പല്ലവരുടെ പ്രതാപകാലത്തു് ബല്ലാറിയും മൈസൂറിന്റെ ഏതാനും ഭാഗങ്ങളും ആൎക്കാട്ട്, ചിങ്കൽപേട്ട, തഞ്ചാവൂർ, തൃശ്ശിനാപ്പള്ളി ഇവയുടെ പല ഭാഗങ്ങളും അവരുടെ രാജ്യത്തിൽ ഉൾപ്പെട്ടിരുന്നു. വടക്കോട്ടു് ഒറീസ്സാവരെ അവരുടെ ശക്തി പ്രബലമായിരുന്നു.

ദക്ഷിണ ഇൻഡ്യയുടെ ചരിത്രത്തിൽ പല്ലവരുടെ പ്രതാപകാലം സർവ്വപ്രധാനമായ ഒരു ഘട്ടത്തെ കുറിക്കുന്നു. ശൈവരും വൈഷ്ണവരുമായ മതപരിഷ്കാരികളുടെ ശ്രമംനിമിത്തം ബുദ്ധമതവും ജൈനമതവും രാജ്യത്തുനിന്ന് മിക്കവാറും ഉൻമൂലനം ചെയ്യപ്പെട്ടിരുന്നു. സാഹിത്യം, ശില്പവിദ്യ മുതലായ കലകൾക്കു വളരെ അഭിവൃദ്ധിയുണ്ടായി. പല്ലവരാജാക്കന്മാരുടെ സംരക്ഷണയിൽ ഹിന്ദുമതം പ്രബലപ്പെട്ടതോടുകൂടി ഹിന്ദുസാഹിത്യവും അഭിവൃദ്ധിപ്പെട്ടു. 'തിരുവാചകം', 'തേവാരം', 'തിരുവായ്മൊഴി' എന്ന സ്തോത്രഗ്രന്ഥങ്ങൾ തമിഴിൽ എഴുതപ്പെട്ടതു് ഇക്കാലത്തായിരുന്നു.

### ചോദ്യങ്ങളും അഭ്യാസങ്ങളും

1. ആന്ധ്ര വർഗ്ഗക്കാരുടെ ചരിത്രം ചുരുക്കി എഴുതുക.
2. ചാലൂക്യവർഗ്ഗക്കാരുടെ ചരിത്രപ്രാധാന്യത്തിന് നിദാനമായ കാര്യങ്ങൾ ഏവ ?
3. രാഷ്ട്രകൂടർ, ഹോയിസാലർ, യാദവർ ഇവരുടെ ചരിത്രത്തിലുള്ള സ്ഥാനം എന്തെന്നു് വിശദമാക്കുക.
4. പല്ലവർ ആരായിരുന്നു ? എവിടെനിന്നു വന്നു ? ഇവരുടെ തലസ്ഥാനങ്ങൾ ഏവ ? പ്രധാന പല്ലവരാജാക്കന്മാരുടെ ചരിത്രം ചുരുക്കി എഴുതുക.
5. പല്ലവരുടെ ചരിത്രപ്രസിദ്ധിക്കു് അടിസ്ഥാനമായ കാര്യങ്ങൾ ഏവ ?
6. ഇൻഡ്യയുടെ ഒരു പടം വരച്ചു് മഹമ്മദീയാക്രമണകാലത്തെ പ്രധാന രാജപുത്രരാജ്യങ്ങൾ അടയാളപ്പെടുത്തുക.

---

അദ്ധ്യായം

# ദക്ഷിണ ഇൻഡ്യയിലെ തമിഴ് രാജ്യങ്ങൾ

ഇൻഡ്യാ ഉപദ്വീപിൽ കൃഷ്ണാനദിക്കു തെക്കു ഭാഗത്തു പ്രാചീനകാലങ്ങളിൽ പാണ്ഡ്യർ, ചേരർ, ചോളർ എന്നീ പുരാതന ദ്രാവിഡവർഗ്ഗക്കാർ ഭരിച്ചിരുന്നു. രാമായണത്തിലും അശോകൻെറ ലിഖിതങ്ങളിലും ഇവരുടെ പേരുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. പാണ്ഡ്യർ ഉപദ്വീപിൻെറ തെക്കേ അററത്തും, ചേരർ മലബാർതീരത്തും, ചോളർ കാവേരി പ്രദേശങ്ങളിലും വാണിരുന്നു. കേരളപുത്രം എന്നൊരു രാജ്യംകൂടി ഇൻഡ്യയുടെ ഈ ഭാഗത്തു ഉണ്ടായിരുന്നതായി അശോകൻ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കാലക്രമത്തിൽ ഇതും പാണ്ഡ്യരാജ്യത്തിൽ ലയിച്ചുപോയി. ബി. സി. ൨൦൦-നു മുമ്പുള്ള പ്രസ്തുതരാജ്യങ്ങളുടെ ചരിത്രം നമുക്കു ലഭിച്ചിട്ടില്ല. ഈ രാജ്യങ്ങളിൽ മിക്കവാറും തമിഴഭാഷതന്നെ സംസാരിച്ചുവരുന്നു. പ്രാചീനകാലത്ത് ഈ മൂന്നു രാജ്യങ്ങൾ പരസ്പരവും സിലോണുമായും പലപ്പോഴും യുദ്ധത്തിലേപ്പെട്ടിരുന്നു. ഉത്തരഇൻഡ്യയിൽ നിന്നും ആര്യന്മാരുടെ സമ്മർദ്ദമുണ്ടായിട്ടും ഇവർ ധനസ്ഥിതിയിലും സ്വാതന്ത്ര്യസംസ്കാരത്തിലും അഭിവൃദ്ധിപ്പെട്ടുവന്നു.

## ൧. പാണ്ഡ്യർ

പാണ്ഡ്യരാജ്യം ഇപ്പോഴത്തെ മധുര, തിരുനൽവേലി പ്രദേശങ്ങളിലും തിരുവിതാംകൂറിൻെറദക്ഷിണ ഭാഗങ്ങളിലും വ്യാപിച്ചിരുന്നു. ചരിത്രസംബന്ധമായി നമുക്കറിവായിട്ടുള്ള ആദ്യത്തെ പാണ്ഡ്യരാജാവ് എ. ഡി. ൪-ാം ശതാബ്ദത്തിൽ സിലോൺ ഭരിച്ചിരുന്ന ഗജബാഹുവിൻെറ സമാനകാലീന

നായിരുന്നു. ഇതിൽപിന്നെ ഏ.ഡി. ൪-ാംശതാബ്ദത്തിൽ പല്ലവരുടെ പ്രതാപം വർദ്ധിച്ചതുവരെയുള്ള പാണ്ഡ്യരാജ്യത്തിന്റെ വിവരം നമുക്ക് ലഭിച്ചിട്ടില്ല. ആദ്യകാലത്തു ഈ രാജ്യം അഞ്ചായി വിഭാഗിച്ച് അഞ്ചു പ്രധാനികൾ ഭരിച്ചുവന്നു. പാണ്ഡ്യരുടെതലസ്ഥാനം മധുര ആയിരുന്നു. ബി. സി. ൧-ാം ശതാബ്ദത്തിൽ പാണ്ഡ്യരാജ്യത്തിനു ഇററലിയുമായി വാണിജ്യബന്ധമുണ്ടായിരുന്നു; ബി.സി. ൨൦-ൽ ഭരിച്ചിരുന്ന പാണ്ഡ്യരാജാവിന് ആഗസ്റ്റസ് ചക്രവത്തിയുമായിപ്രത്യേകഇടപാടുകളുണ്ടായിരുന്നതായികാണുന്നു. ഇക്കാലത്തു മധുരയിലുണ്ടായിരുന്ന സാഹിത്യസംഘത്തിന്റെ അംഗങ്ങൾ കുറൾ, ചിലപ്പതികാരം ആദയായ ഉയർന്നതരം ഗ്രന്ഥങ്ങൾ രചിച്ചിരുന്നു. തമിഴ് സാഹിത്യത്തിന്റെ ആഗസ്റ്റൻ കാലമായി ഇതിനെ ഗണിച്ചുവരാറുണ്ട്. ഹ്യൂൻസാങ്ങിന്റെ കാലത്തു ഭരിച്ചിരുന്ന പാണ്ഡ്യരാജാവു കാഞ്ചീപുരത്തെ പല്ലവരാജാവിനു കപ്പം കൊടുത്തുവന്നിരുന്നു. ബുദ്ധമതം ഇക്കാലത്ത് ക്ഷയിച്ചും, ഹിന്ദുമതവും ജൈനമതവും അഭിവൃദ്ധിപ്പെട്ടും വന്നു.

൯-ാം ശതാബ്ദത്തിന്റെ അന്ത്യഭാഗത്തു പാണ്ഡ്യർ ചോളരോടു ചേർന്ന് അവരുടെ ജന്മശത്രുക്കളായ പല്ലവരെ നിശ്ശേഷം തോല്പിച്ചു. സിലോണുമായി ഇവർ തുടരെ യുദ്ധം നടത്തിയിരുന്നു. ൧൧-ം, ൧൨-ാം ശതാബ്ദങ്ങളിൽ ചോളരുടെ മേൽകോയ്മയ്ക്ക് പാണ്ഡ്യർ കീഴ്പെടേണ്ടതായി വന്നു. ൧൩-ാം ശതാബ്ദത്തിൽ ഇവർ സ്വാതന്ത്ര്യം അവലംബിച്ചു. ൧൩൧൦-ൽ മഹമ്മദീയാക്രമണം ആരംഭിച്ചപ്പോൾ, തമിഴരാജ്യങ്ങളിൽ പ്രഥമസ്ഥാനം പാണ്ഡ്യർ അർഹിച്ചിരുന്നു. എന്നാൽ സഹകരണം കുറയുകയും ഭിന്നത വർദ്ധിക്കുകയും ചെയ്കയാൽ, പാണ്ഡ്യരാജവംശത്തിൽ പിരിവുകൾ ഉണ്ടാകയും, അവരുടെ ശക്തി ക്ഷയിക്കുകയും ചെയ്തു.

അന്ത്യപാണ്ഡ്യവംശം ശക്തി പുനർജ്ജീവിപ്പിച്ച കാലത്തു് (൧൨൯൨—൯൩) മാർക്കോപോളോ എന്ന വെനീഷ്യൻസഞ്ചാരി താമ്രവർണ്ണിതീരത്തുള്ള കായൽ എന്ന പട്ടണം സന്ദർശിക്കുകയും പാണ്ഡ്യരെപ്പററി പല വിവരങ്ങൾ രേഖപ്പെടുത്തുകയും, ചെയ്തിട്ടുണ്ടു്. ആ കാലത്തു വാണിജ്യം അഭിവൃദ്ധിപ്പെട്ടിരുന്നു. രാജാവു ധനവാനും, അതിഥിസല്ക്കാരപ്രിയനും, പ്രജാക്ഷേമതല്പരനും ആയിരുന്നതായി കാണുന്നു.

൨. ചേരർ

ആധുനിക മലബാർ, തിരുവിതാംകൂർ-കൊച്ചി എന്നീ സംസ്ഥാനങ്ങൾ (മലബാർതീരംമുഴുവനും) ചേരരാജ്യത്തിൽ ഉൾപ്പെട്ടിരുന്നു. ചില കാലഘട്ടങ്ങളിൽ ഇവരുടെ രാജ്യം കോയമ്പത്തൂർവരെയും വ്യാപിച്ചിരുന്നു. ൯-ാം ശതാബ്ദത്തിന്റെ ഉത്തരാർദ്ധത്തിൽ സിലോണുമായി പാണ്ഡ്യർ യുദ്ധത്തിലേർപ്പെട്ടിരുന്നു. ൧൨-ാം ശതാബ്ദത്തിന്റെ ആരംഭത്തിൽ ദക്ഷിണകേരളം ചേരർക്കു് അധീനപ്പെട്ടു. ഗ്രാമസഭകൾ മുഖാന്തരമുള്ള ഭരണം ചേരർക്കുണ്ടായിരുന്നു. രാജാവിന്റെ ഉദ്യോഗസ്ഥന്മാർ ഭരണസംബന്ധമായ മേൽനോട്ടം നടത്തിവന്നിരുന്നതേയുള്ളു.

൩. ചോളർ

ചോളരുടെ ചരിത്രപ്രസിദ്ധിക്കു് അടിസ്ഥാനമായിരിക്കുന്നതു് അവരുടെ ഭരണരീതിയുടെ മാഹാത്മ്യംതന്നെയാണു്. ഈ കാരണത്താൽ ഇൻഡ്യാചരിത്രത്തിൽ എന്നല്ല, ലോകചരിത്രത്തിൽതന്നെയും ഇവർ ഒരു പ്രധാന സ്ഥാനം അർഹിക്കുന്നുണ്ടു്. മഹാഭാരതത്തിലും അശോകന്റെ ലിഖിതങ്ങളിലും വാത്മീകിയുടെ രാമായണത്തിലും പതഞ്ജലിയുടെ മഹാഭാഷ്യത്തിലും കാളിദാസരുടെ രഘുവംശത്തിലും രേഖപ്പെടുത്തിയിട്ടുള്ളതു തന്നെ ചോളരുടെ പുരാതനത്വത്തിനു സാക്ഷ്യം വഹിക്കുന്നു.

**ആദ്യചോളർ.**— ഏ. ഡി. ൯-ാംശതാബ്ദത്തിൽ തഞ്ചാവൂർ തലസ്ഥാനമാക്കി വിജയാലചോളൻ ഒരു പുതിയ രാജവംശം സ്ഥാപിച്ചതുവരെ ഭരിച്ചിരുന്ന ചോളരാജാക്കന്മാരെ ആദ്യചോളർ എന്നു വിളിച്ചുവരുന്നു. ഏ. ഡി. ഒന്നും രണ്ടും ശതാബ്ദങ്ങളിൽ പാശ്ചാത്യരാജ്യങ്ങളുമായി ചോളർ കടൽമാർഗ്ഗം വാണിജ്യം നടത്തിക്കൊണ്ടിരുന്നു. ചോളരാജ്യവുമായി വാണിജ്യബന്ധമുണ്ടായിരുന്ന വിദേശരാജ്യങ്ങളിൽ പ്രധാനപ്പെട്ടവ ഇററലിയും ഈജിപ്ററും ആയിരുന്നു. ചോളരാജ്യത്തിൻെറ തലസ്ഥാനം തൃശ്ശിനാപ്പള്ളിയിലുള്ള ഒരയ്യൂരും, പ്രധാന തുറമുഖം കാവേരിപട്ടണവുമായിരുന്നു. അക്കാലത്തു് കാവേരിനദി കപ്പലുകൾ സഞ്ചരിക്കത്തക്കവണ്ണം അഗാധമായിരുന്നു.

ചരിത്രസംബന്ധമായി നമുക്കറിവുള്ള ആദ്യത്തെ ചോളരാജാവ് കരിക്കാലചോളൻ ആയിരുന്നു. ദക്ഷിണ ഇൻഡ്യയിലുള്ള അക്കാലത്തെ രാജാക്കന്മാരിൽ സർവ്വപ്രധാനിയായിരുന്ന ഇദ്ദേഹം ബുദ്ധിമാനും സമർത്ഥനും പരോപകാരതല്പരനുമായിരുന്നു. ചേരമാൻ പെരുമാളിൻെറകീഴിൽ പാണ്ഡ്യരും ചോളരും യോജിച്ച്, തഞ്ചാവൂരിലുള്ള വെണ്ണിൽ എന്ന സ്ഥലത്തുവച്ച് കരിക്കാലനുമായി യുദ്ധം നടത്തിയതിൽ, ചോളരാജാവു ശത്രുക്കളെ നിശ്ശേഷം തോല്പിച്ചു. തദനന്തരം കരിക്കാലൻ സിലോണിനെ ആക്രമിച്ച്, അവിടെനിന്നും അസംഖ്യം കൂലിക്കാരെക്കൊണ്ടുവന്ന് കാവേരിപട്ടണം പണികഴിപ്പിക്കുകയും, തലസ്ഥാനം മാററി അവിടെ സ്ഥാപിക്കുകയും ചെയ്തു. ഇദ്ദേഹത്തിൻെറ ഭരണത്തിൽ ഏ. ഡി. ൧-ാം ശതാബ്ദത്തിൻെറ അവസാനകാലത്തു് ചോളരാജ്യം ഉന്നതനില പ്രാപിച്ചിരുന്നു.

കരിക്കാലൻെറ പുത്രനായ നെടുമുടിക്കിള്ളിയുടെ ഭരണകാലത്തുകാവേരിപട്ടണംസമുദ്രത്തിൻെറ ആക്രമണത്താൽ നശിച്ചുപോയി. തദനന്തരം രാജ്യത്തു് ആഭ്യന്തരകലഹ

ങ്ങൾ വർദ്ധിച്ചതോടുകൂടി ചോളരുടെ ശക്തി ക്ഷയിക്കുകയാൽ, ദക്ഷിണഇൻഡ്യയിലെ ആധിപത്യം ആദ്യം ചേരക്കും, പിന്നെ മധുരയിലെ പാണ്ഡ്യക്കും, ഒടുവിൽ പല്ലവക്കും സിദ്ധിച്ചു. ഡക്കാണിലും ദക്ഷിണ ഇൻഡ്യയിലും ആധിപത്യ സ്ഥാപനത്തിനായി മത്സരിച്ചുകൊണ്ടിരുന്ന പല്ലവരും പശ്ചിമചാലൂക്യരും രാഷ്ട്രകൂടരും പാണ്ഡ്യരും ൯-ാം ശതാബ്ദത്തോടുകൂടി ക്ഷയിച്ചുപോയിരുന്നു. പല്ലവരുടെ കീഴിൽ ഉദ്യോഗങ്ങളിൽ ഏൎപ്പെട്ടിരുന്ന ചോളർ ഈ സുവൎണ്ണാവസരം നഷ്ടപ്പെടുത്താതെ ഒരു സ്വാതന്ത്ര്യാധിപത്യം സ്ഥാപിച്ചു. വിജയാലയൻ (൮൪൬–൮൭൧) തഞ്ചാവൂർ ആക്രമിച്ച് അവിടെ തലസ്ഥാനം ഉറപ്പിക്കുകയും, ദക്ഷിണോത്തരദിക്കുകളിലേക്കു രാജ്യം വിസ്തൃതമാക്കുകയുംചെയ്തു. രണ്ടാമത്തെ രാജാവായ ആദിത്യൻ പല്ലവരെ കീഴ്പെടുത്തിയ ശേഷം തൊണ്ടമണ്ഡലം കൈവശപ്പെടുത്തുകയും, കൊങ്കണദേശം ആക്രമിക്കുകയും, ചേര രാജാക്കന്മാരുമായുള്ള ബന്ധുത്വം പാലിക്കുകയും ചെയ്തു. മൂന്നാമത്തെ രാജാവായ പരാന്തകൻ I (൯൦൭—൯൪൯) ചേരവംശവുമായി ഒരു വിവാഹബന്ധത്തിലേൎപ്പെട്ടു. ൯൧൦-ൽ ഇദ്ദേഹം പാണ്ഡ്യരാജാക്കന്മാരെ തോല്പിച്ച് തലസ്ഥാനമായ മധുര കൈവശപ്പെടുത്തിയശേഷം, സിലോണിനേയും ആക്രമിച്ചു. പരാന്തകന്റെ ഭരണകാലത്തു ഗ്രാമങ്ങൾതോറും പഞ്ചായത്തുകോടതികൾ ഉണ്ടായിരുന്നു. രാജ്യമെങ്ങും സമാധാനം പ്രചരിച്ചിരുന്നതിനാൽ, മതസംബന്ധമായ അഭിവൃദ്ധിയുമുണ്ടായി. ഇദ്ദേഹം ശൈവമതക്കാരനായിരുന്നു. പിൻഗാമികളുടെ കാലത്ത് ഗണ്യമായ അഭിവൃദ്ധിയുണ്ടാകത്തക്കവണ്ണം പരാന്തകൻ ചോളസാമ്രാജ്യത്തിന്റെ അടിസ്ഥാനം ഉറപ്പിച്ചിരുന്നു. ഇദ്ദേഹത്തിന്റെ മരണശേഷം ൩൦ വർഷത്തേക്കു ചോളസാമ്രാജ്യം അരാജകാവസ്ഥയിലിരുന്നു.

**മഹത്തുക്കളായ ചോള സാമ്രാട്ടുകൾ**:-രാജരാജൻ മഹത്തുക്കളായ ചോളസാമ്രാട്ടുകളിൽ പ്രധാനിയായിരുന്നു. സൈന്യശക്തിയും മുതലെടുപ്പും പ്രജകളുടെ ക്ഷേമവും വർദ്ധിപ്പിക്കുന്നതിനും, ഭരണരീതി പരിഷ്കരിക്കുന്നതിനും ഭരണാരംഭത്തിൽതന്നെ അദ്ദേഹം ശ്രമിച്ചു. രാജരാജൻെറ സൈന്യം എണ്ണത്തിൽ ഒൻപതുലക്ഷമുണ്ടായിരുന്നു. തെക്കോട്ട് കൊല്ലംവരെയും വടക്കോട്ട് ഒറീസ്സാവരെയും ഉള്ള പ്രദേശങ്ങൾ അദ്ദേഹം സ്വാധീനപ്പെടുത്തി. സിലോൺ കൈവശപ്പെടുത്തിയതോടുകൂടി രാജരാജൻ ആക്രമണങ്ങൾ അവസാനിപ്പിച്ച് രാജ്യത്തിൽ പല പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തി. തഞ്ചാവൂരിൽ ഇദ്ദേഹം ഒരു വലിയ ക്ഷേത്രം പണികഴിപ്പിക്കുകയും, ചിദംബരത്തുള്ള ക്ഷേത്രത്തിനു കൂടുതലായി ചില പണികൾ നടത്തിക്കുകയും ചെയ്തു. ഇദ്ദേഹം ശൈവമതക്കാരനായിരുന്നു. എങ്കിലും ഇതരമത ദാക്ഷിണ്യം അനുവദിച്ചിരുന്നു. വിദ്യാഭ്യാസം അഭിവൃദ്ധിപ്പെടുത്തുവാനായി രാജരാജൻ അശ്രാന്തപരിശ്രമംചെയ്തു. ഇദ്ദേഹം സംഗീതാദി കലകളെ പ്രോത്സാഹിപ്പിക്കുകയും, കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് പല തോടുകൾ വെട്ടിക്കുകയും, ഭരണക്രമം പരിഷ്കരിക്കുകയും, ഒരു റവന്യൂസർവ്വേ നടത്തുകയുംചെയ്തു. രാജരാജൻെറ കാലം എല്ലാവിധത്തിലും അഭിവൃദ്ധിയുടെ കാലംതന്നെ ആയിരുന്നു.

രാജരാജൻെറ പുത്രനായ രാജേന്ദ്ര ഉത്തമചോളൻ ൧൦൧൨ മുതൽ ൧൦൪൨ വരെ ചോളരാജ്യം ഭരിച്ചു. ചോളസാമ്രാട്ടുകളിൽവെച്ച് അത്യുന്നതപദവിക്കർഹൻ ഇദ്ദേഹമാണ്. ആക്രമണങ്ങളും പരിഷ്കാരങ്ങളുംമാത്രം പരിശോധിച്ചാൽ ഈ സ്ഥാനം നിസ്തർക്കമായി ഇദ്ദേഹം അർഹിക്കുന്നുണ്ട്. രാജേന്ദ്രൻ ചോളരാജ്യത്തിനും പാണ്ഡ്യരാജ്യത്തിനും മദ്ധ്യേയുള്ള അതിർത്തി കൈവശപ്പെടുത്തി. കേരളവും പാണ്ഡ്യദേശവും ആക്രമിച്ച് സ്വപുത്രനായ

ചോളപാണ്ഡ്യനെ ഗവർണ്ണരായി നിയമിച്ചു. ചാലൂക്യ രാജാവായ ജയസിംഹനെ ഇദ്ദേഹം തോല്പിച്ചു. നാവിക സൈന്യം അയച്ച് പെഗു മുതലായ ബർമ്മായിലെ തുറമുഖങ്ങളും നിക്കോബർ ആൻഡമാൻസ് ആദിയായ ദ്വീപുകളും ബങ്കാളവും ഇദ്ദേഹം കീഴ്പെടുത്തി. രാജരാജൻ ആക്രമണങ്ങൾ നടത്തിയതു് മദ്രാസ് പ്രസിഡൻസിയിൽ മാത്രമായിരുന്നു. എന്നാൽ രാജേന്ദ്രൻ ഇൻഡ്യയ്ക്കു വെളിയിലോട്ടും ആക്രമണങ്ങൾ നടത്തി. പ്രജാക്ഷേമാർത്ഥം റോഡുകൾ, കുളങ്ങൾ, ദേവാലയങ്ങൾ ഇവ ഇദ്ദേഹം പണികഴിപ്പിച്ചു.

**അന്ത്യചോളർ.**—രാജേന്ദ്രന്റെ മരണാനന്തരം ചോളരാജ്യത്തിനു വലിയ ദുർന്നിമിത്തങ്ങൾ വന്നുകൂടി. പാണ്ഡ്യരും കേരളരും ചാലൂക്യരും ചോളരാജാക്കന്മാരോടു കലഹിച്ചു. യുദ്ധതല്പരനായ സോമേശ്വരന്റെ നേതൃത്വത്തിൽ ചാലൂക്യർ ൧൦൫൨-ൽ ദക്ഷിണ ഇൻഡ്യയെ ആക്രമിച്ചപ്പോൾ തന്റെ രാജ്യത്തെ രക്ഷിക്കുവാൻ ധൈര്യസമേതം എതിർത്തുനിന്ന രാജേന്ദ്രന്റെ പുത്രനായ രാജാധിരാജൻ കൊപ്പം എന്ന സ്ഥലത്തു യുദ്ധക്കളത്തിൽ വെച്ചുതന്നെ വധിക്കപ്പെട്ടു. ആകപ്പാടെ ഇരുപത്തെട്ടു വർഷത്തിനിടയിൽ അഞ്ചു രാജാക്കന്മാർ ചോളരാജ്യം വാണിരുന്ന വസ്തുത തന്നെ ഈ കലഹത്തിന്റെ ശക്തി എത്രമാത്രമായിരുന്നുവെന്നു തെളിയിക്കുന്നു. ഏ. ഡി. ൧൦൭൦-മുതൽ പൂർവ്വചാലൂക്യരുടെ നായകനായ ഒന്നാമത്തെ കുലോത്തുംഗൻ എന്ന അപരനാമം ധരിച്ചിരുന്ന രാജേന്ദ്രൻ ശത്രുക്കളെ എല്ലാം അകററി ഏ. ഡി. ൧൦൭൦-ൽ ചോളരാജ്യം കൈവശപ്പെടുത്തിയതോടുകൂടി പ്രസ്തുതരാജ്യത്തിനു ഒരു വിശ്രമാവസരം ലഭിച്ചു. കുലോത്തുംഗൻ I ഏ. ഡി. ൧൦൭൦ മുതൽ ൧൧൧൮ വരെ ചോളരാജ്യം ഭരിച്ചു. അന്ത്യചോളസാമ്രാട്ടുകളിൽ അത്യുൽകൃഷ്ടൻ ഇദ്ദേഹമാണു്. കലിംഗവും ദക്ഷിണ തിരുവിതാംകൂറും ഇദ്ദേഹം കൈവശപ്പെടുത്തി.

൧൦൮൬-ൽ ഇദ്ദേഹം ഒരു റവന്യൂസർവ്വെ നടത്തുകയും, സാഹിത്യത്തെ പ്രോത്സാഹിപ്പിക്കുകയും, മററു പല പ്രധാന പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തുകയും ചെയ്തു. കുലോത്തുംഗൻെറ ഭരണത്തിനുശേഷം ചോളസാമ്രാജ്യം ക്ഷയിച്ചുപോയി.

**ചോളശക്തി ക്ഷയത്തിനുള്ള കാരണങ്ങൾ:—** തെക്കു പാണ്ഡ്യരുടെയും, പടിഞ്ഞാറു കേരളരുടെയും, വടക്കു കാക്കത്തീയരുടെയും ആക്രമണങ്ങൾ ഉണ്ടായതും, ൧൩൧൦-ൽ ആരംഭിച്ച മുഹമ്മദീയാക്രമണവും, വിജയനഗരം എന്ന ഹിന്ദുരാജ്യത്തിൻെറ ആവിർഭാവവും ചോളരാജ്യത്തിൻെറ ക്ഷയത്തിനു ഹേതുകമായി ഭവിച്ചു.

**ചോളരുടെ ഭരണരീതി.—** ചോളസാമ്രാജ്യം ആറു് പ്രോവിൻസുകളായി (മണ്ഡലങ്ങൾ) വിഭാഗിക്കപ്പെട്ടിരുന്നു. ഈ ഓരോ പ്രോവിൻസും ചോളസാമ്രാജ്യത്തോടു് വിവിധകാലങ്ങളിൽ ചേർക്കപ്പെട്ട ഓരോ സ്വതന്ത്ര രാജ്യമായിരുന്നതായി കരുതാം. ചക്രവർത്തി നിയമിക്കുന്ന വൈസ്രോയിമാർ ഇവയെ ഭരിച്ചുവന്നു. ഓരോ പ്രോവിൻസിലും പല ഡിസ്ട്രിക്ടുകളും, ഓരോ ഡിസ്ട്രിക്ടിലും പല താലൂക്കുകളും (നാട്ടുകൾ), ഓരോ നാട്ടിലും പല ഗ്രാമങ്ങളും ഉൾപ്പെട്ടിരുന്നു.

ഏററവും ചെറിയ ഭരണവിഭാഗം ഗ്രാമമായിരുന്നു. ഗ്രാമഭരണം നടത്തുന്നതിനു് മഹാസഭ എന്നൊരു സഭയുണ്ടായിരുന്നു. ചിലപ്പോൾ ഡിവിഷൻ ഉദ്യോഗസ്ഥന്മാർ മേൽനോട്ടം നടത്തിവന്നുഎങ്കിലും, ഗ്രാമഭരണം സംബന്ധിച്ച സർവ്വാധികാരവും ഈ സഭയ്ക്കുണ്ടായിരുന്നു. ഓരോ ഗ്രാമത്തിലെയും ഭരണനിർവ്വഹണോദ്യോഗസ്ഥന്മാരെ പ്രതിവർഷംതിരഞ്ഞെടുത്തുവന്നു. ഓരോതരം ജോലിയുടേയും മേൽനോട്ടത്തിനായി ഓരോ കമ്മിററി ഉണ്ടായിരുന്നു. ഗ്രാമത്തിലെഭൂമിമുഴുവൻഗ്രാമസമാജത്തിൻെറ വകയായി

ഗണിച്ചു വന്നിരുന്നു. പലിശക്കു നിക്ഷേപിക്കപ്പെട്ടുന്ന പണവും ധാന്യവും ഗ്രാമസഭ സ്വീകരിച്ച്, അതു സംബന്ധിച്ചുള്ള ജോലി മുഴുവനും ഒരു ബോർഡു മുഖാന്തരം നടത്തിവന്നു. ഗ്രാമസഭയായിരുന്നു കരംപിരിവ് നടത്തിവന്നതു്. ദേവാലയങ്ങൾ, ഉദ്യാനങ്ങൾ, കുളങ്ങൾ ആദിയായ പൊതുസ്ഥാപനങ്ങൾ ശരിയായി സൂക്ഷിക്കപ്പെട്ടുന്നുണ്ടോ എന്നു പരിശോധിച്ചു രേഖപ്പെടുത്തുവാൻ പ്രത്യേക കമ്മിററികൾ നിശ്ചയിക്കുകയും, പ്രസ്തുത ജോലി ഡിവിഷൻ ഉദ്യോഗസ്ഥന്മാരുടെ മേൽനോട്ടത്തിൽ നടത്തുകയുംചെയ്തുവന്നു. മിക്ക ഗ്രാമങ്ങളിലും ആളുകൾ തിങ്ങി പാക്കാതിരിക്കുവാൻവേണ്ട ഏപ്പ്പാടുകൾചെയ്തിരുന്നു. ഓരോ തൊഴിലുകാരുടെയും വാസത്തിനായി പ്രത്യേക സ്ഥലം വേർതിരിച്ചിരുന്നു. ഓരോ ഗ്രാമവും ഏതാനും വാർഡുകളായിവിഭാഗിക്കപ്പെട്ടിരുന്നു. ഓരോവാർഡിനും ഗ്രാമസഭയിൽ പ്രാതിനിധ്യവും ഉണ്ടായിരുന്നു. ശരിയായ ജലസൗകയ്യം ഉണ്ടാക്കിക്കൊടുക്കുന്നതിനുവേണ്ട ഏപ്പ്പാടുകൾ ചെയ്തിരുന്നു. എല്ലാ ഗ്രാമങ്ങളേയും യോജിപ്പിക്കത്തക്കവണ്ണം റോഡുകൾ വെട്ടിയിരുന്നു. ഓരോ ഗ്രാമത്തിനും പ്രത്യേക ദേവാലയം ഉണ്ടായിരുന്നു. നീതിന്യായം ഗ്രാമസഭകളുടെ നേതൃത്വത്തിൽ നടത്തിവന്നു. കൊലക്കുററത്തിനുള്ള ശിക്ഷ വധം തന്നെയായിരുന്നു. സാക്ഷികളെ വിസ്തരിച്ചായിരുന്നു മിക്ക കേസുകളും തീച്ച് ചെയ്തുവന്നതു്. ഇക്കാലത്തു് ഇംഗ്ലണ്ടിൽ നോമ്മൻകാർ കേസുകൾ തീച്ച് ചെയ്തുവന്ന ദ്വന്ദ്വയുദ്ധം, തിളച്ച നെയ്യിൽ കൈ മുക്കുക, വിഷം കൊടുക്കുക, കൈകാൽ ബന്ധിച്ചു വെള്ളത്തിലിടുക ഇത്യാദി അത്ഥശൂന്യമായ രീതികളെക്കാൾ ചോളരുടെ നീതിന്യായ വിസ്താരരീതി സവ്വോപരിയായിരുന്നു. ഉദ്യോഗസ്ഥന്മാരെ ആണ്ടുതോറും തിരഞ്ഞെടുത്തു വന്നതിനാൽ, ഭരണകാൎയ്യങ്ങളിൽ മിക്കവാറും എല്ലാവക്കും പരിചയം സിദ്ധിക്കുവാൻ സൗകയ്യമുണ്ടായി.

രുന്നു. ഒരു പ്രാവശ്യം ഉദ്യോഗം വഹിക്കുന്ന ഒരുവൻ പിന്നെ മൂന്നു വർഷത്തിനുശേഷം മാത്രമേ തിരഞ്ഞെടുക്കപ്പെട്ടുവാൻ അവകാശമുണ്ടായിരുന്നുള്ളു. ചോളരുടെ ഭരണരീതി വളരെ ക്രമീകൃതമായിരുന്നു. റവന്യൂ കാര്യങ്ങൾക്കായി ഭൂമി ശരിയായി സർവ്വേ ചെയ്തു വന്നിരുന്നു. പൊതുജനോപയോഗാർത്ഥം ഓരോ ഗ്രാമത്തിലും ഏതാനും കൃഷിസ്ഥലങ്ങളും തരിശുഭൂമികളും ഒഴിച്ചിട്ടിരുന്നു. രാജഭോഗം ധാന്യമായിട്ടോ പണമായിട്ടോ രണ്ടു വിധത്തിലുമോ സ്വീകരിച്ചിരുന്നു. കരം പിരിച്ചു വന്നതു ഗ്രാമസഭകൾ ആയിരുന്നു. കരം മുടക്കം വരുത്തുന്നവരുടെ സ്ഥലം ഗവണ്മെൻറ് കൈവശപ്പെടുത്തിയിരുന്നു എങ്കിലും ആളുകളെ ഉപദ്രവിച്ചിരുന്നില്ല. തൊഴിലുകൾക്കു കരം ഏർപ്പെടുത്തിയിരുന്നു. ഉപ്പുകരം, കോടതികളിലെ പിഴശിക്ഷ എന്നിങ്ങനെ ഗവണ്മെൻറിനു വേറെയും പല ആദായമാർഗ്ഗങ്ങൾ ഉണ്ടായിരുന്നു. ക്ഷാമകാലങ്ങളിൽ കരം ഇളവുകൊടുക്കുക പതിവായിരുന്നു. ഭരണസംബന്ധമായ പൂർണ്ണാധികാരം രാജാവിനുണ്ടായിരുന്നു. രാജാവിൻെറ ശ്രദ്ധ വിദേശീയകാര്യങ്ങളിലും സൈന്യസംബന്ധമായ കാര്യങ്ങളിലും അധികമായി പതിഞ്ഞിരുന്നു. മന്ത്രിമാർ, പുരോഹിതന്മാർ സ്ഥാനാപതികൾ, ചാരന്മാർ ആദിയായി അഞ്ചു പ്രധാന സഭകൾ രാജാവിൻെറ സഹായത്തിനായി ഉണ്ടായിരുന്നു. ചോളരാജാക്കന്മാർ അനവധി ദേവാലയങ്ങളും പട്ടണങ്ങളും പണിയിക്കുകയും, റോഡുകളും തോടുകളും വെട്ടിക്കുകയും, വിദ്യാഭ്യാസത്തിനു പ്രോത്സാഹനം നൽകുകയും ചെയ്തു. ഈ വർഗ്ഗത്തിലെ എല്ലാ രാജാക്കന്മാരും ശൈവമതക്കാരായിരുന്നിട്ടും മഹാ മനസ്കതയോടുകൂടി ...മതക്കാർക്കും മതദാക്ഷിണ്യം അനുവദിച്ചിരുന്നു.

## ചോദ്യങ്ങളും അഭ്യാസങ്ങളും

1. തെക്കേ ഇൻഡ്യയിലെ ദ്രാവിഡ സാമ്രാജ്യങ്ങൾ ഏവ? ഇവയിൽ ഏതെങ്കിലും ഒന്നിൻെറ പുരാതനത്വം, വിസ്തീർണ്ണം, പ്രധാനരാജാക്കന്മാർ, ഭരണരീതി ഇവ വിവരിക്കുക.
2. ചോളരുടെ ചരിത്രപ്രസിദ്ധിക്കടിസ്ഥാനമായിരിക്കുന്ന കാര്യങ്ങൾ ഏവ?
3. മഹത്തുക്കളായ ചോളസാമ്രാട്ടുകൾ ആരെല്ലാം? ഇവരുടെ കാലത്ത് ചോളസാമ്രാജ്യത്തിനുണ്ടായ പ്രതാപം വിവരിക്കുക.
4. ചോളരുടെ ഭരണരീതി വിവരിക്കുക.
5. ചോളശക്തി ക്ഷയത്തിനുള്ള കാരണങ്ങൾ ഏവ?
6. ചോളസാമ്രാജ്യത്തിൻെറ പ്രതാപകാലത്ത് അതിൻെറ വിസ്തൃതി കാണിക്കുന്ന ഒരു പടം വരയ്ക്കുക?

---

അദ്ധ്യായം ൧൬

# രാഷ്ട്രീയ, സാമൂഹ്യ സ്ഥിതികൾ

## എ. സി. ൬൪൭—൧൨൦൦

**രാഷ്ട്രീയ സ്ഥിതി.**— ശ്രീ ഹർഷൻെറ കാലശേഷം മഹമ്മദീയ ഭരണസ്ഥാപനം വരെ ഉത്തര ഇൻഡ്യയിൽ സുശക്തമായ രാഷ്ട്രങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. ഇക്കാലത്ത് ഇവിടെ ഉണ്ടായിരുന്ന സ്വതന്ത്ര രാഷ്ട്രങ്ങളെല്ലാം സഹകരിച്ചു പ്രവർത്തിക്കാതെയും, പരസ്പരം യുദ്ധത്തിലേർപ്പെട്ടും ബലഹീനമായിത്തീർന്നു. ഇതു നിമിത്തം മുസ്ലിം ആക്രമണത്തെ പിന്തിരിപ്പിക്കുവാൻ ശക്തിയില്ലാതെ ഈ രാഷ്ട്രങ്ങൾ വിദേശീയർക്ക് കീഴ്പ്പെടുകയാണുണ്ടായത്.

മതവുംഇൻഡ്യയിൽമിക്കവാറുംനശിച്ചതായിഗണിക്ക ബംഗാളിലും ഒറീസ്സായിലും ധമ്മം, മഹിമമുതലായ ഉപ ദേശരൂപങ്ങളിൽ ബുദ്ധമതം ഇന്നും നിലനിൽക്കുന്നുണ്ട്.

ജാതിവ്യത്യാസം ഉത്തരഇൻഡ്യയിൽ പൂർവ്വാധികം കക്ശമായതോടുകൂടി, ബംഗാളിൽ കുലീനർ എന്ന പേ രിൽപ്രഭുവർഗ്ഗക്കാർ ഉയൎന്നുവന്നു. വിദേശീയാക്രമണങ്ങളെ തടയുവാൻ ഹിന്ദുക്കൾ സഹകരിച്ചു പ്രവർത്തിക്കാതെയിരു ന്നതു് ജാതിവ്യത്യാസത്താലുള്ള ദോഷംനിമിത്തമത്രേ.

ഇക്കാലത്തു ഹിന്ദുമതത്തിൽ പുനർജ്ജീവൻ ഉണ്ടാ യതു മതപരിഷ്കാരികളുടെ ശ്രമഫലമായിട്ടാണു്. ഇവ രിൽ കുമാരലഭട്ടൻ എന്ന ബ്രാഹ്മണൻ വൈദിക കാലത്തെ യാഗത്തിൻെറ പ്രാധാന്യം പുനഃസ്ഥാപിച്ചു- മലബാറിലെ ഒരു നമ്പൂതിരി ബ്രാഹ്മണനായ ശങ്കരാ ചാര്യർ ഉപനിഷത്തുകൾക്കു് വ്യാഖ്യാനങ്ങൾ എഴുതു കയും, വേദാന്തമതത്തിനു് നവജീവൻ നൽകുകയും ചെയ്തു. മഹദ്ഗുരുവായ ശങ്കരാചാര്യർ ശൃംഗേരി മുതലായ സ്ഥലങ്ങളിൽ ആശ്രമങ്ങൾ സ്ഥാപിച്ചു് തൻെറ ഉപദേശങ്ങൾ പ്രചരിപ്പിച്ചുവന്നു. ബുദ്ധമതവും ജൈന മതവും ക്ഷയിക്കുന്നതിനു് ഈ കാരണങ്ങൾ മുഖാന്തരങ്ങ ളായിരുന്നു. വൈഷ്ണവവിശ്വാസം പ്രചരിപ്പിക്കുവാൻ ശ്രമിച്ച രാമാനുജൻ ശങ്കരാചാര്യരുടെ ഉപദേശത്തെ എതിർത്തു. കാലച്ചൂരി രാജാവായ ബിജലൻെറ മന്ത്രി യായ ബാസയൻ വീരശൈവ വിശ്വാസം പ്രചരിപ്പിച്ചു. ൧൧-ാം ശതാബ്ദത്തിൽ തന്ത്രികവിശ്വാസം ശക്തിപ്പെട്ടു വന്നു. ഇതനുസരിച്ചു ദേവന്മാരുടെ സ്ത്രീതചൈതന്യ ങ്ങൾ, ശക്തികൾ, കാളി, ദുർഗ്ഗ, ചന്ദ്രിക എന്നീ പേരു കളിൽ ആരാധിക്കപ്പെട്ടുവന്നു. സൂര്യനും ഗണപതിയും സ്കന്ദനും ആരാധനാവിഷയങ്ങളായിത്തീൎന്നു.

സാഹിത്യം:—സംസ്കാരം സിദ്ധിച്ച ഭരണകർത്താക്കൾ ഇക്കാലത്തു് വിദ്വജ്ജനങ്ങളെ പ്രോത്സാഹിപ്പിച്ചുവന്നു.

ശാവർമ്മനും കാശ്മീരത്തിലെ ലളിതാദിത്യനും ഭവഭൂതി എന്ന സാഹിത്യകാരനെ പ്രോത്സാഹിപ്പിച്ചിരുന്നു. ഇക്കാലത്തു് കൽഹനൻ കാശ്മീരചരിത്ര ഗ്രന്ഥമായ രാജതരങ്ഗിണി രചിക്കുകയുണ്ടായി. കാശ്മീരത്തു് ശൈവ സാഹിത്യം ഇക്കാലത്തു് വളരെ പുരോഗതി പ്രാപിച്ചു. കാശ്മീരത്തെ പ്രധാന കവികൾ സോമദേവൻ, ക്ഷേമേന്ദ്രൻ, ബിൽഹണൻ (പ-ാംശതാബ്ദം) എന്നിവരായിരുന്നു. മററു സാഹിത്യപ്രധാനികൾ കിരാതാർജ്ജുനീയം എന്നകൃതിയുടെ കർത്താവായ ഭൈരവിയും, ശിശുപാലവധത്തിൻെറ കർത്താവായ മാഘനും, മുദ്ര രാക്ഷസത്തിൻെറ കർത്താവായ വിശാഖദത്തനും, ഭട്ടനാരായണനും, രാജശേഖരനും നവസാഹശങ്കചരിതത്തിൻെറ കർത്താവായ പത്മഗുപ്തനും, നൈഷധകർത്താവായ ശ്രീഹർഷനും, ഗീതഗോവിന്ദകർത്താവായ ജയദേവനും ധോയിയും, രാമചരിതകർത്താവായ സന്ധ്യാകാരനാന്ദിയും ആയിരുന്നു.

ഇൻഡ്യയുടെ സ്വാധീനശക്തി ഈസ്റ്റിൻഡീസിലേക്കു വ്യാപിക്കുന്നതു്.—ചോളസാമ്രാജ്യം ഈസ്റ്റിൻഡീസിലേക്കു വ്യാപിച്ചതായി മുൻ പ്രസ്താവിച്ചിട്ടുണ്ടു്. ഇൻഡ്യൻ മഹാസമുദ്രത്തിൻെറ കിഴക്കുഭാഗത്തുള്ള ദ്വീപുകളിലേക്കു ഇൻഡ്യയുടെ ആധിപത്യം വ്യാപിച്ചതോടുകൂടി, ഇൻഡ്യാക്കാർ അവിടെ കുടിയേറി പാർക്കുകയും ചെയ്തു. ഇക്കാലത്തു മധുരയിലെ പാണ്ഡ്യർ പാശ്ചാത്യരാജ്യങ്ങളുമായി വാണിജ്യം അഭിവൃദ്ധികരമായി നടത്തിയിരുന്നു. ബംഗാളിലെ പാലാസ് വംശരാജാക്കന്മാർ ജാവാ, സുമാട്രാ എന്നീ ദ്വീപുകളുമായി സൗഹാർദ്ദബന്ധം സ്ഥാപിച്ചിരുന്നു. ഏ. സി. ഒൻപതും പത്തും ശതാബ്ദങ്ങളിൽ ഈസ്റ്റിൻഡീസ്, സയാം, മലയാ എന്നീ ഭാഗങ്ങളിൽ ഇൻഡ്യൻ സ്വാധീനം വ്യാപിച്ചിരുന്നതിനു് പല ലക്ഷ്യങ്ങളും ഇന്നു് ശേഷിച്ചിട്ടുണ്ടു്. മഹാഭാരതത്തിലെയും രാമായണത്തിലെയും ചിത്രങ്ങളെ പ്രദർശി

പ്പിക്കുന്ന പല വിശിഷ്ടകലാകൃതികൾ ബൊറോ-ബുദൂർ, ചമ്പാ, കംബോഡിയാ, അനാം (ആങ്ക്കൂർവട്) എന്നീ ഭാഗങ്ങളിൽ കാണുന്നുണ്ട്. മദ്ധ്യജാവായിൽ പ്രാംബനൻ എന്ന സ്ഥലത്തുള്ള സുപ്രസിദ്ധ ഹൈന്ദവക്ഷേത്രത്തിനടുത്ത് ൧൯൪൭-ൽ മണ്ണിനടിയിൽനിന്നും കുഴിച്ചെടുക്കുവാൻ സാധിച്ചിട്ടുള്ള ഒരു രേഖ ൧൧൦൦-വർഷം പഴക്കമുള്ള ജാവായിലെ പുരാതന ഹൈന്ദവസംസ്കാരത്തിന്റെ ഉത്തമലക്ഷ്യമാണ്. ഏകദേശം എ. സി. ൮൭൫-ൽ സംസ്കൃതത്തിൽ എഴുതപ്പെട്ട ഈ ലിഖിതം, ഇൻഡോനേഷ്യൻ ജാതീയചരിത്ര നിർമ്മിതിക്കു സഹായകരമായിരിക്കുന്നതാണ്. പ്രാംബനനിലെ പുരാതന ഹൈന്ദവക്ഷേത്രം ഇപ്പോൾ പുതുക്കിപ്പണിതു തുടങ്ങിയിട്ടുണ്ട്.

### ചോദ്യങ്ങളും അഭ്യാസങ്ങളും

1. A. C. 650–1200 ഇൻഡ്യയുടെ രാഷ്ട്രീയസ്ഥിതി വിവരിക്കുക.
2. ഇക്കാലത്ത് ഇൻഡ്യയുടെ മതസ്ഥിതി സംബന്ധിച്ചുള്ള പ്രധാന കാര്യങ്ങൾ വിവരിക്കുക.
3. ഇൻഡ്യയുടെ സ്വാധീനശക്തി ഇക്കാലത്ത് ഈസ്റ്റിൻഡീസിലേക്ക് വ്യാപിച്ചവിധം വിവരിക്കുക.

---

# പ്രധാന സംഭവകാലങ്ങൾ

B. C.

| | |
|---|---|
| 3000 ? | സിന്ധുനദീതടത്തിലെ സംസ്കാരം. |
| 2500 ? | ആദ്യത്തെ ആര്യൻപ്രവേശനം. |
| 1200 – 1000 | ഋഗ്വേദം ആരംഭം. |
| 1000 – 800 | മഹാഭാരതയുദ്ധം. |

| | |
|---|---|
| B. C. | |
| 800— 600 | വേദങ്ങൾ രചിച്ചുതീൎന്നു. |
| 600— 372 | ശിശുനാഗവംശം (മഗധം). |
| 560— 480 | ഗൌതമബുദ്ധൻ. |
| 527 | മഹാവീരന്റെ ചരമം. |
| 372— 322 | നന്ദവംശം. |
| 327— 325 | അലക്സാണ്ഡരുടെ ഇൻഡ്യാ ആക്രമണം. |
| 323 | അലക്സാണ്ഡരുടെ ചരമം. |
| 322— 148 | മൌൎയ്യവംശം (മഗധം). |
| 220 | ദക്ഷിണ ഇൻഡ്യയിൽ ആന്ധ്രഭരണാരംഭം. |
| 190 | ഡമെത്രിയോസ് (ബാക്ട്റിയൻ രാജാവു്). ഇൻഡസ് നദീതീരം കൈവശപ്പെടുത്തി. |
| 184 | പുഷ്യമിത്രൻ ഭരണം കൈയേററു. |
| 155 | മെനാൻഡരുടെ മഗധ ആക്രമണം. |
| 138 | പാൎത്തിയർ തക്ഷശില ആക്രമിക്കുന്നു. |
| 126 | യൂഎച്ചി വൎഗ്ഗക്കാർ ശകന്മാരെ ബാക്ട്ടിയായിൽനിന്നും നിഷ്കാസനം ചെയ്യുന്നു. |
| 50 A·C. 50 | ശകരുടെയും പാൎത്തിയരുടെയും (പല്ലവർ) പഞ്ചാബിലെ ആധിപത്യം. |
| 73— 27 B.C. | കണ്വവംശം. |
| 78 A. C | ശകവൎഷാരംഭം. |
| 120— 162 | കനിഷ്കൻ. |
| 225 | ആന്ധ്രവംശത്തിന്റെ അവസാനം. |
| 320— 326 | ചന്ദ്രഗുപ്തൻ I (ഗുപ്തവംശം). |
| 326— 375 | സമുദ്രഗുപ്തൻ. |
| 375— 413 | ചന്ദ്രഗുപ്തൻ II വിക്രമാദിത്യൻ. |
| 401 410 | ഫാഹിയാന്റെ ഇൻഡ്യൻ സഞ്ചാരം. |